# ഞങ്ങൾ മുസ്‌ലിംകളായി!

ഇസ്‌ലാം സ്വീകരിച്ച മുപ്പത്തിമൂന്ന്
മലയാളികളുടെ അനുഭവങ്ങൾ

# ഞങ്ങൾ മുസ്‌ലിംകളായി!

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin-19**

**DA'WA BOOKS**

Malayalam | Autobiography | Njangal Muslimkalaayi!

ഞങ്ങൾ മുസ്‌ലിംകളായി!

A Group of Writers

First Edition: May 2009

**Price: Rs. 80.00**

Publishers | Distribution:

Da'wa Books | Salafi Cultural Complex | Vyttila | Kochi-19 | Kerala | India

Email: dawabook@gmail.com

Cover: Primrose | Type Setting: Yoonus | Printing: Screen Offset, Kochi-18

ISBN 978-81-908634-2-1

50/1 2000 05/09



All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

ഇസ്‌ലാം എന്നു കേൾക്കുമ്പോൾ തന്നെ ഭീതിയുടെ മൂടുപടങ്ങ ൾക്ക് പിന്നിലേക്ക് സ്വയം മാറി നിൽക്കാനും ഇസ്‌ലാമിന്റെ മൗലി കാദർശങ്ങളെകുറിച്ച് ചിന്തിക്കാതിരിക്കാനുമുള്ള പ്രേരണയാണ് ആഗോള വ്യാപകമായി ഇസ്‌ലാം വിരുദ്ധരുടെ പ്രചാരണങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. ഭീകരതയുടെയും വർഗീയതയുടെയും മതമായി ഇസ്‌ലാമിനെ മുദ്രയടിക്കുന്നതും ലോകത്തുള്ള സകല പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം ഇസ്‌ലാമാണെന്ന് ചിത്രീകരിക്കുന്നതും ഇസ്‌ലാമിനെക്കുറിച്ച് ആരും പഠിക്കരുത് എന്ന ലക്ഷ്യം കൂടി മുന്നിൽ വെച്ചു കൊണ്ടാണ്.

ഇത്തരം കുപ്രചരണങ്ങൾക്കിടയിലും അത്ഭുതകരമായ വളർച്ച യാണ് ഇസ്‌ലാമിക സമൂഹത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. യൂറോപ്പിലും അമേരിക്കയിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലുമെ ല്ലാം തന്നെ ഏറ്റവും വേഗത്തിൽ ഇസ്‌ലാം പ്രചരിച്ചുകൊണ്ടിരി ക്കുന്നു. ദൈവിക മതത്തിന്റെ സത്യതയെ പറ്റി പഠിക്കാനും ഇസ് ലാമിനെ പുൽകാനും ലോകവ്യാപകമായി ആയിരങ്ങളാണ് ദിനേന മുന്നോട്ടു വരുന്നത്. ഗിന്നസ് രേഖകളും ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോർഡുമെല്ലാം ഈ സത്യം വിളിച്ചുപറയു ന്നുണ്ട്. അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ആരു ശ്രമിച്ചാലും അതു പൂർണ്ണമാവാതെ അല്ലാഹു സമ്മതിക്കില്ല എന്ന ഖുർആനിക പ്രഖ്യാപനം ശ്രദ്ധേയമാണ്.

വ്യത്യസ്ത മത സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന് സ്രഷ്ടാ വിന്റെ മതത്തിലേക്ക് എത്തിച്ചേർന്ന ഏതാനും മലയാളി സുഹൃ ത്തുക്കളുടെ ജീവിതാനുഭവങ്ങളാണ് ഈ കൃതി. സ്നേഹ സംവാദം മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട അനുഭവക്കുറിപ്പു കളിൽ നിന്നും തിരഞ്ഞെടുത്തു ക്രോഡീകരിച്ചതാണിത്. സത്യാ ന്വേഷികൾക്ക് ഒരു പ്രചോദനമാകും എന്ന പ്രതീക്ഷയിലാണ് ദഅ്‌വ ബുക്സ് ഇതു പ്രസിദ്ധീകരിക്കുന്നത്.

നാഥാ...നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**മാനേജർ**

# ഞങ്ങൾ മുസ്‌ലിംകളായി!

## താളുകളിൽ


1. അന്വേഷണങ്ങൾക്കൊടുവിൽ
ഡോ. മീന, കോഴിക്കോട് — 13

2 അന്യഥാചിന്തിതം കാര്യം!
മുനീർ അഹ്മദ്, കുന്നത്തുപാലം — 22

3 പ്രാർഥന നൽകിയ സ്ഥൈര്യത്തോടെ...
ആയിശ സജ്ന, നടുവത്ത് — 27

4 സഭാനേതൃത്വത്തിൽ നിന്ന് ഇസ്‌ലാമിലേക്ക്
ഫിറോസ് മുഖ്ദാർ അഹ്മദ് — 33

5 തിരിച്ചറിവ്
പെരിയസ്വാമി — 39

6 യാഥാർഥ്യം വന്നെത്തിയപ്പോൾ.....
ഫാത്തിമ കോഴിക്കോട് — 44

7 വഴി കാട്ടിയത് അന്ധൻ
അഹ്മദ് കനാത്ത് — 52

8 ആരാധനക്കർഹൻ അല്ലാഹുമാത്രം
രാജേന്ദ്രൻ — 55

9 നന്മയിലേക്ക് പാദയൂന്നിയ ഒരു 'തെമ്മാടി'
എ.എച്ച്. പെരിന്തൽമണ്ണ — 58

10 വിമർശനപഠനത്തിന്റെ പര്യവസാനം
അബ്ദുൽ ഹകീം, വിളയൂർ — 65

11 **നന്മ വളർത്തുന്ന മതം**
ഷാലി എ. ഹകീം, കോടഞ്ചേരി —— 72

12 **സമാധാനത്തിന്റെ ശാദ്വലതീരം**
അബ്ദുറഹ്മാൻ, നിലമ്പൂർ —— 75

13 **പഠിച്ചത് വൈദികനാവാൻ**
അബ്ദുസ്സമദ്, കണ്ണൂർ —— 78

14 **പരമകാരുണികനിലേക്കുള്ള പാത**
മുജാഹിദ് ചന്ദ്ര —— 82

15 **സത്യമതത്തിലേക്കുള്ള തിരിച്ചുവരവ്**
മുഹമ്മദ് ഷാഹ്നവാസ് —— 86

16 **പലദൈവങ്ങളിൽനിന്ന് ഒരേയൊരു ദൈവത്തിലേക്ക്**
ഉസ്മാൻ കെ.വി. —— 94

17 **പ്രപഞ്ചനാഥനിലേക്കുള്ള പ്രയാണം**
മുഹമ്മദ് ഷാഹിദ് അലി, എറണാകുളം —— 97

18 **എൻെറ ഇസ്‌ലാം ആശ്ലേഷണം**
കെ.എസ്. ഐസക്ക്, എഴുപുന്ന —— 102

19 **തിരിച്ചറിവ്**
കമർ ചേരിപ്പറമ്പ, വെള്ളിയഞ്ചേരി —— 106

20 **ഇസ്‌ലാം ദൈവത്തിൻെറ മതം**
മുഹമ്മദ് ഹുസൈൻ, ചാവറ —— 112

21 **പീഡനത്തിന്റെ ലോകത്തു നിന്നും**
**സമാധാനത്തിന്റെ വിഹായസ്സിലേക്ക്**
താജുദ്ദീൻ, ഏപ്പിക്കാട് —— 118

22 **ഇസ്‌ലാമിൻെറ സവിശേഷത**
മുഹമ്മദ് സമാൻ, മുപ്പത്തടം —— 122

23 **ജാതീയതയിൽനിന്ന് മാനവികതയിലേക്ക്**
ശഫീഖ്, ഇടുക്കി —— 125

24 **പുതിയ മനുഷ്യനിലേക്ക്**
കാസിം പാടത്തിക്കര —— 129

25 **സ്നേഹത്തിന്റെ മതം**
ഷാജഹാൻ എസ്.വി, വട്ടിയൂർകാവ് —— 132

26 **ത്രിത്വത്തിൽനിന്ന് ഏകത്വത്തിലേക്ക്**
ജിജി ജോർജ്, ഹാഇൽ —— 136

**27 ഒളിച്ചോടിയത് രക്ഷാസരണിയിലേക്ക്**
നിസാർ ഉദയംപേരൂർ — 145

**28 അന്വേഷണങ്ങൾക്കൊടുവിൽ...**
ജോബ് കുരിശുങ്കൽ — 148

**29 ചിന്തയുടെ അനന്തരഫലം**
യഹ്‌യ അരീക്കോട് — 152

**30 സത്യത്തിന്റെ വഴിയിൽ**
അസ്‌ന അസ്‌ലം — 159

**31 അനുഭവങ്ങൾ വഴികാട്ടിയപ്പോൾ...!**
മുഹമ്മദ് ജമാൽ — 165

**32 സൃഷ്ടിപൂജയിൽ നിന്ന് സ്രഷ്ടാവിന്റെ മതത്തിലേക്ക്**
നാദിയ ഖാലിദ്, അങ്ങാടിപ്പുറം — 168

**33 സ്രഷ്ടാവിനെ അന്വേഷിച്ചപ്പോൾ...**
ഡി. റാഷിദ്, മലപ്പുറം — 172

# 1

## അന്വേഷണങ്ങൾക്കൊടുവിൽ

ഡോ. മീന, കോഴിക്കോട്

ഒരു യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. അച്ഛന്റെ രണ്ട് തലമുറ മുമ്പുള്ളവർ പാലക്കാട്ടായിരുന്നു. ഒരു ജ്യേഷ്ഠത്തിയടക്കം ഞങ്ങൾ രണ്ട് മക്കളാണുള്ളത്. അമ്പലത്തിൽപോക്കും മറ്റു ആചാരാനുഷ്ഠാനങ്ങളും കൊണ്ടുനടക്കുന്ന കുടുംബത്തിൽ ഞാനും ആ സംസ്കാരത്തിൽ വളർന്നുവന്നു.

സ്കൂൾ പഠനകാലത്ത് ഇതര മതങ്ങളെക്കുറിച്ച് എനിക്ക് യാതൊരു അറിവുമുണ്ടായിരുന്നില്ല. എൻട്രൻസ് കിട്ടി മെഡിക്കൽ കോളേജിൽ വന്നതിനുശേഷമാണ് ഇന്ത്യയിൽ പ്രധാനപ്പെട്ട ചില മതങ്ങൾ ഉണ്ടെന്നും അവയ്ക്ക് വ്യത്യസ്ത വിശ്വാസ- ആചാരാനുഷ്ഠാനങ്ങൾ ഉണ്ടെന്നും ഞാൻ തിരിച്ചറിയുന്നത്. എന്താണ് ജീവിതലക്ഷ്യം, വ്യത്യസ്ത മതങ്ങളിൽ അതിനെക്കുറിച്ച് എന്ത് പറയുന്നു എന്നറിയാനുള്ള താൽപര്യം മൂന്നാംവർഷ എം.ബി.ബി.എസിന് പഠിക്കുമ്പോഴാണ് എന്നിൽ വളർന്നത്. ആദ്യം ഭഗവദ്ഗീത പഠിക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി ഗീതാക്ലാസിൽ പോകാൻ തുടങ്ങി. കുറെ ചോദ്യങ്ങൾക്ക് ഉത്തരം തേടിയാണ് പഠനം തുടങ്ങിയത്. എന്നാൽ കൂടുതൽ സങ്കീർണമായ ചോദ്യങ്ങളല്ലാതെ ഉത്തരങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല. അവസാന വർഷത്തിലെത്തിയപ്പോൾ 'കൺഫ്യൂഷൻ' അതിന്റെ പാരമ്യതയിലെത്തി. മുസ്‌ലിം സുഹൃത്തുക്കൾ പറഞ്ഞുതരാറുണ്ടായിരുന്ന കാര്യങ്ങൾ അവഗണിച്ചിരുന്ന ഞാൻ അവരെന്ത് പറയുന്നു എന്ന് കേട്ടുതുടങ്ങി. ഇസ്‌ലാം വിഭാവനം ചെയ്യുന്ന ഒരുപാട് കാര്യങ്ങൾ എനിക്ക് ആകർ

ഷകമായിത്തോന്നി. അതോടെ ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിച്ചു തുടങ്ങി. മറ്റു തത്ത്വശാസ്ത്രങ്ങളുമായി ഇസ്‌ലാമിനെ തട്ടിച്ചുനോക്കി ചെറിയൊരു പഠനം നടത്തി. ഇങ്ങനെയുള്ള അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും ഒടുവിൽ ഞാൻ ഇസ്‌ലാം ആശ്ലേഷിക്കുകയായിരുന്നു. അതിന്റെ മാസ്മരിക വലയത്തിൽ ഞാൻ അകപ്പെട്ടിരുന്നു. അതിന്റെ അഭാവത്തിൽ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥ!

ഇസ്‌ലാം ആശ്ലേഷിച്ച ശേഷം ദൈവാനുഗ്രഹത്താൽ പ്രതീക്ഷിച്ചതുപോലുള്ള പ്രശ്നങ്ങളൊന്നും ഉണ്ടായില്ല. ഇസ്‌ലാമിലേക്ക് കടന്നു വരുന്ന പലരും നേരിടുന്ന പരീക്ഷണങ്ങൾ നോക്കുമ്പോൾ എനിക്ക് ഒന്നുംതന്നെ ഉണ്ടായിട്ടില്ല എന്നതാണ് സത്യം. എടുത്ത് പറയാവുന്ന ഒരു കാര്യം എന്താണെന്നുവെച്ചാൽ, എന്റെ അച്ഛനും അമ്മയും ഇപ്പോഴും വല്ലാതെ വേദനിക്കുന്നുവെന്നതാണ്. ഇസ്‌ലാമിനെക്കുറിച്ച് യാതൊന്നും കേൾക്കാൻ അവർ തയാറാകുന്നില്ല.

ഇസ്‌ലാമിൽ എന്നെ ഏറ്റവുമധികം ആകർഷിച്ചത് ഏകദൈവ വിശ്വാസം ആണ്. അല്ലാഹു ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിന് ഒരു ലക്ഷ്യമുണ്ട്; വൃഥാസൃഷ്ടിച്ചതല്ല. മനുഷ്യജീവിതത്തിനും ഒരു ലക്ഷ്യമുണ്ട്. അതെന്തെന്ന് ഇസ്‌ലാം കൃത്യമായി വരച്ചുകാട്ടുന്നു. മനുഷ്യജീവിതത്തെ ആസകലം ചൂഴ്ന്നുനിൽക്കുന്ന നിയമനിർദേശങ്ങളും പ്രായോഗികമായ കർമമാർഗങ്ങളും വിവരിക്കുന്ന മറ്റേതൊരു തത്ത്വശാസ്ത്രമാണ് ഈ ലോകത്തുള്ളത്? ആർക്കും ഏതാശയവും ഉത്തമമെന്ന് പറയാൻ കഴിയും. എന്നാൽ തെളിയിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. ഇസ്‌ലാം ദൈവികമതമാണ്; അതുകൊണ്ടുതന്നെ അതിന്റെ ആശയാദർശങ്ങൾ ഉദാത്തവും അന്യൂനവുമാണ്.

മുഹമ്മദ്നബിﷺയുടെ ജീവിതവും എന്നെ വല്ലാതെ ആകർഷിച്ചു. ഉത്തമമായ സ്വഭാവത്തിന്റെ ഉടമ എന്നാണ് അദ്ദേഹത്തെ ഖുർആൻ പരിചയപ്പെടുത്തുന്നത്. മുഹമ്മദ് നബിﷺയെ യുക്തിവാദികളും മറ്റും പല രീതിയിൽ വിമർശിക്കുന്നത് ശ്രദ്ധയിൽ പെട്ടിടുണ്ട്. നബിﷺയുടെ ബഹുഭാര്യത്വമാണ് എല്ലാവരും ഉന്നയിക്കുന്ന ഒരാരോപണം. അദ്ദേഹം എന്തിനാണ് ഒന്നിലധികം വിവാഹം കഴിച്ചത് എന്നത് വിശദമായി പഠിച്ചുകഴിഞ്ഞാൽ ദൈവത്തിന്റെ ദൃഷ്ടാന്തമാണ് നമുക്കതിൽ വെളിവാകുക. ഓരോ ഭാര്യയുടെയും കാര്യം എടുത്തുനോക്കിയാൽ എന്തിനു വേണ്ടിയാണ് ഓരോ വിവാഹവും നടന്നതെന്ന് ബോധ്യമാകും. വിമർശിക്കാൻവേണ്ടി വിമർശിക്കുകയാണ് പലരും ചെയ്യുന്നത്. യാതൊരു വിധ അനീതിയും കാണിക്കാതെ എല്ലാ ഭാര്യമാരോടും തുല്യനീതി

പുലർത്തിയാണ് നബിﷺ ജീവിച്ചതെന്നതും മിക്ക ഭാര്യമാരും വിധവകളും പലരും വൃദ്ധകളുമായിരുന്നുവെന്നതും വിമർശകർ കാണാതെ പോകുന്ന വസ്തുതകളാണ്. ജീവിതത്തിന്റെ സർവമേഖലകളിലും അദ്ദേഹം മാതൃകായോഗ്യനാണ്.

ഇന്ത്യയിലെ ഇസ്‌ലാം വിമർശകർ സമീപകാലത്ത് ഉന്നയിച്ച പല ആവശ്യങ്ങളും അതീവകൗതുകകരമാണ്. വിശുദ്ധ ഖുർആനിലെ ചില സൂക്തങ്ങൾ എടുത്തുകളയണമെന്നായിരുന്നു ചില കേന്ദ്രങ്ങളിൽനിന്നുള്ള മുറവിളി. ഓരോ മതക്കാരും തങ്ങൾക്കിഷ്ടമല്ലാത്ത കാര്യങ്ങളേ ഖുർആനിൽ വരാൻ പാടുള്ളൂ എന്ന് ശഠിച്ചാൽ അത് അംഗീകരിച്ചുകൊടുക്കാൻ മുസ്‌ലിംകൾക്കാവില്ല. മനുഷ്യർക്ക് ദീർഘദൃഷ്ടി കുറയും. അവർക്ക് ചുരുങ്ങിയ പരിധിക്കുള്ളിൽനിന്നേ ചിന്തിക്കാൻ കഴിയൂ. അവനവന്റെ താൽപര്യങ്ങൾക്കുവേണ്ടി ഇന്ന സൂക്തം നീക്കണം; അധ്യായം നീക്കണം എന്ന് പറയുന്നത് സങ്കുചിതത്വമാണ്. യുദ്ധത്തെക്കുറിച്ച് പരാമർശിക്കുന്ന ചില സൂക്തങ്ങൾ നീക്കം ചെയ്താൽ സാമുദായിക സൗഹാർദം ഉണ്ടാകും; പ്രസ്തുത സൂക്തങ്ങളാണ് സൗഹാർദം തകർക്കുന്നത്, എന്നൊക്കെയാണ് അവർ പറയുന്നത്. ഇസ്‌ലാം എന്താണെന്നും ഖുർആൻ മുന്നോട്ടുവെക്കുന്ന ആദർശമെന്താണെന്നും മനസ്സിലാക്കാത്തതുകൊണ്ടോ, മനസ്സിലാക്കിയിട്ടും സ്വാർഥതാൽപര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടിയോ ആണ് ഇത്തരം ആവശ്യങ്ങൾ അവർ മുന്നോട്ടുവെക്കുന്നത്. യഥാർഥത്തിൽ തമ്മിൽ കലഹിച്ച് ജീവിക്കാൻ ഖുർആൻ പറയുന്നില്ല. എല്ലാവരുടെയും സമാധാനപൂർണമായ ജീവിതമാണ് അത് വിഭാവന ചെയ്യുന്നത്.

ഇസ്‌ലാമിൽ സ്ത്രീസ്വാതന്ത്ര്യമില്ല എന്നാണ് മറ്റു ചില വിമർശകർ പറയുന്നത്. ഇസ്‌ലാം ആശ്ലേഷിച്ച സ്ത്രീ എന്ന നിലയിൽ ഈ വിമർശനം അടിസ്ഥാനരഹിതമാണെന്ന് എനിക്ക് പറയാൻ കഴിയും. ഇസ്‌ലാം അനുസരിച്ചുതന്നെയാണ് ഒരു കുടുംബവും സമൂഹവും ജീവിക്കുന്നതെങ്കിൽ ആ വ്യവസ്ഥിതിയിൽ സ്ത്രീക്ക് അവൾ അർഹിക്കുന്ന സ്വാതന്ത്ര്യം എന്തായാലും ഉണ്ടാകും. മറ്റു മതഗ്രന്ഥങ്ങൾ സ്ത്രീക്ക് നൽകുന്നതിനെക്കാൾ സ്ഥാനം ഇസ്‌ലാം സ്ത്രീക്ക് നൽകുന്നുണ്ട്. അതറിയാതെ, ഇന്നത്തെ സാമൂഹിക വ്യവസ്ഥ പരിഗണിച്ചിട്ടാണ് പലരും ഇസ്‌ലാമിനെ കുറ്റപ്പെടുത്തുന്നത്. കേരളത്തിലെ മുസ്‌ലിം സ്ത്രീകൾ വിദ്യാഭ്യാസരംഗത്തും മറ്റും മറ്റുള്ളവരെ അപേക്ഷിച്ച് പിന്നോക്കമാണെന്നത് സത്യമാണ്. അതിന് കാരണം ഇസ്‌ലാമല്ല. വിജ്ഞാന സമ്പാദനം പുരുഷനും സ്ത്രീക്കും ബാധ്യതയായി നിശ്ചയിച്ച മത

മാണ് ഇസ്‌ലാം. പുതിയ തലമുറയിൽ ആശാവഹമായ മാറ്റമുണ്ടായി ക്കൊണ്ടിരുന്നുവെന്നതും നാം കാണേണ്ടതുണ്ട്.

പാശ്ചാത്യ വനിതയെപ്പോലെ വീടും കുടുംബവും ഉത്തരവാദിത്ത ങ്ങളുമൊക്കെ വലിച്ചെറിഞ്ഞ് ഇറങ്ങിത്തിരിക്കേണ്ടവളല്ല മുസ്‌ലിം സ് ത്രീ. അവൾക്ക് അവളുടേതായ ഉത്തരവാദിത്തങ്ങളുണ്ട്. അതിനെക്കു റിച്ച് ദൈവസന്നിധിയിൽ അവൾ ചോദിക്കപ്പെടും. സ്ത്രീക്ക് ജോലി ചെയ്യാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം നിഷേധിക്കുന്നില്ല. അത് തന്റെ പ്രാഥമിക ദൗത്യം ഒഴിവാക്കിക്കൊണ്ടാകരുത് എന്നുമാത്രം. ഇസ്‌ലാം സ്ത്രീക്ക് സ്വാതന്ത്ര്യം നൽകുകയും ആ സ്വാതന്ത്ര്യം എങ്ങനെയൊ ക്കെ ഉപയോഗപ്പെടുത്തണമെന്ന് പറഞ്ഞുതരികയും ചെയ്തിട്ടുണ്ട്.

ഹിന്ദുസ്ത്രീകളും പുറത്തിറങ്ങുകയും ജോലി ചെയ്യുകയും ചെയ്യാൻ തുടങ്ങിയിട്ട് കൂടുതൽ കാലമൊന്നുമായിട്ടില്ല. കൂടുതൽ സുഖസൗക ര്യങ്ങളോടെ ജീവിക്കാനും ഭർത്താവിന്റെ ജോലിഭാരം കുറക്കാനുമാ ണ് പലരും ജോലിക്ക് പോകുന്നത്. അതിനൊക്കെ അവളെ ഉപയോഗി ക്കുകയും അതേസമയം വീട്ടുകാര്യങ്ങളിൽ അവളോട് സഹകരിക്കാ തിരിക്കുകയും അവളെ കുറ്റം പറയുകയും ചെയ്യുന്ന ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. സ്ത്രീ ഇതൊക്കെ സഹിക്കുകയും ചെയ്യും!

ചെറുപ്പംമുതൽതന്നെ, സ്ത്രീ അവളുടെ അവകാശങ്ങൾ മനസ്സി ലാക്കണമെന്ന് തോന്നിയിട്ടുള്ളയാളാണ് ഞാൻ. പക്ഷേ, അവകാശം എന്താണ്, ബാധ്യത എന്താണ് എന്നൊന്നും കൃത്യമായി മനസ്സിലാ ക്കാൻ കഴിഞ്ഞിരുന്നില്ല. ദൈവികമായ മാർഗനിർദേശത്തിന്റെ അടിസ് ഥാനത്തിൽ മാത്രമെ അവ മനസ്സിലാക്കാൻ കഴിയൂ. ഇസ്‌ലാം അവ കൃത്യ മായി വിവരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്ന ഒരു മുസ്‌ലിം സ്ത്രീ, അവൾ ഏത് രാജ്യക്കാരിയാണെങ്കിലും മാതൃകാവ നിതയായിരിക്കും.

ഈയിടെ ഏറെ വിവാദങ്ങൾക്ക് തിരികൊളുത്തിയ ഇസ്‌ലാമിക് ഫെ മിനിസത്തെക്കുറിച്ചു ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്. സ്ത്രീ യുടെ അവകാശ സംരക്ഷണത്തിനുവേണ്ടി നിലവിൽവന്ന പ്രസ്ഥാന മാണ് 'ഫെമിനിസ്റ്റിക് മൂവ്മെന്റ്'. അതിന്റെയൊരു അതിരുകടന്ന രൂപമാണ് സ്ത്രീ-പുരുഷ സമത്വവാദം. സ്ത്രീയുടെ കടമകൾ മറന്നു കൊണ്ട് അവകാശങ്ങൾക്കുവേണ്ടി മാത്രം വാദിക്കുക, പുരുഷന്റെ കൂടെ എല്ലാ കാര്യങ്ങളിലും ഇടപെടുക, ഇത് വഴിപിഴച്ച വാദമാണ്. എ ന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം ആണിനും പെണ്ണിനും നന്നല്ല. ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന അവകാശങ്ങളും അവളോട് അനുസരിക്കാൻ പറ

യുന്ന ധാർമിക മൂല്യങ്ങളും വലിച്ചെറിഞ്ഞ് പാശ്ചാത്യ വനിതകളെ പ്പോലെ ജീവിക്കാൻ 'ഇസ്‌ലാമിക് ഫെമിനിസ'മെന്ന മൂടുപടമണിഞ്ഞു വന്നവർ പറഞ്ഞാൽ അതിൽ വഞ്ചിതരാകുന്നവരല്ല കേരളത്തിലെ മുസ്‌ലിം വനിതകൾ.

ഇസ്‌ലാം നൽകുന്ന സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന സ്ത്രീകൾ അതിനുവേണ്ടി ശബ്ദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാര്യങ്ങൾ പഠിച്ച് മനസ്സിലാക്കി അക്കാര്യങ്ങൾ ഉത്തരവാദപ്പെട്ടവരെ ബോധ്യപ്പെടുത്തി, നല്ല നിലക്കുതന്നെ നിഷേധിക്കപ്പെട്ട അവകാശങ്ങൾ അവൾ ചോദിച്ചുവാങ്ങണം; ഒരു കാരണവശാലും ബാധ്യതകൾ മറന്നുകൊണ്ടായിരിക്കരുത് ഇത്.

മുസ്‌ലിം സ്ത്രീയുടെ വസ്ത്രധാരണരീതിയെപ്പറ്റി എനിക്ക് പല തെറ്റിദ്ധാരണളും ഉണ്ടായിരുന്നു. എന്തിനാണ് ഇവരിങ്ങനെ മൂടിപ്പുതച്ച് നടക്കുന്നത്! പഠിപ്പില്ല, സംസ്കാരമില്ല എന്നൊക്കെ മുസ്‌ലിം സ്ത്രീകളെ കാണുമ്പോൾ, വിദ്യാർഥിനിയായ എനിക്ക് തോന്നിയിരുന്നു. ഇസ്‌ലാമിനെ മനസ്സിലാക്കിയപ്പോൾ എന്റെ ധാരണകൾ തിരുത്തേണ്ടിവന്നു. ശരിയും തെറ്റും മനുഷ്യർ തീരുമാനിക്കാൻ പറ്റിയ കാര്യങ്ങളല്ല. അതിനുള്ള സ്വാതന്ത്ര്യം വ്യക്തികൾക്ക് കൊടുത്താൽ പ്രശ്നങ്ങൾ വർധിക്കുകയേയുള്ളൂ. ഒരുവന്റെ ശരി അപരന് തെറ്റായി തോന്നിയേക്കാം. അതുകൊണ്ടുതന്നെ ദൈവം എല്ലാ വിഷയങ്ങളിലും മനുഷ്യർക്ക് മാർഗദർശനം നൽകി. മുസ്‌ലിം സ്ത്രീ എങ്ങനെ വസ്ത്രം ധരിക്കണമെന്നത് ദൈവത്തിന്റെ വിധിയാണ്. സ്ത്രീയുടെ സൗന്ദര്യം ഭർത്താവിന് മാത്രം ആസ്വദിക്കാനുള്ളതാണ്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വ്യക്തിയുടെയും നന്മക്കല്ലാതെ തിന്മക്ക് ഒരിക്കലും ഇസ്‌ലാമിക വേഷവിധാനം കാരണമാകുന്നില്ല.

സ്ത്രീ തന്റെ ശരീരത്തിന്റെ മുക്കാൽഭാഗവും പ്രദർശിപ്പിച്ച് നടന്നാൽ അത് സ്വാതന്ത്ര്യം. മറച്ചുനടന്നാൽ അത് അടിമത്തവും! നാശത്തിലേക്ക് തള്ളിവിടുന്ന നഗ്നതാപ്രദർശനത്തിലാണോ സ്വാതന്ത്ര്യം കുടികൊള്ളുന്നത്? തലമറച്ച് നടന്നാൽ ഭയങ്കര ചൂടായിരിക്കില്ലേ എന്നാണ് ചില സുഹൃത്തുക്കൾ ചോദിക്കുന്നത്. ശരിയാണ്. അൽപസ്വൽപം പ്രയാസമൊക്കെയുണ്ടാകും. ദൈവപ്രീതിക്കുവേണ്ടി അതൊക്കെ സഹിക്കാൻ കഴിയണം; അതിനാണ് പ്രതിഫലമുള്ളത്. ഇസ്‌ലാമിക വസ്ത്രധാരണംകൊണ്ട് ആത്മവിശ്വാസവും സ്വാതന്ത്ര്യബോധവുമാണുണ്ടാകുന്നത്. കയ്യോ കാലോ അനക്കിയാൽ നഗ്നത വെളിവാകില്ല. നിഴലടിക്കുന്ന, ശരീരത്തോട് ഒട്ടിനിൽക്കുന്ന വസ്ത്രം ധരിക്കാൻ ഇസ്

ലാം അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ നമ്മുടേതായ കാരണം കൊണ്ട് ആരും നമ്മെ ദുഷ്ടചിന്തയോടെ നോക്കുകയില്ല.

ഇസ്‌ലാമിക പ്രബോധനവുമായി ബന്ധപ്പെട്ട ചില ചിന്തകൾ കൂടി ഇവിടെ പങ്കുവെക്കുന്നത് ഉചിതമായിരിക്കും എന്ന് തോന്നുന്നു. പ്രബോധനം എങ്ങനെ ചെയ്യണമെന്ന് നബിﷺ കൃത്യമായി പഠിപ്പിച്ചുതന്നിട്ടുണ്ട്. ആ മാർഗംതന്നെ നമ്മളും പിന്തുടരണം. കാരണം അല്ലാഹുവിൽനിന്നുള്ള ദിവ്യബോധനത്തിൻെറ അടിസ്ഥാനത്തിലാണ് പ്രവാചകൻﷺ പ്രബോധനം ചെയ്തത്. ക്രിസ്ത്യൻ മിഷനറിമാരെപോലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ പട്ടിൽപൊതിഞ്ഞ് ആശയപ്രചാരണം നിർവഹിക്കുന്നതിന് ഇസ്‌ലാമിൽ സാധുതയില്ല. അവനവൻെറ കഴിവിൽപെട്ടിടത്തോളം മറ്റുള്ളവരെ സഹായിക്കൽമുസ്‌ലിമിൻെറ ബാധ്യതയാണ്. അതിൽ സംശയമില്ല. അനാഥകളോട്, അഗതികളോട്, കുടുംബങ്ങളോട്, അയൽക്കാരോട്..... ഇങ്ങനെ എല്ലാവരോടും സ്നേഹത്തോടെ പെരുമാറുവാനും സഹായം ആവശ്യമുള്ളവരെ സഹായിക്കാനുമൊക്കെ ഇസ്‌ലാം ആവശ്യപ്പെടുന്നു. നിത്യജീവിതത്തിൻെറ ഭാഗമാണിതൊക്കെ. എന്നാൽപ്രബോധനം വേറൊരു ബാധ്യതയാണ്. ഇസ്‌ലാമിൻെറ സന്ദേശം നമുക്ക് കഴിയുന്ന നിലയ്ക്ക് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാൻ -പ്രത്യേകിച്ച് നാം അടുത്ത് പെരുമാറുന്നവർക്ക്- നമുക്ക് കടമയുണ്ട്. സാമൂഹിക പ്രവർത്തനത്തിനിടക്ക് അവസരങ്ങൾ കിട്ടിയാൽ പ്രബോധനം നടത്താം. എന്നാൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഇസ്‌ലാമിലേക്കുള്ള ക്ഷണമല്ല. അത് സൽകർമമാണുതാനും. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തി സാഹചര്യം മാറ്റിയെടുത്തിട്ടേ പ്രബോധനം ചെയ്യാവൂ എന്ന നിയമമൊന്നും ആരും ചമയ്ക്കേണ്ടതില്ല.

ഏകദൈവ വിശ്വാസത്തിലേക്കുള്ള ക്ഷണമാണ് ഏറ്റവും മുഖ്യമായത്. അത് ചെയ്യാതെയുള്ള സൽകർമങ്ങൾക്ക് ദഅ്‌വത്തിൻെറ പ്രതിഫലം ലഭിക്കില്ല. സ്രഷ്ടാവിനെ മാത്രം ആരാധിക്കേണ്ടതിൻെറ പ്രാധാന്യവും പരലോകത്തിൻെറ ആവശ്യകതയും മനസ്സിലാക്കിക്കൊടുക്കാനുള്ള ഭൂമികയായി പ്രവാചകൻ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല. സമൂഹത്തിൻെറ കണ്ണിൽ സ്വന്തം മുഖം നന്നാക്കുവാൻ സൽകർമങ്ങൾ ചെയ്യുക എന്നത് അർഥശൂന്യമാണ്; അത് ചെയ്യുന്നത് വ്യക്തികളോ സംഘടനകളോ ആണെങ്കിലും ശരി. ലോകമാന്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ചെറിയനിലയ്ക്കുള്ള, ദൈവത്തിൽ പങ്കുചേർക്കലായാണ് പ്രവാചകൻﷺ പഠിപ്പിച്ചത്.

മതപരിവർത്തനം നിരോധിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനെപ്പറ്റി ഈയിടെ കേട്ടു. തികച്ചും രാഷ്ട്രീയ താൽപര്യങ്ങളാണ് ഇതിന് പിന്നിൽ. ദലിതുകളെപ്പോലുള്ളവരെ കൂട്ടമായി മതംമാറ്റുന്നതും ഭൗതികവിഭവങ്ങൾ നൽകിക്കൊണ്ടും ഭീഷണിപ്പെടുത്തിയും മറ്റും മതം മാറ്റുന്നതും തടയാനാണ് നിർബന്ധ മതപരിവർത്തന ബിൽ കൊണ്ടുവരുന്നതെന്നാണ് അതിന്റെ അനുകൂലികൾ പറയുന്നത്. എന്നാൽ ലക്ഷ്യം സ്വമേധയായുള്ള മതപരിവർത്തനത്തെപ്പോലും നിരോധിക്കുക എന്നതാണ്.

ഭൗതിക താൽപര്യങ്ങൾക്കുവേണ്ടിയുള്ള മതംമാറ്റംകൊണ്ട് നൈമിഷികമായ ഗുണമേ കിട്ടൂ. ഇത് ജീവിതത്തെപ്പറ്റി കൃത്യമായ ലക്ഷ്യമുള്ളവർക്കറിയാം. മതവും മതപരിവർത്തനവും വിഷയമാക്കിത്തീർത്ത് വോട്ടുകൾ ഏകോപിപ്പിക്കുക എന്നതാണ് മതപരിവർത്തന വിരോധികൾ ലക്ഷ്യമാക്കുന്നത്.

ഏതു മതത്തിലും വിശ്വസിക്കാനും അതിന്റെ ആചാരാനുഷ്ഠാനങ്ങൾ നിർവഹിക്കാനും അത് പ്രബോധനം ചെയ്യാനുമുള്ള മൗലികാവകാശം ഇന്ത്യൻ ഭരണഘടന നൽകുന്നുണ്ട്. ഈ അവകാശത്തെ ചോദ്യം ചെയ്യുകയാണ് സത്യത്തിൽ ഇക്കൂട്ടർ ചെയ്യുന്നത്. അംബേദ്കറിനെപ്പോലുള്ള നല്ലനിലയ്ക്ക് ചിന്തിക്കുന്ന ഏതാനും നേതാക്കൾ എഴുതിയുണ്ടാക്കിയ ഈ നിയമങ്ങൾ തിരുത്തിക്കുറിക്കാനും ഇന്ത്യയെ ഒരു ഹിന്ദുരാജ്യമാക്കുവാനുമുള്ള ശ്രമങ്ങൾ അണിയറയിൽ നടക്കുന്നുണ്ട്. അക്കൂട്ടർക്ക് ഭൂരിപക്ഷം കിട്ടിയാൽ അതും സംഭവിച്ചേക്കാം.

നിർബന്ധിക്കലും പ്രലോഭിപ്പിക്കലും വഴിയുള്ള മതപരിവർത്തനമേ നിരോധിക്കൂ എന്ന് പറയുന്നതിൽ കെണിയുണ്ട്. എന്തിനെയും പ്രലോഭനമായും നിർബന്ധിതമായും വ്യാഖ്യാനിക്കാൻ കഴിഞ്ഞേക്കും. മാറിവന്നവന് ചിലപ്പോൾ പുനരധിവാസ സൗകര്യമോ മറ്റോ ചെയ്തുകൊടുക്കേണ്ടിവരും. അതു ചെയ്തു കൊടുത്തവനെയും മതം മാറിയവനെയും ജയിലിലാക്കാനും കഴിഞ്ഞേക്കും. ഈ നിയമനിർമാതാക്കൾക്ക് കൂടി ഇസ്‌ലാമിന്റെ സത്യസന്ദേശം എത്തിച്ചുകൊടുത്ത് അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്താനാണ് മുസ്‌ലിം സമൂഹം ഇത്തരുണത്തിൽ സന്നദ്ധമാകേണ്ടത്.

ഇസ്‌ലാമെന്ന് പറഞ്ഞാൽ തീവ്രവാദവും മുസ്‌ലിം എന്നുപറഞ്ഞാൽ തീവ്രവാദിയുമാണെന്ന ധാരണയും പ്രചാരണവും ബലപ്പെട്ടുവരികയാണിന്ന്. വാസ്തവത്തിൽ ഇസ്‌ലാം മിതവാദത്തിന്റെ മതമാണ്. ആരാധനാകാര്യങ്ങളിൽപോലും തീവ്രത പാടില്ലെന്നാണ് പ്രവാചകൻ ﷺ

പഠിപ്പിച്ചത്. എന്നും രാത്രി ഉറങ്ങാതെ നമസ്കരിക്കുമെന്നും എന്നുമെന്നും നോമ്പെടുക്കുമെന്നും വിവാഹജീവിതം ദൈവാരാധനക്ക് വിഘാതമായതിനാൽ അതിൽനിന്നും അകന്നുനിൽക്കുമെന്നും പറഞ്ഞവരെ ശക്തമായ ഭാഷയിൽ പ്രവാചകൻ താക്കീതുചെയ്തത് ഇതിന് തെളിവാണ്.

സ്വഭവനങ്ങളിൽനിന്ന് ആട്ടിയോടിക്കപ്പെടുകയും വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള അനുമതി നിഷേധിക്കപ്പെടുകയും ചെയ്യുമ്പോഴേ ആയുധമെടുക്കുവാൻ ഖുർആൻ അനുവാദം നൽകുന്നുള്ളൂ. അങ്ങനെയുള്ള യുദ്ധത്തിൽപോലും പാലിക്കേണ്ടുന്ന ഒരുപാട് നിയമങ്ങളുണ്ട്. ഫലവൃക്ഷങ്ങൾ മുറിക്കരുത്, സ്ത്രീകളെയും കുട്ടികളെയും ഉപദ്രവിക്കരുത് തുടങ്ങിയ നിരവധി നിയമങ്ങൾ.

യുദ്ധത്തിന് അനുമതി നൽകാത്ത ഏത് മതമാണുള്ളത്? രാമായണത്തിൻെറയും മഹാഭാരതത്തിൻെറയും അടിത്തറ തന്നെ യുദ്ധമാണ്; നീതി നടപ്പിലാക്കാനുള്ള, അല്ലെങ്കിൽ അവകാശങ്ങൾ നേടിയെടുക്കാനുള്ള യുദ്ധങ്ങൾ. യുദ്ധം നിരോധിക്കപ്പെട്ട ലോകത്ത് സമാധാനവുമുണ്ടാകില്ല. കാരണം, എല്ലാവരും നിയമത്തിന് വിധേയമാകുവാൻ തയാറല്ല; കുറെപേർ വിധേയരാകും, കുറെപേർ വിസമ്മതിക്കും. അവിടെ ബലപ്രയോഗം ആവശ്യമായിവരും. അന്യായമായി ഒരു മനുഷ്യജീവനെയും അപഹരിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നില്ല. ലോകത്തിൻെറ പല ഭാഗങ്ങളിലും പ്രത്യക്ഷപ്പെട്ട തീവ്രവാദികൾ ആ വഴിക്കുതിരിഞ്ഞത് കടുത്ത അവകാശനിഷേധത്തിന്റെ ഫലമായാണെന്ന് കണ്ടെത്താൻ പ്രയാസമില്ല. എന്നാൽ നിരപരാധികളെ കൊന്നൊടുക്കുന്ന രീതി ആരുതന്നെ സ്വീകരിച്ചാലും നീതികരിക്കാനാവില്ല. അമേരിക്കയിലെ വേൾഡ് ട്രേഡ് സെൻറർ തകർത്ത സംഭവം; അതിനുപിന്നിൽ ആരാണെങ്കിലും ആ ഭീകരാക്രമണത്തെ ഇസ്‌ലാമികമായി ന്യായീകരിക്കാനാവില്ല. ആ വിമാനങ്ങളിലുണ്ടായിരുന്ന യാത്രക്കാരുടെ അപ്പോഴത്തെ മനോനില ചിന്തിക്കാൻപോലും കഴിയുന്നില്ല. മുസ്‌ലിം നാമധാരികൾ ചെയ്യുന്ന അക്രമത്തെയും മറ്റുള്ളവർ ചെയ്യുന്ന ആക്രമണങ്ങളെയും ഇസ്‌ലാമിൻെറ അക്കൗണ്ടിൽ എഴുതിച്ചേർക്കുന്ന മാധ്യമങ്ങളാണ് ഇസ്‌ലാമെന്നു പറഞ്ഞാൽ തീവ്രവാദമാണെന്ന ധാരണ പരത്തുന്നത്.

അമേരിക്ക പോലുള്ള രാജ്യങ്ങൾക്ക് തീവ്രവാദം നിലനിർത്തേണ്ടതുണ്ട്. അവർക്ക് ലോകപോലീസ് ചമയണമെങ്കിൽ ലോകത്തെവിടെയെങ്കിലും പ്രശ്നം വേണം. അവരുടെ ആയുധങ്ങൾ ചെലവാകാൻ

യുദ്ധംവേണം. അതിനുള്ള സാഹചര്യം അവർ തന്നെ ഒരുക്കേണ്ടി യുംവരും. അതാണ് അഫ്ഘാനിലും ഇറാഖിലുമൊക്കെ ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അവരുടെ മുതലാളിത്ത താൽപര്യങ്ങൾക്ക് എതിരുനിൽക്കുന്ന ഇസ്‌ലാമിനെ ഏതായാലും അവർക്കൊന്ന് പ്രതി ക്കൂട്ടിൽ നിർത്തുകയും വേണം. അത് അവരുടെ അജണ്ടയിൽപെട്ട താണ്. ഫലസ്തീൻപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ അവർക്ക് കഴിയും. പക്ഷേ, പരിഹരിക്കാതിരിക്കാനാണ് അവൻ ശ്രമിക്കുന്നത്.

ഇസ്‌ലാമെന്ന് പറഞ്ഞാൽ കലഹമാണെന്ന ധാരണയിൽ അതിനു വേണ്ടി ജീവിക്കുന്നവരോട് അതു തെറ്റാണെന്ന് പറയാൻ മുസ്‌ലിം കൾ തന്നെ ഒറ്റക്കെട്ടായി ഒരുങ്ങണം. അവകാശങ്ങൾ നിഷേധിക്കപ്പെ ടുന്നുണ്ടെങ്കിൽ പ്രായോഗികമായി സംഘടിക്കുക; സമാധാനപരമായി നേടിയെടുക്കാൻ സമരം ചെയ്യുക. സാധാരണക്കാരായ നിരപരാധിക ളെ കൊന്നൊടുക്കുന്നത് ആരാണെങ്കിലും അത് തികച്ചും അപലപ നീയമാണ്. ലോക മുസ്‌ലിം പണ്ഡിതന്മാർ മുൻപന്തിയിൽ നിന്ന് അതി നെ എതിർക്കണം. ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി അതിനെ പിന്തു ണക്കരുത്.

അമുസ്‌ലിംകളോട് എനിക്ക് പറയാനുള്ളത് ഇതാണ്: നമ്മൾ എപ്പോൾ മരിക്കുമെന്നറിയില്ല. അതിനുമുമ്പായി ജീവിതലക്ഷ്യം എന്തെ ന്ന് ചിന്തിക്കുക. അത് കണ്ടെത്താനുള്ള വഴികൾ അന്വേഷിക്കുക. മുൻ ധാരണകൾ മാറ്റിനിർത്തി തുറന്ന മനസ്സോടെ ഇസ്‌ലാമിനെപ്പറ്റി പഠി ക്കാൻ മുതിരുക. സ്വതന്ത്രമായി ചിന്തിക്കുക.

ദൈവവിശ്വാസികളല്ലെങ്കിൽ, ദൈവമുണ്ടോ എന്ന് കണ്ടെത്താൻ ശ്രമിക്കുക; അതിന് ഖുർആൻ നിങ്ങളെ സഹായിക്കും. തുറന്ന മന സ്സോടെ പഠിക്കാൻ തയാറായാൽ ഖുർആൻ നിരത്തുന്ന തെളിവുകൾ നിങ്ങളെ തൃപ്തരാക്കും. ദൈവത്തെ കണ്ടെത്തിയാൽ ജീവിതത്തിന് ലക്ഷ്യബോധം കൈവരും. മുസ്‌ലിം വായനക്കാരോട് ആത്മാർഥമാ യി അപേക്ഷിക്കുകയാണ്; നിങ്ങൾ ഖുർആനും സുന്നത്തും പഠിക്കുക. ജീവിതത്തിൽ പകർത്തുക, കഴിവിന്റെ പരമാവധി ഭയഭക്തിയോടെ ജീവിക്കുക. അറിഞ്ഞകാര്യം അറിയാത്തവർക്ക് എത്തിക്കുക. സാമൂ ഹികമായി മുസ്‌ലിംകൾക്ക് ഒരുപാട് മുന്നേറാനുണ്ട്. അതിനുവേണ്ടി പരിശ്രമിക്കുക. സ്ത്രീകൾ അർഹമായ അവകാശങ്ങൾ നേടിയെടുക്കുക. അത് വകവെച്ചുകൊടുക്കാൻ സമൂഹം അമാന്തം കാണിക്കരുത്. എല്ലാ വരും ബാധ്യതകൾ നിറവേറ്റുക; മരണം പിടികൂടുന്നതിനുമുമ്പായി.

# 2

## അന്യഥാചിന്തിതം കാര്യം!

മുനീർ അഹ്മദ്, കുന്നത്തുപാലം

'അന്യഥാ ചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേൽ'

എന്ന് കേട്ടിട്ടില്ലേ? 'നാം ഒന്ന് ചിന്തിക്കുന്നു, ദൈവം മറ്റൊന്ന് വിധിക്കുന്നു' എന്ന്. അല്ലാഹുവിൻെറ അപാരമായ അനുഗ്രഹങ്ങളോർത്താൽ ഇതെത്ര ശരിയാണ്. ഒരിക്കൽപോലും ചിന്തിച്ചിട്ടില്ലാത്ത കാര്യങ്ങളാണ് ജീവിതത്തിൽ സംഭവിച്ചത്. ഓർമകളുടെ ചുരുളഴിച്ച് തിരിഞ്ഞുനോക്കുമ്പോൾ എവിടെയോ കേട്ടുമറന്ന കഥ പോലെ തോന്നുന്നു. പക്ഷേ, നടന്നതെല്ലാം സത്യമാണ്, സത്യം മാത്രം.

മുപ്പത്തിമുക്കോടി ദേവന്മാരെയും, എണ്ണമറ്റ അനാചാരങ്ങളെയും നെഞ്ചിലേറ്റി നടക്കുന്ന ഒരു സമുദായത്തിൽനിന്ന് എന്നെങ്കിലും സ്വയം പറിച്ചെറിയപ്പെടുമെന്ന് കിനാവുപോലും കണ്ടതല്ല. എല്ലാം അല്ലാഹുവിൻെറ 'വിധി'യാണെന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു. ബുദ്ധിവന്ന നാൾമുതൽ ഞാൻ അമ്പലത്തിൽ പോയിട്ടില്ല; വീടിനടുത്തുതന്നെ അതുണ്ടായിരുന്നിട്ടു പോലും. 'ദൈവ'നാമത്തോട് എനിക്ക് ഒരുതരം പുച്ഛമായിരുന്നു. കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങളായിരുന്നു മനസ്സുനിറയെ. അനാചാരങ്ങളും അനീതികളും നടത്തി അവയ്ക്ക് ന്യായീകരണം കണ്ടെത്താനുള്ള കുറുക്കുവഴിയാണ് 'ദൈവം' എന്ന പദമെന്നും, അങ്ങനെയൊന്നില്ലെന്നുമായിരുന്നു എൻെറ ധാരണ. അത്തരത്തിൽ അക്ഷന്തവ്യമായ ഒരനാചാരം സ്വന്തം തറവാട്ടിൽ നടന്നുകൊണ്ടിരുന്നതു തടയാൻ ശ്രമിച്ചതാണ് എൻെറ ജീവിതത്തിലെ വഴിത്തിരിവായത്

എന്ന് പറയാം. അത് അറിയണമെങ്കിൽ എന്റെ കുടുംബ പശ്ചാത്തലം വിവരിച്ചേ മതിയാകൂ.

വടക്കേ മലബാറിൽ, പ്രത്യേകിച്ച് കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഏറെ പ്രചാരമുള്ള ഒരു അനുഷ്ഠാന കലാരൂപമാണ് 'തെയ്യം' (ദൈവം എന്ന പദം ലോപിച്ച് 'തെയ്യ'മായതാകാം). പച്ചമടലും കുരുത്തോലയും കൊണ്ടുള്ള മുടിവെച്ച്, ചുവന്ന പട്ടുടുത്ത്, മേലാസകലം ചുട്ടികുത്തി, കാലിൽ ചിലമ്പണിഞ്ഞ്, കയ്യിൽ വാളേന്തി ചെണ്ടമേളത്തിനൊത്ത് തുള്ളുന്ന തെയ്യങ്ങൾക്ക് പഴയ കാലത്ത് വളരെയേറെ ദിവ്യത്വം കൽപിക്കപ്പെട്ടിരുന്നു. (പെരുവണ്ണാൻ സമുദായക്കാരാണ് കൂടുതലും തെയ്യം കെട്ടിയാടുക). ആ മനുഷ്യദൈവങ്ങളുടെ മുമ്പിൽ ഭക്തജനം കുമ്പിട്ട് വഴിപാട് നടത്തും, സകല ആവലാതികളും സമർപ്പിക്കും. ദൈവമേയില്ലെന്ന് കരുതിപ്പോന്ന എന്നെപ്പോലുള്ളവർക്ക് തങ്ങളെപ്പോലെ മാംസവും മജ്ജയുമുള്ള മറ്റൊരു മനുഷ്യന്റെ മുമ്പിൽ 'ദൈവമേ' എന്ന് പറഞ്ഞ് കുമ്പിടുന്ന ജനത്തോടും ആചാരത്തോടും വെറുപ്പായിരുന്നു. പക്ഷേ, എന്തുചെയ്യാം. എനിക്കോ സുഹൃത്തുക്കൾക്കോ നേർക്കുനേരെ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. കാരണം, എന്റെ തറവാട്ടിൽതന്നെ മുപ്പത്തിരണ്ട് 'തെയ്യ'ങ്ങളുണ്ടായിരുന്നു.

കണ്ണൂർ ജില്ലയിലെ പഴമയേറിയ ഒരു നമ്പ്യാർ തറവാട്ടിലാണ് ഞാൻ പിറന്നുവളർന്നത്. പഴമയുടെയും പ്രതാപത്തിന്റെയും സ്മാരകങ്ങളായി ഒരു നാലുകെട്ടും നടുമുറ്റവും തറവാട്ടു പറമ്പത്ത് മുപ്പത്തിരണ്ട് 'കോട്ട'ങ്ങളും (ചെറിയ കോവിലുകൾ) ഇന്നുമുണ്ട്. കുംഭമാസം 14,15 തീയതികളിലാണ് തറവാട്ടുപറമ്പത്ത് മുപ്പത്തിരണ്ട് തെയ്യങ്ങൾ കെട്ടിയാടുന്ന തിറയുത്സവം നടക്കുക. അത് നാട്ടുകാരുടെകൂടെ ഉത്സവമായിരുന്നു അന്ന്. കണ്ടകർണൻ, കുട്ടിച്ചാത്തൻ, ഭൈരവൻ, പോതി, വസൂരിമാല, ഭദ്രകാളി, ദാരികൻ എന്നിങ്ങനെ പോകുന്നു തറവാട്ടിൽ കെട്ടിയാടുന്ന 'തെയ്യ'ങ്ങളുടെ പേരുകൾ. തറവാടിനോട് ബന്ധമുള്ള മുപ്പത്തിരണ്ട് 'താവഴി'കളുടെ കുലദേവതകളായിരുന്നു ഓരോ തെയ്യവും. 'തിറ' ഉത്സവം ആരംഭിക്കുന്നതിന് ഏഴുദിവസം മുമ്പ് അഞ്ച് പൊൻപണവും 16 പറ നെല്ലും രണ്ടു കുല പഴവും രണ്ടു സേർ അവിലും മൂന്നിടങ്ങഴി വെളിച്ചെണ്ണയും ചെലവിലേക്ക് ഓരോ കുടുംബവും (താവഴി) തറവാട്ടിലേക്ക് എത്തിച്ചിരിക്കണമെന്ന് നിയമമുണ്ട്. മുപ്പത്തിരണ്ട് കുടുംബങ്ങളും ഒത്തുചേരുന്നത് വർഷത്തിലൊരിക്കൽ നടക്കുന്ന തിറയുത്സവത്തിന്റെ രണ്ട് ദിനങ്ങളിൽ മാത്രം.

1972ലാണ് സംഭവം. ആ വർഷത്തെ ഉത്സവത്തിന്റെ ഏതെങ്കിലും

ഒരു ചടങ്ങ് ആരുമറിയാതെ മുടക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചു. അതുകൊണ്ട് ഒന്നും സംഭവിക്കാനില്ലെന്ന് ജനങ്ങൾ സ്വയം മനസ്സിലാക്കാനുള്ള അവസരമൊരുക്കുകയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഉത്സവത്തിൻെറ ആരംഭം കുറിക്കുന്ന ചടങ്ങാണ് 'കോഴിവെട്ട്'. അത് മുടങ്ങിയാൽ ഉത്സവം മുടങ്ങുകയില്ലെങ്കിലും നാട്ടിൽ ദൈവകോപവും അരാജകത്വവും ഉണ്ടാകുമെന്നാണ് വിശ്വാസം. (ഏതെങ്കിലും കാരണത്താൽ ഒരു കർമം മുടങ്ങിയാൽ മറുകർമം ചെയ്ത് പരിഹാരം തേടാമെന്ന് വിധിയുണ്ട്). ആദ്യകർമമായ 'കോഴിവെട്ട്' തടഞ്ഞുകൊണ്ട് തുടങ്ങാമെന്ന് ഞങ്ങൾ നേരത്തെ തീരുമാനിച്ചിരുന്നു. കുംഭമാസം 13-ാം തീയതി അർധരാത്രി തറവാട്ടിലെ വലിയ വെളിച്ചപ്പാടാണ് ആ കർമം നടത്തുക.

തറവാട്ടുപറമ്പിൽ നിന്ന് ഏകദേശം നാനൂറ് മീറ്റർ അകലെ ഒരു കുളമുണ്ട്. കുളക്കടവിലെ ഇലഞ്ഞിത്തറയിൽ കോഴിയെ വെട്ടി ചോര കൊണ്ട് തർപ്പണം ചെയ്ത് തിരികെ തറവാട്ട് മുറ്റത്തെത്തി കാരണവരിൽ നിന്ന് ദക്ഷിണ വാങ്ങി അദ്ദേഹത്തെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ച് കഴിഞ്ഞാൽ കാരണവർ കുടുംബനാഥന്മാരോടും നാല് നാട്ടുപ്രമാണിമാരോടും 'ആട്ടം തുടങ്ങാം' എന്ന് മൂന്നുവട്ടം വിളിച്ചു പറയും. തുടർന്ന് മുപ്പത്തിരണ്ട് ആചാരവെടികൾ മുഴങ്ങും. ഉത്സവം തുടങ്ങുകയായി. ആദ്യമിറങ്ങുന്ന 'തെയ്യം' ഭദ്രകാളിയുടേതായിരിക്കും. ഏതെങ്കിലും കാരണത്താൽ 'കോഴിവെട്ട്' കർമത്തിന് ഭംഗം നേരിട്ടാൽ മഞ്ഞളും നൂറും അരിപ്പൊടിയും ചേർത്ത് തയാറാക്കുന്ന 'ഗുരുതി' തറവാട്ടുമുറ്റത്തെ തുളസിത്തറയിൽ തളിച്ച് ഉത്സവം തുടങ്ങാമെന്ന് പരിഹാരമുണ്ട്. ആ വർഷംവരെ അങ്ങനെയൊന്ന് വേണ്ടിവന്നിട്ടില്ല.

'കോഴിവെട്ട്' നടത്താൻ വലിയ വെളിച്ചപ്പാട് തറവാട്ട് മുറ്റത്തു നിന്നും കുളക്കടവിലേക്ക് തനിച്ചാണ് പോവുക. പോകുന്നവഴിയിലും കുളക്കടവിൻെറ പരിസരത്തും ആരുമുണ്ടാവില്ല. വലിയ വെളിച്ചപ്പാട് പോകുന്നതും കർമം നടത്തുന്നതും ആരും കാണരുതെന്നാണ് പ്രമാണം. വഴിയിലുള്ള മാവ് മറഞ്ഞുനിന്ന് കോഴിയും വാളും പിടിച്ചെടുത്ത് ഉടനെതന്നെ അവിടെനിന്ന് കടന്നുകളയണമെന്നാണ് ഞങ്ങൾ തീരുമാനിച്ചിരുന്നത്. പിന്നെയവിടെ നിന്നാൽ പിടിക്കപ്പെടും. ഒരുപക്ഷേ, ഞങ്ങളുടെ ജീവൻ തന്നെ അപകടത്തിലാവുകയും ചെയ്യും. നിശ്ചയിച്ച പ്രകാരംതന്നെ ഞാനും കൂടെയുള്ള മൂന്ന് സുഹൃത്തുക്കളും പ്രവർത്തിച്ചു. പിടിച്ചെടുത്ത കോഴിയും വാളും ഞങ്ങൾ തൊട്ടടുത്ത കാട്ടിലേക്ക് വലിച്ചെറിഞ്ഞ് അവിടെനിന്ന് ഓടി. ഇടവഴിയും പറമ്പുമൊക്കെ

താണ്ടി ആ രാത്രിതന്നെ സിറ്റിയിലെത്തി മദിരാശിക്ക് വണ്ടിയറി. (ഉത്സവം മുടങ്ങാതിരിക്കാൻ പരിഹാരകർമം ചെയ്തുവെന്നും ഞങ്ങളെ തിരിച്ചറിഞ്ഞ് തറവാട്ടിലും കുടുംബത്തിലും വിലക്ക് കൽപിച്ചുവെന്നും കുറെ മാസങ്ങൾക്കുശേഷം എനിക്ക് വിവരം കിട്ടി. അതോടെ നാടും വീടുമായുള്ള ബന്ധം എന്നെന്നേക്കുമായി മുറിഞ്ഞു).

മദിരാശിയിൽ നിന്ന് കറങ്ങിത്തിരിഞ്ഞ് ഞങ്ങൾ മഹാരാഷ്ട്രയിലെ പൂനയിലെത്തി. സുഹൃത്തുക്കൾ മൂന്നുപേരും പട്ടാളത്തിൽ ചേർന്നു. താമസിയാതെതന്നെ എനിക്ക് ഒരു കമ്പനിയിൽ ജോലി ശരിയാവുകയും ചെയ്തു. പിന്നീടുള്ള എൻെറ ജീവിതം ഒരർഥത്തിൽ സുഖകരമായിരുന്നു. മനസ്സിനിണങ്ങിയ ജോലി, തരക്കേടില്ലാത്ത ശമ്പളം, ഇടക്ക് ഞാൻ മദ്യപിക്കാൻ തുടങ്ങി. പിന്നെപിന്നെ അതൊരു ദിനചര്യയായി. പതിനൊന്നുവർഷം അങ്ങനെ കഴിഞ്ഞു. ഒരു ദിവസം നെഞ്ചിൽ കലശലായ വേദന തോന്നി. പൂന മെഡിക്കൽ ഫൗണ്ടേഷൻ നടത്തുന്ന റൂബി ഹോസ്പിറ്റലിൽ ഞാൻ അഡ്മിറ്റ് ചെയ്യപ്പെട്ടു. കോട്ടയത്തുകാരനായ ഡോ. സെബാസ്റ്റ്യനായിരുന്നു ഹോസ്പിറ്റൽ കാർഡിയോളജി വിഭാഗത്തിൻെറ തലവൻ. ആദ്യത്തെ ഒന്നുരണ്ട് ദിവസം കൊണ്ടുതന്നെ ഞാനും ഡോക്ടറും ഉറ്റസുഹൃത്തുക്കളെപ്പോലെയായി. അത്ര ഹൃദ്യമായിരുന്നു അദ്ദേഹത്തിൻെറ പെരുമാറ്റം. എൻെറ എല്ലാ കാര്യങ്ങളും കേട്ടുകഴിഞ്ഞപ്പോൾ എല്ലാം ദൈവത്തിൻെറ വിധിയാണെന്നും രോഗം ഭേദമാകാൻ ദിവസേന പ്രാർഥിക്കണമെന്നും ഡോക്ടർ പറഞ്ഞു. ആദ്യമൊന്നും അയാളുടെ വാക്കുകൾ ഞാൻ അത്ര കാര്യമാക്കിയില്ല. വീണ്ടും വീണ്ടും അദ്ദേഹത്തിൻെറ ഉപദേശം കേൾക്കാൻ തുടങ്ങിയപ്പോൾ ദൈവമുണ്ടെന്ന് എനിക്ക് തോന്നി. ആ തോന്നൽ വളർന്നുവന്നു. പക്ഷേ, എവിടെയാണ് ദൈവം? ഒടുവിൽ ഒന്നരമാസത്തെ ചികിത്സക്കുശേഷം രോഗം മാറി ഞാൻ ആസ്പത്രി വിട്ടു. ഇനിയൊരിക്കലും മദ്യപിക്കുകയില്ലെന്ന് സത്യം ചെയ്തശേഷമെ ഡോ. സെബാസ്റ്റ്യൻ എന്നോട് വിടപറഞ്ഞുള്ളൂ.

പൂനയിൽതന്നെ തുടർന്നാൽ വീണ്ടും മദ്യപിച്ചുപോകുമോ എന്ന ഭയത്താൽ കമ്പനിയിലെ ജോലി രാജിവെച്ച് 1983 ഏപ്രിൽ മാസം ഞാൻ ദേശാടനത്തിനിറങ്ങി. പുണ്യസ്ഥലങ്ങളെന്ന് പേരു കേട്ട പല ഇടങ്ങളിലും കറങ്ങിത്തിരിഞ്ഞ് 1984ൽ ഞാൻ കോഴിക്കോട്ടെത്തി. മിഠായിതെരുവിലുള്ള ഒരു ലോഡ്ജിൽ മുറിയെടുത്തു. അന്ന് രാത്രി തീരെ ഉറങ്ങിയില്ല. പിറ്റേന്ന് കാലത്ത് അഞ്ചുമണിക്ക് എഴുന്നേറ്റ് പുറത്തിറങ്ങി. മിഠായി തെരുവിൻെറ തെക്കേ അറ്റത്തുനിന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞ്

നടന്നു. കടപ്പുറത്തേക്കായിരുന്നു ലക്ഷ്യം. റെയിൽവേ പാലം കടന്ന് വലിയങ്ങാടിയിലേക്ക് പ്രവേശിക്കുന്നിടത്തെത്തിയപ്പോഴേക്കും പ്രഭാത നമസ്കാരത്തിനുള്ള ബാങ്ക് വിളി മുഴങ്ങി. ഒരു നിമിഷം, എന്നെ ഏതോ ഒരദൃശ്യ ശക്തി പിടിച്ചുനിർത്തിയപോലെ തോന്നി. കർണാനന്ദകരമായ ശബ്ദമാധുരി. അതിലെ പദങ്ങൾക്ക് അസാധാരണമായ ഒരാകർഷണ ശക്തിയുണ്ടെന്ന് എനിക്കൊരു തോന്നൽ. മറ്റെവിടെയും അങ്ങനെയൊന്ന് കേട്ടിട്ടില്ല. (അറേബ്യൻ നാടുകളിൽ ബാങ്കുവിളിക്കുന്നത് കേട്ടിട്ടില്ലേ, അതേ ശൈലിയിലായിരുന്നു ബാങ്ക്). 'പുഴവക്ക'ത്തെപള്ളി എന്നാണ് ആ പള്ളിയുടെ പേര്. അവിടെ പക്ഷേ, പുഴയൊന്നുമില്ല. അവിടെനിന്ന് ഞാൻ റൂമിലേക്കുതന്നെ തിരിച്ച് നടന്നു. 'അല്ലാഹു അക്ബർ'. എന്താണാ വാക്കിൻെറ അർഥം? ഞാൻ എന്നോടുതന്നെ ചോദിച്ചു. ദിവസേന ബാങ്ക് വിളി കേൾക്കുക എന്നത് ഒരു പതിവാക്കി. (പ്രഭാതസമയത്തുള്ള പ്രശാന്തമായ നിശ്ശബ്ദതയിൽ ആ ബാങ്ക് വിളി കേൾക്കുമ്പോഴുള്ള ആനന്ദം ഒരാവേശമുണർത്തുന്നതുപോലെ അനുഭവപ്പെട്ടുതുടങ്ങി). പിന്നെ പല മുസ്‌ലിം സഹോദരങ്ങളുമായി ബന്ധപ്പെട്ടു. സംശയങ്ങൾ ചോദിച്ചറിഞ്ഞു. വായിച്ചു. ആരാണ് അല്ലാഹു? നബി തിരുമേനിയുടെ ജീവിതം എങ്ങനെയായിരുന്നു? ഖുർആൻ ആരുടേതാണ്? മനസ്സിലാവുന്തോറും അതുവരെയുള്ള ജീവിതം വ്യർഥമായിപ്പോയി എന്ന ചിന്ത മനസ്സിൽ വളരാൻ തുടങ്ങി. ഇനി ബാക്കിയുള്ള കാലം ഏകദൈവ വിശ്വാസിയായി അല്ലാഹുവിൻെറ വഴിയിൽ കഴിയാൻ ഞാനുറച്ചു. കോഴിക്കോട്ടെത്തി നാലുമാസത്തിനുശേഷം 'ശഹാദത്ത് കലിമ' (സാക്ഷ്യവാക്യം) ചൊല്ലി ഞാൻ ഇസ്‌ലാം സ്വീകരിച്ചു.

1985ൽ കോഴിക്കോട് ടൗണിനടുത്ത് കുണ്ടുങ്ങൽ പ്രദേശക്കാരി യായ ദരിദ്രയായ ഒരു മുസ്‌ലിം സ്ത്രീയെ ഞാൻ വിവാഹം കഴിച്ചു. ഇപ്പോൾ മൂന്ന് മക്കൾ. സ്ഥിരതാമസം കോഴിക്കോടുതന്നെ. സ്വന്തമെന്ന് പറയാൻ ഒരു നാല് സെൻറ് ഭൂമിയും അതിൽ പണിതീരാത്ത കൊച്ചുപുരയും മാത്രം. എങ്കിലും ജീവിതത്തിൻെറ വസന്തകാലമാണ് ഇപ്പോഴെന്നെനിക്ക് തോന്നുന്നു. മനസ്സിന് സമാധാനമുള്ള ദിവസങ്ങൾ.

മദിരാശിയിലെ മലയാളി മുസ്‌ലിംകൾ നടത്തുന്ന 'മലബാർ മുസ്‌ലിം അസോസിയേഷൻ' എന്ന സംഘടനയുടെ ആറ് ബ്രാഞ്ച് ഓഫീസുകളിൽ ഒന്നിൻെറ മാനേജരായി നാലുവർഷമായി ഞാൻ ജോലി ചെയ്തുവരുന്നു. ഇത് അല്ലാഹുവിൻെറ വിധിയല്ലാതെ മറ്റെന്താണ്? ഇവിടെ ഈ വരികൾക്ക് പ്രസക്തിയേറുന്നു. 'അന്യഥാ ചിന്തിതം കാര്യം. ദൈവമന്യത്ര ചിന്തയേൽ!'

# 3

## പ്രാർഥന നൽകിയ സ്ഥൈര്യത്തോടെ...

ആയിശ സജ്ന, നടുവത്ത്

ജന്മംകൊണ്ട് മതങ്ങൾ പലപ്പോഴും പലർക്കും വ്യത്യസ്തമാണല്ലോ. വിഭിന്നമായ വിശ്വാസങ്ങളും ചിന്താധാരകളും. പലതിലും വിശ്വസിക്കുന്നവർ, തീരെ വിശ്വസിക്കാത്ത ചിലർ. ബഹുദൈവ വിശ്വാസി, ഈശ്വര വിശ്വാസി, ഏകദൈവ വിശ്വാസി, യുക്തിവാദി, നിരീശ്വരവാദി അങ്ങനെയങ്ങനെ.. ഇവയെല്ലാം ആത്യന്തികമായി ലക്ഷ്യമിടുന്നത് മനുഷ്യജന്മത്തിന്റെ മോക്ഷത്തെ തന്നെയാണ്. ഇങ്ങനെ ഒരു ജന്മസായൂജ്യമുണ്ട് എന്നതുകൊണ്ട് തന്നെ അത് എവിടെ നിന്ന് എന്നു കൂടി ചികഞ്ഞന്വേഷിക്കേണ്ടിയിരിക്കുന്നു. തീർച്ചയായും മോക്ഷത്തിന്റെ മാർഗം ഇസ്ലാം തന്നെയാണ്. ഇസ്ലാം സമാധാനത്തിന്റെ മതമാണ്. ഏകനായ സ്രഷ്ടാവിൽ ജീവിതത്തെ സമർപ്പിക്കുക വഴി ഇഹത്തിലും പരത്തിലും കരഗതമാകുന്ന സമാധാനമാണ് ഇസ്ലാം. അത് അറിയാനും ഉൾക്കൊള്ളാനും സത്യമതത്തിലേക്ക് തിരിച്ചുവരാനും സാധിച്ച ഒരാളാണ് ഞാൻ (അൽഹംദുലില്ലാഹ്)

എന്നെ സംബന്ധിച്ചിടത്തോളം മാതാപിതാക്കൾ പഠിപ്പിച്ചതായിരുന്നു മതം. ദിവസവും വീട്ടിലെ പൂജാമുറിയിൽ നിന്നുകൊണ്ടുള്ള പ്രാർഥന. വിശേഷദിവസങ്ങളിലോ ഒഴിവുദിവസങ്ങളിലോ അടുത്തുള്ള ക്ഷേത്രദർശനം. അതിനെത്തുടർന്നുള്ള ചെറിയ ചെറിയ ആചാരങ്ങളും അനുഷ്ഠാനങ്ങളും. ഇവിടെ തുടങ്ങുന്നു എന്റെ മതവിദ്യാഭ്യാസം. അച്ഛനും അമ്മയും ചേച്ചിയുമടങ്ങുന്നതാണ് എന്റെ കുടുംബം. അച്ഛൻ ഒരു തികഞ്ഞ ഈശ്വരവിശ്വാസിയാണ്. ഭക്തിയെന്നാൽ ഭയ

മാണ് എന്നാണ് പലപ്പോഴും അച്ഛനിൽ നിന്നു എനിക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നത്. കുളി കഴിഞ്ഞു വന്നാൽ വീട്ടിലെ പൂജാമുറിയിൽ നിന്നും സാഷ്ടാംഗം ചെയ്തു അച്ഛൻ പ്രാർഥിക്കാറുണ്ട്. അച്ഛനെ അനുകരിക്കുകയായിരുന്നു എന്റെ പതിവ്. അൽപം ശബ്ദത്തിൽ പ്രാർഥിച്ചിരുന്ന അച്ഛന്റെ പ്രാർഥനകൾ പലതും ഞാൻ മനഃപാഠമാക്കിയിരുന്നു. അതിലൊന്നിങ്ങനെയായിരുന്നു: "രക്ഷിക്കണേ, ഞങ്ങളെ ശിക്ഷിക്കരുതേ"

എന്റെ വീടിന്റെ തൊട്ടുമുന്നിലായി താമസിച്ചിരുന്നത് ഒരു മുസ്‌ലിം കുടുംബമായിരുന്നു. അവരുടെ വസ്ത്രധാരണത്തിലുള്ള ചെറിയ ഒരു മാറ്റവും സംസാരശൈലിയിലുള്ള വ്യത്യാസവുമല്ലാതെ ഞങ്ങളും അവരും തമ്മിൽ വലിയൊരന്തരം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ലായിരുന്നു. എന്നാൽ വളരെപ്പെട്ടെന്നായിരുന്നു അവരുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ സംഭവിച്ചത്. അലസമായി വസ്ത്രം ധരിച്ചിരുന്ന അവിടുത്തെ സ്ത്രീകൾ മുൻകയ്യും മുഖമൊഴിച്ചുള്ള ഭാഗം വളരെ വൃത്തിയായി മറയ്ക്കാൻ തുടങ്ങി. തൊട്ടടുത്ത് ഒരു പള്ളി വന്നതിനെ തുടർന്ന് വെള്ളിയാഴ്ച ദിവസങ്ങളിൽ പള്ളിയിലേക്ക് പോകുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. മതപഠന ക്ലാസുകളുണ്ടെന്ന് പറഞ്ഞു കുടുംബമൊന്നിച്ച് വൈകുന്നേരങ്ങളിൽ പുറത്തു പോകാറുണ്ട്. വീട്ടിൽ താക്കോലേൽപിക്കാൻ അവർ വരുമ്പോൾ ലഭിക്കുന്നതാണ് ഈ വാർത്ത. ക്ലാസു കഴിഞ്ഞാൽ പിറ്റേദിവസം അമ്മയോട് അവിടെ കേട്ടത് പറയാറുണ്ട്. ചിലപ്പോഴെല്ലാം അമ്മയുടെ അടുത്തിരുന്ന് ഞാനും കേൾക്കാറുണ്ടായിരുന്നു. വളരെ സാധാരണ രീതിയിൽ സംസാരിച്ചിരുന്ന അവർ പിന്നീട് ഗൗരവമേറിയ വിഷയങ്ങളിൽ ആത്മാർഥമായി സംസാരിക്കുന്നതായി എന്റെ ശ്രദ്ധയിൽ പെട്ടിരുന്നു.

ഒരു ഒഴിവുദിവസം അമ്പലത്തിൽ നിന്നും മടങ്ങി വരുന്ന സമയത്ത് അയൽവാസിയായ ആ വീട്ടിലെ കുട്ടിയെ കണ്ടു. രാവിലെത്തന്നെ എവിടുന്നു വരുകയാണെന്നവൾ അന്വേഷിച്ചു. ഞാൻ അഭിമാനത്തോടെ അമ്പലത്തിൽ പോയിവരുന്നതാണെന്നു മറുപടി പറഞ്ഞു. ഉടനെ തന്നെ അവൾ ചോദിച്ചു: 'രാവിലെത്തന്നെ അമ്പലത്തിൽ പോയി ഒന്നും കേൾക്കുകയും കാണുകയും ചെയ്യാത്ത കല്ലിനോടും മണ്ണിനോടും എന്ത് പ്രാർഥിക്കാനാ. കല്ലിനും മണ്ണിനും നമ്മുടെ പ്രാർഥന മനസ്സിലാകുമോ?' ഇത് കേട്ടപ്പോൾ എന്റെ ഉള്ളിൽ രോഷം പതഞ്ഞു വന്നെങ്കിലും മുഖത്തതു പ്രകടിപ്പിക്കാതെ എന്തൊക്കെയോ ഒപ്പിച്ചു പറഞ്ഞുകൊണ്ട് ഞാൻ നടന്നു. നല്ലൊരു മറുപടി (അവളോട്) പറയാൻ സാധിക്കാത്ത

തിൽ എനിക്ക് പ്രയാസം തോന്നി. സത്യത്തിൽ എന്തായിരിക്കും അതിന്റെ മറുപടി എന്ന് ഞാൻ ഒരുപാട് ചിന്തിച്ചു. അമ്പലത്തിന്റെ ഉള്ളിന്റെ ഉള്ളിലിരിക്കുന്ന ദൈവം അവൾ പറഞ്ഞപോലെ വെറുമൊരു ശിലയല്ലേ. എന്റെ വീടിന്റെ പൂജാമുറിയിലിരിക്കുന്ന കൃഷ്ണൻ മണ്ണല്ലേ? എങ്കിലും അവയിൽ ദിവ്യത്വമില്ലെന്ന് എനിക്ക് ചിന്തിക്കുവാൻ പോലും വയ്യ. കാലങ്ങളായി അടിയുറച്ച വിശ്വാസവും ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങളും മനസ്സിൽ കിടന്നു പുകഞ്ഞു.

അതിനെത്തുടർന്ന് ഒരു സംഭവം ഉണ്ടായി. ഏതാനും ദിവസങ്ങൾക്ക് ശേഷം അടച്ചിട്ട വീട്ടിലേക്ക് ഞങ്ങൾ വരികയായിരുന്നു. പടിഞ്ഞാറു ഭാഗത്തു നിന്നുള്ള പൂജാമുറിയിൽ ബിംബങ്ങൾ ഇരിക്കുന്ന സ്റ്റാന്റിന്റെ അരികിലുള്ള ജനലിന് വാതിലുകൾ ഇല്ലായിരുന്നു. അതിലൂടെ ഒരു കോഴി കയറി സ്റ്റാന്റിൽ ഇരിപ്പുറപ്പിച്ചിരുന്നു. ഞങ്ങളുടെ ശബ്ദം കേട്ട് ഭയന്ന കോഴി വെപ്രാളപ്പെട്ട് ജനൽവഴി പുറത്തേക്ക് കയറി.... കോഴിയുടെ ചിറകടിയുടെ ശക്തിയിൽ ഒരു ശ്രീകൃഷ്ണപ്രതിമ രണ്ടു ഭാഗങ്ങളായി നിലംപതിച്ചു. അച്ഛനും അമ്മയും ചേച്ചിയും ധൃതിയിൽ ഓടിച്ചെന്ന് ശിലാവിഗ്രഹം എടുത്തു. പിന്നീട് മൂവരും ചേർന്ന് പശ വെച്ച് ഒട്ടിക്കാനുള്ള ശ്രമവും മറ്റും. അതിനിടയിൽ ദുഃശ്ശകുനമാണല്ലോ എന്ന അച്ഛന്റെ വിലയിരുത്തലും.

പക്ഷെ, എന്നിലത് വല്ലാത്തൊരു ചിന്തയാണുണർത്തിയത്. ഒരു കോഴിയിൽ നിന്നുപോലും രക്ഷപ്പെടാൻ സാധിക്കാത്ത ഈ ശ്രീകൃഷ്ണൻ എങ്ങനെയാണ് എന്റെ കുടുംബത്തെ രക്ഷിക്കുക? എന്നിൽ പെട്ടെന്ന് കടന്നുവന്നത് അച്ഛൻ നിത്യവും ഉരുവിടാറുള്ള ഞാൻ മനഃപാഠമാക്കിയ ആ പ്രാർഥനയായിരുന്നു. 'രക്ഷിക്കണേ ഞങ്ങളെ ശിക്ഷിക്കരുതേ'

ഞാൻ നോക്കുമ്പോൾ പൊട്ടിയ പ്രതിമ ശരിക്കും മണ്ണ്.... എനിക്ക് ഒരുപാടിഷ്ടമായിരുന്ന മഞ്ഞപ്പട്ടണിഞ്ഞ ആ ശ്രീകൃഷ്ണപ്രതിമയോട് എന്തെന്നില്ലാത്ത വെറുപ്പ് തോന്നി. അസ്വസ്ഥയായ ഞാൻ മനഃശാന്തിക്കുവേണ്ടി അയൽവാസികളുടെ അടുത്തേക്കുപോയി.

നടന്ന സംഭവം അവരെ അറിയിച്ചു... തുടർന്ന് എനിക്കു പരിചയമില്ലാത്ത യഥാർഥ സ്രഷ്ടാവിനെക്കുറിച്ചവർ വിവരിച്ചു തന്നു. അവരുടെ വായിൽ നിന്നും വളരെ സാധാരണമായ ഭാഷയിലും ശൈലിയിലും പ്രപഞ്ചനാഥനെക്കുറിച്ച് ഞാനറിഞ്ഞു. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിച്ച് നിയന്ത്രിക്കുന്നവനായ അവൻ ഏകനായ അല്ലാഹുവാകുന്നു. അവനല്ലാതെ ആരാധനക്കും സ്തുതികൾക്കും അർഹനായവൻ

മറ്റാരുമില്ല. സ്ഥലകാലനൈരന്തര്യങ്ങൾക്കതീതമാണ് അവന്റെ അറിവ്... ഘട്ടം ഘട്ടമായി ഞാനറിഞ്ഞുൾക്കൊണ്ടു.

തുടർന്ന് ഞാൻ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ തുടങ്ങി. ഈ ഭൂമിയിൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് തക്കതായ പ്രതിഫലമുണ്ടെന്നും നന്മചെയ്യുന്നവർക്കായി സ്വർഗവും തിന്മ പ്രവർത്തിച്ചവർക്ക് നരകവും ഒരുക്കിയിട്ടുള്ള പരലോകം തിരസ്കരിക്കാനാവാത്ത സത്യമാണെന്നും മനസ്സിലാക്കി. ഏകദൈവവിശ്വാസവും പരലോകചിന്തയും എന്റെ ജീവിതത്തിൽ വല്ലാത്തൊരു മാറ്റം സൃഷ്ടിച്ചു. ഇസ്‌ലാമിനെക്കുറിച്ചുള്ള പഠനത്തിനായി ഞാൻ ഗ്രന്ഥങ്ങളെ ആശ്രയിച്ചു. അതിൽ ഖുർആനിലെ ഉദ്ധരണികൾ കാണാമായിരുന്നു. മനുഷ്യനെ ചിന്തിപ്പിക്കുന്ന വളരെ ആഴമേറിയ വചനങ്ങൾ. അത് പ്രപഞ്ചസ്രഷ്ടാവിനല്ലാതെ പറയാൻ സാധിക്കില്ലെന്ന് എനിക്ക് മനസ്സിലായി.

പിന്നീട് ദിവസവും അഞ്ചു നേരത്ത് അനുഷ്ഠിക്കുന്ന നമസ്കാരത്തെക്കുറിച്ചറിഞ്ഞു. ഞാനത് പഠിക്കാൻ ശ്രമിച്ചു. ചെറിയ രീതിയിൽ പഠനം പൂർത്തിയാക്കി. വുളു ചെയ്തു പഠിച്ചു. തുടർന്ന് കഴിയുന്ന രീതിയിൽ ഞാനത് നിർവഹിച്ചു പോന്നു. മറ്റുള്ളവരുടെ കണ്ണുവെട്ടിച്ച് നമസ്കരിക്കുമ്പോൾ പലപ്പോഴും പ്രയാസമായിരുന്നത് സുബ്ഹിയും മഗ്‌രിബുമായിരുന്നു. എങ്കിലും പടച്ച തമ്പുരാന്റെ മുമ്പിൽ അറിയാവുന്ന രീതിയിൽ ഞാനത് പൂർത്തിയാക്കുമ്പോൾ മനസിൽ കുമിഞ്ഞു വരുന്ന സമാധാനം പറഞ്ഞറിയിക്കാൻ സാധിക്കാത്തതായിരുന്നു.

റമദാനിലെ ഒരു മാസത്തെ കഠിന വ്രതം അതിശയകരമായിരുന്നു. 'എങ്ങനെയാണതിന് സാധിക്കുക'- അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന അവന്റെ അടിമകൾക്ക് മാത്രമാണ് ആത്മാർഥമായി ജലപാനം പോലുമില്ലാതെ അത് പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. വ്രതം ഞാൻ ഏഴോ എട്ടോ തവണ എടുത്തിരുന്നു. അതിലൊന്ന് എന്റെ വീട്ടിൽ നിന്നും എടുത്തതാണ്. അമ്മയോടും അച്ഛനോടും സമ്മതം ചോദിച്ചിരുന്നു. അമ്മ പുലർച്ചെ ഭക്ഷണം ഒരുക്കിത്തന്നു. നോമ്പാരംഭിച്ചു. അങ്ങനെ സുബഹിയും ദ്വുഹറും അസറും നമസ്കരിച്ചു. നോമ്പ് തുറക്കാനുള്ള സമയം അടുത്തുവന്നു. തുടർന്നു നോമ്പു തുറന്നു. അച്ഛനും അമ്മയും ചേച്ചിയും അത് കഴിക്ക് ഇത് കഴിക്ക് എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നു. പക്ഷെ, മഗ്‌രിബ് നമസ്കരിക്കാനായി എന്റെ അടുത്ത് നിന്നും അവർ മാറുന്നില്ല. കുറച്ചു സമയം ഇരിക്കട്ടെ എന്ന് പറഞ്ഞു അടുക്കളയുടെ തിണ്ണയിലിരുന്ന് അവരുടെ മൂന്ന് പേരുടെയും മുമ്പിൽ നിന്ന് അവരറിയാതെ പൂർണ ഹിജാബില്ലാതെ മനസുകൊണ്ട്

നമസ്കാരത്തിനായി തക്ബീർ കെട്ടി റുകൂഅ് ചെയ്തു.. സുജൂദ് ചെയ്തു.. എന്റെ നിസ്സഹായാവസ്ഥ അല്ലാഹു മനസിലാക്കും എന്ന പ്രതീക്ഷയോടെ..

തുടർന്നുള്ള എന്റെ ജീവിതം അസ്വസ്ഥതകൾകൊണ്ട് നിറഞ്ഞു. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന സത്യം മനസ്സിലാക്കിയിട്ടും അമ്പലങ്ങളിലും മറ്റും ചെന്ന് വിഗ്രഹങ്ങളുടെ മുമ്പിൽ തൊഴുകയ്യോടെ നിൽക്കേണ്ടി വന്നപ്പോൾ.... അവയുടെ മുമ്പിലിരുന്നുകൊണ്ട് പലപ്പോഴായി ഞാൻ അല്ലാഹുവിനോട് പ്രാർഥിച്ചിട്ടുണ്ട്. നിവൃത്തികേടുകൊണ്ടാണ് പടച്ചവനേ എന്ന്.

മുൻകയ്യും മുഖമൊഴികെയുള്ള ഭാഗം സ്ത്രീ നിർബന്ധമായും മറച്ചിരിക്കണമെന്ന സത്യം ബോധ്യപ്പെട്ടു. എങ്കിലും പൂർണഹിജാബില്ലാതെ അന്യപുരുഷൻമാരുടെ മുമ്പിലൂടെ നടക്കേണ്ടി വന്നു. അപ്പോഴെല്ലാം മാനസികമായി അനുഭവിച്ച പ്രയാസം കുറച്ചൊന്നുമല്ലായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ സ്നേഹിക്കുന്ന കുടുംബങ്ങൾക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും മുമ്പിൽ പകച്ചു നിന്ന നിമിഷങ്ങളായിരുന്നു അത്.

അങ്ങനെയിരിക്കുമ്പോഴാണ് ഇസ്‌ലാം മതം സ്വീകരിച്ച ഒരു സ്ത്രീയെ പരിചയപ്പെടാനും സംസാരിക്കുവാനും അവസരം ലഭിച്ചത്. ഇസ്‌ലാം മതത്തോടുള്ള എന്റെ താൽപര്യം അറിയാവുന്ന അവർ എന്നോട് വീടുവിട്ടിറങ്ങാതെ മതം സ്വീകരിക്കാൻ സാധിക്കില്ലെന്ന് ഉറപ്പിച്ചു പറഞ്ഞു. എന്നാൽ വീട്ടുകാരെയും എന്റെ വിദ്യാഭ്യാസവും ഒഴിവാക്കാൻ എനിക്കാവില്ലെന്ന് ഞാൻ ശഠിച്ചു. അപ്പോൾ അവർ പറഞ്ഞു- മരണം എപ്പോഴാണ് ഒരാളിലേക്ക് വന്നെത്തുക എന്നറിയില്ല. അടുത്ത നിമിഷം എന്ത് സംഭവിക്കും എന്ന് ആർക്കും നിശ്ചയിക്കാൻ സാധിക്കില്ല. അതുകൊണ്ട് സത്യം മനസ്സിലാക്കിയ നീ അത് സ്വീകരിക്കാതെ മരിക്കുകയാണെങ്കിൽ നീ നഷ്ടക്കാരുടെ കൂട്ടത്തിലാകും. ഇത് എന്നെ വല്ലാതെ പിടിച്ചു കുലുക്കി. ഒന്നും പറയാതെ അവിടെ നിന്നും മടങ്ങി. കാരണം ആദ്യമായാണ് ഞാനെന്റെ മരണത്തെക്കുറിച്ച് അങ്ങനെ ചിന്തിക്കുന്നത്.

എന്റെ സുഹൃത്ത് എനിക്ക് പറഞ്ഞു തന്ന പ്രാർഥന ഇങ്ങനെയായിരുന്നു. "അല്ലാഹുവിന്റെ മാർഗത്തിൽ ജീവിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ തന്നെ മരിക്കുവാനുള്ള അനുഗ്രഹം പ്രദാനം ചെയ്യണേ". ഞാനിതു പ്രാർഥിക്കുമായിരുന്നു. ബാങ്ക് വിളിയുടെ സമയത്ത് ആവർത്തിച്ചു പറയാറുണ്ട്. രാത്രി ഉറക്കത്തിൽ അറിയാതെ ഉണർന്നാൽ പോലും ഞാനത് പ്രാർഥിക്കാറുണ്ടായിരുന്നു. പിന്നീട് എന്റെ മനസ്സ് സദാ അത്

ഉരുവിടുന്നതായി എനിക്ക് അനുഭവപ്പെട്ടു. എന്റെ പ്രാർഥനയുടെ നിവർത്തിയെന്നോണം 2003 മെയ് 11-ാം തീയ്യതി എനിക്ക് അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കാനുള്ള മഹത്തായ അനുഗ്രഹം ലഭിച്ചു. അതിനായി വീടും നാടും വിടാനുള്ള മനഃശക്തി അല്ലാഹു നൽകി.

വീടുവിട്ടിറങ്ങുന്നതിനു മുമ്പ് എങ്ങോട്ടു പോകും എന്ന് യാതൊരു തീരുമാനവും എന്നിലില്ലായിരുന്നു. ആരെയും ഭയക്കാതെ അഞ്ചുനേരം നമസ്കരിക്കണം, മുസ്‌ലിമായി ജീവിക്കണം എന്നേ ഉണ്ടായിരുന്നുള്ളു. സമ്പാദ്യം എന്ന് പറയാനൊന്നുമില്ലാതെ ഉടുവസ്ത്രവുമായി വീടുവിട്ടിറങ്ങിയതു മുതൽ അല്ലാഹുവിൽ നിന്നുള്ള ഒരു വലിയ കാവലിനെ ഞാൻ നേരിട്ടനുഭവിച്ചറിയുകയായിരുന്നു.

പിന്നീട് സ്വാഭാവികമെന്നോണം ചില പൊട്ടലുകളും ചീറ്റലുകളും ഉണ്ടായി. ദിവസവും പൊന്നാനിയിലേക്ക് എന്റെ മനഃപരിവർത്തനത്തിനുവേണ്ടി ആളുകളുടെ ഒഴുക്കായി. അതിൽ നാട്ടുകാരും പ്രമാണിമാരും എന്തിന് പള്ളി പ്രസിഡന്റും മറ്റംഗങ്ങളും എല്ലാം ഉണ്ടായിരുന്നു. അനുകൂലമായൊരു വാക്കുപോലും ആരിൽ നിന്നും കേൾക്കാനായില്ല. അമ്മ വന്ന് കാലിൽ വീണ് കേണപേക്ഷിച്ചപ്പോഴും അതിനെ പിൻതാങ്ങിയ മുസ്‌ലിംകളായ പലരുടെയും മുമ്പിൽ വെച്ച് പടച്ചവനേ മനഃശക്തിയും, പിടിച്ചു നിൽക്കാനുള്ള കഴിവും തരണേ എന്ന് മനം പിടക്കുകയായിരുന്നു. അല്ലാഹു കാത്തു.

ഞാനിന്നു മുസ്‌ലിമായി ജീവിക്കുന്നു. അതിനിടയിൽ ഇസ്‌ലാമിലേക്ക് വന്ന ഒരുപാട് ആളുകളെ പരിചയപ്പെട്ടു. അവരോടുള്ള സംസാരങ്ങളിൽ നിന്നെല്ലാം ഇസ്‌ലാമിന്റെ മാധുര്യത്തെ വീണ്ടും വീണ്ടും അനുഭവിച്ചു. ചില ഗ്രന്ഥങ്ങൾ വായിക്കുമ്പോഴും, ശാസ്ത്രീയമായ ഖുർആനിന്റെ പ്രതിപാദനങ്ങൾ മനസ്സിലാക്കിയപ്പോഴും മറ്റും ഞാൻ സ്വീകരിച്ച മാർഗം വ്യക്തവും സത്യവുമാണെന്ന് നിസ്സംശയം ഞാനറിയുന്നു.

# 4

# സഭാനേതൃത്വത്തിൽ നിന്ന് ഇസ്‌ലാമിലേക്ക്

ഫിറോസ് മുഖ്ദാർ അഹ്മദ്

പത്ത് വർഷത്തോളം ക്രൈസ്തവമിഷനറിയിൽ പ്രവർത്തിക്കുകയും 1995 മുതൽ മുഴുസമയ കത്തോലിക്ക കരിസ്മാറ്റിക് മിഷനറി പ്രവർത്തനവുമായി കേരളത്തിനകത്തും പുറത്തും സഞ്ചരിക്കുകയും ആയിരക്കണക്കിനു സുവിശേഷയോഗങ്ങളിലും കരിസ്മാറ്റിക് ധ്യാനങ്ങളിലും ചർച്ചുകളിലും സുവിശേഷ പ്രസംഗങ്ങൾ നടത്തുകയും ചെയ്ത എഴുത്തുകാരനും സുവിശേഷകനുമായിരുന്നു ഞാൻ. പേര് റവറന്റ് തിമൊഥെയൂസ് മറിയൻ. ഇസ്‌ലാംമതാശ്ലേഷണത്തിനു ശേഷം ഫിറോസ് മുഖ്ദാർ അഹ്മദ് എന്ന പേര് സ്വീകരിച്ചു. എന്റെ അനുഭവങ്ങൾ പങ്കുവെക്കുകയാണ്.

**കുടുംബ പശ്ചാത്തലം**

കണ്ണൂർ ജില്ലയിലെ ഒരു പൗരാണിക നായർ കുടുംബത്തിലായിരുന്നു ജനനം. നാലു മക്കളിൽ മൂന്നു പേരും പെൺമക്കളായിരുന്നു. ഏക ആൺ സന്തതി എന്ന നിലയ്ക്ക് വീട്ടിലെ പ്രധാനപ്പെട്ട വ്യക്തിയായിരുന്നു ഞാൻ. പിതാവിന്റെ ആകസ്മിക മരണത്തോടെ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ കുടുംബത്തെ സഹായിച്ച ഏതാനും ക്രിസ്ത്യൻ മിഷനറിമാരുടെ സ്നേഹാനുഭൂതിയിൽ ആകൃഷ്ടരാകുകയും അമ്മയടക്കം ഞങ്ങൾ മൂന്നു മക്കൾ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ധാരാളം ദൈവങ്ങളുണ്ടായിരുന്ന ഞങ്ങൾക്ക് അതിനുശേഷം ആരാധിക്കാൻ യേശുവെന്ന ഏകദൈവം മാത്രമായിമാറി. പിന്നീട് ഞാൻ പൂർണമായി യേശുവിന് സമർപ്പിക്കു

വാൻ നിശ്ചയിച്ചു. അങ്ങനെ 1995 മുതൽ മുഴുസമയ സുവിശേഷ പ്രവർത്തകനാവാൻ തീരുമാനിക്കുകയും അതിനായി എന്റെ ഇടവകയുടെ സഹായത്തോടെ മുരിങ്ങൂർ പോട്ട ധ്യാനകേന്ദ്രത്തിലെത്തുകയും ചെയ്തു.

**മിഷനറി പ്രവർത്തനം**

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിന്റെ സഹായത്തോടെ എന്റെ പ്രദേശത്ത് തന്നെ ഒരു മുഴുസമയ സുവിശേഷവേല നടത്തുവാൻ തീരുമാനിച്ചു. സാമ്പത്തിക, ശാരീരിക, മാനസിക പ്രയാസങ്ങളനുഭവിക്കുന്ന ഞങ്ങളുടെ പ്രദേശത്തെ ഹൈന്ദവർക്കിടയിലായിരുന്നു എന്റെ പ്രബോധനം. സാമ്പത്തികമായി ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാനായി ക്രിസ്ത്യൻ പ്രമാണിമാരും അതോടൊപ്പം ധ്യാനകേന്ദ്രവും അകമഴിഞ്ഞ് സഹായിക്കുമായിരുന്നു. ഇത്തരം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഒട്ടധികം കുടുംബങ്ങളെ സഹായിക്കാൻ എന്നെക്കൊണ്ട് സാധിച്ചു. എന്റെ സുവിശേഷ വേലയിൽ ആകൃഷ്ടരായ പലരും ക്രിസ്തുമതത്തിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. കർത്താവായ യേശുവിന്റെ സ്നേഹം, കൃപ, പാപത്തിൽ നിന്നുള്ള വിടുതൽ തുടങ്ങിയവയായിരുന്നു മുഖ്യമായും എന്റെ വിഷയങ്ങൾ. എന്റെ പ്രവർത്തനമേഖല വ്യാപിച്ചതോടെ ഞങ്ങളുടെ നാട്ടിലെ ഹിന്ദു തീവ്രവാദികളുടെ കണ്ണിലെ കരടായി ഞാൻ മാറി. എന്നെ അവർ ക്രൂരമായി ആക്രമിക്കുകയും വടിവാൾക്കൊണ്ടെന്റെ തലക്കുവെട്ടി മാരകമായി പരിക്കേൽപിക്കുകയും ചെയ്തു. എന്നെ നശിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യമെങ്കിലും ദൈവത്തിൻെറ തീരുമാനം അതിനെതിരായിരുന്നു.

ഒരു സുവിശേഷകനായി ദൈവത്തിന് എന്നെ സമർപ്പിക്കുമ്പോൾ എന്റെ ലക്ഷ്യം എന്റെ പ്രദേശത്തു തന്നെ സുവിശേഷവേല ചെയ്യണമെന്നായിരുന്നു. ആക്രമിക്കപ്പെട്ട ശേഷം ഞാൻ ദീർഘകാലം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഏറെക്കുറെ സുഖം പ്രാപിച്ചുവെങ്കിലും നാട്ടിലേക്കു തിരിച്ചുപോകുവാൻ സാധിക്കും വിധമായിരുന്നില്ല സ്ഥിതിഗതികൾ. എന്റെ ജീവനു വീണ്ടും ഭീഷണി നേരിടുമെന്നതിനാൽ തന്നെ ഞാൻ തിരിച്ചു മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെത്തുകയും അവിടെനിന്നുള്ള നിർദേശപ്രകാരം മുരിങ്ങൂരിൽ തന്നെ സുവിശേഷ വേലയുമായി കഴിച്ചുകൂട്ടുകയുമാണ് ചെയ്തത്.

മുരിങ്ങൂർ ഡിവൈൻ സെന്ററിന്റെ കരിസ്മാറ്റിക് ധ്യാനവുമായി ബന്ധപ്പെട്ട് കേരളത്തിനകത്തും തമിഴ്നാട്, കർണാടക, ആന്ധ്ര, തുടങ്ങിയ

സംസ്ഥാനങ്ങളിലുമായി ആയിരക്കണക്കിനു സുവിശേഷ യോഗങ്ങളിലും കരിസ്മാറ്റിക് ധ്യാന ശുശ്രൂഷകളിലും നേതൃത്വം കൊടുക്കുവാനെനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

**ഇസ്‌ലാമിലേക്ക്**

1999ൽ ഞാൻ സജീവമായി കരിസ്മാറ്റിക് ശുശ്രൂഷയുമായി നാടു ചുറ്റുന്ന കാലം. എറണാകുളം കലൂർ ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ വെച്ച് നടക്കാനിരിക്കുന്ന നിച്ച് ഓഫ് ട്രൂത്തിന്റെ പരിപാടിയുടെ പോസ്റ്റർ കാണാനിടയായി. 'യേശുക്രിസ്തു ഖുർആനിലും ബൈബിളിലും' എന്നതാണ് തലവാചകം. വല്ലാത്ത അതിശയോക്തി തോന്നി. തികച്ചും അപ്രതീക്ഷിതമായൊരു പ്രോഗ്രാം. വിഷയത്തിന്റെ പുതുമയും സംശയനിവാരണത്തിന് അവസരമുണ്ട് എന്നതും പ്രോഗ്രാമിനു പോകുവാൻ എന്നിൽ താൽപര്യം വളർത്തി.

ഖുർആനിനെക്കുറിച്ച് എനിക്ക് അന്നുണ്ടായിരുന്ന ധാരണ; ബൈബിളിൽ നിന്ന് മുഹമ്മദ് പകർത്തിയെഴുതിയ ഏതാനും കാര്യങ്ങളാണ് ഖുർആനിലുള്ളത് എന്നതായിരുന്നു. ആ രീതിയിലായിരുന്നു ഞങ്ങളുടെ പഠനവും. 'യേശു കർത്താവിനെ' വിശ്വസിക്കാത്ത മുസ്‌ലിംകൾ യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുകയോ? അതും ചോദ്യോത്തരത്തോടെ! ഇതെന്നിൽ അത്ഭുതമുളവാക്കി. അതുകൊണ്ടുതന്നെ പരിപാടിയിൽ പങ്കെടുക്കുവാൻ ഞാൻ തീരുമാനിച്ചു. പക്ഷേ, ജോലിത്തിരക്കു കാരണം പരിപാടിയിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. അതിനാൽ മറ്റൊരാളെ പരിപാടിയിൽ പങ്കെടുക്കുവാൻ പറഞ്ഞു വിട്ടു. ഏതാനും പുസ്തകങ്ങളും കാസറ്റുകളും വാങ്ങിപ്പിച്ചു. പരിപാടിയുടെ കാസറ്റ് പിന്നീട് കേൾക്കുകയും ചെയ്തു.

അതുവരെ ഞാൻ വിശ്വസിച്ചതിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ധാരാളം കാര്യങ്ങളാണ് എനിക്ക് പുസ്തകങ്ങളിൽ നിന്നും കാസറ്റുകളിൽ നിന്നും മനസ്സിലാക്കാനായത്. യോഹന്നാൻ സുവിശേഷത്തിൽ യേശു പ്രവചിക്കുന്ന കാര്യസ്ഥനെക്കുറിച്ചുള്ള പഠനമാണ് എനിക്കേറെ ആകർഷകമായി തോന്നിയത്. പഠിക്കുംതോറും അത്ഭുതങ്ങൾ ഏറിവന്നു. എന്റെ മനസ്സിലൂറിവന്ന സംശയങ്ങൾ വേദ പണ്ഡിതന്മാരുമായി ചർച്ചചെയ്തു. എന്റെ സംശയങ്ങൾക്കുള്ള നിവാരണമാണ് ഞാൻ പ്രതീക്ഷിച്ചിരുന്നതെങ്കിലും മറുപടി നിരാശാജനകമായിരുന്നു. കൃത്യവും വ്യക്തവുമായ ഉത്തരം എനിക്കു ലഭിച്ചില്ല. മറുപടികൾ എന്നെ നിരുത്സാഹപ്പെടുത്തിയെന്നു മാത്രമല്ല, എന്റെ പഠനത്തിൽ നിന്ന് എന്നെ പിന്മാറ്റുവാൻ കൂടിയായിരുന്നു അവരുടെ ശ്രമം. കൂടുതൽ റഫറൻസിനായി

ഞാൻ വാങ്ങിയ ഖുർആൻ പരിഭാഷ എന്റെ സഹപ്രവർത്തകരും ഞങ്ങളുടെ ഗുരുക്കളുമടങ്ങുന്ന സുവിശേഷകർ എന്നിൽ നിന്ന് ഒളിപ്പിച്ചുവെച്ചു. അതുപോലെ യേശുവിന്റെ ഗദ്ശമനതോട്ടത്തിൽ വെച്ചുള്ള പ്രാർഥന എന്റെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നിലകൊണ്ടു. 'ദൈവം ദൈവത്തോടു പ്രാർഥിക്കുമോ?' എന്ന ചോദ്യം എന്നെ വല്ലാതെ കുഴക്കി. ഞാൻ വാങ്ങിച്ച കാസറ്റുകളും ഗ്രന്ഥങ്ങളും എന്നിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചു. മോശയുടെ കല്പനകൾ പലതും പുതിയനിയമവും സഭയും മാറ്റി മറിച്ചതായി -പന്നിമാംസം, പരിഛേദന പോലുള്ളവ- ഞാൻ മനസ്സിലാക്കി. അതിനെക്കുറിച്ച് ക്രൈസ്തവ പണ്ഡിതരോട് ചോദിച്ചപ്പോൾ സുവിശേഷകർത്താക്കൾക്കതിന് അധികാരമുണ്ടെന്നായിരുന്നു മറുപടി.

അങ്ങനെ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കുകയും ഖുർആൻ പഠനമാരംഭിക്കുകയും സംശയനിവാരണത്തിനായി ഇസ്‌ലാമിക പണ്ഡിതന്മാരെ സമീപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഖുർആൻ പഠനത്തിനിടയ്ക്ക് സൂറഃ മറിയം (ഖുർആനിലെ 19-ാം അധ്യായം) എന്നെ വല്ലാതെ സ്വാധീനിച്ചു. യേശുക്രിസ്തുവിന്റെ അത്ഭുത ജനനത്തെ ഞാൻ വേദപുസ്തകവുമായി താരതമ്യം ചെയ്തു പഠിച്ചു.

ഖുർആൻ പറയുന്ന പലകാര്യങ്ങളും സത്യമാണെന്നെനിക്കു തോന്നിയെങ്കിലും ഇസ്‌ലാം സ്വീകരിക്കാൻ മനസ്സനുവദിച്ചില്ല. കാരണം അത്രമാത്രം മ്ലേഛൻമാരായിട്ടാണ് മുസ്‌ലിംകളെ ഞാൻ കണ്ടിരുന്നത്. മുസ്‌ലിമാവാൻ തയാറായില്ലെങ്കിലും ഖുർആൻ പഠനം തുടർന്നുകൊണ്ടേയിരുന്നു. ക്രിസ്ത്യാനികൾക്കിടയിലെ ഒരു തിരുത്തൽവാദിയായി നിലകൊള്ളാനാണ് ഞാൻ ശ്രമിച്ചത്. ഖുർആൻ വായിക്കുംതോറും ഇസ്‌ലാമിലേക്ക് ആകൃഷ്ടനായിക്കൊണ്ടിരിക്കുന്ന എന്നെ ആകർഷിക്കാനായി ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ എന്നെ നേതാവാക്കിക്കൊണ്ട് 'മറിയത്തിലൂടെ ദൈവത്തിലേക്ക്' എന്ന ഒരു കാമ്പയിൻ തന്നെ പ്രഖ്യാപിക്കുകയുണ്ടായി. സുവിശേഷവേലയിലേക്ക് എന്നെ തിരിച്ചുകൊണ്ടുവരലായിരുന്നു അവരുടെ ലക്ഷ്യം. പലരീതിയിൽ എന്നെ പ്രലോഭിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഞാൻ മാനസികമായി ആകെ തളർന്നു. ചെകുത്താനും കടലിനുമിടയിൽ പെട്ടപോലെ.

അതിനിടെ ഒരു യാത്രക്കിടയിൽ പരിചയപ്പെട്ട നല്ലവനായ ഒരു മുസ്‌ലിം സുഹൃത്തുമായി എന്റെ ഈ മാനസികാവസ്ഥ ഞാൻ പങ്കുവെച്ചു. അദ്ദേഹം എന്നോട് ഉപദേശിച്ചത് 'ഇന്നത്തെ മുസ്‌ലിംകളെ നിങ്ങൾ നോക്കേണ്ടതില്ല, അവരെക്കണ്ട് ആരും ഇസ്‌ലാം സ്വീകരിക്കുക

യില്ല. നിങ്ങൾ പഠിച്ചിടത്തോളം, വായിച്ചിടത്തോളം നിങ്ങൾക്ക് സത്യമെന്നു തോന്നുന്ന പക്ഷം നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുക, നിങ്ങളുടെ മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട ഒരു രക്ഷാപദ്ധതിയാണിത്' എന്നായിരുന്നു. എന്റെ മനസ്സിൽ ആശ്വാസത്തിന്റെ ഒരു കുളിർമഴപെയ്യിക്കാൻ ആ വാക്കുകൾക്ക് സാധിച്ചു. അങ്ങനെ എന്തു തന്നെ സഹിച്ചാലും ഇസ്‌ലാം സ്വീകരിക്കുവാൻ തന്നെ തീരുമാനിച്ചു. എല്ലാത്തിനെക്കാളും സത്യത്തോടും തന്നെ സൃഷ്ടിച്ച ദൈവത്തോടുമാണ് പ്രതിബദ്ധതയുണ്ടാവേണ്ടത് എന്നു മനസ്സിലാക്കി എന്റെ ഭൗതിക സുഖസൗകര്യങ്ങളും സ്ഥാനമാനങ്ങളും വെടിയാൻ തീരുമാനിച്ചു. എന്നെ പിന്തിരിപ്പിക്കാൻ സഹപ്രവർത്തകരും കൂടെപ്പിറപ്പുകളായ സഹോദരിമാരും ശ്രമിച്ചു നോക്കി. അനന്തരാവകാശമായി ലഭിച്ച സ്വത്തെല്ലാം അവർക്കു തിരിച്ചേൽപ്പിച്ച് ഇസ്‌ലാം സ്വീകരിക്കാൻ തന്നെ തീരുമാനിച്ചു. അപ്പോഴതാ മറ്റൊരു പ്രശ്നം- മുസ്‌ലിംകൾക്കിടയിലെ സംഘടനാവൈവിധ്യം. അതെന്നെ തളർത്തി. അങ്ങനെ മുസ്‌ലിംകൾക്കിടയിലെ വിവിധ വിഭാഗങ്ങളെക്കുറിച്ച് ബാഹ്യമായി പഠിച്ചശേഷം ഇസ്വ്‌ലാഹീ പ്രസ്ഥാനത്തോട് ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചു.

ദിനംപ്രതി അഞ്ചുനേരം കൃത്യമായി നിർവഹിക്കപ്പെടുന്ന നമസ്കാരമാണ് ഇസ്‌ലാമിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. ആഴ്ചയിലൊരു ഞായറാഴ്ചയോ വല്ലപ്പോഴുമോ ചർച്ചിൽ പോകുന്ന ക്രിസ്ത്യാനിയെ അപേക്ഷിച്ച് കൃത്യമായി പട്ടാളച്ചിട്ട കണക്കെ നിർവഹിക്കപ്പെടുന്ന നമസ്കാരത്തിലൂടെ പ്രത്യേക ആനന്ദനിർവൃതി ലഭിക്കുന്നു. മാനസിക സന്തോഷവും ജീവിതവിശുദ്ധിയും ആത്മധൈര്യവും ഇതിലൂടെ എനിക്കു നേടാനാവുന്നു.

### അത്ഭുത രോഗശാന്തിയുടെ യാഥാർത്ഥ്യം

കരിസ്മാറ്റിക് ധ്യാനത്തിലൂടെ അൽഭുത രോഗശാന്തികൾ നടന്നതായി ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലൂടെ പലരുടെയും അനുഭവം കൊടുക്കാറുണ്ട്. ഇത്തരം ഒട്ടേറെ കഥകൾ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇത് സംബന്ധമായി എനിക്ക് ചില കാര്യങ്ങൾ പറയാൻ കഴിയും.

ഏത് രോഗങ്ങൾക്കും വൈദ്യശാസ്ത്ര പ്രകാരം രണ്ട് കാരണങ്ങളുണ്ടാവാം; മാനസികവും ശാരീരികവും. ഒട്ടുമിക്കരോഗങ്ങളുടെയും കാരണങ്ങൾ മാനസികമാണല്ലോ. കരിസ്മാറ്റിക് ധ്യാനത്തിലൂടെ ലഭ്യമാകുന്ന ഏകാഗ്രതയും അവരുടെ വിശ്വാസവും ദൈവഭയവും മനഃശാന്തിയുമെല്ലാം പല രോഗങ്ങൾക്കും താൽക്കാലികമായ ശമനം നൽകി

യേക്കാം. എന്നാൽ പ്രത്യക്ഷമായിക്കാണുന്ന രോഗങ്ങളോ അംഗവൈകല്യങ്ങളോ ഇത്തരം കരിസ്മാറ്റിക് ധ്യാനത്തിലൂടെ സാധാരണയായി ഭേദമാകാറില്ല! പലരോഗങ്ങളുടെയും കാരണം പൈശാചികതയായതുകൊണ്ട് പിശാചിനെ പ്രീതിപ്പെടുത്തുന്ന ഇത്തരം ബഹുദൈവാരാധനാപരമായ ചികിത്സാമുറകൾ സ്വീകരിക്കുമ്പോൾ പൈശാചിക സഹായം ലഭ്യമാകുമെന്ന് തീർച്ചയാണല്ലോ. ഒരു പക്ഷേ, രോഗങ്ങൾ ഭേദമായിത്തോന്നാനുള്ള കാരണങ്ങളിലൊന്ന് അതുമായേക്കാം. എന്നാൽ ഇതിന്റെ മറ്റൊരു വശം, ഇത്തരം അനുഭവസാക്ഷ്യം പ്രഖ്യാപിക്കുന്ന രോഗികളിലാരും തങ്ങൾക്ക് ഇത്തരമൊരു രോഗമുണ്ടായിരുന്നുവെന്നതിനുള്ള ശാസ്ത്രീയ തെളിവുകളോ ഡോക്ടർമാരുടെ പരിശോനധനാരേഖകളോ ഹാജരാക്കാറില്ല എന്നതാണ്.

**ഉപസംഹാരം**

ഇപ്പോൾ ഞാൻ സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നു. എന്റെ യുവത്വത്തിന്റെ നല്ലൊരുകാലഘട്ടവും യാഥാർഥ്യമറിയാതെ അസത്യപ്രബോധനത്തിലായിരുന്നു. അവശേഷിക്കുന്ന കാലം മുഴുവൻ അതിനൊരു പ്രായശ്ചിത്തമെന്നോണം ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ നിരതമാവണമെന്നാണ് തീരുമാനം. ഞാൻ മൂലം ധാരാളം വ്യക്തികളും കുടുംബങ്ങളും ക്രിസ്തുമതത്തിലേക്ക് കടന്നു വന്നിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. അവർക്കെങ്കിലും സത്യമത സന്ദേശം എത്തിക്കണമെന്ന് ആഗ്രഹമുണ്ട്. അതോടൊപ്പം ഞാനിപ്പോൾ എന്റെ ജീവിതകഥയും അനുഭങ്ങളുമുൾക്കൊള്ളിച്ചുകൊണ്ട്, 'യേശു എന്നെ മുസ്‌ലിമാക്കി' എന്ന ഗ്രന്ഥത്തിൻെറ രചനയിലാണ്. പ്രബോധന രംഗത്ത് അത് ഏറെ ഉപകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

# 5

# തിരിച്ചറിവ്

<u>പെരിയസ്വാമി</u>

തിരുവനന്തപുരം ടൗണിനടുത്ത് കാട്ടാക്കടയിലാണ് ഞാൻ ജനിച്ചത്. തമിഴ്നാട്ടിൽനിന്നും കുടിയേറിപ്പാർത്ത നായ്ക്കർ ഫാമിലിയാണ് എന്റേത്. കേരളത്തിലെ നായർ വിഭാഗത്തിനു തുല്യമാണ് തമിഴ്നാട്ടിലെ നായ്ക്കർ. രണ്ട് ആണും മൂന്നു പെണ്ണുമടങ്ങുന്ന അഞ്ച് മക്കളും മാതാപിതാക്കളുമടങ്ങിയതായിരുന്നു എന്റെ കുടുംബം. എന്റെ മൂത്ത മൂന്നു സഹോദരിമാരും ചെറുപ്പത്തിലേ എന്തോ രോഗത്തിനടിപ്പെട്ട് മരിച്ചു. ഞാനും എന്റെ ഇളയ സഹോദരനും മാത്രമാണ് ബാക്കിയായത്. എന്റെ പിതാവ് ഒരു മര(ആശാരി)പ്പണിക്കാരനായിരുന്നു.

എന്റെ പതിനൊന്നാം വയസ്സിൽ മാതാപിതാക്കൾ എന്നെയും അനുജനെയും തിരുവനന്തപുരത്തെ ശിവാനന്ദ ആശ്രമത്തിൽ ചേർത്തു. അൽപകാലം സ്കൂളിൽപോയെങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സാധിച്ചില്ല. ആശ്രമത്തിൽ ചേർന്നശേഷം പിന്നീട് വീടുമായി യാതൊരു ബന്ധവുമില്ലായിരുന്നു. അതായിരുന്നു ആശ്രമ വ്യവസ്ഥ.

അച്ഛനും അമ്മയും സ്ഥിരമായി അമ്പലത്തിൽ പോയിരുന്ന ദൈവ വിശ്വാസികളായിരുന്നുവെങ്കിലും ഞാൻ എന്റെ ജീവിത കാലത്തിനിടയ്ക്ക് ഇതുവരെ ഒരിക്കൽ പോലും ഒരു ക്ഷേത്രത്തിലും ആരാധനക്കായി പോയിട്ടില്ല. ആശ്രമത്തിൽ ഒരു മത വിശ്വാസത്തിന്റെയും രീതി അനുസരിച്ചായിരുന്നില്ല ഞങ്ങൾ ജീവിച്ചിരുന്നത്. ആശ്രമത്തിനകത്തു ഞങ്ങളുടെ ആരാധനാ രീതിയും ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഏറെ വിചിത്രമായിരുന്നു. ദൈവമായി പ്രാണനെയായിരുന്നു

ഞങ്ങൾക്ക് പഠിപ്പിക്കപ്പെട്ടിരുന്നത്. അതിനാൽ തന്നെ പ്രാണായാമം പോലുള്ള ആരാധനാരീതികളായിരുന്നു ആശ്രമത്തിൽ ഞങ്ങൾ അനുഷ്ഠിച്ചിരുന്നത്. സാധാരണ സന്യാസിമാർ ധരിക്കാറുള്ള വസ്ത്രധാരണ രീതി തന്നെയായിരുന്നു ഞങ്ങളും സ്വീകരിച്ചിരുന്നത്. എന്നാൽ കാഷായ വസ്ത്രത്തിനു പകരം വെള്ള വസ്ത്രമായിരുന്നു എന്നു മാത്രം. സ്ത്രീകളും ഈ രീതി തന്നെയായിരുന്നു സ്വീകരിച്ചിരുന്നത്. ആശ്രമത്തിലെത്തിയാൽ ജീവിതാവസാനംവരെ അവിടെത്തന്നെ കഴിച്ചുകൂട്ടണമെന്നതായിരുന്നു ആശ്രമത്തിന്റെ നിയമം. എന്നാൽ ആശ്രമജീവിതം ഉപേക്ഷിച്ച് അവിടെനിന്ന് പുറത്തുപോകുന്നവർക്ക് അതിനു വിരോധമില്ല. എന്നാൽ തിരിച്ച് പിന്നീട് ആശ്രമത്തിലേക്ക് പ്രവേശമുണ്ടായിരിക്കില്ല എന്നു മാത്രം. മരണാനന്തരം ആശ്രമത്തിലെ നിയമമനുസരിച്ച് പ്രത്യേക രീതിയിൽ അവിടെ തന്നെ അടക്കം ചെയ്യുമായിരുന്നു.

ഇന്ന് നിലവിലുള്ള ഒരു മതത്തിൻെറയും ആ ചാരാനുഷ്ഠാനങ്ങളോ വിശ്വാസങ്ങളോ ഞങ്ങളെ പഠിപ്പിച്ചിരുന്നില്ല. അതിനാൽ തന്നെ ഒരു മത്തിന്റെയും ആശയങ്ങൾ എനിക്കറിയില്ലായിരുന്നു. വ്യത്യസ്ഥ മതങ്ങളും ആ മതക്കാർക്കൊക്കെ ആരാധനാലയങ്ങളുമുണ്ടെന്നറിയുമെന്നതല്ലാതെ ഒരു മതത്തോടും പ്രത്യേകിച്ച് വിദ്വേഷമോ ആഭിമുഖ്യമോ ഉണ്ടായിരുന്നില്ല. എല്ലാ മതങ്ങളോടും സമദൂരമായിരുന്നു പാലിച്ചിരുന്നല്ലത്.

ശിവാനന്ദാശ്രമത്തിൽ പഠിച്ചുകൊണ്ടിരിക്കെ ഞാൻ അതിന്റെ ഔഷധ വിഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിലായിരുന്നു ശ്രദ്ധിച്ചിരുന്നത്. ഔഷധോദ്യോഗത്തിൽ നിന്ന് ഔഷധ ചെടികളെക്കുറിച്ചും ഓരോന്നിന്റെയും ഔഷധഗുണങ്ങളെക്കുറിച്ചും പഠിക്കുന്നതോടൊപ്പം ഔഷധനിർമാണത്തെകുറിച്ച് അത്യാവശ്യം ഗഹനമായിത്തന്നെ പഠിക്കാനെനിക്കു സാധിച്ചു. ഔഷധനിർമാണ രംഗത്തെ ഒരുവിധം കാര്യങ്ങളെല്ലാം അതിനിടെ ഞാൻ മനസ്സിലാക്കി. എന്റെ ഈ വൈദഗ്ധ്യം മനസ്സിലാക്കിയ ഞങ്ങളുടെ ആശ്രമത്തിന്റെ ഒരു സഹകാരിയും സന്ദർശകനുമായൊരു മാന്യൻ ഔഷധ നിർമാണവുമായി ബന്ധപ്പെട്ട് പുറത്തു പ്രവർത്തിക്കാൻ എന്നെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം തന്നെ അതിനുള്ള സൗകര്യങ്ങൾ ഏർപ്പാടു ചെയ്തു തന്നു. അദ്ദേഹത്തിന്റെ സ്വദേശമായ ആലപ്പുഴയിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ സുഹൃത്ത് ആലപ്പുഴയിൽ നടത്തിയിരുന്ന ഖാദിബോർഡിനു കീഴിലുള്ള ഒരു ഔഷധനിർമാണശാലയുടെ ചുമ

തല എന്നെ ഏൽപിച്ചു. വളരെ ചെറുപ്പത്തിലേ ആശ്രമത്തിൽ പ്രവേശിച്ച എനിക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള ഒരു അവസരമായിരുന്നു അത്. ഒരു പുതിയലോകത്തേക്ക് എത്തിപ്പെട്ട അനുഭവമായിരുന്നു എനിക്കുണ്ടായിരുന്നത്. വളരെ പെട്ടന്നുതന്നെ ആ സാഹചര്യവുമായി ഇണങ്ങിച്ചേരാനും പൊതുജനസമ്പർക്കമുണ്ടാക്കാനും എനിക്കു സാധിച്ചു. ഈ ബന്ധമാണ് എനിക്ക് ഇസ്‌ലാമിലേക്കുള്ള പ്രവേശനത്തിനു വഴിവെച്ചത് എന്നു പറയാം. അതോടൊപ്പം അല്ലാഹുവിന്റെ അപാരമായ അനുഗ്രഹവും.

അവിടെവെച്ച് എന്നെ സമീപിച്ച ഏതാനും ഇസ്വ്‌ലാഹീ പ്രവർത്തകർ ഞാനുമായി ഇസ്‌ലാമിനെക്കുറിച്ച് സംസാരിക്കുകയും ഏതാനും ലഘുലേഖകൾ എനിക്കു നൽകുകയും ചെയ്തു. ഒരുപക്ഷേ, ആശ്രമാധിഷ്ഠിതമായ എന്റെ വസ്ത്രധാരണരീതിയും രൂപഭാവങ്ങളുമായേക്കാം അവരെ എന്നിലേക്കാകർഷിച്ചത്. ദൈവചിന്തയോ മതചിന്തയോ ഇല്ലാത്ത എനിക്ക് ആ കൂടിക്കാഴ്ച ഒത്തിരി പുതിയ അനുഭവങ്ങളും അറിവും നൽകി. ഞാൻ മനസ്സിലാക്കിയതിനപ്പുറവും കുറേ കാര്യങ്ങളുണ്ടെന്നു എനിക്കു ബോധ്യമായി. അവർ എനിക്കു നൽകിയ ലഘുലേഖകളും പുസ്തകങ്ങളും ഞാൻ വായിച്ചപ്പോൾ എനിക്കു കൂടുതൽ ആശയക്കുഴപ്പം ഉണ്ടായി. അവ വായിച്ച് ഞാൻ എന്റെ മനസ്സിനോടുതന്നെ സംവദിച്ചുകൊണ്ടിരുന്നു. പലപ്പോഴായി ആ സഹോദരൻമാരുമായും എന്റെ മനസ്സുമായും ഞാൻ നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. അവസാനം എന്റെ വിവരമില്ലായ്മക്കു മുമ്പിൽ ഞാൻ മുട്ടുമടക്കി. അങ്ങനെ ഏറെ പഠനത്തിനും ചിന്തയ്ക്കും ശേഷം ഈ സത്യമതം സ്വീകരിക്കുകയായിരുന്നു. അത് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി.

ഇസ്‌ലാം സ്വീകരിച്ചശേഷം എന്റെ രണ്ട് മാസത്തെ ഔദ്യോഗിക പഠനത്തിനുശേഷം ഞാൻ ആലപ്പുഴയിലേക്കു തിരിച്ചുപോയില്ല. വീട് മുമ്പേ ഉപേക്ഷിച്ചതായതിനാൽ ആ ചിന്തയും മനസ്സിലുദിച്ചില്ല. ഞാൻ ബന്ധപ്പെട്ട പല മുസ്‌ലിം സഹോദരങ്ങളും എന്നെ രണ്ട്കയ്യും നീട്ടി സ്വീകരിക്കുകയായിരുന്നു. മാത്രമല്ല സത്യദീനിലേക്ക് എന്റെ പ്രവേശനം ഏറ്റവും ശരിയായ കവാടത്തിലൂടെയായതിനാൽ തന്നെ മുസ്‌ലിം സമൂഹത്തിലെ സംഘടനാ ബാഹുല്യം എന്നെ അലട്ടിയിട്ടേയില്ല. സാധാരണ ഇസ്‌ലാമിലേക്ക് കടന്നുവരുന്ന പലർക്കും ബുദ്ധിമുട്ടു സൃഷ്ടിക്കാറുള്ള ഒന്നാണല്ലോ അത്.

ഇസ്‌ലാമിന്റെ ലാളിത്യമാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷി

ച്ച ഒരു കാര്യം. ചടങ്ങുകൾക്കതീതമായ സംസ്കാരവും ആചാരവുമാണ് ഇസ്‌ലാമിനുള്ളത്. ഇസ്‌ലാമിലെ ഏത് ആചാരവും ലളിതമാണ്. അതിൽ പൗരോഹിത്യമില്ല. മറ്റൊന്ന് ഇസ്‌ലാമിലെ നമസ്കാരവും അതിന്റെ സമയനിഷ്ഠയുമാണ്. ഒരു നമസ്കാരം കഴിഞ്ഞ് അതിന്റെ ഊർജം തീരും മുമ്പ് അടുത്ത നമസ്കാരസമയം എത്തുന്നതുകൊണ്ട് എപ്പോഴും അല്ലാഹുവുമായുള്ള ബന്ധം നിലനിർത്താനാവും എന്നതും എന്നെ വല്ലാതെ ആകർഷിച്ച ഘടകമാണ്.

സത്യമതത്തിലേക്കു തിരിച്ചുവരുന്ന നവാഗതർക്ക് മുസ്‌ലിം സമൂഹത്തിൽനിന്ന് ചിലപ്പോഴെങ്കിലും അവഗണനകൾ നേരിടേണ്ടിവരാറുണ്ട്. സമൂഹം ഈ രംഗത്ത് മാറി ചിന്തിക്കേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. സത്യമതത്തിലേക്ക് തിരിച്ചുവന്ന ഒരുത്തന്റെ മാനസികാവസ്ഥ സമൂഹം ഉൾക്കൊള്ളുകയും അവരെ സ്വീകരിക്കാനുള്ള വിശാലമസ്കത കൈക്കൊള്ളുകയും ആവശ്യമായവർക്ക് സംരക്ഷണവും പുനരധിവാസവും നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഈ രംഗത്ത് ഉദ്ബോധനങ്ങളും സാമൂഹിക സംവിധനങ്ങളും ആവശ്യമാണെന്നാണ് എന്റെ വീക്ഷണം.

ഇസ്‌ലാമിലേക്ക് ജനങ്ങൾ ആകൃഷ്ടരാവാൻ പ്രധാനകാരണം ഗൾഫ് പണമാണ് എന്ന ചില വാർത്താമാധ്യമങ്ങളുടെ പ്രചരണത്തെ കാര്യബോധമുള്ളയാളുകൾ അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളിക്കളയും. പണംകൊടുത്ത് ഒരാളുടെ മതവിശ്വാസത്തെ വിലക്കു വാങ്ങാനോ മാറ്റിയെടുക്കാനോ സ്വാധീനിക്കാനോ ആവും എന്നെനിക്കു വിശ്വാസമില്ല. അങ്ങനെയെങ്കിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വളർച്ചയുണ്ടാവേണ്ടത് ക്രിസ്തുമതത്തിനാണല്ലോ. അവർ മതപ്രചാരണത്തിനും ക്ഷേമപ്രവർത്തനത്തിനുമായി ചെലവഴിക്കുന്നത് എത്രത്തോളം പണമാണ്!

മതംമാറ്റ നിരോധന നിയമം വഴി ഇസ്‌ലാമിലേക്കുള്ള സത്യാന്വേഷികളുടെ ഒഴുക്ക് തടയാനാകുമെന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണ് ജീവിക്കുന്നത്. നിയമത്തിനു നിയമത്തിന്റേതായ ശക്തിയും അതോടൊപ്പം പരിധിയും പരിമിതിയുമുണ്ടല്ലോ. സത്യമതത്തിലേക്ക് ആകൃഷ്ടരാകുന്നവരുടെ മനസ്സിൽ ഭീതി സൃഷ്ടിക്കാൻ ഇത്തരം നിയമങ്ങൾക്കായേക്കാം. അതുപോലെ ഇസ്‌ലാമിലേക്ക് കടന്നുവരുന്നവരെ സംരക്ഷിക്കുന്നതിനു നിയമതടസ്സങ്ങൾ സൃഷ്ടിക്കാനും ഈ വിധികൊണ്ടായേക്കാം. എന്നാൽ മനുഷ്യമനസ്സിന്റെ സത്യാന്വേഷണ തൃഷ്ണയെ കടിഞ്ഞാണിടാനും വികാരങ്ങളെ പിടിച്ചു

കെട്ടാനും നിയമത്തിനാവില്ലല്ലോ. മനുഷ്യാസ്തിത്വത്തിന്റെ വ്യതിരിക്തത തന്നെ ഈ സ്വാതന്ത്ര്യമാണല്ലോ. എന്നാൽ ഈ നിയമം നടപ്പാക്കാൻ ശ്രമിച്ച പ്രദേശങ്ങളിലെല്ലാം വിപരീതഫലമാണ് ഉണ്ടായത് എന്നു കാണുവാൻ സാധിക്കും. ഉദാഹരണമായി ഈ കരിനിയമം നടപ്പിലാക്കാനുള്ള അണിയറ പ്രവർത്തനങ്ങൾ തകൃതിയായി നടന്നിരുന്ന ഒരു സംസ്ഥാനമാണല്ലോ തമിഴ്നാട്. ഈ നിയമത്തിന്റെ വരുംവരായ്കകളെക്കുറിച്ച് ശക്തമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കെ തന്നെ അവിടങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചറിഞ്ഞ ആളുകളും കുടുംബങ്ങളും ധാരാളമായി സത്യദീനിലേക്ക് ഒഴുകിയിരുന്നുവെന്നാണ് അവിടങ്ങളിലുള്ള പലരിൽ നിന്നും ഞാൻ മനസ്സിലാക്കിയിരുന്നത്. അതിനാൽ തന്നെ ഈ നിയമങ്ങൾകൊണ്ടൊന്നും ഇസ്‌ലാമിലേക്കുള്ള ആകർഷണത്തെ കുറക്കാനാവില്ല. കാരണം അത് മാനവികതയുടെ മതമാണ്.

ഇപ്പോൾ ഞാൻ മലപ്പുറം ജില്ലയിൽ ഇസ്‌ലാഹീപ്രസ്ഥാനത്തിനു കീഴിലുള്ള പ്രശസ്തമായൊരു ഔഷധ നിർമാണശാലയുടെ ചുമതലവഹിക്കുന്നു. വിവാഹം കഴിച്ച് കുടുംബവുമായി ജീവിക്കുന്നു.

# 6

## യാഥാർഥ്യം വന്നെത്തിയപ്പോൾ.....

ഫാത്തിമ കോഴിക്കോട്

ഗണപതിയെ ആരാധിക്കുകയും പൂജിക്കുകയും ചെയ്യുന്ന കുടും ബമാണ് എന്റേത്. കുടുംബങ്ങളെല്ലാം ഗണപതി ക്ഷേത്രവും അതിനോ ട് ചുററിപററിയ ആചാരാനുഷ്ഠാനങ്ങളും കണിശമായി നിലനിർത്തി പോരുന്നവരുമാണ്. വർഷം തോറും മുറ തെററാതെ ഉൽസവങ്ങൾ ഇത ര ചടങ്ങുകൾ എല്ലാം വിപുലമായി ആഘോഷിക്കുന്നവരാണെന്റെ തറ വാട്ടുകാർ. ക്ഷേത്രത്തിലെ പൂജയ്ക്ക് ആവശ്യമായ സാധനങ്ങൾ ക്ഷേ ത്രത്തിന് ചുററുമുള്ള വീട്ടുകാർ ഓരോരുത്തരായി ഊഴം വെച്ച് നൽകാ റാണ് പതിവ്. ഇത് ഓരോ കുടുംബത്തിന്റേയും ബാധ്യതയും അവകാ ശവുമായാണ് ഗണിച്ചുപോന്നിരുന്നത്.

എന്റെ കുട്ടികാലത്ത്, പൂജയ്ക്കായുള്ള പഴവും, പൂക്കളും വെളിച്ചെ ണ്ണയുമെല്ലാം ശാന്തിക്കാർ വന്ന് വാങ്ങിക്കൊണ്ടു പോകും. വൈകീട്ട് അപ്പവും മററ് പ്രസാദങ്ങളും തിരിച്ച് കൊണ്ടുതരികയും ചെയ്യും. ഇതൊ ന്നും എന്റെ വീട്ടുകാർ ഒരിക്കലും തെററിക്കാറില്ല. വർഷത്തിലൊരിക്ക ൽ കാവുതെളി എന്നൊരു ചടങ്ങുണ്ട്. വീടിനടുത്തൊരു കൊച്ചുകാവു ണ്ട്. പാമ്പുകൾ വരാറുണ്ടെന്നൊക്കെ കേട്ടിട്ടുണ്ട്. അമ്പലത്തിലെ കാർ മികൻ വന്ന് അവിടെ മഞ്ഞൾപ്പൊടിയും അരിപ്പൊടിയുമൊക്കെ വെച്ച് എന്തൊക്കെയോ കർമങ്ങൾ നടത്തും. ഇടക്കാലത്തെന്നോ കാവിലെ മരങ്ങളൊക്കെ വെട്ടി, ദൈവങ്ങളെയൊക്കെ മററെവിടെയൊ കുടിയിരു ത്തിയെന്ന് പറഞ്ഞ് കേട്ടതോർമ്മയുണ്ട്. അമ്പലവും അമ്പലക്കുളത്തി ലെ നീരാട്ടും കാവും എല്ലാം എനിക്കേറെ പ്രിയപ്പെട്ടതായിരുന്നു. ഗണ

പതിയാണ് വലിയ ദൈവമെന്നും പ്രശ്നങ്ങളും പ്രയാസങ്ങളുമൊക്കെ പറയേണ്ടത് ഗണപതിയോടാണെന്നുമാണ് ഞാൻ ധരിച്ചിരുന്നത്. വളരെ കഴിഞ്ഞാണ് ഗണപതി മകനാണെന്നും അച്ഛനും അമ്മയും സഹോദരനുമൊക്കെയായി വേറെയും പല ദൈവങ്ങളുണ്ടെന്നും ഞാനറിഞ്ഞത്.

അമ്പലങ്ങൾ! ഭക്തിസാന്ദ്രമായ അവിടുത്തെ ശാന്തത! എല്ലാമെല്ലാം ഏറെ ഇഷ്ടപ്പെട്ടിരുന്ന എനിക്ക് വിവിധ സ്ഥലങ്ങളിലെ വ്യത്യസ്ത പ്രതിഷ്ഠകളുള്ള അമ്പലങ്ങൾ സന്ദർശിക്കുക എന്നതിൽ വലിയ താൽപര്യമായിരുന്നു. ഉൽസവാന്തരീക്ഷവും, ചെണ്ടമേളങ്ങളും കണ്ടും കേട്ടും കൂട്ടുകുടുംബങ്ങൾക്കൊപ്പം ഞങ്ങൾ കുട്ടികളെല്ലാം ഒരുമിച്ചുകൂടാറുള്ള സന്തോഷവേളകൾ ഇപ്പോഴും ഓർമ്മയിൽ വരാറുണ്ട്. ആനകൾ, മുത്തുക്കുടകൾ, ബലൂണുകൾ, വളകൾ, മിഠായികൾ... ഉൽസവപ്പറമ്പിലെ ആ കൗതുകങ്ങൾ ഞങ്ങൾ കുട്ടികളെ ഏറെ ലഹരിപിടിപ്പിച്ചിരുന്നു. അമ്പലത്തിനും ദൈവത്തിനും അത്രവലിയ പ്രാധാന്യം ഭക്തൻമാർ കൽപിച്ചിരുന്നില്ലേ, പകരം പുറത്തു നടക്കുന്ന ആരവങ്ങൾക്കും ആഘോഷങ്ങൾക്കുമാണോ എന്നൊക്കെ അന്ന് ഞാൻ സംശയിച്ചിട്ടുണ്ട്. പക്ഷേ ഇതെല്ലാം എന്തിന്? ആർക്ക് വേണ്ടി? എന്നൊന്നും അന്ന് ചിന്തിച്ചിരുന്നില്ല.

മുതിർന്നപ്പോഴും ഉൽസവങ്ങൾ ഇഷ്ടമായിരുന്നു. അമ്പലങ്ങളിൽ നിന്ന് കിട്ടുന്ന പായസവും അപ്പവും പ്രസാദങ്ങളുമൊക്കെയായിരുന്നു അന്നേറെയിഷ്ടം. അമ്പലങ്ങളിൽ പോകുമ്പോഴൊക്കെ എന്നെ അലട്ടാറുണ്ടായിരുന്ന ചിന്ത ഈ ക്ഷേത്രത്തിൽ എത്ര ദൈവമാണ് കുടിയിരിക്കുന്നത്? ഏത് പേര് ചൊല്ലിയാണ് ഞാൻ വിളിക്കേണ്ടത്? ദേവനാണോ ദേവിയാണോ? അതല്ല ഉപദൈവങ്ങളാണോ അവിടെയുള്ളത് എന്നെല്ലാമായിരുന്നു. പ്രതിഷ്ഠ കണ്ട് അത് ഏത് ദൈവമാണെന്ന് തിരിച്ചറിയാനുള്ള ജ്ഞാനമൊന്നും എനിക്കില്ലായിരുന്നു. പലപ്പോഴും ക്ഷേത്രങ്ങളിൽ സ്ഥാപിച്ചിരുന്ന ബോർഡുകൾ വായിച്ചാണ് ഗണപതി, പരമേശ്വരൻ, ശ്രീകൃഷ്ണൻ, വിഷ്ണു, വേട്ടയ്ക്കൊരു മകൻ, പാർവ്വതി, സരസ്വതി തുടങ്ങി ഏത് ദേവനാണ്, ദേവിയാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ എന്ന് മനസിലാക്കിയിരുന്നത്.

ആദ്യമൊക്കെ ബോർഡ് വായിച്ച് അവിടുത്തെ ദൈവം ഏത് പേരിലറിയപ്പെടുന്നുവെന്ന് മനസിലാക്കി ആ പേര് വിളിച്ച് പ്രാർഥിക്കുമായിരുന്നു. പക്ഷേ അതിലൊരു ചിന്താകുഴപ്പം. ഇന്നിന്ന കാര്യം ഏതേത് ദൈവത്തോട് ചോദിക്കണം. എല്ലാ കാര്യവും ഒരാൾ തന്നെ സാധിപ്പിച്ച് തരുമോ? അതോ ഓരോ കാര്യങ്ങൾ ഓരോരുത്തർ പകുത്ത് സാധിപ്പിച്ച് തരികയാണോ? നാം മനസിൽ പറയുന്ന കാര്യങ്ങൾ ദൈവം അറിഞ്ഞ്

നമ്മളെ അനുഗ്രഹിക്കുന്നു. അപ്പോൾ ഒരു അമ്പലത്തിൽ പോയി പ്രാർത്ഥിക്കുന്നത് ഇതര ക്ഷേത്രങ്ങളിലെ ദൈവങ്ങളും കേൾക്കില്ലേ? എന്തായാലും ആ രീതി എനികൊട്ടും ഇഷ്ടപ്പെട്ടില്ല. ഒരുപാട് ദൈവങ്ങളുണ്ടെന്ന സങ്കൽപം ആദ്യം മുതലേ എന്നിൽ ഒരു ദഹിയ്ക്കായ്മ ഉണ്ടാക്കിയിരുന്നു. എന്നാൽ എല്ലാം കേൾക്കുന്ന, നിവർത്തിച്ച് തരുന്ന, ഒരു ശക്തിയുണ്ടെന്ന ഉറച്ച വിശ്വാസം എനിക്കുണ്ട് താനും. ഏത് ക്ഷേത്രത്തിൽ പോയാലും ദൈവമേ! എന്ന് വിളിച്ച് പ്രാർത്ഥിക്കും. അങ്ങനെ ആ ആശയകുഴപ്പത്തിന് താൽകാലിക പരിഹാരമായി.

കോളേജിലെത്തിയതോടെ നന്മയും നല്ല പ്രവൃർത്തിയുമാണ് യഥാർത്ഥ ഭക്തി എന്നൊരു കാഴ്ചപ്പാട് എന്നിൽ വേരുറച്ച് തുടങ്ങിയിരുന്നു. മററുള്ളവരെ സഹായിക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യുന്നവരെയാണ് ദൈവത്തിന് ഇഷ്ടം എന്നൊരു വിശ്വാസം ചെറുപ്പം മുതലേ എന്നിൽ നാമ്പെടുത്തിരുന്നു. പ്രാർഥിക്കാൻ അമ്പലനടയിൽ പോകേണ്ട കാര്യമൊന്നുമില്ലെന്നും നമ്മുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ദൈവം കാണുന്നുണ്ടെന്നും ആ ദൈവത്തോട് എവിടെ വെച്ചും പ്രാർഥിക്കാമെന്നും മനസ്സ് പറഞ്ഞ് തുടങ്ങി. അതോടെ ഇസ്‌ലാം മതത്തോടും ക്രസ്തുമതത്തോടും ഒക്കെ ഒരടുപ്പം തോന്നാനും തുടങ്ങി. പതുക്കെ പതുക്കെ അവരുടെ വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം സൂക്ഷ്മ നീരീക്ഷണം ചെയ്യാനും ആരംഭിച്ചു.

ക്രിസ്തുമതത്തിലെ ത്രിയേകത്വത്തെ കുറിച്ചോ അതിലെ വൈരുധ്യത്തെ കുറിച്ചോ ഒന്നും ഞാനന്ന് ബോധവതിയായിരുന്നില്ല. ഹിന്ദുക്കളെപ്പോലെയല്ല ക്രിസ്ത്യാനികളും മുസ്‌ലിംകളും; അവർക്ക് ഒരു ദൈവമാണുള്ളതെന്നും ലോകത്തെവിടെയുള്ള ക്രിസ്ത്യാനിക്കും മുസ്‌ലിമിനും ഒരേ ആചാരാനുഷ്ഠാനങ്ങളാണുള്ളതെന്നും ഞാൻ കരുതിയിരുന്നു. എന്നാൽ ഹിന്ദുക്കളായ ഞങ്ങളുടെ കാര്യം വളരെ വിചിത്രമാണ്. ഒരുപാട് ദൈവങ്ങൾ! വ്യത്യസ്ത പ്രതിഷ്ഠകൾ! പരസ്പര വിരുദ്ധമായ ആചാരാനുഷ്ഠാനങ്ങൾ. കേരളത്തിൽ തന്നെ സുപ്രസിദ്ധ ക്ഷേത്രങ്ങളെടുത്താൽ ഓരോന്നിലും ഓരോ രീതികളാണ്. ക്ഷേത്രപ്രവേശന കാര്യത്തിൽ പോലും പലതരം വൈരുധ്യങ്ങൾ കാണാം. ഇതര സംസ്ഥാനങ്ങളിലേക്ക് കടന്നാൽ ഇതിലും വിചിത്രമാണ് കാര്യങ്ങൾ.

വിവിധ ദേശങ്ങളിലെ ക്ഷേത്ര സന്ദർശനങ്ങൾക്കിടയിൽ അവിടെ കണ്ട ഇത്തരം കാഴ്ചകളിൽ നിന്നൊക്കെ ഉണ്ടായ തിരിച്ചറിവ് എന്നിൽ ഒരു തരം അവിശ്വാസത്തിൻേറയും എതിർപ്പിന്റേയും അസ്വസ്ഥതകൾ മുളപൊട്ടാൻ കാരണമായിരുന്നു. അങ്ങിനെ അല്പാല്പമായി ഞാൻ

എന്റെ വിശ്വാസത്തെ തന്നെ എതിർക്കാൻ തുടങ്ങി. ഇത് അമ്മയിൽ ദേഷ്യവും പേടിയും ഉളവാക്കി. അമ്പലത്തിലെ ചന്ദനപ്രസാദം നെററിയിൽ തൊടാത്തതിനും വിശേഷദിനങ്ങളിൽ ക്ഷേത്രദർശനം നടത്താത്തതിനുമൊക്കെ അമ്മ എന്നെ ഭത്സിക്കാനും ശാസിക്കാനും തുടങ്ങി. ഓരോരോ കാരണം പറഞ്ഞ് അമ്പലത്തിലെ ഭണ്ഡാരങ്ങളിൽ എല്ലാവരും കാണിക്കയിടും (മുമ്പ് ഞാനും ഒരുപാട് കാശിട്ടിരുന്നതാണ്). അതിനെ എതിർത്ത് സംസാരിക്കുകയും ദൈവത്തിന് നിങ്ങളുടെ ഈ ചില്ലിക്കാശൊന്നും വേണ്ട, അതെടുത്ത് വല്ല യാചകർക്കൊ പാവങ്ങൾക്കോ കൊടുത്തുകൂടെ എന്നൊക്കെയുള്ള എന്റെ സംസാരം ദൈവധിക്കാരമായാണ് അമ്മയും എന്റെ കുടുംബങ്ങളുമൊക്കെ ഗണിച്ചത്. എന്റെ പോക്ക് നല്ലതിനല്ലെന്ന് മിക്കപ്പോഴും അമ്മ പറയും. ഞാൻ അഹങ്കാരിയാണെന്നും ദൈവനിഷേധിയാണെന്നും അവർ വിധിയെഴുതാൻ തുടങ്ങി.

എന്റെ ഈ ഇഷ്ടക്കേടുകളും തോന്നലുകളും എതിർപ്പുകളുമെല്ലാം കൂട്ടുകാരിയോട് പറയും. പക്ഷേ പാരൃമ്പര്യത്തെ കയ്യൊഴിയാനും തള്ളിപ്പറയാനും അവൾ ഒരുക്കമല്ലായിരുന്നു. പണ്ടേയ്ക്കുപണ്ടേ ഇതെല്ലാം ഇവിടെയുള്ളതാണ്. നമ്മളെ പോററി വളർത്തിയ അച്ഛനമ്മമാർ അനുഷ്ഠിച്ച് പോരുന്നതാണ്. അതിനെയൊന്നും എതിർത്ത് കൂടാ. നിനക്ക് ഹിന്ദുമതത്തെ കുറിച്ച് ഒന്നും അറിഞ്ഞ് കൂടാ. അതുകൊണ്ടാണ് നീ ഇങ്ങനെയൊക്കെ പറയുന്നത്. നിന്റെ ഈ നിലപാട് ഒരിക്കലും ശരിയല്ല എന്നൊക്കെയായിരുന്നു അവളുടെ വാദം. അതോടെ അവളോട് തർക്കിക്കുന്ന പരിപാടിയും ഞാൻ നിർത്തി. എന്നാലും എന്റെ മനസിനുള്ളിലെ അതൃപ്തി വളർന്നു കൊണ്ടേയിരുന്നു. അസ്വസ്ഥതകൾ അഗ്നിപർവതമായി എന്റെ ഉള്ളിന്റെയുള്ളിൽ കിടന്നു പുകയാൻ തുടങ്ങിയിരുന്നു.

ഡിഗ്രിക്കെത്തിയപ്പോൾ എനിക്കൊരു മുസ്‌ലിം സുഹൃത്തിനെ കിട്ടി. എന്റെ സംശയങ്ങൾ പലതും സുഹൃത്തുമായി പങ്കുവെച്ച് തുടങ്ങി. നിങ്ങളുടെ ഖുർആൻ എനിക്കൊന്ന് വായിക്കാൻ തരുമോ? എന്നൊരിക്കൽ ഞാൻ ചോദിച്ചു. കിട്ടുന്നതെന്തും വായിക്കുന്ന സ്വഭാവക്കാരിയായിരുന്ന ഞാൻ ഒരു കൗതുകത്തിന് വേണ്ടി ഒന്നു വായിച്ച് നോക്കാമല്ലോ എന്ന് കരുതിയാണ് ചോദിച്ചത്. സുഹൃത്ത് പറഞ്ഞു ഖുർആൻ നിനക്ക് മനസിലാവില്ല. ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന വേറെ ചില പുസ്തകങ്ങൾ തരാം. വായിച്ചു തുടങ്ങിയപ്പോൾ പല കാര്യങ്ങളും യാഥാർഥ്യബോധമുള്ളതും ശരിയുമാണെന്ന് മനസ് സമ്മതിച്ചുവെങ്കിലും ചില കാര്യങ്ങളിൽ കടുത്ത എതിർപ്പും വിമർശനവും വിയോജിപ്പും എനിക്കുണ്ടായിരുന്നു. അത് ഞാൻ തുറന്ന് പ്രകടിപ്പിക്കുകയും ചെയ്തു.

പർദ്ദ, ഒന്നിൽ കൂടുതൽ വിവാഹം, പുരുഷന്മാർക്ക് എങ്ങിനെയും എത് വേഷവും ധരിച്ച് നടക്കാം. സ്ത്രീ മുടിപോലും പുറത്ത് കാട്ടാതെ മൂടിപുതച്ച് നടക്കണം തുടങ്ങി ഒരുപാട് വിമർശനങ്ങൾ ഞാൻ ഉന്ന യിച്ചു. സുഹൃത്ത് പക്ഷേ ഒട്ടും അക്ഷമ കാണിക്കാതെ അതെല്ലാം കേൾ ക്കുകയും തെററിദ്ധാരണകളെല്ലാം യുക്തിഭദ്രമായി തിരുത്തി തരികയും ചെയ്തു. ഇസ്‌ലാമിലെ ചില കാഴ്ചപ്പാടുകൾ അംഗീകരിക്കാനും പൊരുത്തപ്പെടാനും മനസ് വിസമ്മതിക്കുമ്പോൾ തന്നെ എന്തോ ഒര ടുപ്പം ഇസ്‌ലാമിനോട് എനിക്ക് തോന്നിതുടങ്ങിയിരുന്നു. സുഹൃത്തു മായി നടത്തിയ ഏറെ സംവാദങ്ങൾക്കും ചർച്ചകൾക്കും ഒടുവിലാണ് യാഥാർഥ്യങ്ങളോട് (ഇസ്‌ലാമിനോട്) എനിക്ക് പൊരുത്തപ്പെടാനായത്.

സ്ത്രീക്കും പുരുഷനും സ്വാതന്ത്ര്യമുണ്ട്, ഉത്തരവാദിത്തമുണ്ട്. പുണ്യകർമ്മങ്ങൾ ചെയ്താൽ ഇരുകൂട്ടർക്കും തുല്യപ്രതിഫലം. കർമ്മ ങ്ങൾ ചെയ്യാനുള്ള അവസരങ്ങളും തുല്യം. ഇസ്‌ലാമിന്റെ ഈ കാഴ്ച പ്പാട് എന്നെ ഏറെ ആകർഷിച്ചു. പർദ്ദക്കുള്ളിലെ സ്ത്രീയുടെ സ്വതന്ത്ര്യ വും ശരീരം മുഴുവൻ മറച്ച് നടക്കുന്നത് കൊണ്ടുള്ള സംരക്ഷണവും എല്ലാം എനിക്ക് ഉൾക്കൊള്ളാനായി. കാര്യങ്ങളെല്ലാം നന്നായി ബോ ധ്യപ്പെട്ടിട്ടും, മുസ്‌ലിമാവാനോ ഇസ്‌ലാമികരീതി സ്വീകരിക്കാനോ എനി ക്കായില്ല. കുടുംബം തറവാട് സാമൂഹിക ചുററുപാട് ഒക്കെ എനിക്ക് മുന്നിൽ വലിയ കരിങ്കൽഭിത്തി തന്നെയായിരുന്നു. ഒരു പെൺകുട്ടിക്ക് അവയെല്ലാം പൊളിച്ച് മാററി പുറത്ത് കടക്കുക അത്ര എളുപ്പമല്ല. എ ന്നാൽ മരണാനന്തരലോകത്തെ കുറിച്ചുള്ള അറിവും പരലോകത്തെ രക്ഷാശിക്ഷകളെ കുറിച്ചുള്ള ചിന്തയും എന്നിൽ ഭീതിയും ധൈര്യവും എല്ലാം അടങ്ങുന്ന ഒരു സമ്മിശ്രവികാരമുണ്ടാക്കിത്തുടങ്ങിയിരുന്നു.

അങ്ങനെ ഇസ്‌ലാമിനെ കുറിച്ചുള്ള ചിന്തയും പഠനവുമായി കഴി ഞ്ഞുകൂടുന്ന സമയത്താണ് കോഴിക്കോട്ട് 'സാൽവേഷൻ ഇന്റർനാഷ ണൽ എക്സിബിഷൻ' അരങ്ങേറുന്നത്. അതെന്റെ ജീവിതത്തിൽ വലിയൊരു വഴിത്തിരിവായി. ഇസ്‌ലാമിനെക്കുറിച്ച് അറിയാനാഗ്ര ഹിക്കുന്ന എന്നെ പോലുള്ളവർക്ക് വിലമതിക്കാനാവാത്ത ഒരു ദൈ വാനുഗ്രഹമായിരുന്നു ആ പ്രദർശനം. മനസിനകത്ത് അവശേഷിച്ചി രുന്ന സംശയങ്ങളും വിമർശനങ്ങളും ദൂരീകരിക്കാൻ ഒട്ടൊന്നുമല്ല അത് സഹായിച്ചത്. ഇസ്‌ലാം കേവലം ഒരു ദർശനം മാത്രമല്ല, മനുഷ്യ ജീവിതത്തിലെ സകലപ്രശ്നങ്ങൾക്കുമുള്ള പരിഹാരവും മാർഗദർശ നവും അത് പകർന്നു നൽകുന്നു. ജീവിതത്തിൽ സ്വീകരിക്കേണ്ടതും പാലിക്കേണ്ടതുമായ എല്ലാ കാര്യങ്ങളും അത് പഠിപ്പിക്കുന്നു. അതുവഴി

ശാന്തിയും സമാധാനവും ജീവിതവിജയവും കൈവരിക്കാൻ മനുഷ്യനെ പ്രാപ്തമാക്കുകയും ചെയ്യുന്നു.

സാൽവേഷനിൽ നിന്ന് ഖുർആൻ എന്ന ദൈവിക ഗ്രന്ഥത്തെ കൂടുതൽ അടുത്തറിഞ്ഞപ്പോൾ അത്ഭുതവും അതോടൊപ്പം തന്നെ ആശ്വാസവും എനിക്ക് അനുഭവപ്പെട്ടു. സ്രഷ്ടാവിൽ നിന്നുമുള്ള യഥാർത്ഥ ഗ്രന്ഥമാണ് ഇതെന്ന് എനിക്ക് ബോധ്യപ്പെടുകയും ചെയ്തു. ഇതിനെ അതിജയിക്കാൻ മറ്റൊരു ഗ്രന്ഥത്തിനും സാധ്യമല്ലെന്ന തിരിച്ചറിവ് ഇസ്‌ലാമുമായി എന്നെ കൂടുതൽ അടുപ്പിച്ചു. തേനീച്ചയെ കുറിച്ചും ഭ്രൂണത്തെകുറുച്ചും മനുഷ്യജന്മത്തെ കുറിച്ചുമെല്ലാം ഖുർആനിലെ പ്രതിപാദ്യം അത്ഭുതാവഹമാണ്. അക്കാര്യങ്ങളെല്ലാം ശാസ്ത്രീയമായി കൃത്യമാണെന്ന് തെളിഞ്ഞ സ്ഥിതിക്ക് മരണത്തിന് ശേഷമുള്ള ജീവിതത്തെ കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളും തീർച്ചയായും സംഭവിക്കുക തന്നെ ചെയ്യുമല്ലോ. സത്യം ഇത്രമേൽ ബോധ്യമായിട്ടും അത് അംഗീകരിക്കാതെ പുറംതിരിഞ്ഞ് പോയാൽ...? ഏത് നിമിഷവും മരണം പിടികൂടാമെന്നും അങ്ങനെയെങ്ങാനും മരിച്ച് പോയാൽ സംഭവിച്ചേക്കാവുന്ന അവസ്ഥയെയുമോർത്ത് എന്റെ ഹൃദയം കിടുങ്ങാൻ തുടങ്ങി.

ഇത്തരം ചിന്തകൾ മനസിനെ മഥിച്ചു തുടങ്ങിയതോടെ ഒട്ടും വൈകിക്കൂടെന്ന ഉറച്ച തീരുമാനം ഞാനെടുത്തു. വരുംവരായ്കകളെകുറിച്ചൊന്നും പിന്നെ ഞാൻ ചിന്തിച്ചതേയില്ല. വീട്ടുകാരെ- കൂട്ടുകാരെ കുടുംബത്തെ ഒന്നും തന്നെ എനിക്കൊരു പ്രശ്നമേയല്ലതായി. മരണം മരണാനന്തരജീവിതം പരലോകം അവിടത്തെ രക്ഷാശിക്ഷ ഇതുമാത്രമായി ചിന്ത. ഒരു തരം സ്ഫോടനാത്മകമായ മാനസികാവസ്ഥ.

ഇസ്‌ലാമിലേക്ക് എത്തും മുമ്പ് തന്നെ മുസ്‌ലികളുടെ നോമ്പ് എന്നെ ആകർഷിച്ചിരുന്നു. കൂട്ടുകാരികളുമൊത്ത് ഞാൻ റമദാനിൽ നോമ്പ് എടുക്കുകയും ചെയ്തിരുന്നു. പൂർണ്ണമായും ഇസ്‌ലാമികാടിസ്ഥാനത്തിലുള്ളതായിരുന്നില്ലെങ്കിലും അതിന്റെ കാഠിന്യം ഞാനറിഞ്ഞു. അതുകൊണ്ട് തന്നെ നോമ്പുകാരോട് എനിക്ക് വലിയ ബഹുമാനവും മതിപ്പും തോന്നിയിരുന്നു. എത്ര വിശന്നാലും ദൈവത്തിന് വേണ്ടി ഒന്നും കഴിക്കാതിരിക്കുക, കുട്ടികളുടെ വായിലേക്ക് ഭക്ഷണം ഇട്ട് കൊടുക്കുമ്പോൾ പോലും അൽപം തന്റെ വായിലേക്ക് ഇടാതിരിക്കുക, വെള്ളം പോലും കുടിക്കാതിരിക്കുക, തുടങ്ങി കണിശമായ ഈ ആത്മ നിയന്ത്രണം എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. അമുസ്‌ലിം ആയിരിക്കുമ്പോഴും ഞങ്ങളുടെ രീതിയിലുള്ള വ്രതം ഞാൻ മുടക്കാറില്ലായിരുന്നു പക്ഷേ അത് പൂർണമായും ഭക്ഷണം ഉപേക്ഷിച്ചു കൊണ്ടുള്ളതല്ലല്ലോ.

വീടും കുടുംബവും ഉററവരെയുമെല്ലാം വിട്ട് മാറി താമസിക്കേണ്ടി വന്നപ്പോൾ മാനസികമായി പ്രയാസം തോന്നിയിരുന്നു. അതുവരെ ഒന്നിച്ച് അമ്പലത്തിൽ പോകാറുണ്ടായിരുന്ന വീട്ടുകാരെ-കൂട്ടുകാരെ-കുടുംബത്തെ ഒക്കെ വേദനിപ്പിച്ച് പുതിയൊരു ജീവിതരീതി ആരംഭിച്ചപ്പോൾ സ്വാഭാവികമായി മനസിൽ ഒരു വിങ്ങൽ തോന്നിയിരുന്നുവെങ്കിലും ശരിയായ ദൈവികമാർഗത്തിലാണ്, മോക്ഷത്തിന്റെ പാതയിലാണ് താനിപ്പോൾ ഉള്ളതെന്ന ബോധ്യം അവയൊക്കെ മറികടക്കാനും മറക്കാനുമുള്ള കരുത്ത് എനിക്ക് നൽകി. സമൂഹത്തിന്റെ പ്രതികരണവും മനോഭാവവുമായിരുന്നു ഏറെ വേദനാജനകം. ഇസ്‌ലാം സ്വീകരിച്ച് ദിവസങ്ങൾക്കകം തന്നെ അപ്രതീക്ഷിതമായി എനിക്ക് തിരിച്ച് വീട്ടിലേക്ക് പോകേണ്ടി വന്നു. അവിടെയെത്തിയപ്പോഴുണ്ടായ അനുഭവം അതിഭീകരമായിരുന്നു. ഒരു ഭൂകമ്പം തന്നെയെന്ന് പറയാം. വീട്ടിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് വെച്ച് തന്നെ കൂടെയുള്ളവർ ചോദ്യംചെയ്യലും പരിഹാസങ്ങളും തുടങ്ങിയിരുന്നു.

വീട്ടിലെത്തിയപ്പോൾ അന്യഗ്രഹത്തിൽ നിന്നെത്തിയ ഒരത്ഭുത ജീവിയെ കാണാനെന്നപോലെ ആളുകൾ തടിച്ച് കൂടി. വീടും മുററവും തൊടികയും എല്ലാം ജനങ്ങളെ കൊണ്ട് നിറഞ്ഞു. എന്നെ അതുവരെ കണ്ടിരുന്ന സ്വന്തം നാട്ടുകാരാണ് ഇതെന്ന് വിശ്വാസിക്കാനായില്ല. പലരുടെ മുഖങ്ങളിലും വാക്കുകളിലും പുച്ഛവും പരിഹാസവും വെറുപ്പും ദേഷ്യവും... ഞാനെന്തോ നീചവൃത്തി ചെയ്ത് എത്തിയ പോലെയാണ് ചിലർ. വേറെ ചിലർ ഞാനേതോ വലിയ വിഡ്ഢിത്തം കാട്ടിയാണ് എത്തിയതെന്ന മട്ട്. ഹിന്ദു മതാനുയായികളെന്ന് പറയുന്നവരാകട്ടെ വായിൽ വരുന്നതെല്ലാം പറഞ്ഞ് ചീത്ത വിളിക്കുകയും ഭീഷണിപ്പെടുത്തുകയുമൊക്കെ ചെയ്ത ശേഷമാണ് അവരവരുടെ വീടുകളിലേക്ക് മടങ്ങിയത്. എന്തോ അവരോടൊന്നും ദേഷ്യമോ വെറുപ്പോ എനിക്ക് തോന്നിയില്ല. മറിച്ച് സഹതാപമാണുണ്ടായത്. സത്യമെന്തെന്ന് അറിയാൻ ഭാഗ്യം കിട്ടാത്ത, അടിയും പിടിയും വഴക്കുമുണ്ടാക്കി ആർക്കോ എന്തിനോ വേണ്ടി ജീവിച്ച് മരിക്കുന്നവർ. അവരുടെ പരലോകം എത്ര ദയനീയം!

കുറച്ച് ദിവസം പുറംലോകവുമായുള്ള എല്ലാ ബന്ധവും അററിരുന്നു. തികഞ്ഞ ജയിൽവാസം. ആ സമയം ഞാൻ മാനസികമായി പരിപൂർണ്ണ മുസ്‌ലിമാവുകയായിരുന്നു. എന്നാൽ കർമാനുഷ്ഠാനങ്ങളിൽ മുസ്‌ലിമായി ജീവിക്കാൻ സാഹചര്യമില്ലാതെ വിഷമിക്കുകയും ചെയ്ത നാളുകൾ. നാട്ടിലെ പ്രമാണിമാരും, കുടുംബക്കാരും പഴയ

കൂട്ടുകാരികളുമൊക്കെ മാറി മാറി കാണാൻ വന്നു. പലരും പല രീതി യിലായിരുന്നു പ്രതികരിച്ചത്. ചീത്തവിളിച്ചവർ, ഉപദേശിച്ചവർ, വാഗ്ദാ നങ്ങൾ നൽകിയവർ, പ്രസംഗം നടത്തിയവർ, അങ്ങനെയങ്ങനെ ഭീതിദ മായ നാളുകൾ. ആ ദിവസങ്ങൾ ശരിക്കു പറഞ്ഞാൽ വല്ലാത്തൊര വസ്ഥയിലായിരുന്നു ഞാൻ. സകലരോടും വെറുപ്പ്, സകലതിനെയും പേടി. യാഥാർഥ്യമെന്തെന്ന് എല്ലാവർക്കും മനസിലാവുന്ന ഒരു ദിനം വന്നെത്താതിരിക്കില്ലെന്ന ചിന്ത വരുമ്പോൾ മനസ് ശാന്തമാവും. അല്ലാ ഹുവിന്റെ അപാരമായ കാരുണ്യത്താൽ എല്ലാ സാഹചര്യവും നേരിടാ നുള്ള കരുത്ത് എനിക്ക് കൈവന്നു.

വീട്ടുകാർക്കും നാട്ടുകാർക്കും സമുദായത്തിനുമെല്ലാം ഞാൻ പേരുദോഷവും അപമാനവും വരുത്തിവെച്ചു എന്നായിരുന്നു എന്നെ കുറിച്ചുള്ള വിലയിരുത്തൽ. എല്ലാവരും എന്നെ തള്ളിപ്പറയുകയും വെറുക്കുകയും ചെയ്തു. ഞാനാകട്ടെ എന്നെ ഉറപ്പിച്ച് നിർത്തേണമേ എന്നും ഈ വീട്ടുതടങ്കലിൽ നിന്ന് എത്രയും പെട്ടെന്ന് മോചിപ്പിക്കേ ണമേ എന്നും അല്ലാഹുവിനോട് മനമുരുകി പ്രാർഥിച്ചു കൊണ്ടുമിരുന്നു.

എന്റെ ഈ മാററത്തെ വീട്ടുകാർക്കും കുടുംബാംഗങ്ങൾക്കും അമു സ്‌ലിംകളായ പഴയ കൂട്ടുകാർക്കും അംഗീകരിക്കാൻ കഴിയാത്തത് എനി ക്ക് മനസിലാവും. എന്നാൽ മുസ്‌ലിം സുഹൃത്തുകൾക്ക് ശരിയാംവിധം മനസിലാക്കാനും ഉൾകൊള്ളാനും കഴിയാത്തത് എന്നെ ഏറെ വേദ നിപ്പിച്ചു. ചെറിയ രീതിയിലാണെങ്കിൽ പോലും കിട്ടുന്ന എല്ലാ സന്ദർ ഭവും ഞാൻ മനസിലാക്കിയ സത്യം മററുള്ളവർക്ക് ബോധ്യപ്പെടുത്തി കൊടുക്കാനും പ്രബോധനം ജീവിതത്തിന്റെ ഭാഗമാക്കാനുമാണ് എനി ക്കേറെ ആഗ്രഹം. ഏത് നിമിഷത്തിൽ, സഹചര്യത്തിലാണ് ഒരാൾക്ക് സത്യത്തിന്റെ വെളിച്ചം ലഭിക്കുകയെന്ന് നമുക്കാർക്കും പറയുക സാധ്യമല്ലല്ലോ. നമ്മൾ വഴി ഒരാൾക്കെങ്കിലും ആ ഭാഗ്യം ലഭിച്ചാൽ എന്തൊരു സൗഭാഗ്യം. ആ ഭാഗ്യം എനിക്കും ലഭിക്കാൻ ഞാൻ എപ്പോ ഴും അല്ലാഹുവിനോട് പ്രാർഥിക്കാറുണ്ട്. എനിക്കും എന്റെ കുടും ബത്തിനും വേണ്ടി നിങ്ങളെല്ലാവരും പ്രാർഥിക്കുക.

# 7

## വഴി കാട്ടിയത് അന്ധൻ

**അഹ്മദ് കനാത്ത്**

കണ്ണൂർ ജില്ലയിലെ ചേലേരിയിൽ ഒരു ഹിന്ദുകുടുംബത്തിൽ ജനിച്ചു വളർന്ന ഞാൻ മുസ്‌ലിമായിത്തീർന്നത് യാദൃച്ഛികമായാണ്. ഒരു അന്ധനാണ് അതിന് വഴിയൊരുക്കിയത്. മലപ്പുറത്ത് ഒരു നായർ സമുദായത്തിൽ ജനിച്ച സോമൻ എന്ന് പേരായ അദ്ദേഹം ഇസ്‌ലാം ആശ്ലേഷിച്ച് നൂറുദ്ദീൻ എന്ന പേർ സ്വീകരിച്ചു. ഓട്ടുപാത്രവിൽപനക്കാരുടെ കൂടെ അദ്ദേഹം കണ്ണൂരിൽ എത്തിയപ്പോഴാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെട്ടത്. ജന്മനാ അന്ധനായ അദ്ദേഹത്തോട് ഇസ്‌ലാം ആശ്ലേഷിക്കാനുള്ള കാരണം തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞ മറുപടിയാണ് മാറി ചിന്തിക്കാൻ എന്നെ പ്രേരിപ്പിച്ചത്. അദ്ദേഹം പറഞ്ഞു: 'എന്നെപ്പോലുള്ള ലക്ഷക്കണക്കിന് അന്ധർക്ക് ഉൾക്കൊള്ളാവുന്ന ഏക മതമാണ് ഇസ്‌ലാം. ഹിന്ദുമതത്തിൽ ഈശ്വരനിലേക്ക് എത്തണമെങ്കിൽ വിഗ്രഹത്തെ മുന്നിൽ കണ്ട് പൂജിക്കുകയും പ്രാർത്ഥിക്കുകയും വേണം. ജന്മനാ അന്ധനായ എനിക്ക് എങ്ങനെ അതിന് സാധിക്കും? എന്നാൽ ഇസ്‌ലാമിൽ ഈ പ്രശ്നമില്ല. അകക്കണ്ണുകൊണ്ട് അല്ലാഹുവെന്ന മഹാശക്തിയെ മനസ്സിലാക്കി അവനെ ആരാധിക്കാൻ എനിക്ക് കഴിയുന്നു. ബിംബങ്ങളും പ്രതിഷ്ഠകളും മുഖേന മാത്രമെ ഈശ്വരസാമീപ്യം സാധ്യമാകൂ എങ്കിൽ എന്നെപ്പോലുള്ളവർ എന്തുചെയ്യും?' ഈ വാക്കുകൾ എൻെറ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അന്നുമുതൽ ഇസ്‌ലാമിനെക്കുറിച്ച് ഞാൻ പഠിക്കാൻ തീരുമാനിച്ചു.

ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹുവിനെ മനസ്സിലാക്കാനാണ്

ഞാൻ ആദ്യമായി താൽപര്യം കാണിച്ചത്. പലരുമായും സംസാരിച്ചു. പുസ്തകങ്ങൾ സംഘടിപ്പിച്ചു വായിച്ചു.

"അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻെറതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (ഖുർആൻ 2:255). വിശുദ്ധ ഖുർആനിലെ ഈ വചനമാണ് എന്നെ കൂടുതൽ ആകർഷിച്ചത്. അല്ലാഹുവിൻെറ വിശേഷഗുണങ്ങളായി ഖുർആൻ പറയുന്ന കാര്യങ്ങൾ യഥാർത്ഥ ദൈവം അല്ലാഹുവാണെന്ന് എനിക്ക് മനസ്സിലാക്കിത്തന്നു.

അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്. അറിഞ്ഞുകൂടാത്ത ഒരവസ്ഥ അവന് ഉണ്ടായിട്ടില്ല. അവനെ സംബന്ധിച്ചിടത്തോളം രഹസ്യവും പരസ്യവുമില്ല. പ്രത്യക്ഷവും പരോക്ഷവുമില്ല. അവൻ ത്രികാലജ്ഞാനിയാണ്. "അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ. നിങ്ങളുടെ കൂട്ടത്തിൽ നിന്ന് രഹസ്യമായി സംസാരിച്ചവനും പരസ്യമായി സംസാരിച്ചവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകലിൽ പുറത്തിറങ്ങി നടക്കുന്നവനുമെല്ലാം (അവനെ സംബന്ധിച്ചിടത്തോളം) സമമാകുന്നു" (ഖുർആൻ 13:9-10).

പ്രപഞ്ചമാസകലം വ്യാപിച്ചുകിടക്കുന്ന ദൈവികദൃഷ്ടാന്തങ്ങളും ദിവ്യാനുഗ്രഹങ്ങളും എടുത്തുകാട്ടി മനുഷ്യമനസ്സിൻെറ അടഞ്ഞുകിടക്കുന്ന കവാടങ്ങളിൽ ഖുർആൻ മുട്ടി വിളിക്കുന്നതായി എനിക്ക് തോന്നി. അവയ്ക്കുപിന്നിലെ സൃഷ്ടിവൈഭവത്തെയും ആസൂത്രണ വൈദഗ്ദ്ധ്യത്തെയും കുറിച്ച് ഖുർആൻ അവനെ ബോധവാനാക്കുന്നു. നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾക്ക് ബുദ്ധിയില്ലേ? ബുദ്ധിയുള്ളവർക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. എന്നിങ്ങനെ ചോദിച്ചുകൊണ്ട് യുക്തിവിചാരത്തിൻെറ വഴിത്താരയിലൂടെ അത് മനുഷ്യനെ സർവ്വശക്തനായ ഒരു സൃഷ്ടികർത്താവിൻെറ സവിധത്തിലേക്ക് നയിക്കുന്നു. എണ്ണമറ്റ ദേവീദേവന്മാരെ ആരാധിക്കുന്ന ഹിന്ദുമതത്തേക്കാൾ ഇസ്‌ലാം എന്തുകൊണ്ടും മഹത്തരമാണെന്നും അത് സത്യമതമാണെന്നും എനിക്ക് ബോധ്യമാ

വുകയും അങ്ങനെ ഞാൻ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

എന്നെ ആകർഷിച്ച മറ്റൊരു കാര്യം പരലോകവിശ്വാസമാണ്. അർത്ഥശൂന്യമായ പുനർജന്മസിദ്ധാന്തത്തിന് പകരം ഇസ്‌ലാം പഠിപ്പിക്കുന്ന പരലോകം അനിവാര്യമായ ഒന്നാണെന്ന് ഞാൻ മനസ്സിലാക്കി. ശുദ്ധശൂന്യതയിൽ നിന്ന് ഈ പ്രപഞ്ചം സൃഷ്ടിച്ച അല്ലാഹുവിന് രണ്ടാമത് സൃഷ്ടിക്കുക അസാധ്യമല്ലല്ലോ.

മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുകയില്ല. മരണശേഷം നാം ഇഹലോകത്ത് ചെയ്ത നന്മതികളെക്കുറിച്ച് അല്ലാഹു വിചാരണ ചെയ്യും. നന്മതിന്മകൾക്കനുസരിച്ച് രക്ഷാശിക്ഷകളും സ്വർഗ നരകങ്ങളും നമുക്ക് നൽകപ്പെടും. നാം ചെയ്യുന്നതെല്ലാം റെക്കോർഡ് ചെയ്യുന്നുണ്ടെന്നും നാളെ പരലോകത്തിൽ ആ റെക്കോർഡുകൾ നമുക്കെതിരായി സാക്ഷി നിൽക്കുമെന്നും ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. നാം വിലപ്പെട്ടതായി കരുതുന്ന സമ്പത്തും സൗകര്യങ്ങളും കുടുംബവും സമൂഹവും ഉദ്യോഗവും എല്ലാമെല്ലാം ഉപേക്ഷിച്ച് നാം മരിക്കും. നമുക്കതെല്ലാം നഷ്ടപ്പെടും എന്ന് തീർച്ച. അപ്പോൾ മരണശേഷമുള്ള ജീവിതത്തെക്കുറിച്ച് നാം ഗൗരവത്തോടെ കണക്കിലെടുത്തേ പറ്റൂ.

അമുസ്‌ലിം സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത് ഇതാണ്: ഇവിടെയുള്ള ചില മുസ്‌ലിംകൾ ഖുർആനിനനുസരിച്ച് ജീവിക്കുന്നില്ലല്ലോ എന്നത് ഇസ്‌ലാമിനെപ്പറ്റി പഠിക്കുന്നതിൽനിന്ന് നിങ്ങളെ ഒരിക്കലും തടയാൻ പാടില്ല. അവർ അങ്ങനെ ജീവിക്കാതിരുന്നാൽ അതിന്റെ നഷ്ടം അവർക്കാണ്. അവനവന്റെ ഭാവി സുരക്ഷിതമാക്കുക എന്നതാണ് നമ്മുടെ പ്രധാന കടമ. നാളെ പരലോകത്തിൽവെച്ച് നാം ചോദിക്കപ്പെടും. 'നിങ്ങൾക്കൊരു മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ' എന്ന്.

ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മയും ഇല്ലാത്ത, സകല തിന്മകളെയും എതിർക്കുന്ന, നന്മകളെ പ്രോത്സാഹിപ്പിക്കുന്ന, ജാതീയതയും വർണാശ്രമ വ്യവസ്ഥയുമില്ലാത്ത, ശാന്തിയുടെയും സമാധാനത്തിന്റെയും മതമാണ് ഇസ്‌ലാം.

# 8

## ആരാധനക്കർഹൻ അല്ലാഹുമാത്രം

രാജേന്ദ്രൻ

നമ്മളിൽ പലരും അംഗീകരിക്കുന്ന ഒരു സത്യമാണല്ലോ ഈശ്വരൻ ഒന്നേയുള്ളൂവെന്നുള്ളത്. പക്ഷെ, നമ്മിൽ പലരും ഈ സത്യത്തെ മനസിലാക്കിയിട്ടും അംഗീകരിക്കുന്നില്ല. എനിക്കിപ്പോൾ ഈ സത്യം വളരെ നന്നായി മനസിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ഭാഗ്യം സിദ്ധിച്ചിരിക്കുന്നു. ഞാൻ ഏറെ വർഷങ്ങളായി മനസിൽ തേടിക്കൊണ്ടിരുന്ന പരമ സത്യത്തെ ഞാൻ കണ്ടെത്തിയിരിക്കുന്നു, നമ്മെയും. ഈ ആകാശഭൂമികളിലുള്ള സർവ്വതിനേയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം ഒരേയൊരുവനാണെന്നും ആരാധന അവന് മാത്രമെ പാടുള്ളൂവെന്നുമുള്ള പരമസത്യമാണത്. ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും മുസ്ലിംകളുടെയും അടിസ്ഥാന ഗ്രന്ഥങ്ങളൊക്കെ ഈ തത്വം അംഗീകരിക്കുന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പക്ഷെ, ഇന്ന് മുസ്ലിംകളൊഴികെ മറ്റ് വിഭാഗക്കാരെല്ലാം സ്രഷ്ടാവായ ഈശ്വരന് പകരം സ്വയം നിർമ്മിച്ച ബിംബങ്ങൾക്കും പുണ്യാത്മാക്കൾക്കും ആരാധന ചെയ്തുവരുന്ന അവസ്ഥയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

നമ്മുടെ പൂർവ്വികർ അങ്ങനെ ചെയ്തുവരുന്നത്കണ്ട് നാമും അന്ധമായി അവരെ അനുകരിക്കുന്നുവെന്നല്ലാതെ ഇത്തരം ആരാധനകൾക്ക്, ഗീതയുടെയോ രാമായണത്തിൻെറയോ ബൈബിളിൻെറയോ യാതൊരു പിൻബലവുമില്ല. മാത്രമല്ല, സവിശേഷബുദ്ധിയും ചിന്താശക്തിയും നൽകപ്പെട്ട ഏറ്റവും ഉത്തമസൃഷ്ടിയായ മനുഷ്യൻ സ്വന്തം കൈകൾ

കൊണ്ടുണ്ടാക്കിയ ബിംബങ്ങളുടെയും ചിത്രങ്ങളുടെയും മുമ്പിൽ ന മിക്കുകയും അവയോട് പ്രാർത്ഥിക്കുകയും ചെയ്യുന്നത് എത്രമാത്രം ബുദ്ധിഹീനമാണ്. നമ്മുടെ പ്രാർത്ഥന കേൾക്കുവാനോ നമ്മെ സഹാ യിക്കുവാനോ നമ്മെ ഉപദ്രവിക്കാനോ യാതൊരു കഴിവുമില്ലാത്ത ഇ ത്തരം സങ്കൽപങ്ങളുടെ മുമ്പിൽ നമ്മൾ ഭജനമിരിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണെന്ന് ഒന്നാലോചിച്ചുനോക്കൂ. നമ്മുടെ പ്രാർത്ഥന കേൾക്കാനും സഹായിക്കാനും കഴിവുള്ളവൻ യഥാർത്ഥത്തിൽ നമ്മെ യൊക്കെ സൃഷ്ടിച്ച ഈശ്വരൻ മാത്രമാണ്. അവൻ സർവ്വാധിപനും സർവ്വശക്തനുമാണ്. ജനങ്ങൾ വിവിധ ഭാഷകളിൽ വ്യത്യസ്ത പേ രുകളിൽ അവനെ വിളിക്കുന്നു എന്നല്ലാതെ, ദൈവം മാറുന്നില്ല. അതി നാൽ ഏകനായ ഈ ദൈവത്തെ മാത്രമെ നാം ആരാധിക്കുവാനും വിളിച്ചുപ്രാർത്ഥിക്കാനും പാടുള്ളൂ എന്ന സത്യം ഞാൻ തിരിച്ചറിയുന്നു. മുനിമാരും പ്രവാചകന്മാരും ഉത്ഘോഷിച്ച പരമസത്യം ഇതുതന്നെ യാണ്. ഈ സത്യം അംഗീകരിച്ച് പ്രവർത്തിക്കാൻ ഞാൻ പ്രതിജ്ഞ ചെയ്തിരിക്കുക്കയാണ്. ഈ സത്യം അംഗീകരിക്കാൻ എല്ലാ മനുഷ്യരും ബാധ്യസ്ഥരുമാണ്.

മനുഷ്യജീവിതം വളരെ ക്ഷണികമാണ്. ഇന്നല്ലെങ്കിൽ നാളെ നമ്മ ളെല്ലാം മരിച്ചുപോകുമെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന യാഥാർ ത്ഥ്യമാണ്. മരണശേഷം ഒരു ജീവിതമുണ്ട്-മനുഷ്യരെയെല്ലാം ദൈവം ഉയിർത്തെഴുന്നേൽപിച്ച ശേഷം നടക്കുന്ന ജീവിതം. ആ ജീവിതത്തിൽ ദൈവത്തെ (അല്ലാഹുവിനെ) മാത്രം ആരാധിച്ചവർക്കേ രക്ഷയുള്ളൂ. ദൈവേതര ശക്തികളെ പൂജിക്കുകയും ആരാധിക്കുകയും ചെയ്തവർ ക്ക് കഠിനമായ നരകശിക്ഷ സഹിക്കേണ്ടിവരും. എന്തെന്നാൽ നമ്മെ സൃഷ്ടിച്ച ദൈവത്തിന് നമുക്ക് പുനർജന്മം നൽകുവാനും കഴിവുള്ള വനാണ്. നമ്മൾ ചെയ്യുന്ന രഹസ്യവും പരസ്യവുമായ കാര്യങ്ങൾ സർ വ്വശക്തനായ ദൈവം അറിയുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു ണ്ട് എന്നുള്ള സത്യം നാം മനസിലാക്കേണ്ടിയിരിക്കുന്നു. ഈ കമ്പ്യൂ ട്ടർ യുഗത്തിൽ കോടിക്കണക്കിനുള്ള വിവരങ്ങൾ ഒരു നഖത്തിൻെറ മാത്രം വലിപ്പമുള്ള കമ്പ്യൂട്ടർ ചിപ്പിൽ ശേഖരിച്ചുവെക്കാനും ആവശ്യാ നുസരണം അത് ഉപയോഗിക്കാനും മനുഷ്യന് സാധിക്കുമെങ്കിൽ സർ വ്വശക്തനായ ദൈവത്തിന് സാധിക്കാത്തതെന്താണുണ്ടാവുക!. വളരെ വിദൂരതയിൽ നിന്നും സംപ്രേഷണം ചെയ്യുന്ന ടി.വി. സിഗ്നലുകൾ പിടിച്ചെടുത്ത് അതേ രൂപത്തിൽ അവതരിപ്പിക്കാൻ നമ്മുടെ ടി.വി. സെ റ്റുകൾക്ക് സാധിക്കുന്നു. അപ്പോൾ മനുഷ്യൻ വാർത്ത വായിക്കുന്ന

തും ക്രിക്കറ്റ് കളിക്കുന്നതും പാടുന്നതും ആടുന്നതുമൊക്കെ നിലനിർത്താൻ അന്തരീക്ഷത്തിൽ എന്തോ ഒരു സംവിധാനമുള്ളതായി നമുക്ക് മനസിലാകുന്നുണ്ടല്ലോ! അതിനാൽ മനുഷ്യൻെറ ഓരോ പ്രവർത്തനത്തേയും ദൈവം റെക്കോർഡ് ചെയ്ത് വെക്കുന്നുണ്ട് എന്ന പരമാർത്ഥം അംഗീകരിക്കാതിരിക്കാൻ പറ്റില്ല. നമ്മുടെ സമൂഹം സ്വീകരിച്ചുവരുന്ന ദൈവസങ്കൽപം അടിസ്ഥാനമില്ലാത്തതും ബുദ്ധിക്ക് നിരക്കാത്തതുമാണ്. യഥാർത്ഥ ദൈവസങ്കൽപത്തിൽനിന്ന് മനുഷ്യരെ ഈ അവസ്ഥയിലെത്തിച്ചത് വിവിധ മതങ്ങളിലെ പുരോഹിതന്മാരും സ്വാർത്ഥമതികളായ പ്രമാണിമാരുമാണ്. മനുഷ്യരിൽ അധികവും സത്യം അന്വേഷിക്കാതെ ഇവരെ അന്ധമായി അനുകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ വിഷമവൃത്തത്തിൽനിന്ന് രക്ഷപ്പെടാൻ നമ്മുടെ സാമൂഹ്യ ചുറ്റുപാടിൽ പലർക്കും വിഷമം തോന്നുകയാണ്. ചുരുക്കത്തിൽ നമ്മുടെയെല്ലാം സ്രഷ്ടാവ് ഏകനായ അല്ലാഹു മാത്രമാണെന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്ന തത്വം അംഗീകരിക്കുന്ന ഒരു മുസ്‌ലിമായി ഞാൻ മാറിയിരിക്കുന്നുവെന്ന് പറയുന്നതിൽ അതിയായ സന്തോഷവും അഭിമാനവുമുണ്ട്.

# 9

## നന്മയിലേക്ക് പാദയൂന്നിയ ഒരു 'തെമ്മാടി'

എ. എച്ച് ഹാരിസ്, പെരിന്തൽമണ്ണ

ഞാൻ ഒരു തെമ്മാടിതന്നെയായിരുന്നു! എൻെറ ജീവിതത്തിൽ 1998 വരെയുള്ള അന്ധകാരനിബിഢമായിരുന്ന നാളുകൾ എനിക്ക് പകർന്ന് നൽകിയിരുന്ന അവബോധം ഉല്ലസിച്ച് ജീവിക്കുക എന്നത് മാത്രമായിരുന്നു. അതിന്നർത്ഥം ഇതരരെ ഉപദ്രവിച്ച് ജീവിക്കുക എന്നതായിരുന്നില്ല. മദ്യപാനം, വ്യഭിചാരം, സിനിമ, നാടകം തുടങ്ങിയ നൃത്തനാട്യങ്ങളുടെയും ക്ഷേത്രകലകളുടെയുമൊക്കെ പ്രകടനപരതയിൽ മുങ്ങിക്കൊണ്ടിരുന്നു ജീവിതം. മറ്റുള്ളവരുടെ അംഗീകാരം പകർന്നുകിട്ടണമെന്ന് ആഗ്രഹിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ! എല്ലാ ജീവിത പ്രവർത്തനങ്ങളുടെയും പര്യവസാനം മദ്യപാനത്തിലും വ്യഭിചാരസുഖത്തിലും മാത്രം. ഈ വൈകൃതങ്ങളെല്ലാം പേറിക്കൊണ്ടിരുന്നപ്പോഴും മനസിൽ എപ്പോഴും ഒരു അന്വേഷണമുണ്ടായിരുന്നു. ഞാനെന്താണിങ്ങനെ? ഞാനാരാണ്? ഞാൻ എവിടെനിന്നും എന്തിനിവിടെ വന്നു? പിരിമൂത്ത മദ്യപൻെറ മനസിൻെറ അപഥസഞ്ചാരങ്ങളായിരിക്കാമെന്ന് സ്വയം സമാധാനിക്കാൻ ശ്രമിച്ചു. എന്നാൽ ചിന്ത, അന്വേഷണം എന്നെ മുറുകെ പിടികൂടി. 1998ൽ പെരിന്തൽമണ്ണയിൽ നടന്ന 'ഹൈന്ദവത, ഇസ്‌ലാം ക്രൈസ്തവത–സ്നേഹസംവാദം' സംഗമത്തിൽ പങ്കെടുത്തതോടെ ഈ അന്വേഷണത്വര വളരെയേറെ വർദ്ധിതമായി. തത്സംഗമത്തിൽ പങ്കെടുത്ത ചിലരിൽ മുസ്‌ലിം യുവപണ്ഡിതന്മാരുടെ അളന്നുമുറിച്ചുള്ള ആദർശപ്രബോധനങ്ങളും യുക്തിഭദ്രമായ ചരിത്ര തെളിവുകളിലൂടെയുള്ള ഇസ്‌ലാമികാദർശത്തിൻെറ ഉൾക്കരുത്തും മറ്റും ശ്രവിച്ചപ്പോൾ തോന്നി–

ഈ സന്യാസിമാർക്കും പാതിരിമാർക്കും തങ്ങളുടെ വാക്കുകൾ ശ്രവിക്കുന്നവരോട് യാതൊരു കടപ്പാടുകളും തീർത്തും ഇല്ലായെന്ന്. പിന്നീട് അങ്ങോട്ട് ചിന്തക്കും അന്വേഷണങ്ങൾക്കും ആക്കം കൂടി.

ആദ്യമായി ഞാൻ എന്നെക്കുറിച്ച് തന്നെയാണ് ചിന്തിച്ചുതുടങ്ങിയത്. 1964ലെ നവംബർ മാസത്തിൽ എന്നോ ഒരു മൂവന്തിനേരത്ത് പിറന്നുവീണ് ദാരിദ്ര്യത്തിൻെറയും സാമുദായിക ഉച്ചനീചത്വങ്ങളുടെയും കെട്ടുപിണഞ്ഞ ചുറ്റുപാടുകളിൽ വളർന്ന് തുടങ്ങിയ ശൈശവവും ബാല്യകൗമാരങ്ങളും! വയർനിറച്ച് ആഹരിക്കുവാൻ അയൽവാസികളുടെ അടുക്കളകൾ ആശ്രയിച്ചിരുന്ന അക്കാലയളവിൽ പിതാവിൽനിന്നും ലഭിക്കുക വല്ലപ്പോഴും വീട്ടിൽ നടന്നിരുന്ന മന്ത്രവാദവൈകൃതങ്ങളിൽ വിളമ്പിയിരുന്ന ചാരായവും കള്ളും കോഴിയിറച്ചിയും മാത്രം. പതിനൊന്ന് വയസുകാരൻ പയ്യന് വളർന്നുവരാൻ പറ്റിയ ചേരുവകൾ! പകലന്തിയോളം അന്യരുടെ പാടത്തും പറമ്പിലും അധ്വാനിച്ച് തളർന്നെത്തുന്ന മാതാവിന് കൂലിയായി കിട്ടുന്ന അൽപം നെല്ല്! അതായിരുന്നു ഞങ്ങളുടെ ആഹാരവസ്തു.

നിത്യദാരിദ്ര്യത്തിൻെറ പടുകുഴിയിൽ, ചോർന്നൊലിക്കുന്ന വൈക്കോൽപുരയിൽ അമ്മയോടൊപ്പം ഒട്ടിക്കിടക്കുമ്പോൾ ചിലപ്പോഴൊക്കെ അവരോട് ഞാൻ ചോദിച്ചു. അമ്മേ നമുക്ക് മാത്രമായിട്ട് എന്താണിത്ര ദുരിതം? തേങ്ങലുകളോടെ കണ്ണീരൊഴുക്കി വിധിയെ പഴിക്കൽ മാത്രമായിരുന്നു അമ്മയുടെ മറുപടി. അക്കാലങ്ങളിൽ രാത്രി അടുത്തെവിടെയെങ്ങാനും മന്ത്രവാദ കർമ്മങ്ങളുണ്ടാവുമ്പോൾ അച്ഛൻെറ കൂടെ കുട്ടയും തലയിലേറ്റി പരികർമ്മിയായി ഞാനും കൂടും. എൻെറ ലക്ഷ്യം കുറച്ച് കുടിക്കാം; കുറച്ച് കഴിക്കാം; അത്രമാത്രം. മന്ത്രവാദി എന്ന നിലയിൽ അച്ഛൻെറ വീരശൂരപരാക്രമങ്ങളൊക്കെ കഴിയുമ്പോഴേക്കും രാത്രി വളരെ ഇരുട്ടിയിരിക്കും. അങ്ങനെ ലഭിക്കുന്ന കൂലിയിൽനിന്നും നൂറ് രൂപ നോട്ട് അമ്മയുടെ കയ്യിൽ കൊടുത്തിട്ട് അച്ഛൻ ഒരു മുങ്ങ് മുങ്ങും. പിന്നീട് അദ്ദേഹത്തെ ഏതെങ്കിലും പാടവരമ്പത്ത് ബോധം നശിച്ച നിലയിൽ ഞങ്ങൾ 'ആഹ്ലാദത്തോടെ, അലമുറയിട്ടുകൊണ്ട്' പിടിച്ചുകൊണ്ടുവരും. പിന്നീടങ്ങോട്ട് പിതാവിൻെറ തത്വോപദേശങ്ങളുടെ പെരുമ്പറയാവും മുഴങ്ങുക. ചിലപ്പോൾ അമ്മയുടെയും ഞങ്ങളുടെയും മുതുകത്തും!

എൻെറ ചിന്ത പിന്നേയും പിറകോട്ട് തന്നെ...... കൗമാരകാലത്ത് അടുത്ത അയൽവാസികളുടെ വിവാഹ വീടുകളിൽ സദ്യക്കാവശ്യമുള്ള 'ഇല' മുറിച്ച് കഷണങ്ങളാക്കി എത്തിക്കുക എൻെറയും അച്ഛൻെറയും

മാത്രം ഉത്തരവാദിത്തമായിരുന്നു. അതിന് പ്രതിഫലം കുറെ ചോറും ഏതാനും നാണയങ്ങളും മാത്രം. എന്നാലും ഏതാണ്ട് സുഹൃത്തുക്കളുടെ വീടുകൾ പരിചയപ്പെടുന്ന ഇത്തരം 'ഇലമുറി' അവസരങ്ങളായിരിക്കും പഠിക്കണമെന്ന ചിന്തക്ക് ആക്കം കൂട്ടിയത്. അവിടെ നിന്നും ലഭിക്കുന്ന പുസ്തകങ്ങളായിരിക്കും അതിന് പ്രചോദനം. അച്ഛനോട് അന്ന് ഇക്കാര്യങ്ങളുടെ അതൃപ്തി ബോധ്യപ്പെടുത്തിയാൽ ചുട്ട അടിയായിരിക്കും മറുപടി.

സ്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും അത്യാവശ്യം പരസഹായത്തോടെയും പട്ടികജാതി ആനുകൂല്യങ്ങളോടെയും കുറെയൊക്കെ കഴിഞ്ഞു. ഇനി പഠിച്ചാൽ പരീക്ഷയിൽ വിജയിക്കില്ല എന്ന് വന്നപ്പോൾ അവിടെവെച്ച് നിർത്തി. അത്രക്കുണ്ടായിരുന്നു മദ്യത്തിന്റെയും മറ്റ് തെമ്മാടിത്തങ്ങളുടെയും വരിഞ്ഞുകെട്ടൽ! തലമുറകളുടെ സമ്പാദ്യമായി കിട്ടിയ സ്വഭാവ വൈശിഷ്ട്യം!

എന്റെ അന്വേഷണം വീണ്ടും തുടർന്നു. എന്നെക്കുറിച്ച് തന്നെ.... പാതിവഴിയിൽ പഠനമുപേക്ഷിച്ച് ഞാൻ വീട്ടുകാരോടുള്ള സഹവാസവും ഏതാണ്ടൊക്കെ ഉപേക്ഷിച്ച് വിപ്ലവ സംഘങ്ങളുടെയും വിദ്യാഭ്യാസ ശാസ്ത്രവിചക്ഷണന്മാരുടെ പ്രചരണസംഘങ്ങളുടെയും പിറകെ പോയി മടുത്തപ്പോൾ നാടുവിട്ട് ഒരു മെട്രോ നഗരത്തിലെത്തി. അവിടെ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി സമ്പാദിച്ച് ലഭിക്കുന്ന ശമ്പളം മാസം പത്താം തീയതിക്ക് മുമ്പുതന്നെ നിരപ്പാക്കുമായിരുന്നു. മാർഗങ്ങളോ, വിലകൂടിയ മദ്യങ്ങളും സ്ത്രീകളോടുള്ള അടങ്ങാത്ത അഭിവാഞ്ചയും!? അതിനിടയിൽ മാതാപിതാക്കൾ വേർപിരിഞ്ഞപ്പോൾ അനുജനേയും കൂടെ കൂട്ടി. ഒരു മാസത്തിനുള്ളിൽതന്നെ അനുജന് എന്നെ മനസിലാവുകയും ഞങ്ങൾ തമ്മിൽ നല്ല നിലയിൽ അടിച്ച് പിരിയുകയും ചെയ്തു. ആ പാവം എങ്ങിനെയൊക്കെയോ അവിടെ ജീവിച്ച് വന്നത്രെ. പാപ പങ്കിലമായ ഈ കാലയളവാണ് ദൈവികബോധം പകർന്ന് നൽകിയത്. പശ്ചാത്താപവിവശയായി മഹാക്ഷേത്രങ്ങൾ കയറിയിറങ്ങുക പതിവാക്കുകയും ഹൈന്ദവ പുരാണേതിഹാസങ്ങൾ വായിച്ച് ഗ്രഹിക്കുകയും ചെയ്തിരുന്നു. ഒരുപാട് ബ്രാഹ്മണ സുഹൃത്തുക്കൾ ഇക്കാര്യങ്ങളിൽ എന്നെ സഹായിച്ചിട്ടുമുണ്ട്. ദൈവ ചിന്ത നൽകിയ ഉൾക്കരുത്തോടെ ഞാൻ നാട്ടിൽ തിരിച്ചെത്തി.

തൊഴിലില്ലായ്മയുടെ കൂത്തരങ്ങായ കേരളത്തിലെ സുന്ദരമായ ഒരു 'ഗ്രാമനഗര'ത്തിൽ 'കള്ളക്കണക്കപ്പിള്ള'യായി ഞാൻ സ്വയം സേവനത്തിൽ ഏർപ്പെട്ടു. അപ്പോൾ വീണ്ടും ലഭിച്ച ധനമാർഗവും അംഗീകാര

വും വീണ്ടും വിദേശി സ്വദേശി വ്യത്യാസമില്ലാതെ വയറുനിറച്ച് കുടിച്ചു ല്ലസിക്കാൻ എന്നെ സഹായിച്ചു. അക്കാലയളവിൽ സുന്ദരികൾ പല രുമായും 'സ്നേഹം' പൂത്തുലഞ്ഞുകൊണ്ടേയിരുന്നു. അവസാനം ആ ജീവിതത്തിന് പൂർണവിരാമം കുറിച്ച് വിവാഹം. പിന്നെ കുട്ടികൾ. അവ രൊത്ത് സന്തോഷപ്രദവും ആലസ്യത്തോടെയും ജീവിതം ഇഴഞ്ഞു നീങ്ങി. അതിനിടയിൽ ഒരു രാത്രിയിൽ കുഞ്ഞുങ്ങളുടെ കുസൃതിത്ത രങ്ങൾക്കിടയിൽ ഒരു ആലോചന കടന്നുവന്നു. ഈ പൂമുട്ടുകളായ പൊന്നോമനകളെ പട്ടികജാതിക്കാരായി ജീവിപ്പിച്ച് മരിപ്പിക്കണമോ? ചി ന്ത മുന്നോട്ട് തന്നെ....

ഒന്ന് നന്നായാലെന്താ? എങ്ങനെ നന്നാവണം? ഗീത വായിച്ച് നോ ക്കിയപ്പോൾ നിസ്വാർത്ഥമായി കർമ്മം അനുഷ്ഠിക്കണമെന്ന സാരം ഉൾക്കൊണ്ടു. എന്നാൽ അങ്ങനെതന്നെ എന്ന് നിശ്ചയിച്ച് കർമ്മങ്ങൾ ചെയ്ത് തുടങ്ങിയപ്പോൾ വീണ്ടും വിശ്വാസ ആചാരങ്ങളിലും മറ്റും അസംതൃപ്തിയും ജീവിത ദുരിതങ്ങളും മാത്രം ബാക്കി. പിന്നെ ആ ചിന്ത ഉപേക്ഷിച്ച് പുത്തൻ ഉണർവോടെ പ്രവൃത്തികൾ ചെയ്ത് തുട ങ്ങിയപ്പോൾ ദുരിതങ്ങൾക്ക് വിട. പക്ഷെ, അപ്പോഴേക്കും മനസിൽ ഒ രു തുലാസ് സ്ഥാപിതമായിക്കഴിഞ്ഞിരുന്നു. അതിന്റെ തട്ടുകൾ ആടി യുലഞ്ഞുകൊണ്ടേയിരുന്നു. അങ്ങനെ ഞാൻ പണ്ടെങ്ങോ നിർത്തി വെച്ച വായന പുനർജീവിപ്പിച്ചു. വായന ആധ്യാത്മികതയിലേക്ക് നീ ങ്ങി. ഗീതയും രാമായണവും ആയിരുന്നു 'മുഖ്യന്മാർ'. പിന്നെ പൂന്താനം കൃതികളും.

അങ്ങനെയിരിക്കെ ഒരുനാൾ പുതുതായി ഗ്രാമനഗരത്തിൽ ആരംഭി ച്ച മുസ്‌ലിം പള്ളിയിൽനിന്നും ഒരു മുസ്‌ലിം യുവ പണ്ഡിതന്റെ പ്ര ഭാഷണം കേട്ടു. ഞാനന്നേരം അൽപം 'വീലിൽ' ആയിരുന്നു. അദ്ദേ ഹത്തിന്റെ വിഷയമോ മദ്യത്തിനെതിരിൽ ഇസ്‌ലാം പടുത്തുയർത്തിയ പ്രതിരോധത്തിന്റെ കോട്ടയും! പ്രസ്തുത പ്രഭാഷണത്തിൽ എന്നെ ചീത്ത വിളിക്കുംപോലെ കുറെ ആശയങ്ങൾ ഞാനൊരു പെട്ടിക്കടയു ടെ ഓരത്തുനിന്ന് കേട്ടു. ഒന്നോ ഒന്നരയോ മണിക്കൂർ ദീർഘിച്ച ആ പ്രഭാഷണത്തിൽ ആ യുവ പണ്ഡിതന്റെ നാവിലൂടെ പുറത്തേക്ക് ഒഴുകിയ വിജ്ഞാനം ചരിത്ര, ശാസ്ത്ര സാമൂഹിക സാംസ്ക്കാരിക മായ സമസ്ത മണ്ഡലങ്ങളേയും സവിസ്തരം പ്രതിപാദിക്കുന്ന ഒന്നാ യിരുന്നു. അവിടുന്നങ്ങോട്ട് ഇസ്‌ലാം വിമർശിക്കപ്പെടുന്ന ഒരു മതം മാത്രമല്ലായെന്നും അത് പഠിക്കപ്പെടേണ്ടുന്ന ഒരു തത്വദർശനമാണ് എന്നും എനിക്ക് ഉള്ളിൽ തോന്നി. പിന്നീടുള്ള നാളുകളിൽ മൗനമായി

ഇസ്‌ലാമിനെ പരിചയപ്പെടാൻ തുടങ്ങി. അതിനുശേഷം ഹൈക്കൽ എഴുതിയ 'മുഹമ്മദ്' എന്ന കൃതി വായിച്ചു. അത് ഇന്നും പരിപൂർണ്ണമായി ഒരാവർത്തി പൂർത്തിയാക്കാൻ എനിക്ക് സാധിച്ചിട്ടില്ല. ഓരോ പ്രതിപാദനങ്ങളിലൂടെയും മനസ് പോവുമ്പോഴും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകും. ഇവയ്ക്കൊക്കെ പ്രചോദനം നൽകിയതോ-പെരിന്തൽമണ്ണയിൽ നടന്ന 'ഹൈന്ദവത, ഇസ്‌ലാം, ക്രൈസ്തവത-സ്നേഹസംവാദം' പരിപാടിയും അതിലെ പ്രതിപാദ്യ വിഷയങ്ങളും.

പിന്നീട് അങ്ങോട്ട് ഞാൻ എന്റെ സ്വഭാവത്തിൽ സ്വയം പരിവർത്തനം വരുത്തിത്തുടങ്ങി. ഭഗവത്ഗീത പലവുരു വായിച്ചിട്ട് അതിലുള്ള പൊരുളും മനുഷ്യജീവിതവും തമ്മിൽ പുലബന്ധംപോലുമില്ലായെന്ന് ബോധ്യപ്പെട്ടു. കഥയറിയാതെ ആട്ടം കാണുന്നവരായി ഗീതാനുയായികൾ മാറിക്കൊണ്ടിരുന്നപ്പോൾ അവരോട് മനസ് കൊണ്ട് സലാം ചൊല്ലി. വിശുദ്ധ ഖുർആൻ പരിഭാഷ കൈക്കലാക്കി. ഒരു കാക്ക പറഞ്ഞു; ഇത് നിങ്ങൾക്ക് തൊടാൻ പറ്റൂല്ലല്ലോ;'ഞാൻ ഇപ്പോൾ തൊട്ടുപോയില്ലേ; ഇനിയൊന്ന് നോക്കട്ടെ'; എന്ന് ഞാനും.

ശേഷം രണ്ട് മൂന്ന് അധ്യായങ്ങൾ വായിച്ചപ്പോൾ മനസിലായി ഇതൊന്നും എനിക്ക് മനസിലാവുന്നില്ലായെന്ന്. അങ്ങനെ സ്കൂളിലേക്ക് പുറപ്പെട്ടു. ഖുർആൻ ലേണിംഗ് സ്കൂൾ! ദൈവത്തിന്റെയും മനുഷ്യന്റെയും നിർവചനം യഥാർത്ഥത്തിൽ എന്ത് എന്ന് മനസിലാക്കാത്ത ഞാൻ ആ ക്ലാസുകളിൽ ശ്രദ്ധിച്ചതും ശ്രവരിച്ചതുമായ വിജ്ഞാനം സത്യപ്രകാശത്തിലേക്കുള്ള നേർപാതകളായിരുന്നു. അതിൽനിന്നും വേദങ്ങൾ തമ്മിൽ ചിലയിടങ്ങളിൽ കൂടിച്ചേരുന്നുണ്ട് എന്ന സത്യം ഞാൻ മനസ്സിലാക്കി.

*ഉദാ:* ഇന്ദ്രം മിത്രം വരുണ മഗ്നി മാഹു-
രഥോദിവ്യഃ സുപർണ്ണോഗരുത്മാൻ
ഏകം സദ്വി പ്രാബഹുധാവദന്തി
അഗ്നിം യമം മാതരിശ്വാനമാഹു:

(ഋഗ്വേദ ഭാഷ്യം)

(പരംപൊരുൾ ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി എന്നിങ്ങനെ വ്യവഹരിക്കപ്പെടുന്നു. ശോഭായമാനമായ ചിറകുകളുള്ള ഗരുഢനും അവനത്രെ. പരമാർത്ഥവസ്തു ഏകനാണ്. ഈ പേരുകളിൽ തത്വം കണ്ടവർ അവനെ പല പ്രകാരത്തിൽ വർണിക്കുന്നു).

അങ്ങനെ ഏക ദൈവ വിശ്വാസം തന്നെയാണ് ഹിന്ദുത്വത്തിന്റെ

കാതൽ എന്നതുകൊണ്ട് പിന്നെ എന്തിന് മറ്റൊന്ന് എന്ന ചിന്തയും ഉടക്കി.

അങ്ങനെ മറ്റൊരു സൂക്തം ശ്രദ്ധയിൽ വന്നു. അത് വിശുദ്ധ ഖുർആനിൻേറതായിരുന്നു.

“പറയുക; പ്രവാചകരേ: കാര്യം അല്ലാഹു ഏകനത്രേ. അല്ലാഹു സർവ്വർക്കും ആശ്രയമായിട്ടുള്ളവൻ. അവൻ ആരേയും ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചിട്ടുമില്ല അവന് തുല്യമായി ആരുമില്ല താനും” (ഖുർആൻ 112:1–4).

ഇതിൽനിന്നും ദൈവം ആര് എന്നും അവൻെറ ഗുണവിശേഷങ്ങൾ എന്ത് എന്നും എനിക്ക് ബോധ്യമായി. ദേവീദേവന്മാർ മനുഷ്യമനസുകളുടെ സൃഷ്ടിരൂപം പ്രാപിച്ചവയാണ് എന്നും അവയെ ആരാധിച്ച് ജീവിച്ച് മരിച്ചാൽ ഞാൻ വന്ന ലോകത്ത് എത്തിച്ചേരാൻ കഴിയുകയില്ലായെന്നും എനിക്ക് ഉത്തമ ബോധ്യം വന്നു. മാത്രമോ? മഹാ നിർവാണ സ്ത്രോത്രത്തിൽ വായിക്കുക:

തദേകം സ്മരാമസ്തദേകം ജപാമഹഃ
തദേകം ജഗത്സാക്ഷി രൂപം നമാമഹഃ
തദേകം നിധാനം നിരാലംബമീം
ഭവാം ഭോതി പോതം ശരണ്യം പ്രജാ മഃ

(ഒന്നായ നിന്നെ മാത്രം സ്മരിക്കട്ടെ. ഏകനായ നിൻെറ നാമങ്ങൾ ജപിക്കട്ടെ. ജഗത്സാക്ഷിയും സ്വരൂപനുമായ ആ ഏകനെ നമസ്ക്കരിക്കട്ടെ. സതാമാത്രവും ഒരേയൊരു ആശ്രയ സ്ഥാനവും തിരാധാരവും ഭവസാഗരം കടക്കുവാൻ സഹായിക്കുന്ന തരുണിയുമായ ഏക ദൈവത്തെ ഞാൻ ശരണം പ്രാപിക്കുന്നു).

ഇതിനെ പരിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്നത് കാണുക:

“കാലം തന്നെയാണ് സത്യം. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും സത്യംകൊണ്ട് അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ പരസ്പരം ഉപദേശിക്കുകയും ചെയ്തവർ ഒഴികെ” (ഖുർആൻ 103:1–3).

ഇവ്വിധമുള്ള പരസ്പര വിശകലനത്തിൽനിന്നും താരതമ്യ പഠനത്തിൽ നിന്നും എനിക്ക് പടച്ച തമ്പുരാൻ സമ്മാനിച്ച അമാനത്ത് (അമൂല്യ നിധി) ആണ് ഇസ്‌ലാം.

ഭാര്യയോട് സമ്മതം ചോദിച്ചപ്പോൾ പീഢനങ്ങളുടെയും മാനസി

കാഘലാതങ്ങളുടെയും കേളീരംഗമായി ജീവിതം നീങ്ങിയപ്പോൾ, അവരുമായുള്ള ബന്ധം വേർപ്പെട്ടു. അവരുടെ പകപോക്കലുകൾക്ക് ആക്കം വർധിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ നടന്നുനീങ്ങിയതോ പൊന്നാനിയിലേക്കും. വിശുദ്ധമായ തൗഹീദിലേക്ക്. പ്രവാചകൻ മുഹമ്മദ് മുസ്തഫാ ﷺ പ്രബോധനം ചെയ്ത തൗഹീദിലേക്ക്. പശ്ചാത്താപ ബോധത്തോടെ പാപപങ്കിലമായ മനസുമായി മറ്റൊരു നിഷ്കളങ്കനായ മനുഷ്യൻെറ പുതുപ്പിറവിയിലേക്ക്! അത് മറ്റൊരു ചരിത്രം.

വായിക്കുന്നവരോട് ഒരു വാക്ക്: സത്യാന്വേഷണ തൽപരരായ നിങ്ങൾ സംശുദ്ധമായതും യുക്തിഭദ്രവുമായ, കറകളഞ്ഞ തൗഹീദിലേക്ക് കടന്നുവരുവിൻ. എൻെറ ഈ ലിഖിതം എന്തെങ്കിലും പ്രചോദനം നൽകുമെങ്കിൽ ഞാൻ കൃതാർത്ഥനായി. സർവ്വലോക പരിപാലകനും രാജാധിരാജനുമായ രക്ഷിതാവ് നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ; ആമീൻ.

# 10

## വിമർശനപഠനത്തിന്റെ പര്യവസാനം

**അബ്ദുൽ ഹകീം, വിളയൂർ**

ഒരുപാടു ദൈവങ്ങളെ പ്രതിഷ്ഠിച്ച തറവാട്ടുമണ്ഡപമുള്ള ഒരു തീയ (ഈഴവ) കുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. അച്ഛൻ, അമ്മ, മൂന്ന് സഹോദരിമാർ, ഒരു അനുജൻ എന്നിവരാണ് എനിക്കുള്ളത്.

എന്റെ അടുത്ത സുഹൃത്താണ് ഡോക്ടർ അൻവർ. രണ്ടുവർഷം മുമ്പ് പെരിന്തൽമണ്ണയിൽവെച്ച് 'ഹൈന്ദവത ഇസ്‌ലാം' എന്ന പേരിൽ നടന്ന ആശയസംവാദത്തിലേക്ക് അദ്ദേഹം എന്നെ ക്ഷണിച്ചു. വിവിധ മതങ്ങളെക്കുറിച്ചൊന്നും ചിന്തിക്കാത്ത വ്യക്തിയായിരുന്നു ഞാൻ. സംവാദം കേൾക്കുവാൻ ഞാൻ പോയി. പ്രീഡിഗ്രിവരെ സംസ്കൃതം പഠിച്ചിരുന്നതിനാൽ സംവാദത്തിനിടക്ക് ഇരുകൂട്ടരും ഉദ്ധരിച്ച ശ്ലോകങ്ങൾ പെട്ടെന്ന് ഗ്രഹിക്കുവാൻ എനിക്ക് കഴിഞ്ഞു. ഇസ്‌ലാമിനെ പ്രതിനിധീകരിച്ച് പ്രസംഗിച്ചയാളുടെ സംസാരത്തിൽ കുറെ കാര്യങ്ങളുണ്ടെന്ന് എനിക്ക് തോന്നിത്തുടങ്ങി. അതോടെ വാശി കൂടി. ഞാൻ വിശ്വസിക്കുന്ന മതം ഒന്നുമല്ല, ഇദ്ദേഹം പ്രതിനിധാനം ചെയ്യുന്ന മതം മാത്രമാണ് ശരി എന്ന നിലയ്ക്കുള്ള സംസാരവും ഹിന്ദുമതത്തെ പ്രതിനിധീകരിച്ച് സംസാരിച്ച ഗോപാലൻകുട്ടി മാസ്റ്ററും പ്രൊഫ. രാമചന്ദ്രനും ഒടുവിൽ പരബ്രഹ്മം വേറെ, ദേവീ- ദേവന്മാർ വേറെ എന്ന് സമ്മതിച്ചതും ഇസ്‌ലാമിനെപ്പറ്റി കൂടുതൽ പഠിക്കാൻ എന്നെ പ്രേരിപ്പിച്ചു. ഡോ. അൻവർ 'ഇസ്‌ലാം സത്യമാർഗം' എന്ന പുസ്തകം എനിക്ക് തന്നു. തുടക്കത്തിൽ മംഗളവും മനോരമയും വായിക്കുന്ന ലാഘവത്തോടെ ഞാനൊന്ന് കണ്ണോടിച്ചു. പിന്നെ അതൊരു മൂലയിലേക്കിട്ടു.

കണ്ണോടിച്ചതിൽ ശ്രദ്ധയിൽപെട്ട, നബിﷺയുടെ അനാഥനായുള്ള ജനനം, വിശ്വസ്തൻ എന്ന പേരിൽ അറിയപ്പെടൽ, അക്ഷരജ്ഞാനമില്ലാതെ നാൽപത് വർഷം ജീവിച്ചശേഷം ഒരു സുപ്രഭാതത്തിൽ ഉന്നതമായ കാര്യങ്ങൾ പറയൽ, അതിൻെറ പേരിൽ ധാരാളം പീഡനങ്ങൾ അനുഭവിക്കൽ തുടങ്ങിയ കാര്യങ്ങളുടെ വിശദീകരണം എൻെറ മനോമുകുരത്തിൽ മായാതെ കിടന്നു. ഭൗതികമായ യാതൊരു നേട്ടവും പ്രതീക്ഷിക്കാതെ ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നു പറഞ്ഞതിൻെറ പേരിൽ കൊടിയ ഉപദ്രവങ്ങൾ സഹിക്കാൻ അദ്ദേഹം തയാറായതെന്തുകൊണ്ട്? ഈ ചിന്ത 'ഇസ്‌ലാം സത്യമാർഗം' വീണ്ടും വായിക്കാൻ എന്നെ പ്രേരിപ്പിച്ചു. അങ്ങനെ നിരവധി തവണ അത് ഞാൻ വായിച്ചുതീർത്തു. വായിച്ചുവായിച്ച് പല ഭാഗങ്ങളും മനഃപാഠമായി. അതിനുശേഷം ഞാൻതന്നെ അറിയാതെ എൻെറ പ്രാർഥനകൾ 'ദൈവമേ' എന്ന് വിളിച്ചുകൊണ്ടായി മാറി. അതോടുകൂടി എൻെറ മനസ്സിന് വല്ലാത്തൊരു സമാധാനം കിട്ടിത്തുടങ്ങിയതായി ഞാനറിഞ്ഞു.

ഒരു ദിവസം ഏകനായ ദൈവത്തിൻെറ നാമത്തിൽ ഞാൻ മരമില്ലിലെ ജോലിയാരംഭിക്കുകയും ഞാൻ പല കഷ്ണങ്ങളായിത്തീരേണ്ട അപകടത്തിൽനിന്ന് അത്യൽഭുതകരമാംവിധം രക്ഷപ്പെടുകയും ചെയ്തു. അതോടെ ഏകദൈവത്തിലുള്ള എൻെറ വിശ്വാസത്തിന് ഒന്നുകൂടി ശക്തികൂടി. 'മോക്ഷത്തിൻെറ മാർഗം', 'പരലോക വിശ്വാസം' തുടങ്ങിയ പുസ്തകങ്ങൾ വായിച്ചു. ഇടക്കിടെ 'നിച്ച് ഓഫ് ട്രൂത്തി'ൻെറ പെരിന്തൽമണ്ണയിലുള്ള ഓഫീസിൽവന്ന് അവിടെയുള്ളവരുമായി സംസാരിക്കും. അവിടെയുള്ളവർ പറയുന്നത് മുഖവിലക്കെടുക്കാതെയും, എൻെറ വിശ്വാസത്തെ മാറ്റിയെടുക്കാമെന്ന ചിന്ത മനസ്സിലിരിക്കട്ടെ എന്ന ചിന്തയോടെയുമാണ് ഞാൻ അവർക്കുമുമ്പിൽ ഇരുന്നിരുന്നത്. എന്നിരുന്നാലും പരലോകവിശ്വാസത്തെ സംബന്ധിക്കുന്ന പുസ്തകം വായിക്കുകയും അതിനെക്കുറിച്ച് മറ്റുള്ളവരിൽനിന്ന് പലതും കേൾക്കുകയും ചെയ്തത് എൻെറ മനസ്സിനെ പിടിച്ചുകുലുക്കാൻ തുടങ്ങി. പടച്ചവനാരാണെന്ന് നിനക്ക് മനസ്സിലായില്ലേ? നീ എന്താണ് നമസ്കാരം തുടങ്ങാത്തത്? മുസ്‌ലിമായി ജീവിച്ചുകൂടേ? മരിച്ചാൽ നിൻെറ മടക്കം എങ്ങോട്ടാണ് എന്നൊക്കെ ആരോ എന്നോട് ചോദിക്കുന്നതായി ഉറക്കത്തിൽ അനുഭവപ്പെടും. വിയർത്ത് കുളിച്ചുകൊണ്ട് ഞെട്ടിയുണരും. അത് കാണുമ്പോൾ ഭാര്യ ചീത്ത പറയും. കണ്ണിൽകണ്ട പുസ്തകങ്ങൾ വായിച്ചതുകൊണ്ടാണ് ഇതൊക്കെയെന്ന് ആക്ഷേപിക്കും. അതൊക്കെ ഞാൻ അവഗണിച്ചു. പക്ഷേ, വല്ലാത്തൊരു ശ്വാസംമുട്ടൽ

എനിക്ക് അനുഭവപ്പെട്ടു. നമസ്കാരം തുടങ്ങിയില്ലെങ്കിൽ എന്റെ ജീവിതം തുലഞ്ഞതുതന്നെ എന്നൊരു തോന്നൽ. ഞാൻ അൻവർ ഡോക്ടറെ വിളിച്ച് എനിക്ക് മുസ്‌ലിമാകണമെന്ന് പറഞ്ഞു. നിച്ചിന്റെ ഓഫീസിലെത്താൻ പറഞ്ഞതനുസരിച്ച് ഞാൻ അവിടെ എത്തി. അവിടെയുള്ളവർ എനിക്ക് ഇസ്‌ലാംകാര്യവും ഈമാൻകാര്യവും വിശദീകരിച്ചു തരുവാൻ തുടങ്ങി. ഇതൊക്കെ ഞാൻ മനസ്സിലാക്കിയതാണ്. ഇതൊക്കെ പറഞ്ഞ് ഇവരെന്തിനാണ് സമയം നീട്ടുന്നത്. വേഗത്തിൽ എനിക്ക് സാക്ഷ്യവാക്യങ്ങൾ ചൊല്ലിത്തന്നുകൂടേ, എന്നിട്ടുപോരേ വിശദീകരണങ്ങൾ, ഞാനിപ്പോൾ മരിച്ചാൽ ഇവർ സമാധാനം പറയേണ്ടിവരില്ലേ എന്നൊക്കെയായിരുന്നു അന്നേരം എന്റെ മനസ്സിലുണ്ടായിരുന്ന ചിന്ത. എനിക്കവരോട് അപ്പോൾ ദേഷ്യമാണ് തോന്നിയത്. അവർക്ക് പലതും ചിന്തിക്കേണ്ടതുണ്ട് എന്നതൊന്നും ചിന്തിക്കാൻ അപ്പോൾ എനിക്ക് കഴിയുമായിരുന്നില്ല. ഏതായാലും സാക്ഷ്യവാക്യങ്ങൾ ഉരുവിട്ടുകൊണ്ട് ഞാൻ മുസ്‌ലിമായി മാറി.

ഒരു വലിയ ഭാരം ശരീരത്തിൽനിന്ന് ഇറക്കിവെച്ച പ്രതീതിയാണ് അന്നേരം എനിക്കുണ്ടായത്. അനേകം ബന്ധനങ്ങളിൽനിന്ന് മോചിതനായ അവസ്ഥ. എല്ലാവിധ ഭയങ്ങളിൽനിന്നും നിർഭയാവസ്ഥ കൈവന്നപോലെ.

ഇസ്‌ലാമിലേക്ക് കടന്നുവന്നശേഷം ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. ഭാര്യയിൽനിന്നായിരുന്നു വലിയ ഭീഷണി. അവൾ ബഹുദൈവവിശ്വാസിനിയായതിനാൽ സഹവാസം ഒഴിവാക്കി. കാര്യം പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും ചെവിക്കൊണ്ടില്ല. ഞാൻ നമസ്കരിക്കുമ്പോൾ എന്നെ ചവിട്ടിമറിക്കും. കത്തികൊണ്ട് ദേഹത്ത് വരക്കും. ആത്മഹത്യാഭീഷണി ഉയർത്തും. ഒരു തടിമില്ലിലായിരുന്നു എനിക്ക് ജോലി. അവിടെവെച്ച് ചില സഹപ്രവർത്തകർ എന്നെ അപകടപ്പെടുത്തുവാനുള്ള ശ്രമവും നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രക്ഷപ്പെട്ടു. നാട്ടിലും വീട്ടിലും ഒറ്റപ്പെട്ടു. സാമ്പത്തിക സഹായമോ വീടോ വേണമെങ്കിൽ അച്ഛനോട് പറഞ്ഞ് വാങ്ങിത്തരാം എന്ന് ചില ബന്ധുക്കൾ പറഞ്ഞു. ഈ ലോകത്തെ പ്രശ്നമല്ല, ഇതിനുശേഷമുള്ള പ്രശ്നമാണ് എനിക്ക് വലുത്. അത് പരിഹരിച്ചുതരുവാൻ നിങ്ങൾക്ക് കഴിയുമോ,ഏകനായ ദൈവത്തെ മാത്രം ഞാൻ വിളിച്ച് പ്രാർഥിക്കുന്നു എന്നതാണോ ഞാൻ ചെയ്യുന്ന തെറ്റ് എന്നൊക്കെയുള്ള എന്റെ ചോദ്യങ്ങൾ അവരുടെ വായടച്ചു. മാനസികവും ശാരീരികവുമായുള്ള പീഡനങ്ങൾക്കൊന്നും എന്നെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. മാത്രമല്ല,

അവ എന്റെ വിശ്വാസത്തിന്റെ ശക്തി കൂട്ടുകയാണ് ചെയ്തത്.

ഇസ്‌ലാം എന്താണെന്ന് മനസ്സിലാക്കിത്തുടങ്ങിയ ശേഷമാണ് ഹിന്ദു മതമെന്താണെന്ന് ഞാൻ പഠിക്കാൻ തുടങ്ങിയത്. ഹിന്ദുമതം എന്നൊരു മതമില്ലെന്നും കുറെ സംസ്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും അന വധി ദൈവങ്ങളും ദേവീ- ദേവന്മാരുമുള്ള, പ്രത്യേകമായ ചട്ടക്കൂടൊന്നു മില്ലാത്ത കുറെ കൂട്ടായ്മകളുമാണ് അതെന്നുമുള്ള സത്യം വ്യക്തമാ യി. ഒരു മഹാശക്തിയിലുള്ള വിശ്വാസം എല്ലാ മതക്കാർക്കുമുണ്ട്. പ ക്ഷേ, ആ ശക്തിയെ യഥാവിധി മനസ്സിലാക്കിത്തരുന്നതും അവങ്കലേ ക്കുള്ള നേരായ പാത കാട്ടിത്തരുന്നതും ഇസ്‌ലാം മാത്രമാണ്.

ഇസ്‌ലാമിലെ കർമഫലസിദ്ധാന്തം എന്നെ ഏറെ ആകർഷിച്ചു. ഒരു പാട് കഷ്ടപ്പാടുകളും വേദനകളുമാണീ ലോകത്ത് കൂടുതലും മനുഷ്യ രനുഭവിക്കുന്നത്. തക്കതായ പ്രതിഫലമോ തിന്മകൾക്കുള്ള ശിക്ഷയോ ഇവിടെ ലഭ്യമല്ല. സത്യവിശ്വാസം സ്വീകരിച്ച ഒരാളുടെ യാതൊരു സൽ കർമവും പാഴായിപ്പോകുന്നില്ല. സ്വർഗമാണവർക്ക് സ്രഷ്ടാവ് വാഗ്ദാ നം ചെയ്തിരിക്കുന്നത്. അവിടെവെച്ച് സർവശക്തനായ പടച്ചതമ്പു രാനെ നേരിൽ കാണാനുള്ള അവസരമുണ്ടാകും എന്നതാണ് ഏറ്റവും സന്തോഷകരവും നിർവൃതിദായകവുമായി തോന്നുന്നത്.

സംസ്കൃതം പഠിക്കുകയും സംസ്കൃതത്തിലുള്ള ഹൈന്ദവ വേദഗ്ര ന്ഥങ്ങൾ പാരായണം ചെയ്യുകയും ചെയ്തിരുന്ന എനിക്ക് അറബിഭാ ഷയിലുള്ള ഖുർആനുമായി അടുത്തപ്പോൾ വിശുദ്ധ ഖുർആനിന്റെ ഭാഷയും ശൈലിയും വശ്യമനോഹരമായാണ് അനുഭവപ്പെടുന്നത്. അതുപോലെ എളുപ്പത്തിൽ ഹൃദ്യസ്ഥമാക്കുവാനും മനോഹരമായി പാരായണം ചെയ്യുവാനും കഴിയുന്ന മറ്റൊരു ഗ്രന്ഥവും ലോകത്തിലി ല്ല എന്നതാണ് വാസ്തവം. അത് പരിപൂർണമായും ദൈവികവചന ങ്ങളാണ്. സന്ദർഭത്തിൽനിന്നും സൂക്തങ്ങൾ അടർത്തിയെടുത്തോ ദുർ വ്യാഖ്യാനം ചെയ്തോ ഖുർആനിനെ ആക്ഷേപിക്കാൻ കഴിയുമെന്ന ല്ലാതെ യഥാർഥമായ നിലയ്ക്ക് സത്യത്തിനും നീതിക്കും ധർമത്തിനും സദാചാരത്തിനും നിരക്കാത്ത യാതൊന്നും അതിൽ കണ്ടെത്താൻ കഴി യില്ല.

ഇതൊന്നും മനസ്സിലാക്കാതെയാണ് പലരും ഖുർആൻ തിരുത്തിയെ ഴുതണമെന്ന് ആവശ്യപ്പെടുന്നത്. ഇസ്‌ലാം പഠിപ്പിക്കുന്ന മുഴുവൻ കാര്യ ങ്ങളും പ്രാവർത്തികമാക്കി ജീവിക്കേണ്ടവനാണ് മുസ്‌ലിം. അതാണ് അവന്റെ മേൽ നിർബന്ധമായ ഏറ്റവും വലിയ ജിഹാദ്. എന്നാൽ ഇക്കാര്യം ഗ്രഹിക്കാതെ വാളെടുത്ത് ഇതരമതസ്ഥരുടെ തലവെട്ടുന്ന

താണ് ഖുർആൻ പഠിപ്പിക്കുന്ന ജിഹാദെന്ന് പ്രചരിപ്പിക്കുന്നവർ അതിന്റെ പേരിൽ ഖുർആൻ തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണിപ്പോൾ. നിഷ്കളങ്കരായ ആളുകൾ ഇതിൽ വഞ്ചിതരാവുകയാണ്. ഖുർആനിൽ നല്ലൊരു ശതമാനം സൂക്തങ്ങളും പരലോകവിശ്വാസവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ആർക്ക് എന്ത് ബുദ്ധിമുട്ടാണുണ്ടാകുന്നത്? മനുഷ്യർ താന്തോന്നികളായി ജീവിച്ചാലും വേണ്ടില്ല അവർ ഇസ്‌ലാമിലേക്ക് അടുക്കരുത് എന്നാണ് പലരുടെയും ചിന്താഗതി.

മദ്യപാനമടക്കമുള്ള അധാർമിക പ്രവർത്തനങ്ങളിൽ മുഴുകിയിരുന്നവനായിരുന്നു ഞാൻ. അതിന്റെ പേരിൽ എന്റെ കുടുംബക്കാരാരും എന്നെ പഴിക്കുകയോ എന്നോട് പിണങ്ങുകയോ ചെയ്തിട്ടില്ല. എന്നാൽ ഒരു സുപ്രഭാതത്തിൽ എല്ലാ തോന്ന്യാസങ്ങളും ഞാൻ അവസാനിപ്പിക്കുകയും മുസ്‌ലിമായി ജീവിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ സ്വന്തക്കാർ എന്നെ വെറുത്തു; എന്നോട് പിണങ്ങി. എന്റെ സഹോദരൻ എന്നെ കാണുമ്പോൾ കഠിനമായ വെറുപ്പോടെ കാർക്കിച്ച് തുപ്പി മുഖം തിരിക്കും. പക്ഷേ, എല്ലാവരും എന്നിൽ നിന്ന് അകലുന്തോറും ഞാൻ കൂടുതൽ കൂടുതൽ അവരുമായി അടുക്കാൻ ശ്രമിച്ചു. അതുകൊണ്ട് അവരുടെ വെറുപ്പ് അവസാനിച്ചു. ഇസ്‌ലാമിനോട് മുമ്പുണ്ടായിരുന്ന വെറുപ്പ് അവരിൽ നിന്ന് നീങ്ങിയിട്ടുണ്ട്.

ഇസ്‌ലാമിന് നേരെ കാര്യമായി ഇന്ന് ഉയരുന്നത് സ്ത്രീപക്ഷ വിമർശനങ്ങളാണ്. സ്ത്രീക്ക് ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം നൽകിയ മതമാണ് ഇസ്‌ലാം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്ത്രീക്ക് തന്റെ ശരീരത്തിന്റെ ആകാരവടിവും നഗ്നതയും പ്രദർശിപ്പിക്കാനും അന്യപുരുഷന്റെ കൂടെ അഴിഞ്ഞാടി നടക്കാനും അനുവാദം നൽകുന്നതാണ് യഥാർഥ സ്വാതന്ത്ര്യമെന്ന് ധരിച്ചുവെച്ചിരിക്കുന്ന ആധുനിക സമൂഹത്തിന്റെ കണ്ണിൽ അതിനൊന്നും അനുവാദം നൽകാത്ത ഇസ്‌ലാം സ്ത്രീ സ്വാതന്ത്ര്യത്തിനെതിരായേക്കാം. എന്നാൽ വാസ്തവം മറിച്ചാണ്. കഴുകക്കണ്ണുകൾ തങ്ങളുടെ നഗ്നമേനിയെ കൊത്തിവലിക്കാതിരിക്കാൻവേണ്ടി പരിപൂർണമായും നഗ്നത മറച്ച് നടക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീക്ക് ഇസ്‌ലാം നൽകിയിരിക്കുന്നു. അതുകൊണ്ട് അവൾക്ക് ഗുണമല്ലാതെ എന്തെങ്കിലും ദോഷമുണ്ടെന്ന് ആർക്കും പറയാനാവില്ല. സ്ത്രീക്ക് ആരാധനാ സ്വാതന്ത്ര്യവും ഇണയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും വേണ്ടിവന്നാൽ ഭർത്താവിൽനിന്നും വിവാഹമോചനം നേടാനുള്ള സ്വാതന്ത്ര്യവും സ്വത്തവകാശവുമൊക്കെ നൽ

കിയ ഇസ്‌ലാമിനെ സ്ത്രീവിരുദ്ധമെന്ന് വ്യാഖ്യാനിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധിയെ സംശയിക്കേണ്ടിയിരിക്കുന്നു.

അറിവ് പൂർണമായവനേ പ്രബോധനം നടത്താൻ അർഹതയുള്ളൂ എന്നൊരു വാദം ചിലർക്കിന്നുണ്ട്. അതിന് തെളിവിൻെറ പിൻബലമില്ല; മാത്രമല്ല പ്രബോധന പ്രവർത്തനങ്ങളെ മരവിപ്പിക്കുന്ന വാദമാണത്. 'ലാ ഇലാഹ ഇല്ലല്ലാഹു'വിൻെറ അർഥം മനസ്സിലാക്കിയവൻ അത് പ്രബോധനം ചെയ്യണം. നന്മ കൽപിക്കലും തിന്മ വിരോധിക്കലും മുസ്‌ലിംകളുടെ സവിശേഷതയായാണ് ഖുർആൻ പറയുന്നത്. അറിവ് പൂർണമായവർക്കേ അതിനൊക്കെ അർഹതയുള്ളൂ എന്നുവന്നാൽ എന്തായിരിക്കും സമൂഹത്തിൻെറ അവസ്ഥ!

നബിﷺ കാണിച്ചുതന്ന ഒരു പ്രബോധന ശൈലിയുണ്ട്. അതാണ് നമ്മൾ സ്വീകരിക്കേണ്ടത്. പ്രലോഭനത്തിന്റെ ശൈലി അദ്ദേഹം ഒരിക്കലും സ്വീകരിച്ചിട്ടില്ല. ഈത്തപ്പഴവും ഒലീവും ഒട്ടകങ്ങളും നൽകി ജനമനസ്സുകളിലേക്ക് കയറിക്കൂടിയശേഷം ഇസ്‌ലാമിനെപ്പറ്റി പറഞ്ഞുകൊടുത്ത ഒരു സംഭവവും പ്രവാചക ചരിത്രത്തിലോ ഖുർആനിലോ ഹദീഥിലോ കാണുവാനില്ല.

മതപരിവർത്തനം നിരോധിക്കണം എന്നാണിപ്പോൾ ചിലർ വാദിക്കുന്നത്. മതം എന്നുപറഞ്ഞാൽ അർഥം അഭിപ്രായം എന്നാണ്. അഭിപ്രായം പറയാനും അഭിപ്രായം മാറ്റാനും നമ്മുടെ നാട്ടിൽ വിലക്കുകളില്ല. തൻെറ വിശ്വാസ- ആരാധനാ മുറകൾ ഏതായിരിക്കണമെന്ന് തീരുമാനിക്കാൻ ഓരോ ഇന്ത്യൻ പൗരനും അനുവാദമുണ്ട്. പാരമ്പര്യവിശ്വാസത്തിൽനിന്ന് ഒരിക്കലും മാറാൻ പാടില്ലെന്ന് ഭരണഘടനയിൽ എവിടെയും പറയുന്നുമില്ല. അതിനാൽ തന്നെ ഇത്തരം ആവശ്യങ്ങൾ ഭരണഘടനാവിരുദ്ധമാണ്.

മീഡിയ ഇസ്‌ലാമിനെയും തീവ്രവാദത്തെയും ചേർത്തവതരിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ട്. തീവ്രവാദത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. തീവ്രത ഒന്നിലും പാടില്ല. ഇസ്‌ലാമിക രാഷ്ട്രത്തിന് കീഴിൽ ജീവിക്കുന്ന അമുസ്‌ലിംകൾക്ക് സംരക്ഷണം നൽകാനാണ് ഇസ്‌ലാം അനുശാസിക്കുന്നത്; അവരെ കൊന്നൊടുക്കാനല്ല. പലരുടെയും കുത്സിത ശ്രമങ്ങളുടെ ഫലമായി ഇസ്‌ലാമിനെ തീവ്രവാദത്തിൻെറ മതമായി ജനങ്ങൾ തെറ്റിദ്ധരിക്കുകയാണ്. ഒരു മുസ്‌ലിം നാമധാരി തെറ്റ് ചെയ്താൽ അത് ഇസ്‌ലാമിൻെറ കണക്കിൽ എഴുതിച്ചേർക്കുന്ന പ്രവണത മാധ്യമലോകത്തുണ്ട്. ഇസ്‌ലാമിൻെറ പേരിൽ പ്രവർത്തിക്കുന്ന തീവ്രവാദസംഘടനകൾ ഇല്ല എന്ന് ഞാൻ പറയുന്നില്ല. എന്നാൽ അതിനൊന്നും

ഇസ്‌ലാമിന്റെ പിന്തുണയില്ല എന്നതാണ് സത്യം. എന്തുകൊണ്ട് തീവ്ര വാദ സംഘടനകൾ ഉടലെടുക്കുന്നു എന്ന കാര്യവും ചിന്തിക്കേണ്ട തുണ്ട്.

അമുസ്‌ലിം സഹോദരങ്ങളോട് എനിക്ക് അപേക്ഷിക്കാനുള്ളത് ഇതാണ്: ഇസ്‌ലാം വിമർശകരുടെ വാക്കുകൾ മാത്രം കേട്ട് ഇസ്‌ലാമിനെപ്പറ്റി മോശമായ ധാരണ വെച്ചുപുലർത്തരുത്. സ്വയം പഠിച്ചറിയാൻ തയാറാവുക. ഇഹലോകത്ത് ഒരു ചാൻസേ നമുക്കുള്ളൂ. അതുകൊണ്ട് അത് നഷ്ടപ്പെടുത്താതിരിക്കുക. സത്യം കണ്ടെത്താൻ ശ്രമിക്കുക. കണ്ടെത്തിക്കഴിഞ്ഞാൽ അത് അംഗീകരിച്ച് ജീവിക്കുക. ശാശ്വത രക്ഷക്ക് ഏകദൈവവിശ്വാസം അനിവാര്യമാണെന്ന് മനസ്സിലാക്കുക.

# 11

## നന്മ വളർത്തുന്ന മതം

**ഷാലി എ. ഹകീം, കോടഞ്ചേരി**

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരിയിൽ ജനിച്ചു. തീവ്രമായ മത ബോധമുള്ള ഒരു കുടുംബമല്ലെങ്കിലും ഹിന്ദു എന്ന പേരിൽ അഭിമാനി ക്കുന്നവരാണ് എന്റെ കുടുംബാംഗങ്ങൾ. ഉദയനുണ്ണി എന്ന ഈഴവ യുവാവിന് എന്നെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ ഭാവിയിൽ തങ്ങ ളുടെ മരുമകൻ അബ്ദുൽ ഹകീം എന്ന മുസ്‌ലിമായിത്തീരുമെന്നും തങ്ങളുടെ മകൾ ഇസ്‌ലാം ആശ്ലേഷിക്കുമെന്നും എന്റെ മാതാപിതാ ക്കൾ സ്വപ്നത്തിൽപോലും പ്രതീക്ഷിച്ചിട്ടുണ്ടാകില്ല. എന്തിനേറെ ഞാൻ പോലും അങ്ങനെയാണല്ലോ.

ചില ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ എന്റെ ഭർത്താവ് വായിക്കു ന്നത് കാണുമ്പോൾ ചെറിയ അനിഷ്ടം തോന്നിയിരുന്നെങ്കിലും എതിർ ത്തില്ല. അത് അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് നയിക്കുമെന്ന് ഞാൻ ചിന്തി ച്ചിരുന്നില്ല. അദ്ദേഹം മുസ്‌ലിമായപ്പോൾ ഞാൻ ശരിക്കും പൊട്ടിത്തെ റിച്ചു. കുടുംബക്കാർക്കിടയിൽ എനിക്കുണ്ടായേക്കാവുന്ന മാനക്കേടും അവരിൽനിന്നും നേരിടേണ്ടിവരുന്ന ഭീഷണികളും സർവോപരി വൃത്തി കെട്ട ഒരു മതമാണല്ലോ ഇസ്‌ലാം എന്ന ചിന്തയുമാണ് എന്നെ വല്ലാതെ പിടിച്ചുലച്ചത്. ഒരു വീട്ടിൽ ഞങ്ങൾ അകന്ന് ജീവിച്ചു. ഞാൻ എന്നെ ക്കൊണ്ടാവുംവിധം അദ്ദേഹത്തെ ശാരീരികവും മാനസികവുമായി പീ ഡിപ്പിച്ചു. പക്ഷേ, അദ്ദേഹം അവിശ്വസനീയമായ നിലയ്ക്ക് ക്ഷമ കാ ണിക്കുകയും എന്നെ ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരു പാട് നല്ല ഗുണങ്ങൾ മുമ്പ് കണ്ടിട്ടില്ലാത്ത വിധത്തിൽ അദ്ദേഹത്തിൽ

ഞാൻ കാണുവാൻ തുടങ്ങി. മദ്യപാനം പോലും അദ്ദേഹം ഒഴിവാക്കിയത്എന്റെ മനസ്സിൽ ചലനമുണ്ടാക്കിത്തുടങ്ങി. അദ്ദേഹം പറയുന്നത് കേൾക്കുവാനും അദ്ദേഹം തരുന്ന പുസ്തകങ്ങൾ വായിക്കുവാനും തുടങ്ങി. വളരെയധികം അടുക്കും ചിട്ടയുമുള്ള ഒരു സജീവമതമാണ് ഇസ്‌ലാം എന്ന് എനിക്ക് ബോധ്യപ്പെട്ടുതുടങ്ങി. അങ്ങനെ ഇസ്‌ലാമിലേക്ക് ഞാൻ കടന്നുവന്നു. ഇപ്പോൾ എല്ലാ വെള്ളിയാഴ്ചയും പള്ളിയിലേക്ക് പോകും. ഖുർആൻ പഠന ക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ട്. ജീവിതത്തിന് ഒരർഥമുള്ളതായും ഒരുപാട് നന്മകൾ ചെയ്യേണ്ടതുണ്ട് എന്ന തോന്നലുണ്ടായതും ഇപ്പോഴാണ്.

മുഹമ്മദ് നബിﷺയുടെയും അനുചരന്മാരുടെയും ത്യാഗോജ്ജ്വല ജീവിതകഥകൾ വായിക്കുമ്പോൾ വിശ്വാസം കൂടിക്കൂടിവരികയും നിസ്സാരന്മാരായ നമ്മൾ എന്ത് ത്യാഗമാണ് ചെയ്യുന്നത് എന്ന ചിന്ത ഉയരുകയും ചെയ്യും. സംശുദ്ധമായ ജീവിതം നയിച്ച മഹാനായിരുന്നു പ്രവാചകൻ. സൽസ്വഭാവവും കാരുണ്യവും മറ്റെല്ലാ ഉത്തമഗുണങ്ങളും ഒത്തുചേർന്ന അദ്ദേഹത്തിന് തുല്യനായി ഒരു ആചാര്യനെയും കണ്ടെത്തുക സാധ്യമല്ല.

വിശുദ്ധ ഖുർആൻ പഠിക്കുവാൻ നിത്യവും ഞാൻ സമയം കണ്ടെത്തുന്നുണ്ട്. അനിർവചനീയമായൊരു ആത്മാനുഭൂതി ഖുർആൻ പഠനത്തിലൂടെ എനിക്ക് കിട്ടുന്നുണ്ട്. അത് ദൈവവചനങ്ങളാണ് എന്ന സത്യം ചിന്തിക്കുമ്പോഴാണ് കൂടുതൽ അതുമായി അടുക്കാൻ തോന്നുന്നത്. പ്രപഞ്ച സ്രഷ്ടാവിൽനിന്ന് അവതീർണമായത് എന്ന് പരിചയപ്പെടുത്തുന്ന ഒരു വേദഗ്രന്ഥം ഹിന്ദുമതത്തിൽ ഞാൻ കണ്ടിട്ടില്ല.

മുസ്‌ലിംസ്ത്രീകളുടെ വസ്ത്രധാരണരീതിയോട് പണ്ടേ എനിക്ക് പുഛമായിരുന്നു. ഇസ്‌ലാമിലേക്ക് കടന്നുവന്നയുടനെയും ആ രീതി സ്വീകരിക്കാൻ എനിക്ക് അൽപം മടിയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഞാൻ അത് അങ്ങേയറ്റം ഇഷ്ടപ്പെടുന്നു. എല്ലാ സ്ത്രീകളും ഇസ്‌ലാമിക വസ്ത്രധാരണരീതി സ്വീകരിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോകാറുണ്ട്. സ്ത്രീകൾക്കെതിരെയുള്ള ഒരുപാട് കയ്യേറ്റങ്ങൾക്ക് അത് തടയിടുമെന്ന് എനിക്ക് പൂർണ ബോധ്യമുണ്ട്. മുസ്‌ലിം സ്ത്രീകളിൽപെട്ട നല്ലൊരു ശതമാനംപേരും യഥാർഥമായ ഇസ്‌ലാമിക വസ്ത്രധാരണരീതി സ്വീകരിച്ചുകാണുന്നില്ല. മറക്കേണ്ടുന്ന ശരീരഭാഗങ്ങൾ മറക്കാതെ പുറത്തിറങ്ങിയാൽ പരലോകത്ത് കഠിനമായി ശിക്ഷിക്കപ്പെടും എന്ന കാര്യം മനസ്സിലാക്കാത്തതുകൊണ്ടായിരിക്കാം അത്.

മുസ്‌ലിംകൾ യഥാർഥ ഇസ്‌ലാമനുസരിച്ച് ജീവിക്കാൻ തയാറാവാ

ത്തതാണ് മറ്റുള്ളവർ ഇസ്‌ലാമിനെ മോശമായ മതമായി കാണുവാൻ കാരണമെന്നാണ് എൻെറ അനുഭവം. തീവ്രവാദത്തിൻെറ പേരിൽ മുസ്‌ലിംകളെ ആക്ഷേപിക്കുന്നതിനും കാരണക്കാർ ചില മുസ്‌ലിംകൾ തന്നെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

എന്താണ് ഇസ്‌ലാമെന്ന് മനസ്സിലാക്കാൻ മുസ്‌ലിംകൾതന്നെ തയാറാകുന്നില്ല. ആ അവസ്ഥക്ക് മാറ്റമുണ്ടാകണം. ഖുർആനും നബിചര്യയും പഠിക്കാൻ അവർ മുന്നോട്ട് വരണം. പഠിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ ജീവിതത്തിൽ പകർത്താൻ തയാറാവണം. എങ്കിൽ ഇതര മതസ്ഥർക്ക് ഇസ്‌ലാമിനോടുള്ള വെറുപ്പ് ഇല്ലാതാകും.

തെറ്റിദ്ധാരണകളിൽ അകപ്പെട്ട് ഇസ്‌ലാമിനെ അവമതിക്കുന്ന ഇതര മതസ്ഥരും സത്യം മനസ്സിലാക്കാൻ സന്മനസ്സ് കാണിക്കണം. ഇസ്‌ലാം വിമർശകരിൽ നിന്നല്ല ഇസ്‌ലാമിനെക്കുറിച്ച് പഠിക്കേണ്ടത്. പരസ്പരവിശ്വാസമില്ലായ്മയും വിദ്വേഷവും ഇല്ലാതാക്കുവാൻ പരസ്പരം മനസ്സിലാക്കൽ അനിവാര്യമാണ്.

# 12

## സമാധാനത്തിന്റെ ശാദ്വലതീരം

**അബ്ദുറഹ്മാൻ, നിലമ്പൂർ**

ഏതോ ഒരു നിമിഷത്തിൽ ഇസ്‌ലാമിനെക്കുറിച്ച് അറിയാനുള്ള ആഗ്രഹം ഉള്ളിൽ നാമ്പെടുത്തു. മുസ്‌ലിം സുഹൃത്തുക്കളുമായി സംവദിച്ചു. ചില പ്രഭാഷണങ്ങൾ കേട്ടു. ഹിന്ദുമതവിശ്വാസിയായിരുന്ന എനിക്ക് ഇസ്‌ലാമിലെ പരലോക വിശ്വാസത്തെ പെട്ടെന്നൊന്നും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. മുസ്‌ലിം സുഹൃത്തുക്കളുമായി ഈ വിഷയത്തിൽ തർക്കിച്ചു. കൂടെ ഖുർആൻ പഠിക്കുവാൻ തുടങ്ങി. ഒടുവിൽ ഏകദൈവ വിശ്വാസത്തിൻെറ പ്രാധാന്യവും ബഹുദൈവാരാധനയുടെ വ്യർഥതയും എനിക്ക് ബോധ്യമായി. പുനർജന്മസിദ്ധാന്തത്തിന് അർഥവും തെളിവുമില്ലെന്നും ഇസ്‌ലാം പഠിപ്പിക്കുന്ന പരലോകവിശ്വാസമാണ് ശരി എന്നും ഞാൻ മനസ്സിലാക്കി.

ഇഹലോകത്തിലെ സുഖവും വിജയവും മാത്രം കാംക്ഷിക്കുന്നവർക്ക് എന്ത് ചെയ്താലും മനസ്സമാധാനം ലഭിച്ചെന്നുവരില്ല. അവർക്ക് ചെറിയ പരീക്ഷണങ്ങൾപോലും നേരിടാൻ കഴിയില്ല. എന്നാൽ പാരത്രിക വിജയം ലക്ഷ്യമാക്കുന്നവർക്ക് ഈ ലോകത്തിലെ ഒരു നഷ്ടവും നഷ്ടമായി തോന്നുകയില്ല. അല്ലാത്തവരാണ് ആത്മഹത്യകളിൽ അഭയം കണ്ടെത്തുന്നത്

സ്വന്തം വീട്ടിലും ഭാര്യാവീട്ടിലും കടയിലുമൊക്കെ എനിക്ക് പ്രശ്നങ്ങളുണ്ടായി. സാമ്പത്തികമായി ഞെരുക്കമുണ്ടായി. സർവശക്തനിൽ ഭരമേൽപിച്ചതിനാൽ ഞാൻ പിടിച്ചുനിന്നു. എല്ലാം ധൈര്യമായി നേരിട്ടു. ഇസ്‌ലാമിൽ എന്നെ ഏറ്റവുമധികം ആകർഷിച്ച കാര്യം തന്നെ സ്ര

ഷ്ടാവിനെ മാത്രം ആരാധിക്കുക എന്ന തത്ത്വമാണ്. അതുകൊണ്ടുതന്നെ എന്റെ സ്രഷ്ടാവ്, കരുണാമയനായ സ്രഷ്ടാവ് എന്നെ കൈവിടില്ല എന്ന ഉത്തമ ബോധം എനിക്കുണ്ടായിരുന്നു. അവൻ എന്നെ സഹായിച്ചു.

മുഹമ്മദ് നബിﷺക്കെതിരെ ചില കേന്ദ്രങ്ങളിൽ നിന്നുയരുന്ന ദുരാരോപണങ്ങൾ കേൾക്കുമ്പോൾ എനിക്ക് വലിയ അത്ഭുതമാണ് തോന്നുന്നത്. സകലവിധ അധാർമികതകളും കൊടികുത്തിവാണിരുന്ന നാട്ടിൽ യാതൊരുവിധ തെറ്റിലും അകപ്പെടാതെ 'വിശ്വസ്തൻ' എന്ന പേരിൽ അറിയപ്പെട്ട മഹാനാണ് മുഹമ്മദ് നബി ﷺ. അദ്ദേഹത്തിന്റെ നാൽപതാമത്തെ വയസ്സിലാണ് അല്ലാഹു അദ്ദേഹത്തെ ദൂതനായി നിയോഗിക്കുന്നത്. വ്യക്തിപരമായ യാതൊരു ദൂഷ്യവും അദ്ദേഹത്തിൽ ആരോപിക്കാൻ ശത്രുക്കൾക്ക് കഴിഞ്ഞിട്ടില്ല. ഒരു വ്യക്തി എന്ന നിലയ്ക്ക് എല്ലാവർക്കും അദ്ദേഹത്തോട് മതിപ്പായിരുന്നു. അദ്ദേഹം കൊണ്ടുവന്ന ആദർശം അസ്വീകാര്യമായി കണ്ടവർ അതിന്റെ പേരിലാണ് അദ്ദേഹത്തെ എതിർത്തത്. അന്ധമായ വിരോധമുള്ളവരാണ് അദ്ദേഹത്തിന്റെ പേരിൽ ദുരാരോപണങ്ങൾ ഉന്നയിക്കുന്നത്.

സ്ത്രീകളെ അടിച്ചമർത്തുന്ന മതമാണ് ഇസ്‌ലാം എന്ന ആരോപണത്തിലും ഒട്ടും വാസ്തവമില്ല. ഇസ്‌ലാമിനെപ്പോലെ സ്ത്രീയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്ത വേറൊരു മതവുമില്ല. ഭാര്യ, മാതാവ്, മകൾ, സഹോദരി തുടങ്ങി എല്ലാ നിലകളിലും അവൾക്ക് നൽകുന്ന സ്ഥാനവും ആദരവുമൊക്കെ ആരോപകർ മനസ്സിലാക്കേണ്ടതുണ്ട്. മുസ്‌ലിംകൾ മൂത്രമൊഴിച്ചശേഷം വെള്ളംകൊണ്ട് വൃത്തിയാക്കുന്നതിനെവരെ ആക്ഷേപിക്കുന്നവർ നമുക്കിടയിലുണ്ട്. സ്ത്രീകൾ നഗ്നത പ്രദർശിപ്പിക്കുന്നതിനെ സ്വാതന്ത്ര്യമായും ഇസ്‌ലാം അനുശാസിക്കുന്ന നിലയിൽ ശരീരം മറക്കുന്നതിനെ പാരതന്ത്ര്യമായും അങ്ങനെയുള്ളവർ വ്യാഖ്യാനിക്കുന്നുണ്ട്. വിമർശിക്കാൻവേണ്ടിയുള്ള വിമർശനം എന്നുമാത്രമെ ഇതിനെക്കുറിച്ച് പറയാനുള്ളൂ.

ജീവകാരുണ്യ പ്രവർത്തനങ്ങൾവഴി ഇസ്‌ലാമിക പ്രബോധനം നടത്തുന്നതാണ് കൂടുതൽ ഫലപ്രദമെന്ന ചിലരുടെ വാദത്തോട് എനിക്ക് യോജിപ്പില്ല. ജീവകാരുണ്യ പ്രവർത്തനങ്ങൾ പാരത്രികമോക്ഷം ആഗ്രഹിച്ചാണ് ചെയ്യേണ്ടത്. അത് വിശ്വാസികളുടെ ബാധ്യതയാണ്. അതിനെ പ്രബോധനത്തിനുള്ള പാലമാക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മതപരിവർത്തനം നിരോധിക്കാൻ ശ്രമിക്കുന്നവരോട് എനിക്ക് സഹ

താപമാണുള്ളത്. നിരോധിക്കാൻ സാധിക്കുന്ന ഒന്നല്ല അത്. മറ്റേത് നിയമവും ലംഘിക്കപ്പെടുന്നതുപോലെ അങ്ങനെയൊരു നിയമവും ലംഘിക്കപ്പെടും. വിശ്വാസം മനസ്സിൽ അടിയുറച്ചാൽ ആ വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് ഒരു വ്യക്തിയെ പിന്തിരിപ്പിക്കാൻ കഴിയില്ല.

ഇസ്‌ലാമും തീവ്രവാദവും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇസ്‌ലാം മിതവാദത്തിൻെറ മതമാണ്. തീവ്രവാദത്തിനെതിരെ ശക്തമായ ഭാഷയിൽ മുഹമ്മദ് നബി താക്കീത് നൽകിയിട്ടുണ്ട്.

# 13

## പഠിച്ചത് വൈദികനാവാൻ

അബ്ദുസ്സമദ്, കണ്ണൂർ

ഞാനൊരു വൈദിക വിദ്യാർഥിയായിരുന്നു. മൂന്നുവർഷം പഠിച്ചു. യാക്കോബായ സഭയായിരുന്നു എൻേറത്.

എന്നാൽ നേർമാർഗത്തിലൂടെയല്ല ചരിച്ചുകൊണ്ടിരിക്കുന്നത് എന്ന് എനിക്ക് ഏറെത്താമസിയാതെ ബോധ്യമായി. യേശുവിനെ കാണുക പോലും ചെയ്യാത്ത പൗലോസിൻെറ അനുയായികൾ തട്ടിക്കൂട്ടിയതാണ് ഇന്ന് കാണുന്ന ബൈബിൾ. ലൂക്കോസിൻെറ സുവിശേഷം ഒന്നാം അധ്യായത്തിലെ ഒന്നുമുതൽ നാലുവരെയുള്ള വചനങ്ങൾ ഇങ്ങനെ വായിക്കാം:

"ശ്രീമാനായ തെയോഫിലോസേ, ആദിമുതൽ കണ്ട സാക്ഷികളും വചനത്തിൻെറ ശുശ്രൂഷകരുമായവർ നമ്മെ ഭരമേൽപിച്ചതുപോലെ, നമ്മുടെ ഇടയിൽ പൂർണമായി പ്രമാണിച്ചുവരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട് നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയും നിശ്ചയം നീ അറിയേണ്ടതിന് അത് ക്രമമായി എഴുതുന്നതു നന്നെന്ന് ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും ബോധ്യമായിരിക്കുന്നു". ലൂക്കോസാണിത് പറയുന്നത്. യേശുവിൻെറ 12 ശിഷ്യന്മാരിൽപെട്ടവരല്ല മത്തായിയും മാർക്കോസും യോഹന്നാനും ലൂക്കോസും പൗലോസും. ഇവരൊക്കെ തട്ടിക്കൂട്ടിയതാണ് ഇന്നത്തെ ബൈബിൾ. അതിശയോക്തി, ഇല്ലാത്തകഥകൾ, യേശുവിനെ അപമാനിക്കുന്നതരത്തിലുള്ള പരാമർശങ്ങൾ ഇവയൊക്കെ അടങ്ങിയതാണ് അത്. ക്രിസ്ത്യാനികളാകട്ടെ

കുരിശിനെ വന്ദിക്കുന്നവരാണ്. പണ്ട് ഏറ്റവും നീചന്മാരായ ആളുകളെ തറക്കുന്നത് കുരിശിലായിരുന്നു. കുരിശിൽ തറക്കപ്പെട്ടുകൊല്ലപ്പെടുന്നത് അത്രയും നിന്ദ്യകരമായ ഒന്നായിരുന്നു. എന്നിട്ട് യേശുവിനെ കുരിശിൽ തറച്ചുവെന്നും അദ്ദേഹം അങ്ങനെ വധിക്കപ്പെട്ടുവെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ആ കുരിശിനെ ആരാധിക്കുകയും ചെയ്യുന്നു! കുരിശിലൂടെ യാതൊരു അത്ഭുതവും നടന്നതായി ബൈബിൾ പറയുന്നില്ല. ബൈബിൾ പലതവണ വായിച്ചിട്ടും എന്റെ സംശയങ്ങൾ നീങ്ങിയില്ല. എന്നുമാത്രമല്ല, അതിലെ വൈരുധ്യങ്ങൾ എന്നെ അസ്വസ്ഥനാക്കുകയും ചെയ്തു.

ആരൊക്കെയോ തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് കുറെ സഭകൾ രൂപീകരിച്ചു. പാരമ്പര്യമായി അതങ്ങനെ തുടർന്നുവരുന്നു. ഒന്നിനും പ്രമാണങ്ങളുടെ പിൻബലമില്ല. മലവെള്ളപ്പാച്ചിലിലെ നുരപോലെ ഒഴുകിനടക്കാൻ എന്റെ മനസ്സ് വിസമ്മതം കാണിച്ചുതുടങ്ങി. അങ്ങനെ ഒരു ഡിസംബർ 25ന് ഞാൻ ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു. ആരുടെയും പ്രേരണയോ ഉപദേശമോ ഈ വിഷയത്തിലുണ്ടായിട്ടില്ല. രണ്ടു വർഷംമുമ്പ് ലൈബ്രേറിയിൽനിന്ന് നബിചര്യയെപ്പറ്റിയുള്ള ഒരു പുസ്തകം വായിച്ചതല്ലാതെ മറ്റൊന്നും വായിച്ചിട്ടുമില്ല.

ഇസ്‌ലാം സ്വീകരിച്ചതുമുതൽ ഇന്നുവരെയും അല്ലാഹുവിന്റെ സഹായം ഓരോ പ്രതിസന്ധിഘട്ടത്തിലും എനിക്ക് കിട്ടിയിട്ടുണ്ട്. പ്രയാസങ്ങളെ തരണം ചെയ്യാനുള്ള പ്രാപ്തിയും ആത്മവിശ്വാസവും വർധിക്കുകയും ചെയ്തിട്ടുണ്ട്. സർവോപരി മനസ്സമാധാനം എന്തെന്ന് ഞാനറിഞ്ഞത് മുസ്‌ലിമായതിനുശേഷമാണ്.

മറ്റു പല മതങ്ങളും നിലവിലവിലുണ്ടായിരിക്കെ ഇസ്‌ലാമിനെ തെരഞ്ഞെടുക്കവാനുള്ള കാരണമെന്താണെന്ന് പലരും എന്നോട് ചോദിച്ചിട്ടുണ്ട്. ഹിന്ദുമതം വിഗ്രഹാരാധനയുടേതാണ്; ചെറുപ്പം മുതലേ അത് എനിക്കറിയാം. ചെറുപ്പത്തിൽ ശ്രീരാമചരിത്രവും മറ്റും ഞാൻ വായിച്ചിട്ടുണ്ട്. ക്രിസ്തീയ ഗ്രന്ഥങ്ങൾ ധാരാളം വായിച്ചിട്ടുണ്ട്. എന്നാൽ ഇസ്‌ലാമികമായ ഒരു ഗ്രന്ഥവും വായിച്ചിരുന്നില്ല. ഏകദൈവ വിശ്വാസമാണ് അതിനുള്ളതെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. സ്രഷ്ടാവിനെ മാത്രം ആരാധിക്കാൻ പഠിപ്പിക്കുന്നത് ഇസ്‌ലാം മാത്രമാണ്. മറ്റുള്ള മതങ്ങളൊക്കെ പലവിധത്തിൽ ദൈവത്തിൽ പങ്കുചേർക്കുന്നുണ്ട്.

ക്രിസ്ത്യൻ പള്ളികളെക്കുറിച്ചും പള്ളികളുടെ ഭരണഘടനയെക്കുറിച്ചും ആരാധനാക്രമങ്ങളെക്കുറിച്ചുമൊക്കെ എനിക്കറിയാം. പള്ളിയുടെ

സെക്രട്ടറിയായും വർഷങ്ങളോളം സേവനം ചെയ്തിട്ടുണ്ട്. എൻെറ ജീവിതത്തിലുണ്ടായ ബുദ്ധിമുട്ടുകളിലൊന്നും ഒരു പുണ്യവാളനും എന്നെ തുണച്ചിട്ടില്ല. യേശുവും രക്ഷപ്പെടുത്തിയിട്ടില്ല. അവർക്കതിന് കഴിയില്ല. അതിനുള്ള കഴിവ് സ്രഷ്ടാവിനേയുള്ളൂ. ഇക്കാര്യം നേർക്കുനേരെ പഠിപ്പിക്കുന്നത് ഇസ്‌ലാം മാത്രമാണ്. അതുകൊണ്ട് ഞാൻ ഇസ്‌ലാം തെരഞ്ഞെടുത്തു.

ഇസ്‌ലാമിൽ എന്നെ ഏറ്റവും ആകർഷിച്ച ഘടകം ഏകദൈവ വിശ്വാസംതന്നെ. എല്ലാ പ്രശ്നങ്ങളും സ്രഷ്ടാവിനോട് പറയുക. അവനോട് മാത്രം പ്രാർഥിക്കുക. അവനിൽ മാത്രം ഭരമേൽപിക്കുക. ഇത് വല്ലാത്തൊരു ആത്മധൈര്യം നൽകുന്ന കാര്യമാണ്. ഞാൻ മറ്റുള്ള മുസ്‌ലിംകളെ കണ്ടല്ല ഇസ്‌ലാം സ്വീകരിച്ചത്. എനിക്ക് പരിചയമുള്ള ഭൂരിഭാഗം മുസ്‌ലിംകളും ഇപ്പറഞ്ഞതിന് വിപരീതമായി ജീവിക്കുന്നവരാണ്.

മുഹമ്മദ് നബിﷺ ലോകം ദർശിച്ച ഏറ്റവും വലിയ മഹാനും മാതൃകാപുരുഷനുമാണ്. പറയുന്നതെല്ലാം പ്രാവർത്തികമാക്കിയ അതുല്യനായ നേതാവാണ് അദ്ദേഹം. എന്നാൽ ചില വിമർശകർ അദ്ദേഹത്തിൻെറ പേരിൽ ചില ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. അദ്ദേഹത്തെക്കുറിച്ച് മനസ്സിലാക്കാത്തവരോ മനസ്സിലാക്കിയിട്ടും അവഹേളിക്കാൻ ശ്രമിക്കുന്നവരോ ആണവർ.

വിശുദ്ധ ഖുർആൻ നബിയുടെ രചനയാണെന്നാണ് ചിലർ ആരോപിക്കുന്നത്. അക്ഷരജ്ഞാനമില്ലാത്ത, യാതൊരു ഗുരുവിൻെറയടുത്തും പോയി ഒന്നും പഠിക്കാത്ത വ്യക്തിയായിരുന്നു മുഹമ്മദ് നബി ﷺ എന്നത് ചരിത്ര സത്യമാണ്. അങ്ങനെയുള്ള ഒരു വ്യക്തിക്ക് ഉദാത്തമായ ഒരു ഗ്രന്ഥരചന നടത്താൻ കഴിയുമെന്ന് പറയുന്നത് എങ്ങനെ അംഗീകരിക്കാനാവും? പേരും പെരുമയും നേടാനായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹമെങ്കിൽ ഖുർആൻ തൻെറ രചനയാണെന്ന് അദ്ദേഹത്തിന് പറയാമായിരുന്നു. എന്നാൽ അദ്ദേഹം സത്യം പറഞ്ഞു. അല്ലാഹുവിങ്കൽനിന്ന് തനിക്ക് അവതീർണമായ വചനങ്ങളാണിവ എന്ന സത്യം.

ഒരു ക്രിസ്ത്യാനിയായി ജീവിച്ച സന്ദർഭത്തിൽ മുസ്‌ലിംകൾ ഭീകരന്മാരാണെന്നാണ് ഞാൻ കരുതിയിരുന്നത്. അങ്ങനെയാണ് പഠിപ്പിക്കപ്പെട്ടിരുന്നതും. പിന്നീട് എനിക്ക് സത്യം ബോധ്യപ്പെട്ടു. കുരിശുയുദ്ധങ്ങൾ മുതൽ ആധുനികലോകത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് വരെ പഠിക്കുന്ന ഒരു ചരിത്രവിദ്യാർഥിക്ക് ഇസ്‌ലാ

മിനെ പ്രതിക്കൂട്ടിൽനിർത്താൻതക്ക തെളിവൊന്നും ലഭിക്കില്ല എന്ന താണ് യാഥാർഥ്യം. ഒരു മുസ്‌ലിം പടക്കം പൊട്ടിക്കുമ്പോൾ അപകട മുണ്ടായാൽ അവൻ പൊട്ടിച്ചത് ബോംബ്! അവൻ തീവ്രവാദിയും. ഇസ് ലാമിൻെറ പറ്റിൽ എഴുതിച്ചേർക്കാൻ ഒരു തീവ്രവാദികൂടി. ജൂതന്മാരാ യ ഇസ്രായേലുകാർ മുസ്‌ലിംകളായ ഫലസ്തീനികളുടെ നാടും വീടും ജീവനും കവർന്നെടുക്കുമ്പോൾ അത് ജൂതമതത്തിൻെറ കണക്കിൽ പെടുന്നില്ല. ക്രിസ്ത്യാനികളായ അമേരിക്കൻ- ബ്രിട്ടീഷ് സൈനികർ അഫ്ഗാനിലെയും ഇറാഖിലെയും മുസ്‌ലിംകളെ കൊന്നൊടുക്കുമ്പോൾ അത് ക്രൈസ്തവതയുടെ പറ്റിൽ ആരും എഴുതിച്ചേർക്കുന്നില്ല. മുസ്‌ലിം കളിൽ തീവ്രവാദികൾ ഉണ്ടെങ്കിൽ അവർ അവകാശങ്ങൾ നിഷേധി ക്കപ്പെടുന്നവരോ, സ്വാർഥതാൽപര്യക്കാരോ ഇസ്‌ലാമെന്തെന്നറിയാത്ത അജ്ഞരോ അവിവേകികളോ ആയിരിക്കുമെന്നതാണ് വാസ്തവം.

ഇസ്‌ലാമിലെ ആരാധനകൾ പ്രയാസകരമാണെന്നാണ് പലരും തെറ്റി ദ്ധരിച്ചിട്ടുള്ളത്. യാതൊരു അടിസ്ഥാനവുമില്ലാത്ത വിചാരമാണത്. അൽ പവിശ്വാസികൾക്ക് അവ പ്രയാസകരമാണെന്ന് തോന്നിയേക്കാം. നമ സ്കാരം, നോമ്പ് പോലുള്ള നിർബന്ധ കർമങ്ങളിൽപോലും രോഗി കൾക്കും യാത്രക്കാർക്കും സ്ത്രീകൾക്കും ദുർബലർക്കും ഇസ്‌ലാം വിട്ടുവീഴ്ചകളും ഇളവുകളും നൽകിയിട്ടുണ്ട്; അവർക്ക് പ്രയാസമൊ ഴിവാക്കുവാൻവേണ്ടി.

# 14

## പരമകാരുണികനിലേക്കുള്ള പാത

മുജാഹിദ് ചന്ദ്ര

ബ്രിട്ടീഷുകാരെ കിടുകിടാ വിറപ്പിച്ച വീരശൂര പരാക്രമിയായ പഴശ്ശി രാജയുടെ മണ്ണിൽ; ഒരു യാഥാസ്ഥിതിക തീയ്യ കുടുംബത്തിലെ രണ്ടാമത്തെ സന്തതി. ഓർമവെച്ച കാലം മുതൽ അച്ഛന്റെ ശകാരവർഷത്തിൽ നിന്നും രക്ഷ തേടി അച്ഛമ്മയുടെ മാറിൽ മുഖം മറച്ച് തേങ്ങിക്കരയാനായിരുന്നു എൻെറ വിധി. ഉറക്കം വരാത്ത രാത്രികളിൽ അച്ഛമ്മ പറഞ്ഞുതന്നിരുന്ന യക്ഷിക്കഥകൾ എൻെറ മനസ്സിൽ ഭയത്തിൻെറ വിത്തുപാകിത്തുടങ്ങി. സന്ധ്യക്ക് ഗുളികൻതറയിൽ വിളക്ക് കൊളുത്താൻ പോകുന്ന അച്ഛമ്മയുടെ കോന്തലത്തുമ്പിൽ പിടിച്ചുനടക്കുമ്പോൾ, ഉരുണ്ട കണ്ണുകളും പുറത്തേക്ക് നീണ്ട നാക്കുമുള്ള ഗുളികൻ ദൈവത്തെ ഓർത്ത് എൻെറ മനസ്സ് ഭയത്തിന്റെ അഗാധകയങ്ങളിലേക്കാണ്ടുപോകുമായിരുന്നു. ദൈവങ്ങളെ ഭയന്ന് രാത്രികാലങ്ങളിൽ പുറത്തിറങ്ങാൻ പോലും അച്ഛമ്മ കൂടെ വേണമായിരുന്നു. അങ്ങനെ ഒരിരുണ്ട രാത്രി അച്ഛമ്മയുടെ പുതപ്പിനുള്ളിൽ മുഖമൊളിപ്പിച്ച് മയക്കത്തിലേക്ക് വഴുതിവീണു കൊണ്ടിരുന്നപ്പോൾ തൊട്ടടുത്തുനിന്നും ഗുളികൻെറ അലർച്ച കേട്ട് ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. കണ്ണു തുറന്നു നോക്കുമ്പോൾ അച്ഛമ്മ മുടിയഴിച്ചിട്ട് അലറുന്നു.

ഭൂമി കിടുങ്ങുമാറുച്ചത്തിൽ കൂവുന്നു. തൊട്ടടുത്ത് അച്ഛനും ആപ്പന്മാരും അച്ഛമ്മയെ പിടിച്ച് ഒതുക്കിനിർത്താൻ ശ്രമിക്കുന്നു. അതുവരെയും പേടിമാറാൻ അച്ഛമ്മയെ കെട്ടിപ്പിടിച്ചുകിടക്കുമായിരുന്ന ഞാൻ ആ നിമിഷം മുതൽ അച്ഛമ്മയിൽ ഒരു യക്ഷിയെ കണ്ടുതുടങ്ങി.

അന്നു രാത്രി മുഴുവൻ ഉറങ്ങിയിട്ടില്ല. അടുത്ത രണ്ടു മൂന്നു രാത്രികളും ഉറക്കം എൻെറ ഏഴയലത്തുപോലും വന്നില്ല. അമ്മ പ്രസവിക്കാൻ സ്വന്തം വീട്ടിലേക്ക് വന്നപ്പോൾ വാശിപിടിച്ച് ഞാനും കൂടെപ്പോന്നു. അങ്ങനെ ഗുളികൻെറയും യക്ഷിയുടെയും ശല്യം ഒഴിവായി. പക്ഷേ, ദൈവങ്ങളോടുള്ള എൻെറ ഭയവും ശത്രുതയും കൂടിവന്നതേയുള്ളൂ. വീട്ടിൽ ഗണപതി ഹോമം നടക്കുമ്പോൾ ഹോമകുണ്ഠത്തിൽനിന്നും ചിന്നം വിളിച്ചിറങ്ങിവരുന്ന ഗജവീരനെ ഓർത്ത് ഞാൻ കട്ടിലിനടിയിൽ ഒളിച്ചിരിക്കും. സ്കൂളിൽ പോകാൻ തുടങ്ങിയതോടെ എൻെറ ശത്രു ദൈവങ്ങളുടെ പട്ടികയിൽ ഒരെണ്ണം കൂടുതലായി. മെരുമ്പായി പള്ളി ശ്രക്കോന്മാരെന്ന ദൈവം. സ്കൂളിലേക്ക് നടന്നുപോകുമ്പോൾ പള്ളിക്കടുത്ത റോഡിൽ നിന്നും വീണുകിട്ടിയ ചില്ലറത്തുട്ടുകൾ കീശയിലാക്കിയപ്പോൾ, പള്ളിയിലെ മാഞ്ജുക്കയിലൂടെ ശ്രക്കോന്മാരുടെ ശക്തി മനസ്സിലാക്കിയപ്പോൾ മുതൽ പള്ളിക്കടുത്തുനിന്നും ഓടിയാൽ സ്കൂളിൽ ചെന്നേ തിരിഞ്ഞുനോക്കാറുള്ളൂ. വർഷങ്ങൾ ഓരോന്ന് പിന്നിടുമ്പോഴും എൻെറ ശത്രുക്കളായ ദൈവങ്ങളുടെ എണ്ണം കൂടിവന്നു. അങ്ങനെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുമ്പോഴേക്കും തികഞ്ഞൊരു നിരീശ്വര നിർമതവാദിയായും കമ്യൂണിസ്റ്റായും ഞാൻ സ്വയം രൂപമാറ്റം നടത്തി വിദ്യാർഥി നേതാവായി ഞെളിഞ്ഞു നടന്നു. മതങ്ങളെയും ദൈവങ്ങളെയും എതിർക്കലും ചീത്തവിളിക്കലുമാണ് ഒരു യഥാർഥ വിപ്ലവകാരിയുടെ ലക്ഷണമെന്ന ധാരണ നിമിത്തം ചെല്ലുന്നിടത്തെല്ലാം ദൈവങ്ങളെ തെറിവിളിക്കാൻ തുടങ്ങി. മതങ്ങളെയും ദൈവങ്ങളെയും വിമർശിക്കണമെങ്കിൽ അതിനെപ്പറ്റിതന്നെ കുറച്ചെന്തെങ്കിലും പഠിച്ചിരിക്കണമെന്ന തിരിച്ചറിവിൻെറ ഭാഗമായി, കിട്ടാവുന്ന ഗ്രന്ഥങ്ങളൊക്കെ വായിക്കാൻ തുടങ്ങി. വിമർശിക്കാൻ വേണ്ടി മാത്രമുള്ളൊരു മതപഠനം. ബൈബിൾ പഠനത്തോടൊപ്പം ഒരു ക്രിസ്ത്യാനി പെൺകുട്ടിയും കൂടി ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ എൻെറ മതപഠനം മറ്റൊരു വഴിത്തിരിവിലേക്കെത്തി. ഉൽപത്തി പുസ്തകവും ആവർത്തനവും വായിച്ചുകഴിഞ്ഞപ്പോൾതന്നെ മതപഠനം മതിയാക്കാമെന്ന നിലയിലെത്തി. ആയിടക്കാണ് ഖലീഫാ ഉമറിൻെറ കഥകൾ വായിക്കാനിടയായത്. ഉമറിനെ മാതൃകാ ഭരണാധികാരിയാക്കി മാറ്റിയത് വിശുദ്ധ ഖുർആനാണെന്ന് മനസ്സിലായപ്പോൾ ഖുർആനിനെപ്പറ്റി പഠിക്കാൻ തീരുമാനിച്ചു. പക്ഷേ, സംഗതി അത്ര എളുപ്പമായിരുന്നില്ല. എൻെറ ആവശ്യം നേരിട്ട് പറഞ്ഞപ്പോൾ പല മുസ്‌ലിം സുഹൃത്തുക്കളും നിരുൽസാഹപ്പെടുത്തി. ഖുർആൻ തൊടാനുള്ള അവകാശം പോലും എനിക്കില്ലെന്ന് പോലും

ചിലർ വാദിച്ചു. പക്ഷേ, എൻെറ വാശിയും അതോടൊപ്പം ഏറി വന്നതേയുള്ളൂ. അങ്ങനെയിരിക്കെ എൻെറ സുഹൃത്ത് മുഖേന ഞാൻ 'നിച്ച് ഓഫ് ട്രൂത്തു'മായി ബന്ധപ്പെട്ടു. പിന്നെയെല്ലാം പെട്ടെന്നായിരുന്നു. ഞാൻ നിച്ചിൻെറ പഠിതാവാവുകയും സുഹൃത്ത് തന്ന ഖുർആൻ പരിഭാഷ രണ്ടാവർത്തി വായിക്കുകയും ചെയ്തപ്പോഴേക്കും എനിക്കെൻെറ മാർഗം വ്യക്തമായിത്തുടങ്ങി.

മതങ്ങൾ മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് വിശ്വസിച്ചിരുന്ന എനിക്ക്, ജ്ഞാനത്തിൻെറയും സമാധാനത്തിൻെറയും സത്യത്തിന്റെയും കൈത്തിരി കത്തിച്ചുതന്നത് നിച്ച് ആയിരുന്നു എന്ന് പറയാൻ അഭിമാനമുണ്ട്. എന്നെപ്പോലെ അജ്ഞതയുടെയും അന്ധവിശ്വാസത്തിൻെറയും നീർച്ചുഴിയിൽപെട്ട് വട്ടംകറങ്ങുന്ന ആയിരങ്ങൾക്ക് നിച്ചിൻെറ വിളക്കുമാടം വഴികാട്ടിയാകുമാറാകട്ടെ! യഥാർഥ സത്യവിശ്വാസം ഉൾക്കൊള്ളാൻ വൈകിപ്പോയതിലുള്ള നഷ്ടബോധം മാത്രമേ ഇന്നെന്നെ അലട്ടുന്നുള്ളൂ. മുമ്പേതന്നെ സത്യം മനസ്സിലാക്കിയിരുന്നെങ്കിൽ ഇപ്പോഴേക്കും ഞാൻ വിശുദ്ധ ഖുർആൻ തെറ്റുകൂടാതെ പാരായണം ചെയ്യാൻ കഴിവുനേടിയേനെ. ക്യു.എൽ.എസിൻെറ പഠിതാവെന്ന നിലയിൽ വിശുദ്ധഖുർആൻ പഠനം തുടരാൻ കഴിയുന്നത് ഒരു വിധത്തിൽ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹംതന്നെ. അന്ധവിശ്വാസത്തിൻെറയും അനാചാരത്തിൻെറയും അധാർമികതയുടെയും അന്ധകാര നിബിഢമായ പടുകുഴിയിൽനിന്നും സത്യത്തിൻെറയും സമാധാനത്തിൻെറയും പ്രകാശപൂരിതമായ പുതുലോകത്തേക്ക് എന്നെ കൈ പിടിച്ചുയർത്തിയ പേരുകൾ ഞാൻ എന്നെന്നും നന്ദിയോടെ ഓർത്തുകൊണ്ടിരിക്കുന്നു. ഇനിയും എന്നെപ്പോലെ ഒരുപാടുപേരെ സത്യത്തിൻെറ വെളിച്ചത്തിലേക്ക് നയിക്കാൻ അവർക്ക് സർവശക്തനായ അല്ലാഹു കഴിവ് നൽകുമാറാകട്ടെ!

സത്യപ്രകാശത്തിൻെറ ദിശയിലേക്കുള്ള എൻെറ പ്രയാണം എൻെറ കുടുംബാംഗങ്ങൾക്കിടയിലും ഞാൻ താണ്ടിക്കടന്നുവന്നിട്ടുള്ള സമുദായത്തിലും ഒരു ബാധ ഒഴിവായിപ്പോയല്ലോ എന്ന് ആശ്വാസം ജനിപ്പിക്കുമ്പോൾ എന്റെ ഗ്രാമത്തിലെ മുസ്‌ലിം സമൂഹത്തിന് ഞാൻ തികച്ചും ഒരനഭിമതനായിരിക്കുകയാണ്. ഒരു നൂറ്റാണ്ടുകാലത്തോളം മെരുവമ്പായി ശ്രക്കോന്മാരുടെ പേരിൽ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും കീശയിൽ കൈയിട്ടുവാരിയിരുന്ന പള്ളിക്കമ്മിറ്റിക്കാർക്ക് തെറ്റുകളെ എതിർക്കുന്ന ഒരുവനെ അംഗീകരിക്കാൻ പ്രയാസംതന്നെയാണ്. അതുകൊണ്ടുതന്നെ, ഭാര്യ ക്രിസ്ത്യാനിയാണ്, പൊന്നാനി സർട്ടിഫിക്കറ്റില്ല

പേരുമാറ്റിയില്ല എന്നൊക്കെയുള്ള മുടന്തൻ ന്യായങ്ങൾപറഞ്ഞ് പള്ളിയിൽ പ്രവേശിക്കുന്നതിൽനിന്നും എന്നെ തടഞ്ഞിരിക്കുകയാണ്. അല്ലാഹു അവർക്ക് നല്ല ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ! ഇന്നല്ലെങ്കിൽ നാളെ അവരിൽ കുറച്ചുപേരെങ്കിലും സത്യം മനസ്സിലാക്കി ഇതിൽനിന്നും പിന്തിരിയുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മാർഗത്തിൽനിന്നും ശിർക്കിൽനിന്നും ബിദ്അത്തിൽ നിന്നും രക്ഷനേടി യഥാർത്ഥ സത്യവിശ്വാസികളായി ജീവിച്ച് മരിക്കാൻ മുഴുവൻ മാനവരാശിക്കും പ്രപഞ്ചനാഥനായ അല്ലാഹു ഹിദായത്ത് നൽകുമാറാകട്ടെ (ആമീൻ)

# 15

## സത്യമതത്തിലേക്കുള്ള തിരിച്ചുവരവ്

മുഹമ്മദ് ഷാഹ്നവാസ്

ദൈവം എന്ന പദം എല്ലാ മതഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്ന അർത്ഥം, ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവ്, ഇതിന്റെ നിലനിൽപ്പിന് ആധാരമായവൻ, സ്ഥലകാല നൈരന്തര്യങ്ങൾക്ക് അതീതനായവൻ... എന്നിങ്ങനെയാണ്. ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച എന്നെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചതും ഈ വാക്കിൻെറ അർത്ഥ വിപുലതയാണ്. പ്രത്യേകിച്ച് മതാന്ധത ബാധിച്ച് താൻ വിശ്വസിച്ചതൊഴികെയുള്ളതൊക്കെ തെറ്റ് എന്ന് കരുതി തള്ളുന്ന വിഭാഗമായാണ് റോമൻ കാത്തലിക് വിഭാഗത്തെ എനിക്ക് കാണാൻ കഴിഞ്ഞത്. അതുകൊണ്ടുതന്നെ ആ വിഭാഗത്തിൽ ജനിച്ച എനിക്ക് എൻെറ ഈ ചിന്തക്ക് കാരണം എല്ലാം അറിയുന്നദൈവം ആകുന്നു എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഞാൻ എൻെറ വളർച്ചയുടെ 15 വർഷത്തോളം ദൈവമെന്ന പദത്തിൽ എൻെറ കുടുംബവും ഇടവകയും നൽകിയ വിശദീകരണത്തിന് അപ്പുറം എത്തിനോക്കിയിട്ടില്ല.

വേദപഠനങ്ങൾ എന്നെ ധരിപ്പിച്ചത് യേശു ദൈവവും പിതാവ് എല്ലാം സമ്മതിച്ചുകൊടുക്കുന്ന ഒരു മിണ്ടാപ്രാണിയും പരിശുദ്ധാത്മാവ് `Action hero' യും ആണെന്ന ഒരു ധാരണയാണ്. ഒപ്പം പുണ്യവാളന്മാരുടെയും പുണ്യവനിതകളുടെയും ഒരു നീണ്ട നിര. എത്ര ചൊല്ലിയാലും തീരാത്ത അവരുടെ പേരുകളും കുറെ നിരർത്ഥകമായ പ്രാർത്ഥനകളും ആകെകൂടി ഒരു പുരാതന വിഗ്രഹങ്ങൾ സൂക്ഷിക്കുന്ന മ്യൂസിയത്തിൽ തടവിലാക്കപ്പെടുന്ന അവസ്ഥ. അവിടെ നടക്കുന്ന പൊള്ളയായ അവി

ശ്വാസങ്ങളും ചോദ്യം ചെയ്യപ്പെടാനാകാത്ത കിരാത നടപടികളും തുറന്നുകാട്ടി വായനക്കാരെ ചിന്തിപ്പിക്കുക എന്നതാണ് എന്റെ ഈ ചെറിയ ഉദ്യമത്തിന്റെ ലക്ഷ്യം. ഞാൻ എപ്പോഴൊക്കെ ചിന്തിച്ചിട്ടുണ്ടോ അപ്പോഴൊക്കെ പിശാച് ഇടവക വികാരിയുടെയും കന്യാസ്ത്രീകളുടെയും വേഷത്തിൽ എന്നെ തെറ്റിദ്ധാരണയിൽ അകപ്പെടുത്തിയിട്ടുമുണ്ട്. പഴയ നിയമഗ്രന്ഥങ്ങൾ നൽകുന്ന പാഠം വ്യക്തമാണ്. "അവർ എന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുകയും എന്റെ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുകയും ചെയ്യും. അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും ആയിരിക്കും". (എസെ: 11:20)

ഈ ദൈവ-മനുഷ്യ ബന്ധത്തിൽ യേശു എന്ന അജ്ഞാത സന്തതി അഥവാ മധ്യസ്ഥൻ എന്ന Connecting linkഉം പരിശുദ്ധാത്മാവ് എന്ന Password ഉം പുണ്യവാളന്മാരും പുണ്യവതികളും ഒന്നും ഒരിക്കലും അഹങ്കാരവും അധമബോധവും മാറ്റിവെച്ച് ചിന്തിക്കുന്നവർക്ക് കാണാനാവില്ല. കാരണം മനുഷ്യനാണ് ഭൂമിയിലെ ഉത്തമ സൃഷ്ടി. മറ്റൊരു സൃഷ്ടിയും അവനേക്കാൾ ഉത്തമമായി ഭൂമിയിലില്ല. അവനേക്കാൾ ഉന്നതനായ സർവ്വശക്തൻ- അതാണ് സ്രഷ്ടാവ്. തന്റെ ശരീരത്തിലുള്ള വ്യവസ്ഥകൾ അതിനുള്ളിലെ ഹൃദയമിടിപ്പോ, രക്തചംക്രമണമോ, ഡി.എൻ.എ. വ്യവസ്ഥിതികളോ ഒന്നുംതന്നെ അവന് അവന്റെ നിയന്ത്രണ പരിധിയിലല്ലായെന്നും മനുഷ്യൻ അറിയുന്നു. സൂര്യന്റെ നിലനിൽപോ, ഭൂമിയുടേയും മറ്റ് ഗോളങ്ങളുടേയും പരിക്രമണമോ ഒന്നും തന്റെ കൈപ്പിടിയിൽ ഒതുങ്ങുന്നതല്ല എന്ന ചിന്ത തന്നേക്കാൾ ശക്തിയുള്ള ഒന്നിൽ വിശ്വസിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. ആ ശക്തിമാനോടുള്ള അവന്റെ സഹായമഭ്യർത്ഥനയാണ് പ്രാർത്ഥന. യാചനക്കാരന്റെ അഭ്യർത്ഥനയും ഡോക്ടറുടെ സമീപത്തുള്ള രോഗിയുടെ അഭ്യർത്ഥനയും ലൗകികമായ കാര്യകാരണ ബന്ധത്തിലുള്ള അഭ്യർത്ഥനകൾ മാത്രമാണ്. ഇത് ചിന്തയുടെ ആവശ്യം ഇല്ലാതെ മനസ്സിലാക്കാം. അപ്പോൾ കാര്യ-കാരണ ബന്ധങ്ങൾക്കതീതമായ ഒരു അഭ്യർത്ഥനയാണ് പ്രാർത്ഥന എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതുകൊണ്ട് തന്നെ തന്നെയും ചുറ്റുപാടുമുള്ള വസ്തുക്കളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഹൃദയത്തിനകത്തുള്ളത് സൂക്ഷ്മമായി അറിയുന്ന ഏകദൈവത്തിന് മാത്രമെ ആരാധനാവഴിപാടുകൾ അർപ്പിക്കാൻ പാടുള്ളൂ. ഈ തത്വമാണ് പഴയ നിയമ ഉദ്ധരണികൾ വ്യക്തമാക്കുന്നത് - "നിനക്കുത്തരമരുളുന്നതും നിന്നെ സംരക്ഷിക്കുന്നതും ഞാനാണ്. നിത്യഹരിതമായ സരളമരം പോലെയാണ് ഞാൻ". (ഹോസിയ 14:8). ഈ തത്വത്തിന്

വിരുദ്ധമാണോ ഇന്നത്തെ ക്രിസ്ത്യൻ വ്യവസ്ഥിതി എന്നതായിരുന്നു ഇടവകയിലെ മേലധികാരികളോടുള്ള എന്റെ ചോദ്യം. “മാർഗം യേശുവാണ്, വഴിയും സത്യവും ജീവനും ഞാനാണ്” (യോഹ: 14:6) യേശുവല്ലാത്തതെല്ലാം ദുർമാർഗ്ഗമാണ്. മാർഗ്ഗമായ യേശുവിനെ ഉപേക്ഷിക്കലാണ് മാർഗഭ്രംശം അഥവാ പാപം എന്നതായിരുന്നു അവരുടെ മറുപടി. ഈ മറുപടിക്ക് ഞാൻ പ്രതീക്ഷിച്ചതുപോലെതന്നെ അവർ ആസ്പദമാക്കിയത് ബൈബിളായിരുന്നില്ല. “യേശുക്രിസ്തു മനുഷ്യവംശത്തിന്റെ മുഴുവൻ രക്ഷകൻ ആണെന്ന് അറിയാത്ത ജനസഞ്ചയങ്ങളിലേക്ക് സുവിശേഷം സംവഹിക്കുക എന്ന സ്ഥായിയായ ദൗത്യത്തിൽനിന്നും പിൻവാങ്ങാൻ സഭക്കാവില്ല” എന്ന “പ്രേഷിത പ്രവർത്തനം” എന്ന സഭാഡിക്രിയുടെ 31-ാം ഖണ്ഡിക ഉദ്ധരിക്കുകയായിരുന്നു അവർ ചെയ്തത്. പക്ഷെ, അവർ ഞാൻ ആദ്യം സൂചിപ്പിച്ച അഹങ്കാരത്തിൽ ഉറച്ചുപോയി എന്നതാണ് വാസ്തവം. പാശ്ചാത്യ മാനവികതാ വാദവും (humanism), മാർക്സിസവും മനുഷ്യരാകുന്നു പ്രപഞ്ചത്തിലെ ഉന്നതർ എന്നും അവരെ നിയന്ത്രിക്കുവാൻ ഒരു ശക്തിയുമില്ല എന്നും വാദിച്ചപ്പോൾ വളർന്നുവന്നതായിരുന്നു ഈ അഹങ്കാരം. ഇതേ അഹങ്കാരം മറ്റൊരു ദർശനമായ ക്രിസ്തീയതയിൽ രൂപപ്പെടുന്നുവെന്ന് മാത്രം. ഈ ദർശനത്തെ പുൽകുന്ന സാധാരണക്കാർ, അവരുടെ ആരാധ്യർ യേശുവും, കുരിശും പുണ്യപുരുഷാദികളും ആണെന്ന് ധരിക്കുന്നു. പലപ്പോഴും കേൾവിയും കാഴ്ചയും ഇല്ലാത്ത ഇത്തരം വസ്തുക്കളോടും മൺമറഞ്ഞ, ജീവനില്ലാത്ത വ്യക്തികളോടും പ്രാർത്ഥിക്കുമ്പോൾ മനസ്സിൽ ഒരു തരം അധമബോധവും ഉടലെടുക്കുന്നു. പുണ്യപുരുഷന്മാരിൽനിന്നും പുണ്യപുരുഷന്മാരിലേക്കുള്ള തീർത്ഥപ്രയാണം ഈ അധമബോധത്തിന്റെ ഫലമാണ്.

ഈ അഹങ്കാരത്തിനും അധമബോധത്തിനും മധ്യേ ഏക സ്രഷ്ടാവിനെമാത്രം ആരാധിക്കാനാണ് പഴയ നിയമവും (പുറ: 20: 2-3) യേശുവിന്റെ വചനങ്ങളും സത്യത്തിൽ ഉണർത്തുന്നത്. (മാർക്കോ,12:29-30) എനിക്ക് ഈ നിലപാട് സ്വീകരിക്കാൻ എന്റെ മാതാവിന്റെ സഹോദരർ ഒരു പരിധിവരെ സഹായിച്ചു. അവർ യഹോവാസാക്ഷികൾ ആയിരുന്നു. പക്ഷെ, കൂടുതൽ അടുത്തറിഞ്ഞതോടെ പ്രകടമായ പല വചനങ്ങളും നിഷേധിച്ച് സ്വർഗ്ഗവും നരകവും ഇല്ലാതാക്കി യേശുവിന്റെ മറവിൽ പല വൃത്തികേടുകളും കാട്ടുന്ന ഒരു ക്രിസ്തീയ വിഭാഗം എന്നതിലുപരി ഒന്നുംതന്നെ എനിക്ക് അവരിലും ദർശിക്കാൻ കഴിഞ്ഞില്ല. മറ്റ് ക്രൈസ്തവ വിഭാഗങ്ങളും യഥാർഥ യേശുവിന്റെ അധ്യാ

പനങ്ങളിൽ നീതിപുലർത്തുന്നില്ല എന്ന അറിവ് എന്നെ നയിച്ചത് ഈ മതംതന്നെ കയ്യൊഴിയുന്ന അവസ്ഥയിലേക്കായിരുന്നു. പള്ളിമേടകളിൽ അരങ്ങേറുന്ന സ്വവർഗരതി കേളികളും വീഞ്ഞുസേവകളും യാതൊരു നീതിയും പുലർത്താത്ത കുടുംബബന്ധങ്ങളും എന്നെ ഇതിനായി പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു.

ചുരുക്കത്തിൽ "അവർ എന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുകയും എന്റെ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുകയും ചെയ്യും. അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും ആയിരിക്കും" എന്ന ബൈബിൾ വചനത്തോട് തെല്ലും നീതിപുലർത്തുന്നവരല്ല ഇന്നത്തെ ക്രിസ്ത്യാനികൾ എന്നതിന് എനിക്ക് ഞാൻ തന്നെ മതിയായ തെളിവായിരുന്നു. അതുകൊണ്ടുതന്നെ ഇങ്ങനെയൊരു ജനം ഇപ്പോൾ നിലവിലുണ്ടോ എന്ന എന്റെ അന്വേഷണം എന്നെക്കൊണ്ടെത്തിച്ചത് ഹൈന്ദവ സമുദായത്തിലാണ്. അതുകൊണ്ട് എന്താണ് ഹിന്ദു എന്ന് പഠിക്കാൻ തന്നെ തീരുമാനിച്ചു. ഹിന്ദു എന്ന പദം ആചാര്യന്മാർ നിർവചിച്ചിട്ടുണ്ട്. അതറിയുമ്പോൾ ക്രൈസ്തവരിലും മുസ്‌ലിംകളിലും ജൈനരിലും ഹിന്ദുക്കളുണ്ട് എന്നതായിരുന്നു അത്ഭുതം. വേദോപനിഷത്തുകളുടെ കാലത്ത് ഭാരതമെന്നോ, ഹിന്ദുമതമെന്നോ ഉള്ള സങ്കൽപങ്ങളില്ലായിരുന്നു. എ.ഡി. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശങ്കരാചാര്യരോ 10-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന രാമാനുചാര്യരോ ഹിന്ദുവിനെപ്പറ്റിയോ ഹിന്ദുമതത്തെപ്പറ്റിയോ ഒന്നും പറഞ്ഞിട്ടില്ലെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മുസ്‌ലിം ഭരണാധികാരികൾ ഹിന്ദു എന്ന് വിളിച്ചിരുന്നത് പ്രഭുക്കളെയും സെമീന്ദാരികളെയും ബ്രാഹ്മണരെയും ആണ്. സാധാരണക്കാരെ ഹിന്ദു എന്ന് വിളിച്ചിരുന്നില്ല. ചുരുക്കത്തിൽ വിദേശികളായിരുന്നു ഹിന്ദു എന്ന പദത്തിന് ജന്മം നൽകിയത്. വിദിതവേദ്യരായ ആചാര്യന്മാർ ഹിന്ദു എന്ന പദത്തിനും വ്യാഖ്യാനം നൽകുന്നുണ്ട്. ഹൈന്ദവ ധർമ്മം അനുസരിക്കുന്നവൻ, സിന്ധുദേശക്കാരൻ, ഭാരതഖണ്ഡം എന്നിവയാണവ. 'ഹിസ്' എന്ന ധാതുവിൽനിന്നാണ് ഹിന്ദുവെന്ന പദത്തിന്റെ ഉൽപത്തി. "ഹിസി ഹിംസായം" എന്നും അർത്ഥം വരുന്നു. അഥവാ ഹിംസയെ ഹിംസിക്കുന്നത് എന്നർത്ഥം.

"ഹീനാൻ ദൂഷയതേ അസ്മാദ് ഹിന്ദുരിത്യഭിതീയതേ" എന്ന് താരാനാഥ തർക്കവാചസ്പതിയുടെ 'ബൃഹദഭിധാനം' എന്ന കൃതിയിൽ പറയുന്നു: കൊല്ലുക, കൊള്ള ചെയ്യുക, ഉപദ്രവിക്കുക, വേദനിപ്പിക്കുക, ദുഃഖിപ്പിക്കുക എന്നീ ഹിംസകളെ ഈ ധർമ്മം എതിർക്കുന്നു. അതിലുപരി ആരാധനാകാര്യങ്ങളിൽ ബഹുദൈവാരാധനയെ ഖണ്ഡിക്കുന്ന

ചില സൂക്തങ്ങൾ ഇവരും മറച്ചുവെക്കുന്നുവെന്നും വ്യക്തമായി. ഉപനിഷത്തുകളിൽ അവയും വ്യക്തമാണ്. (ഉദാ: ഈശോവാസ്യോപനിഷത്ത് 12-ാം ശ്ലോകം). മനുവിലെയും ഗീതയിലെയും ചില കൽപനകൾ മാനവികതക്ക് ചേർന്നതല്ലെന്ന ബോധം ക്രൈസ്തവതപോലെതന്നെ ചുരുട്ടിയെറിയാൻ സമയമായതാണ് ഹൈന്ദവധർമ്മം എന്നും വ്യക്തമാക്കിത്തന്നു. ഈ അവസരത്തിലാണ് ക്രിസ്ത്യാനിറ്റിയിൽനിന്നും ഇസ്‌ലാം സ്വീകരിച്ച ഒരു പുരോഹിതനെ പരിചയപ്പെട്ടത്. അത് എന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ബൈബിളിനെ അദ്ദേഹം ശാസ്ത്രീയമായും ചരിത്രപരമായും ഖണ്ഡിച്ചു. അത് എന്നിൽ സൃഷ്ടിച്ച വിപ്ലവാത്മക ഉണർവ് ഖുർആൻ എന്ന നൂതനഗ്രന്ഥത്തെപ്പറ്റി കേട്ടപ്പോൾ വർദ്ധിക്കുകയാണുണ്ടായത്. ഇത്രയും കൃത്യമായ പരാമർശങ്ങൾ അടങ്ങിയ ഗ്രന്ഥം അന്നോളം ഞാൻ കണ്ടിട്ടില്ലായിരുന്നു. അതിന്റെ പാരായണ ആസ്വാദനം എന്നിൽ ഉണ്ടാക്കിയ ആനന്ദാനുഭവം ജനിച്ചതിൽപിന്നെ ലഭിച്ചതിൽവെച്ച് ഉത്തമമായതാണ്. പക്ഷെ, ഈ ഗ്രന്ഥവും അതിന്റെ കാര്യങ്ങളും എന്നെ എന്റെ കുടുംബത്തിൽനിന്നും സമുദായത്തിൽനിന്നും ആട്ടിപ്പായിക്കാൻ മതിയായവയായിരുന്നു. അന്നുവരെ സന്മാർഗ്ഗിയും ഉന്നതനും ആയ ഞാൻ മയക്കുമരുന്നിന് അടിമയും ഭ്രാന്തനുമെന്ന് കുടുംബവും സമുദായവും മുദ്രകുത്തിയത് എന്നെ സംബന്ധിച്ചിടത്തോളം എന്റെ പഠിക്കാനുള്ള ആഗ്രഹവും ഞാൻ ഒരു ഉത്തമ സൃഷ്ടിയാണെന്ന ബോധവും എന്നിലങ്കുരിപ്പിച്ചു. കാരണം വിശുദ്ധ ഖുർആൻ അതിനകം ഞാൻ വയിച്ചുകഴിഞ്ഞിരുന്നു. അതിലെ 26-ാം അദ്ധ്യായം 69 മുതൽ 85വരെ എന്നെ ഹഠാദാകർഷിച്ചിരുന്നു. അവ ഇതാണ്:

“ഇബ്രാഹീമിന്റെ വൃത്താന്തം നീ അവർക്ക് വായിച്ചുകേൾപ്പിക്കുക. അതായത് നിങ്ങൾ എന്തിനെയാണ് ആരാധിച്ചുകൊണ്ടിരുന്നത് എന്ന് തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദർഭം. അവർ പറഞ്ഞു. ഞങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും അവയ്ക്കുമുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവരത് കേൾക്കുമോ? അഥവാ അവ നിങ്ങൾക്ക് ഉപകാരമോ, ഉപദ്രവമോ ചെയ്യുമോ? അവർ പറഞ്ഞു. അല്ല, ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ കണ്ടിരുന്നു. അദ്ദേഹം പറഞ്ഞു. അപ്പോൾ നിങ്ങളും നിങ്ങളുടെ പൂർവ്വ പിതാക്കളും ആരാധിച്ചുകൊണ്ടിരുന്നത് എന്തിനെയായിരുന്നു എന്ന് നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എന്നാൽ അവ ശത്രുക്കളാകുന്നു എനിക്ക്.

ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗ ദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം നൽകുകയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവ നാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും ജീവിപ്പിക്കു കയും ചെയ്യുന്നവൻ. പ്രതിഫല നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുക്കുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ”

ആ നിമിഷംവരെ ഒരു പുണ്യപുരുഷനായി ഞാൻ കണ്ട പൗലോസ് എന്ന അപ്പോസ്തലനെക്കുറിച്ച് ക്രിസ്തീയ സെമിനാരിയിൽ വർഷ ങ്ങളോളം പഠിച്ച് ക്രിസ്തീയ പാണ്ഡിത്യങ്ങൾ സ്വന്തമാക്കിയ അദ്ദേ ഹം ബൈബിളിൽനിന്നുതന്നെ തെളിവുകൾ ഉദ്ധരിച്ച് കാട്ടിത്തന്നപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. യേശുവിന്റെ അധ്യാപനങ്ങളിൽ വ്യക്തമായ കലർപ്പ് നടത്തിയതിൽ പൗലോസിന്റെ പങ്ക് എനിക്ക് വ്യക്തമായി. ബൈബിളിലെ യേശുവിന്റെ ‘ഏകസത്യദൈവമായ പിതാവിനെ മാ ത്രമെ ആരാധിക്കാവൂ’ എന്ന കൽപന വലിച്ചെറിഞ്ഞ് യേശുവിനെ തന്നെ പൗലോസ് ദൈവമാക്കി. പുതിയ നൂതന പാരമ്പര്യങ്ങൾ കൊണ്ടുവന്ന് ജനങ്ങളെ അന്ധകാരത്തിൽ കുടുക്കിയിടുന്ന ഈ വ്യവസ്ഥിതിയും അതിന്റെ സ്ഥാപിത താൽപര്യവും യേശുവിന്റെ അധ്യാപനങ്ങളോട് തുലോം നീതി പുലർത്തുന്നില്ല എന്നും വ്യക്തമായി. മനുഷ്യനെ ഭിന്നി പ്പിച്ച് നിർത്തുകയും തമ്മിലടിപ്പിക്കുകയും ലാഭം നേടുകയും ചെയ്യുന്ന ബഹുദൈവത്വത്തിനെതിരെ പൂർണ്ണാർത്ഥത്തിൽ ഉയർന്ന ഒരേയൊരു ശബ്ദം ഇസ്‌ലാമാകുന്നു എന്ന അറിവും അതിന്റെ ശാസ്ത്രീയവും ചരിത്രപരവുമായ കൃത്യതകളും ഇത് ഒരു ദൈവികമതാണെന്ന് സമ്മ തിപ്പിക്കാൻ എന്റെ കുടുംബത്തെ പ്രേരിപ്പിക്കുമെന്നും ഞാൻ കരുതി. കാരണം എന്റെ പിതാവ് സയൻസിൽ ധാരാളം ബിരുദങ്ങൾ സ്വന്ത മാക്കിയ വ്യക്തിയായിരുന്നു. മതതത്വങ്ങളെ ശാസ്ത്രീയചിന്തക്ക് അനു കൂലമായി വ്യാഖ്യാനിച്ച് പുതിയ രക്ഷാമാർഗ്ഗം നേടിയ സെൻറ് ആഗ സ്തിനോസിന്റെ പ്ലാറ്റോ ചിന്തയുടെ പൊള്ളത്തരം തുറന്നുകാട്ടാൻ എനിക്ക് കഴിഞ്ഞു. ശാസ്ത്രത്തിന്റെ ഗവേഷണം അലക്സാൻഡ്രിയ യിലെ നിയോപ്ലാറ്റോണിസത്തിന്റെ പരാജയം വിളംബരം ചെയ്ത പോലെ അരിസ്റ്റോട്ടിൽ പടുത്തുയർത്തിയ ചിന്താഗോപുരങ്ങളും തകർ ത്തു. ഇവ സ്വാഭാവികമായും മതത്തിന്റെ സത്യസന്ധതയെകുറിച്ച് സംശയങ്ങൾ ഉളവാക്കാൻ പ്രേരിപ്പിക്കുന്നവയായിരുന്നു. പക്ഷെ, ശാസ് ത്രവും മതവും തമ്മിൽ സംഘട്ടനമില്ല. കാരണം മതത്തിന്റെ അടിസ് ഥാനം സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസമാണ്. ശാസ്ത്രത്തിന്റേ

താവട്ടെ, പ്രകൃതിയെയും സമൂഹത്തെയും കുറിച്ചുള്ള പുരോഗമനാത്മക പഠനവും. ഈ ശരിയായ ചിന്ത ഒരിക്കലും ബൈബിളിന്റെ സന്തത സഹചാരിക്ക് മനസ്സാ അംഗീകരിക്കാൻ കഴിയില്ല.

കാരണം അതിൽ ശാസ്ത്രീയ സത്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ധാരാളം സ്ഥാനമുറപ്പിച്ചു എന്നതുതന്നെ. ഇസ്‌ലാം അംഗീകരിക്കാൻ ശഹാദത്ത് ചൊല്ലൽ നിർബന്ധമായപോലെ ശഹാദത്ത് ചൊല്ലൽ പൂർണ്ണമാകാൻ മുഹമ്മദ് നബിﷺയെ അംഗീകരിക്കലും നിർബന്ധമെന്ന വസ്തുത എനിക്ക് വിഷമകരം ആയിരുന്നില്ല. കാരണം ഖുർആൻ ഒരു ദൈവികഗ്രന്ഥം എന്ന നിലക്ക് എന്നിൽ ഉയർത്തിയ ആകാംക്ഷ പറഞ്ഞറിയിക്കാൻ കഴിയാത്തവയായിരുന്നു. അപ്പോൾ അത് നൽകപ്പെട്ട മുഹമ്മദ് നബിﷺയെ അതിന്റെ വാഹകൻ എന്ന നിലയിൽ ഒരു പ്രവാചകനായി അംഗീകരിക്കാൻ ലവലേശംപോലും വിഷമത നേരിട്ടതുമില്ല. ഒരു സുഹൃത്ത് മുഖേന ലഭിച്ച 'സത്യത്തിന്റെ പ്രകാശം' എന്ന അറബി കൃതിയുടെ പരിഭാഷ എന്നിൽ മുഹമ്മദ് നബിﷺ എന്ന പ്രവാചകനെ ലോകത്ത് ജീവിച്ചവരിൽവെച്ച് ഏറ്റവും ഉന്നതനും മഹാനുമായ പ്രവാചകനും മനുഷ്യനുമായി അംഗീകരിക്കാൻ എന്നെ നിർബന്ധിച്ചു. ഒപ്പം യേശുക്രിസ്തുവിന്റെ "നിങ്ങളോടൊപ്പം എന്നും ഉണ്ടാകാൻ ഒരു സഹായകൻ" എന്ന പ്രവചനം പൂർണ്ണമായും ശരിതന്നെ എന്ന് എന്റെ ക്രൈസ്തവ സുഹൃത്തുക്കളോട് യാതൊരു സങ്കോചവുംകൂടാതെ തുറന്ന് പറയാനും കഴിഞ്ഞു. ഒരു മനുഷ്യന് ആന്തരികമായും ബാഹ്യമായും എത്രത്തോളം പരിശുദ്ധി നേടാൻ കഴിയുമോ, എന്നാൽ അതിന് അവൻ സ്വീകരിക്കേണ്ട ഒരേയൊരു മാർഗ്ഗം ഇസ്‌ലാം എന്നതാകുന്നു എന്നാണ് വെറും ഒരു വർഷത്തെ പഠനത്തിന്റെ വെളിച്ചത്തിൽ എനിക്ക് നിങ്ങൾക്ക് തരുവാനുള്ള ഏക ഉത്തരം.

വൈറ്റ് ഹെഡിനെപ്പോലുള്ളവരുടെ ദൃഷ്ടിയിൽ "മനുഷ്യന് ആന്തരിക പരിശുദ്ധി കൈവരുത്തുന്ന വിശ്വാസ ശക്തിയാണ് മതം. ആത്മാർത്ഥമായി അംഗീകരിക്കുകയും ബോധപൂർവ്വം മനസ്സിലാക്കുകയും ചെയ്യുന്നപക്ഷം മനുഷ്യസ്വഭാവത്തിൽ വിപ്ലവം സംജാതമാക്കാൻമാത്രം സത്യങ്ങളുടെ സമുച്ചയമാണത്" ഇതിന് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള ഉദാഹരണത്തിൽ നാല് വിരൽ എന്നിലേക്കും ഒരു വിരൽ പാശ്ചാത്യരിലേക്കുമാണ്. കാരണം ശാസ്ത്രം മതത്തെ തള്ളിപ്പറയുന്നില്ല. പ്രത്യുത മതത്തിന്റെ ആവശ്യകതയും അനിവാര്യതയും ഊന്നിപ്പറയുകയാണ്. ഈ സത്യം തിരിച്ചറിഞ്ഞതുകൊണ്ടാവാം യുക്തിവാദവും നിരീശ്വരത്വവും കൈവെടിഞ്ഞ് മതത്തിന്റെ സ്വാന്തന തീരങ്ങളിൽ സമാധാനം

കണ്ടെത്തുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്രത്തിന്റെ അപ്രമാദിത്വത്തിലും താൻപോരിമയിലും വിശ്വസിച്ചിരുന്ന പാശ്ചാത്യർ വരെ മതമാശ്ലേഷിക്കാൻ തിടുക്കം കൂട്ടുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇക്കാര്യത്തിൽ അഭിമാനം കൊള്ളുന്ന ഏകമതം ദൈവികമതമായ ഇസ്‌ലാം മാത്രമാണ്. കാരണം ഖുർആനിൽ അത് ദൈവം വ്യക്തമാക്കുകയുണ്ടായി.

"അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം ഊതിക്കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ, തന്റെ പ്രകാശം പൂർണ്ണമാക്കാതെ സമ്മതിക്കുകയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ഠകരമായാലും ശരി. അവനാണ് സത്യമാർഗ്ഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതങ്ങളെയും അത് അതിജയിക്കുവാൻവേണ്ടി, ബഹുദൈവ വിശ്വാസികൾക്ക് അത് അനിഷ്ഠകരമായിരുന്നാലും ശരി". (ഖുർആൻ 9:32-33)

# 16

## പലദൈവങ്ങളിൽനിന്ന് ഒരേയൊരു ദൈവത്തിലേക്ക്

ഉസ്മാൻ കെ.വി.

വ്യത്യസ്ത ദൈവങ്ങളെയും ബിംബങ്ങളെയുമെല്ലാം ആരാധിക്കുന്ന ഹൈന്ദവ വിഭാഗത്തിൽപ്പെട്ട ആളായി ജനിച്ച ഞാൻ സൃഷ്ടികർത്താവായ ദൈവംതമ്പുരാനെ മാത്രം ആരാധിക്കുന്ന ഇസ്ലാം മതത്തിലേക്കെത്തിച്ചേർന്നത് നീണ്ടകാലത്തെ പഠനങ്ങൾക്ക് ശേഷമാണ്. ആദ്യമായി ശാശ്വത സത്യമായ പ്രകാശം എനിക്ക് കാണിച്ച് തന്നതിന് അല്ലാഹുവിന് നന്ദി പറയുന്നു. അൽഹംദുലില്ലാഹ്.

ഹൈന്ദവനായി ജനിച്ച ഞാൻ മറ്റ് ഹൈന്ദവവിശ്വാസികളെപോലെ തന്നെ ചെറുപ്പകാലം മുതൽ വിവിധ അമ്പലങ്ങളിലും ക്ഷേത്രങ്ങളിലും പോകുമായിരുന്നു. ഒരു സാധാരണ കുടുംബത്തിലായിരുന്നു എന്റെ ജനനം. ജീവിതം അങ്ങനെ കഷ്ടിച്ച് പോയിക്കൊണ്ടിരിക്കെ ഒരു ദിവസം എനിക്ക് എന്റെ അമ്മ നഷ്ടപ്പെട്ടു. അത് എന്റെ ജീവിതത്തിലെ പ്രഥമ വഴിത്തിരിവായിത്തീർന്നു.

അമ്മ നഷ്ടപ്പെട്ട എനിക്ക് ജീവിതത്തിനുവേണ്ടി വല്ലതും ചെയ്യേണ്ടത് നിർബന്ധമായി വന്നപ്പോൾ പിന്നീടുള്ള ജീവിതം ഒരു ഡോക്ടറുടെ വീട്ടിലായി. അവിടെ ജോലി ചെയ്യുന്നതിനിടയിൽ ഒഴിവ് കിട്ടുമ്പോഴെല്ലാം പല പുസ്തകങ്ങളും വായിച്ചുതുടങ്ങി. ഡോക്ടറുടെ കുടുംബത്തിന്റെ കൂടെ ഞാനും അമ്പലത്തിൽ പോകുമായിരുന്നു. പക്ഷെ, അന്ന് എന്റെ മനസ്സ് സംതൃപ്തമായിരുന്നില്ല. എന്തിനാണിതൊക്കെ എന്ന ഒരു തോന്നൽ അന്നുമുതൽ മനസ്സിലുദിച്ചുതുടങ്ങി. അമ്പലത്തിൽവെച്ച്

വേലക്കാരിയുടെ മകനോട് ഞാൻ ചോദിച്ചു. ‘ഈ സംസാരിക്കാനോ അനങ്ങാനോ കഴിവില്ലാത്ത കളിമൺ പ്രതിമയോട് പ്രാർത്ഥിച്ചിട്ട് നമുക്ക് എന്ത് കിട്ടാനാണ്? അവ നമുക്കെന്ത് തരുവാനാണ്?’ അപ്പോൾ അവൻ പറഞ്ഞ മറുപടി ഇപ്രകാരമാണ്. ‘അതൊന്നും എനിക്കറിയില്ല. എൻെറ അച്ഛനും അമ്മയും മറ്റെല്ലാവരും ചെയ്യുന്നത് പോലെ ഞാനും ചെയ്യുന്നുവെന്ന് മാത്രം. അത്രയേ എനിക്കറിയുകയുള്ളൂ’.

ഇങ്ങനെ ചിന്താപരമായ ആശയക്കുഴപ്പത്തിലായ ഞാൻ അമ്പലത്തിൽ പോക്ക് തീരെ നിർത്തി. പലനാടുകളിലും കറങ്ങുന്നതിനിടയിൽ പലതും വായിച്ചു. ദൈവത്തിൻെറയോ അമ്പലത്തിൻെറയോ പ്രതിമകളുടെയോ ആൾ ദൈവങ്ങളുടെയാ ഒന്നും ആവശ്യം മനുഷ്യനില്ലായെന്ന് മനസ്സിലാക്കിയ ഞാൻ ഒരു നിരീശ്വരവാദിയായിത്തീർന്നു. ദൈവത്തിൻെറ പേരിൽ നടക്കുന്നതെല്ലാം വ്യാജമാണെന്ന് മനസ്സിലാക്കി.

തുടർന്നുള്ള എൻെറ യാത്രക്കിടയിൽ ഒരു വ്യക്തിയെ പരിചയപ്പെടുകയും പെട്ടെന്നുതന്നെ കൂടുതൽ അടുക്കുകയും ചെയ്തു. തൻെറ വിലാസം തന്ന അദ്ദേഹം എന്നെ വീട്ടിലേക്ക് ക്ഷണിക്കുകയും നാല് മാസങ്ങൾക്കുശേഷം അവിടെ ചെല്ലുകയും ചെയ്തു. സ്വന്തം അനുജനെപ്പോലെ പെരുമാറുകയും സംസാരിക്കുകയും ചെയ്ത അദ്ദേഹം മതപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനിടക്ക് അദ്ദേഹത്തിൻെറ വിശ്വാസത്തിലേക്ക് ക്ഷണിച്ചു. ‘മതങ്ങളിലൊന്നും യാതൊരു അർത്ഥവുമില്ല. കുറെ പേർ കല്ലിനെയും മണ്ണിനെയും ആരാധിക്കുന്നു. നിങ്ങളാണെങ്കിൽ ഒന്നുമില്ലാതെ മണ്ണിൽ കുമ്പിട്ടുകൊണ്ട് ആരാധിക്കുന്നു’. ഇതിലെല്ലാം എന്ത് അർത്ഥമാണുള്ളത് എന്ന് അദ്ദേഹത്തോട് ഞാൻ തുറന്ന് പറഞ്ഞപ്പോൾ അദ്ദേഹം എനിക്കൊരു പുസ്തകം വായിക്കാൻ തന്നു. വായനാശീലം നിലനിർത്തിയിരുന്ന ഞാൻ ഈ പുസ്തകം എൻെറ ജ്യേഷ്ഠനെപ്പോലെ കരുതിയ ആൾ തന്നതുകൊണ്ട് വായിച്ചുതുടങ്ങി. വായനക്കിടയിലുണ്ടായ പല സംശയങ്ങളും കൂട്ടുകാരോട് ചോദിച്ച് മനസ്സിലാക്കി.

ഈ പുസ്തക വായനക്കുശേഷം സമാനമായ മറ്റ് പുസ്തകങ്ങളും വായിക്കണമെന്ന് എനിക്ക് തോന്നി. കാരണം എൻെറ മനസ്സിൻെറ ഇതുവരെ ഉത്തരം കിട്ടാത്തതെന്ന് കരുതിയിരുന്ന പല ചോദ്യങ്ങൾക്കും അവ ഉത്തരം തന്നുതുടങ്ങി. കൂടുതൽ വായന പുരോഗമിച്ചതോടെ മതപരമായ കാസറ്റുകളും കേട്ടുതുടങ്ങി. എൻെറ പഠനങ്ങളിൽനിന്നും ഇസ്‌ലാംമതമാണ് യഥാർത്ഥ ദൈവിക മതമെന്നും മറ്റുള്ളവ മനുഷ്യനാൽ കലർപ്പേൽപിക്കപ്പെട്ടുവെന്നും പൗരോഹിത്യത്തിൻെറ ഇടപെടലുകളാൽ മലീമസമായി എന്നും ബോധ്യമായി. ഇസ്‌ലാം പ്രകൃതിമതമാണ്. തന്നെ

യും താൻ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തെയും സൃഷ്ടിച്ച സൃഷ്ടികർത്താവിനെ മാത്രം ആരാധിക്കുകയെന്ന അധ്യാപനം മുറുകെ പിടിക്കുന്ന മതം ഇസ്‌ലാം മാത്രമാണെന്നും യേശുവിനെയോ കൃഷ്ണനെയോ രാമനെയോ മുഹമ്മദിനെയോ അല്ല, മറിച്ച് അവരെയെല്ലാം സൃഷ്ടിച്ച ദൈവത്തെയാണ് ആരാധിക്കേണ്ടതെന്നതാണ് പ്രകൃതിയുടെ തേട്ടം. അത് അതേപടി നടപ്പിലാക്കുന്ന ഏകമതം ഇന്ന് ലോകത്ത് ഇസ്‌ലാം മാത്രമാണ്.

ഇക്കാര്യങ്ങൾ ബോധ്യമായതോടെ കൂടുതൽ മുസ്‌ലിം സഹോദരങ്ങളുമായി അടുക്കുകയും ചർച്ചയും പഠനങ്ങളും നടത്തിത്തുടങ്ങുകയും ചെയ്തു. ഈയിടക്ക് എറണാകുളം പാലാരിവട്ടത്തുള്ള സലഫി മസ്ജിദുമായി ബന്ധപ്പെട്ടപ്പോൾ കൂടുതൽ പഠിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവർ നിർദേശിച്ചുതന്നു. തുടർന്ന് തർബിയത്തിൽ രണ്ടുമാസം ഇസ്‌ലാമിക പഠനം നടത്തിയ ഞാൻ സൃഷ്ടികർത്താവും പ്രപഞ്ച നാഥനുമായ ഏക ഇലാഹിനെ മാത്രം ആരാധിക്കുന്നവരിൽ ഒരംഗമായിത്തീർന്നു. അല്ലാഹുവിന് സ്തുതി.

ഈ ലോകജീവിതം മരണത്തോടെ അവസാനിക്കുന്നില്ല. നന്മയും തിന്മയും കൃത്യമായി തുലനം ചെയ്യപ്പെടുകയും പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്ന ഒരു വേദി വരാനുണ്ട് എന്നതിൽ സംശയമില്ല. ഖുർആൻ മാത്രമാണ് പരലോകത്തെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം തരുന്നത്. പരലോകവിശ്വാസംകൊണ്ട് മാത്രമെ ഇവിടെ കാണുന്ന അനീതികൾക്കും കൊള്ളരുതായ്മകൾക്കും അറുതി വരുത്താനാവൂ. പരലോക മോക്ഷമെന്നതായിരിക്കണം ഏതൊരാളുടെയും ജീവിത ലക്ഷ്യം. കാരണം ഈ ലോകം നശ്വരമാണ്. പരലോകം ശാശ്വതവും.

പ്രകൃതിമതമായ ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കുകയെന്നതാണ് എന്റെ ഏറ്റവും വലിയ ആഗ്രഹം. അല്ലാഹുവിന്റേതെന്ന് നൂറു ശതമാനം ഉറപ്പുള്ള ഖുർആൻ നമ്മുടെ കയ്യിലുണ്ട്. അത് നന്നായി പഠിച്ച് അതനുസരിച്ച് ജീവിക്കണം. ഇതര മതസ്ഥർ ഈ കുറിപ്പ് വായിക്കുകയാണെങ്കിൽ എനിക്ക് നിങ്ങളോട് പറയാനുള്ളത് നിങ്ങൾ നിങ്ങൾക്ക് ദൈവം തന്ന ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുക. സൃഷ്ടികളെയും സംസാരശേഷിയില്ലാത്ത വസ്തുക്കളെയും പുണ്യപുരുഷന്മാരെയും ആരാധിക്കുന്നതാണോ ശരി അതല്ല മേൽപറഞ്ഞവയെയും ലോകത്തെയാകമാനവും സൃഷ്ടിച്ച സൃഷ്ടികർത്താവിനെ ആരാധിക്കുന്നതാണോ ശരി.

കാരുണ്യവാനും ദയാലുവുമായ അല്ലാഹു നമ്മുടെ പാപങ്ങളെയെല്ലാം പൊറുത്ത് തരുമാറാകട്ടെ. അവന്റെ കാരുണ്യംകൊണ്ട് നമ്മെയെല്ലാം അവൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുമാറാകട്ടെ. ആമീൻ.

# 17

## പ്രപഞ്ചനാഥനിലേക്കുള്ള പ്രയാണം

മുഹമ്മദ് ഷാഹിദ് അലി, എറണാകുളം

പരമകാരുണികൻെറ പാതയിൽ ആയിത്തീരുവാൻ ഹിദായത്ത് നൽകിയതിന് ആദ്യമായി അല്ലാഹുവിനെ സ്തുതിക്കുന്നു.

1982 ജനുവരി മൂന്നാം തീയതി രാഘവൻേറയും സരോജിനിയുടേയും പ്രഥമ പുത്രനായി ഞാൻ ഭൂമിയിൽ ഭൂജാതനായി. കറുത്ത നിറത്തിൻെറ പേരിൽ വളരെ താഴ്ന്ന ജാതിയിൽ ഞങ്ങളെ ഉൾപ്പെടുത്തിയ സമൂഹത്തിൻെറ ആക്ഷേപങ്ങളും പരിഹാസങ്ങളും കേട്ട് വളർന്ന എനിക്ക് ഞാൻ ഉൾക്കൊള്ളുന്ന എന്റെസമുദായത്തോടും മനുഷ്യനെ ജാതീയപരമായി വേർതിരിക്കുന്ന ദൈവങ്ങളോടും കഠിനമായ വെറുപ്പായിരുന്നു. സമൂഹത്തിൻെറ നിന്ദയും പരിഹാസവും സമത്വമില്ലായ്മയും ഏൽക്കേണ്ടിവന്ന കുടുംബത്തിലെ ഓരോ വ്യക്തികൾക്കും വെളുത്തവനോടുള്ള അമർഷം നീറിപ്പുകയുന്നുണ്ടായിരുന്നു. കാലത്തിൻെറ ഒഴുക്കിൽ ഡോ. അംബേദ്ക്കറുടെ ജീവിതത്തിലെ തത്വശാസ്ത്രങ്ങൾ ഉൾക്കൊണ്ട് അച്ഛൻ അത് പ്രാബല്യത്തിലാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ‘നിങ്ങൾ എന്ന് ഹിന്ദുമതം വിട്ടുപോകുന്നുവോ അന്ന് മാത്രമെ നിങ്ങൾക്ക് ഉയർച്ച ഉണ്ടാവുകയുള്ളൂ’ എന്നുപറഞ്ഞ അംബേദ്ക്കറുടെ ആ ഒരു കാര്യം മാത്രമാണ് എൻെറ കുടുംബത്തിൽ പ്രാവർത്തികമായത്. അങ്ങനെ 1992 നവംബർ 14-ാം തീയതി ഞാനും എൻെറ കുടുംബവും ക്രിസ്തുമതം സ്വീകരിച്ചു. ‘പുതിയ ക്രിസ്ത്യാനികൾ’ എന്ന് ഞങ്ങൾ നാട്ടുകാരുടെ ഇടയിൽ അറിയപ്പെടുവാൻ തുടങ്ങി.

അവിടെനിന്നും പുതിയൊരു ജീവിതം ആരംഭിക്കുകയായിരുന്നു.

മനുഷ്യരെല്ലാം ഒരേ മാതാവിന്റെയും ഒരേ പിതാവിന്റെയും സന്താനങ്ങൾ ആയിരുന്നുവെന്നും ആദിമാതാവും പിതാവും ദൈവകൽപന നിരസിച്ച തുമൂലം മനുഷ്യവർഗം ഒന്നാകെ പാപികളായി മാറിയെന്നും അതുകൊണ്ട് പാപത്തിൻെറ പരിഹാരമെന്നോണം ക്രിസ്തുവിനെ സ്വീകരിക്കുകയും സ്വർഗത്തിലേക്ക് പോകാനുള്ള 'ടിക്കറ്റ്' കിട്ടുകയും ചെയ്യുമെന്നുള്ള വിശ്വാസം എന്നിൽ ക്രിസ്ത്യാനികൾ കുത്തിവെക്കുകയും ചെയ്തു. ഇത് എന്നിൽ അത്ഭുതവും സന്തോഷവും സ്വർഗത്തെക്കുറിച്ചുള്ള പ്രത്യാശയും വളർത്തി. അങ്ങനെ 1993 മുതൽ ഭാഗികമായി ബൈബിൾ പഠനം ആരംഭിച്ചു.

'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി, പഴയതെല്ലാം കഴിഞ്ഞുപോയി. ഇതാ അത് പുതിയതായി തീർന്നു' ബൈബിളിലെ ഈ വചനം എന്നെ വല്ലാതെ ആകർഷിച്ചു. പുതിയ സൃഷ്ടിയായി ജീവിതം നയിച്ച ഞാനും കുടുംബവും സുവിശേഷ പ്രവർത്തനത്തിന് കർമ്മനിരതരായി മുന്നോട്ടിറങ്ങി. അതിൻെറ ഫലമായി അച്ഛൻെറ ജ്യേഷ്ഠൻ, സഹോദരി എന്നിവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ സാധിച്ചു.

ഏകദേശം 15 വയസുമുതൽ മുസ്‌ലിംകളുടെ ഇടയിൽ സുവിശേഷം എത്തിക്കുക എന്ന ദൗത്യവുമായി രൂപീകരിച്ച ഒരു സ്ക്വാഡിൽ ഞാനും അംഗമായി. 'അഭിനവ മുസ്‌ലിംകളുടെ പ്രവർത്തിയും സംസാരവും സ്വഭാവവും എന്നിൽ അകാരണമായ വെറുപ്പ് ഉടലെടുക്കാൻ ഹേതുവായി. ഇന്ത്യയുടെ ഇന്നത്തെ അവസ്ഥക്ക് കാരണം മുസ്‌ലിംകൾ ആണെന്നും അവരെ നശിപ്പിച്ചാൽ മാത്രമെ ഇന്ത്യയിൽ സമാധാനവും സന്തോഷവും കൈവരികയുള്ളൂവെന്നുമുള്ള ചിന്തയും എന്നെ ഭരിച്ചിരുന്നു.

ഒരു ദിവസം അച്ഛൻെറ ഒരു സുഹൃത്തായ ലത്തീഫ് എന്ന വ്യക്തി വീട്ടിൽ വന്നു. ഇസ്‌ലാമിൻെറ പരലോക വിശ്വാസത്തേയും ഏകദൈവ ആരാധനയേയുംപറ്റി എന്നോട് സംസാരിച്ചു. ഏകദേശം മൂന്ന് മണിക്കൂർ കഴിഞ്ഞാണ് ഞങ്ങൾ പിരിഞ്ഞത്. യേശുവിൻെറ ദൈവീകത്വയെ അദ്ദേഹം ചോദ്യം ചെയ്യുകയും യേശു ദൈവമല്ല എന്ന് ബൈബിളിൽനിന്നും ചില വാക്യങ്ങൾ ഉദ്ധരിച്ച് എന്നോട് സംസാരിക്കുകയും ചെയ്തു. അദ്ദേഹം എന്നോട് പറഞ്ഞത് 'നീ സ്വതന്ത്രമായി ചിന്തിക്കുക' എന്നാണ്. ആരാണ് ദൈവം? അവൻ ഏകനാണോ? യേശു ദൈവമാണോ? യേശു ദൈവമാണെങ്കിൽ എന്തിന് പിതാവിനോട് പ്രാർത്ഥിച്ചു? അദ്ദേഹത്തിൻെറ ഈ ചോദ്യങ്ങൾക്ക് മുന്നിൽ എനിക്ക് ഉത്തരം പറ

ഞ്ഞേ പറ്റൂ എന്ന സ്ഥിതിവന്നു. ഞാൻ ബൈബിളിൽ നിന്ന് ചില വാക്യങ്ങൾ ഉദ്ധരിച്ച് യേശു ദൈവമാണ് എന്ന് തെളിയിക്കുന്ന കുറെ വേദഭാഗങ്ങൾ എടുത്തുകാണിച്ചു. 'ഞാനും പിതാവും ഒന്നാകുന്നു, എന്നെ കണ്ടവൻ പിതാവിനെ കണ്ടുകഴിഞ്ഞു, നിൻെറ പാപങ്ങളെ ഞാൻ ക്ഷമിച്ചിരിക്കുന്നു. നിൻെറ കിടക്ക എടുത്തുനടക്ക.' ഇത്തരം വേദഭാഗങ്ങളാണ് യേശു ദൈവമാണെന്ന് തെളിയിക്കാൻ ഞാൻ ഉദ്ധരിച്ചത്.

അപ്പോൾ അദ്ദേഹം പരിശുദ്ധാത്മാവിൻെറ വിഷയം എടുത്തിട്ടു. പരിശുദ്ധാത്മാവ് ദൈവമാണോ? എന്ന ചോദ്യത്തിന് ബൈബിളിൽ നിന്ന് തൃപ്തികരമായ ഉത്തരം ലഭിച്ചിരുന്നില്ല. അദ്ദേഹത്തോട് പിന്നെ മറുപടി കൊടുക്കാം എന്നുപറഞ്ഞ് തടിതപ്പുകയാണ് ഞാൻ ചെയ്തത്. അതിനുശേഷം അദ്ദേഹം വീണ്ടും വീട്ടിൽ വരികയും ഇസ്‌ലാം പ്രദാനം ചെയ്യുന്ന ഏക ദൈവത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ശ്രീ. അബ്ദുല്ലാ അടിയാർ എഴുതിയ 'തടവറയിൽ നിന്ന് പള്ളിയിലേക്ക്', 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' എന്നീ രണ്ട് പുസ്തകങ്ങൾ വായിക്കുവാൻ തരികയും ചെയ്തു.

പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെക്കുറിച്ച് സഭയിലെ അറിവുള്ളവർ എന്ന് ധരിക്കുന്ന 'മാന്യന്മാരോട്' ചോദിക്കുവാൻ തീരുമാനിച്ചു. അങ്ങനെ ഒരുകൂട്ടം ചോദ്യങ്ങളുമായി അവരെ സമീപിച്ചു. ആരാണ് പരിശുദ്ധാത്മാവ്? എന്ന ചോദ്യത്തിന് അവർക്ക് തൃപ്തികരമായ ഉത്തരം നൽകാൻ സാധിക്കുകയുണ്ടായില്ല. അവർക്കല്ല, ലോകത്തുള്ള ഒരു ക്രിസ്ത്യാനിക്കുപോലും പരിശുദ്ധാത്മാവ് ദൈവമാണ് എന്നതിനുള്ള വ്യക്തവും തൃപ്തികരവുമായ തെളിവ് നൽകാൻ സാധിക്കുകയില്ല എന്നതാണ് യാഥാർത്ഥ്യം.

പരിശുദ്ധാത്മാവിൻെറ ദൈവീകതയെ ചോദ്യം ചെയ്തപ്പോൾ സ്വാഭാവികമായും യേശുവിൻെറ ദൈവീകതയും ചോദ്യം ചെയ്യപ്പെട്ടു. അതിനും തൃപ്തികരമായ ഉത്തരം നൽകാൻ അവർക്ക് സാധിച്ചില്ല. അവസാനം ആക്ഷേപത്തോടും പുച്ഛത്തോടും ദേഷ്യപ്പെട്ടുകൊണ്ട് അവർ എന്നോട് പറഞ്ഞു. 'അനാവശ്യ ചോദ്യങ്ങളും സംശയങ്ങളും വേണ്ട, പ്രായത്തിനനുസരിച്ചുള്ള സംശയങ്ങൾ മതി'. ഈ സംഭവം എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഞാൻ, ദൈവമാണെന്ന് കരുതുന്ന യേശുവിനേയും പരിശുദ്ധാത്മാവിനേയും കുറിച്ച് ആഴത്തിൽ അന്വേഷിച്ചപ്പോൾ പരിഹാസവും പിന്തിരിപ്പൻ നയവുമാണ് എനിക്ക് എൻെറ സഭാ നേതാക്കളിൽനിന്ന് ലഭിച്ചത്.

അവിടെവെച്ച് മാറി ചിന്തിച്ചുതുടങ്ങി. ആരാണ് യഥാർത്ഥ ദൈവം?

അവൻെറ പ്രത്യേകതകൾ എന്തൊക്കെയാണ്? മനുഷ്യനോട് അവൻ ആവശ്യപ്പെടുന്നത് എന്താണ്? ബൈബിളിൽതന്നെയുള്ള മറ്റൊരു വാക്യം നോക്കുക. ഇസ്രായേല്യരോട് യഹോവ പറയുന്നു: 'ഞാൻ അല്ലാതെ മറ്റൊരു ദൈവമില്ല. ഞാനാകുന്നവൻ ഞാനാകുന്നു; ഞാൻ എൻെറ സ്തുതി വിഗ്രഹങ്ങൾക്ക് വിട്ടുകൊടുത്തിട്ടില്ല' അങ്ങനെയാണെങ്കിൽ യേശു എങ്ങനെ ദൈവമാകും? ഇനി യേശു ദൈവമാണെങ്കിൽ യഹോവ ദൈവമല്ലേ? അപ്പോൾ രണ്ട് ദൈവം ഉണ്ടാകുമോ? അങ്ങനെ ഒരിക്കലും സംഭവിക്കുകയില്ലല്ലോ? അങ്ങനെയാണെങ്കിൽ ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്ന ഏകദൈവാരാധനയല്ലേ ശരി? ഈ വിധ ചിന്തകൾ എൻെറ മനസിൽ വേരുറപ്പിച്ചു.

അങ്ങനെ ഇസ്‌ലാമിനെക്കുറിച്ച് അറിയാനുള്ള ആഗ്രഹം കൂടിവന്നു. പിന്നീട് ലത്തീഫ് എന്ന വ്യക്തിയുമായി ബന്ധപ്പെടുകയും ഇസ്‌ലാമിൻെറ ഏകദൈവാരാധനയെക്കുറിച്ച് വായിക്കാനും അത് പ്രതിനിധാനം ചെയ്യുന്ന പരലോകത്തെക്കുറിച്ച് അറിയാനും സാധിച്ചു. യേശു ദൈവമല്ല എന്നും ദൈവത്തിൻെറ കൽപന ഭൂമിയിൽ പ്രാവർത്തികമാക്കിയ മഹാനായ പ്രവാചകൻ ആയിരുന്നുവെന്നും മനസിലായി.

ഏകദൈവാരാധനയെക്കുറിച്ച് മനസിലാക്കാൻ സാധിച്ചുവെങ്കിലും ഇസ്‌ലാമിനെ ജീവിതത്തിൽ ഉൾക്കൊള്ളാൻ എനിക്ക് സാധിച്ചില്ല. അങ്ങനെയിരിക്കെ ഒരു വർഷത്തിനുശേഷം കളമശ്ശേരി ഐ.ടി.ഐയിൽ പഠിക്കുവാൻ വന്ന എനിക്ക് 'ഹൈന്ദവത, ക്രൈസ്തവത, ഇസ്‌ലാം' എന്ന പ്രഭാഷണം ശ്രവിക്കാൻ അവസരം ലഭിക്കുകയും ഇസ്‌ലാമിനെപ്പറ്റി കൂടുതൽ മനസിലാക്കാൻ സാധിക്കുകയും ചെയ്തു. പരലോകത്തെക്കുറിച്ചുള്ള എൻെറ എല്ലാ സംശയങ്ങൾക്കും എനിക്ക് വ്യക്തമായ ഉത്തരം ലഭിച്ചു.

അങ്ങനെ 2000 ജൂൺ 25-ാം തീയതി ഇസ്‌ലാം ജീവിതത്തിൽ ഉൾക്കൊള്ളുകയും സത്യവിശ്വാസത്തിൻെറ വചനം (കലിമ) ചൊല്ലി ഒരു മുഅ്മിനായി മാറുകയും ചെയ്തു.

ജീവിതത്തിൽ ഒരിക്കലും പ്രാവർത്തികമാക്കാൻ കഴിയാത്ത കുറെ തെളിവില്ലാത്ത വസ്തുതകളും ഏകദൈവത്തിൻെറ അസ്തിത്വത്തെ ലംഘിക്കുന്ന കുറെ പ്രമാണങ്ങളും കുറെ കഥകളും ശാസ്ത്രലോകം വളരെ വ്യക്തമായി തെളിയിച്ച കാര്യങ്ങൾക്ക് പ്രതികൂലമായിവരുന്ന വസ്തുതകളും അടങ്ങിയ തിരുത്തലുകൾക്ക് വിധേയമായ പുസ്തകങ്ങളുടെ ഒരു കൂട്ടമാണ് ബൈബിൾ. ഏകദേശം 200 കോടി ക്രിസ്ത്യാ

നികൾ പരലോകത്ത് രക്ഷനേടാൻവേണ്ടി ഈ പുസ്തകത്തെയാണ ല്ലോ ആശ്രയിക്കുന്നത് എന്നോർക്കുമ്പോൾ ഞെട്ടലും വേദനയും അനു ഭവപ്പെടുന്നു. പരമകാരുണികൻ അവർക്ക് ഹിദായത്ത് നൽകുമാറാ കട്ടെ!

ഇസ്‌ലാം പറയുന്നത് യേശുവിൻെറ പ്രബോധന മതത്തിലേക്ക് വരിക എന്നതാണ്. കാരണം ഓരോ ജീവിയേയും സൃഷ്ടിച്ച സ്രഷ്ടാ വിനെ മാത്രമെ ആരാധിക്കാവൂ എന്നാണ് ഇസ്‌ലാം പറയുന്നത്. മുഹ മ്മദ് ﷺ യിലൂടെ പൂർത്തിയായ ഇസ്‌ലാം മാത്രമാണ് പരലോകത്ത് രക്ഷപ്പെടാൻ ഏക മാർഗ്ഗം. ആ പരിശുദ്ധമായ ഇസ്‌ലാം സ്വീകരിക്കു വാൻ ഓരോ വ്യക്തിക്കും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ എന്ന് പടച്ച തമ്പുരാനോട് പ്രാർത്ഥിക്കുന്നു.

# 18

## എൻെറ ഇസ്‌ലാം ആശ്ലേഷണം

കെ.എസ്. ഐസക്ക്, എഴുപുന്ന

ഞാൻ റോമൻ കത്തോലിക്കാ ക്രിസ്ത്യൻ സമുദായത്തിൽ ജനിച്ച് ക്രൈസ്തവ ദേവാലയ ക്രമങ്ങളിൽ ജീവിതം നയിച്ച് വളർന്ന് മുപ്പത്തി മൂന്നര വർഷം വിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിച്ച് വിരമിച്ചു. പുരാതന കുടുംബാംഗമാണ് എൻേറത്.

എന്നാൽ സർക്കാർ സർവീസിൽനിന്നും വിരമിച്ചശേഷം ഞാൻ വായിച്ചിട്ടില്ലാത്ത പല ഇസ്‌ലാമിക ഗ്രന്ഥങ്ങളും വായിക്കാനിടയായി. ഞാൻ ഇപ്പോൾ സത്യമായ ദൈവ വിശ്വാസിയായിത്തീർന്നു. സത്യത്തിൻെറ മാർഗം കണ്ടുപിടിച്ചു. കണ്ണുണ്ടായിട്ടും കാണാതിരുന്ന ദൈവത്തെ കണ്ടെത്തിക്കഴിഞ്ഞു.

ബൈബിളിലെ ആശയങ്ങളെല്ലാം ദൈവം പറഞ്ഞുകൊടുത്തതല്ലെന്ന് ഞാൻ കരുതുന്നു. യഥാർത്ഥ സന്മാർഗ്ഗനിർദ്ദേശങ്ങളും സത്യമായ പ്രകാശവും ഉൾക്കൊള്ളുന്ന സുവിശേഷം അതായത് യേശുവിന് ദൈവം അവതരിപ്പിച്ച വേദഗ്രന്ഥം, ഖുർആൻ പരിചയപ്പെടുത്തുന്ന 'ഇഞ്ചീൽ' ഇന്ന് എവിടെയാണ്? ഇതൊന്നും പുതിയ നിയമ പുസ്തകത്തിൽ കാണുന്നില്ലല്ലോ? യേശുവിൻെറ ജീവിതകാലത്തിനുശേഷം അൻപതുവർഷങ്ങൾക്ക് ശേഷമാണ് പുതിയ നിയമ പുസ്തകങ്ങൾ എഴുതപ്പെട്ടത് എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

യേശുവിൻെറ ജീവചരിത്ര സുവിശേഷങ്ങൾ എഴുതിയവരാരും യേശുവിനെ കാണുകയോ പ്രഭാഷണങ്ങൾ ശ്രവിച്ചവരോ അല്ലായിരുന്നു. അതിനാൽ പുതിയ നിയമ സുവിശേഷം രചിച്ചത് ആരെന്ന് ആർക്കും

തറപ്പിച്ച് പറയാൻ സാധിക്കുന്നില്ല. യേശുവിൻെറ ശിഷ്യന്മാരാണ് ഇതെഴുതിയതെന്നതിന് എന്താണ് വ്യക്തമായ തെളിവ്? സഭ നമ്മെ പഠിപ്പിച്ചുപോരുന്നത് അങ്ങനെയാണ്. പക്ഷെ, തെളിവില്ലാത്ത അടിസ്ഥാന രഹിതമായ വിശ്വാസം മാത്രമാണിത് എന്ന് ഞാൻ കരുതുന്നു.

പുതിയ നിയമത്തിലെ പ്രവചനമായിട്ടാണ് 'വെളിപാട് പുസ്തക'ത്തെ സഭ വിളംബരം ചെയ്തിരിക്കുന്നത്. നമ്മെ വിശ്വസിപ്പിച്ചിരിക്കുന്നതും അപ്രകാരമാണ്. എന്നാൽ ഞാൻ അതിനെ നിഷേധിക്കുന്നു. കാരണം എ.ഡി. 95 ലോ എ.ഡി. 96 ലോ ആയിരിക്കണം ഇതിൻെറ രചന നടന്നിട്ടുള്ളത്. അപ്പോസ്തലനായ യോഹന്നാന് ഉണ്ടായ ദൈവ വെളിപാട് എന്നാണ് പാരമ്പര്യവിശ്വാസം. എന്നാൽ ആധുനിക വേദപണ്ഡിതന്മാർ ഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോസ്തലനായ യോഹന്നാനെന്നും മൂപ്പനായ യോഹന്നാൻ എന്നും. അതുകൊണ്ട്‌വെളിപാട് പുസ്തകത്തിൻെറ കർത്താവ് ആരെന്ന് തീർത്ത് വിശ്വസിക്കാൻ പ്രയാസമാണ്. (See New Jerome Biblical Commentary Page 997, 998, Harper's Bible Dictionary Page No. 868). അതുകൊണ്ട് പുതിയ നിയമത്തിലെ ഒരൊറ്റ പുസ്തകംപോലും യേശുവിൻെറ ശിഷ്യന്മാർ എഴുതിയതല്ലായെന്ന് വ്യക്തമായിരിക്കുന്നു.

യേശുക്രിസ്തു പഠിപ്പിച്ച ഒരേയൊരു പ്രാർത്ഥനയുണ്ട്. അതായത് അദ്ദേഹം കൈകൾ ഉയർത്തി മിഴി മേലോട്ടുയർത്തി "സ്വർഗ്ഗസ്ഥനായ പിതാവേ......" എന്ന പ്രാർത്ഥന. അതാണ് സത്യം. ഏകനായ ദൈവത്തോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ എന്നാണത്. ഞാൻ ദൈവമാണ് എന്ന് യേശു ക്രിസ്തു പറഞ്ഞിട്ടില്ല. ഞാനും നിങ്ങളും ഒന്നിച്ച് നമ്മുടെ ഏക ദൈവത്തെ പ്രാർത്ഥിക്കുക എന്നാണ് ഇതിൽനിന്നും മനസിലാക്കേണ്ടത്. അപ്പോൾ യേശു ഒരു പ്രവാചകനായിരുന്നു. അവസാന പ്രവാചകൻ മുഹമ്മദ് നബിയും. മോശ, നോഹ, അബ്രഹാം, യോഹന്നാൻ, യേശു, മുഹമ്മദ് നബി ഇവരെല്ലാം ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ്. അവരെല്ലാം നാം ഏകദൈവത്തിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്തവരും കഠിന യാതനകൾ അനുഭവിച്ചിട്ടുള്ളവരുമാണ്.

എന്നാൽ ഇന്ന് ക്രൈസ്തവ മതമേലദ്ധ്യക്ഷന്മാരുടെയും പുരോഹിതന്മാരുടെയും നിലപാടിനെക്കുറിച്ച് ചിന്തിച്ച് നോക്കുക. നമുക്കുവേണ്ടി അവരാണ് ദൈവത്തിനോട് പ്രാർത്ഥിക്കാൻ യോഗ്യരെന്ന് വിശ്വസിച്ചിരിക്കുന്നു!! ഇതെന്തൊരു വിരോധാഭാസം!! എൻെറ കാര്യം ദൈവത്തിനോട് പറയാൻ അല്ലെങ്കിൽ അപേക്ഷിക്കാൻ എന്നേക്കാൾ യോഗ്യൻ ഈ ലോകത്ത് ആരുമില്ല. ദുഃഖം തരുന്നതും സുഖം തരുന്നതും

ദൈവമാണല്ലോ. നമ്മുടെ ദുഃഖത്തിലും സുഖത്തിലും നാം നേരിട്ട് ദൈവത്തോട് അപേക്ഷിക്കണം. അതിന് ആർക്കും വക്കാലത്ത് കൊടുക്കേണ്ട കാര്യമില്ല. ഒന്നുകിൽ ശിരസ്സ് നമിച്ച്, അല്ലെങ്കിൽ മേലോട്ട് കൈകൾ ഉയർത്തി ദൈവത്തിനോട് അഭിമുഖ സംഭാഷണം നടത്തണം. അതാണ് യഥാർത്ഥ പ്രാർത്ഥന.

ഹിന്ദുക്കളായ ബ്രാഹ്മണരും സവർണ്ണരായ യഹൂദന്മാരും അവരുടേതായ സ്വനിയമങ്ങളുണ്ടാക്കി സ്വാർത്ഥലാഭത്തിനുവേണ്ടി വക്കാലത്തുഫീസ് വാങ്ങി പ്രാർത്ഥിക്കുന്ന ഏർപ്പാട് സഭാ മേലധ്യക്ഷന്മാരും പുരോഹിതരും ഉപേക്ഷിക്കേണ്ട കാലം വൈകിക്കഴിഞ്ഞിരിക്കുകയാണ്.

ഏകദൈവ വിശ്വാസികളായ ഇന്ത്യയിലെ മുസ്ലിംകളുടെ സുപ്രസിദ്ധവും വിശുദ്ധവുമായ 'ബാബരി മസ്ജിദ്' എന്ന ശ്രേഷ്ഠ ദേവാലയത്തെ പൈശാചികമായി തല്ലിത്തകർത്ത് തരിപ്പണമാക്കിയിട്ട് സഹോദര മതമെന്ന് പറയപ്പെടുന്ന ക്രൈസ്തവമതത്തിലെ ഏതെങ്കിലും ഒരു മെത്രാനോ, പുരോഹിതനോ മാർപ്പാപ്പയോ പ്രതികരിച്ചതായി പ്രസ്താവനപോലും കണ്ടിട്ടില്ല. ഇതാണോ സാഹോദര്യം? ക്രൈസ്തവനായ എനിക്ക് എന്റെ സഭാമേലദ്ധ്യക്ഷന്മാരോട് പറയാനുള്ളത് 'ഇതിന്റെ ദൈവകോപാഗ്നി നിങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ' എന്നാണ്. പക്ഷെ, ദൈവം പ്രതികരിക്കാൻ തുടങ്ങിയതായി സംശയിക്കുന്നു. അതുകൊണ്ടല്ലേ ഉത്തരേന്ത്യയിൽ ഇന്ന് ക്രൈസ്തവ പുരോഹിത വർഗത്തിനെതിരെ സാമൂഹ്യ വിരുദ്ധർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ എന്ന് ഞാൻ സംശയിക്കുന്നു.

പഴയകാല സാമ്രാജ്യ ഭരണപാരമ്പര്യമല്ലേ ഇന്ന് കത്തോലിക്കാ സഭയിൽ കാണുന്നത്? റോം ആസ്ഥാനമായ കേരള ഘടകത്തിലെ മെത്രാന്മാർക്കുള്ള സാമ്പത്തികം വളരെ വലുതാണ്. കേരളം വിലക്ക് വാങ്ങാനുള്ള കഴിവുണ്ട്. ധനവിനിയോഗ രീതി ജനാധിപത്യക്രമത്തിലല്ല, മറിച്ച് പുരോഹിതരുടെ ഹിതാനുസരണമാണല്ലോ.

വിദേശികളായ പാവപ്പെട്ടവരും സമ്പന്നരും അവുടെ വരുമാനത്തിന്റെ ഒരു ഭാഗം ചില സംഘടനകൾ വഴി കേരളത്തിലെ അരമനകളിൽ വരുന്നുണ്ട്. അതൊക്കെ സാധുക്കളുടെ ആതുര സേവനത്തിനും ഭക്ഷണത്തിനും വസ്ത്രത്തിനും വിദ്യാഭ്യാസത്തിനുംമറ്റുമായി ചെലവാക്കാനുദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ കേരളത്തിൽ വൈദികർ നടത്തുന്ന ആസ്പത്രികളിൽ സാധുക്കൾക്ക് കാരുണ്യം ലഭിക്കുന്നുണ്ടോ? ഇതിന് ഉത്തരം ഞാൻ ഉൾക്കൊള്ളുന്ന ക്രൈസ്തവർ മറുപടി പറയാൻ തയ്യാറുണ്ടോ?

ഞാൻ ഉൾക്കൊള്ളുന്ന എന്റെ രൂപതയിൽ ഒരു കോളേജ്, ഒൻപത് ഹൈസ്കൂളുകൾ, 23 എൽ.പി, യു.പി. സ്കൂളുകൾ നിലവിലുണ്ട്. ഒരു പുരോഹിതനാണ് ഇതിന്റെയെല്ലാം മാനേജർ. ഈ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം നോക്കിയാൽ 98 ശതമാനവും ഈ രൂപതയിലെ പുരോഹിത വർഗവും അവരുടെ ബന്ധുക്കളും മാത്രമാണ്. ഇതിന്റെ കണക്ക് എന്റെ പക്കലുണ്ട്. അനേകം യോഗ്യരായ യുവതീയുവാക്കൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ, തികഞ്ഞ കൂടുതൽ യോഗ്യതതയുള്ളവർ നിൽക്കെ അവരെ പുറം തള്ളിക്കൊണ്ട് സ്വന്തക്കാരെ ഡൊണേഷൻ കൂടാതെയുള്ള നിയമനമാണിത്. ഡൊണേഷൻ വാങ്ങുന്നില്ല എന്ന് അഭിമാനപൂർവ്വം പറഞ്ഞുകൊള്ളട്ടെ. ഇതാണോ ജീവകാരുണ്യം?

കത്തോലിക്കാ തിരുസഭ അനുശാസിക്കുന്ന കൂദാശകളിൽ ഒന്നാണ് 'വിവാഹം' എന്ന കൂദാശ. വിവാഹമെന്നത് ഒരു സമൂഹത്തിന്റെ അടിസ്ഥാന ശിലയാണ്. അതിനെ ലംഘിച്ചാൽ അതായത് ദൈവ കൽപനയെ ലംഘിക്കുന്നത് ഗുരുതരമായ തെറ്റാണ്. ഈ ലംഘനം ഇന്ന് കത്തോലിക്കാസഭയിലെ വൈദികരും കന്യാസ്ത്രീകളും തുടർന്ന് പോരുന്നു. ബ്രഹ്മചര്യം അനുഷ്ഠിക്കാൻ എവിടെയാണ് ദൈവ വചനത്തിലുള്ളത്? യുവാക്കളായ വൈദികരും യുവതികളായ കന്യാസ്ത്രീകളും കഠിന ത്യാഗമനുഭവിച്ച് ബ്രഹ്മചര്യം അനുഷ്ഠിക്കുന്നുവെങ്കിൽ കത്തോലിക്കാ തിരുസഭ ആഹ്വാനം ചെയ്തിട്ടുള്ള വിവാഹമെന്ന കൂദാശ (അനുഗ്രഹം) യുടെ ലംഘനമാണ്.

സർവ്വശക്തനും പ്രപഞ്ചസ്രഷ്ടാവും പരമകാരുണികനുമായ ദൈവത്തെ ആരാധിക്കുകയും വന്ദിക്കുകയും ചെയ്യാം. മറിച്ച് വിഗ്രഹങ്ങളേയും മതപുരോഹിതന്മാരെയും വന്ദിക്കാൻ പ്രേരിപ്പിക്കുന്ന മതത്തെ എന്തിന് അനുകരിക്കണം?

# 19

## തിരിച്ചറിവ്

കമർ ചേരിപ്പറമ്പ, വെള്ളിയഞ്ചേരി

ഒരുപാട് ദൈവങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്ന സമൂഹത്തിലെ ഒരു കുടുംബത്തിലായിരുന്നു എന്റെ ജനനം. ദൈവത്തെക്കുറിച്ചുള്ള ഒരുപാട് പഴങ്കഥകൾകേട്ട് വളർന്ന ഞാൻ എല്ലാ വസ്തുവിലും ദൈവമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ ഞാനും കല്ലിനെയും പ്രതിമക ളെയുംമറ്റും ആരാധിച്ചിരുന്നു. ഞാൻ ജീവിക്കുന്ന എന്റെ സമൂഹത്തിൽ ഓരോ കുടുംബങ്ങളിലും വ്യത്യസ്തമായ ദൈവങ്ങളുണ്ട്. എന്റെ മന സിനെ ഏറെ ചിന്തിപ്പിച്ച ഒരു വലിയ പ്രശ്നമുണ്ടായിരുന്നു. ഈ ദൈവ ങ്ങളെയെല്ലാം പ്രീതിപ്പെടുത്തണമെങ്കിൽ മദ്യം വേണമെന്ന കർക്കശ നിലപാടായിരുന്നു അത്. അതുകൊണ്ടുതന്നെ ഞാൻ ജീവിക്കുന്ന എന്റെ കുടുംബങ്ങളിലും മറ്റും എന്ത് പരിപാടിയുണ്ടായാലും ദൈവത്തെ അറി യിക്കേണ്ടതുള്ളതുകൊണ്ടുതന്നെ മദ്യം അനിവാര്യമായ ഒരു ഘടകമായി രിക്കും. അങ്ങനെ ഒരുപാട് പ്രശ്നങ്ങളും പ്രയാസങ്ങളും നേരിൽ കാണേ ണ്ടി വന്നിട്ടുണ്ട്. ഇങ്ങനെയുള്ള 28 വർഷക്കാലത്തോളമുള്ള എന്റെ ജീവിതത്തിൽ ഈ അനാചാരങ്ങളോടുള്ള വെറുപ്പ് മനസിൽ വല്ലാതെ ഉടക്കിനിന്നു. വല്ലാത്ത ഒരന്വേഷണത്വര ഇത് എന്നിലുണ്ടാക്കി. ഈ കാലഘട്ടത്തിലുള്ള എന്റെ ഹൈന്ദവ പഠനം എന്നെ എത്തിച്ചതോ ഹൈന്ദവഗ്രന്ഥത്തിൽ ഏകദൈവമെന്ന ആശയമാണുള്ളതെന്നും, വ്യ ക്തിപൂജയെയും പ്രതിമാസംസ്ക്കാരത്തെപോലും എതിർക്കുന്നു എ ന്നുംമറ്റുമാണ്. മുഹമ്മദ് നബി ﷺയുടെ വരവിനെക്കുറിച്ചു പോലും പുരാണങ്ങളിൽ കാണുവാൻ കഴിയുമെന്ന അറിവ് എന്നെ വല്ലാതെ

അത്ഭുതപ്പെടുത്തി. ഇങ്ങനെയൊക്കെയാണെങ്കിലും ഈ ഗ്രന്ഥങ്ങളിലൊക്കെതന്നെ ദൈവത്തിൻേറതല്ലാത്ത ഒരുപാട് കൈകടത്തലുകൾ നമുക്ക് കാണാൻ കഴിയുന്നു. ദൈവീകനിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണെങ്കിലും ഒരേ തെറ്റ് ചെയ്താൽ ബ്രാഹ്മണന് നിസ്സാരശിക്ഷയും ക്ഷത്രിയനും വൈശ്യനും അൽപാൽപം കൂടിയ ശിക്ഷയും ശൂദ്രന് വധശിക്ഷയും വിധിക്കുന്നതും വർണ്ണത്തിനടിസ്ഥാനത്തിലുള്ള വേർതിരിവുമൊക്കെ അന്വേഷണം വേറെ തലങ്ങളിലേക്കെന്നെ എത്തിച്ചു.

"ലോകാനാം തു വിവൃദ്ധ്യർത്ഥം മുഖബാഹു പാദത
ബ്രാഹ്മണം ക്ഷത്രിയം വൈശയം ശൂദ്രം ച നിരവർത്തയത്"

"പ്രജാഭിവൃദ്ധിക്കായി മുഖം, ബാഹു, ഊര്, പാദം എന്നിവയിൽനിന്ന് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വർണങ്ങളെ യഥാക്രമം നിർമ്മിച്ചു". ദിവ്യശക്തിയാൽ മുഖാദിയിൽനിന്ന് ബ്രാഹ്മണാദിയെ നിർമ്മിച്ചു എന്നതിന് "ബ്രാഹ്മണോസ്യ മുഖാസിത്" ഇത്യാദി ശ്രുതിവാക്യം പ്രാമാണ്യം.

"ഹിരണ്യഗർഭ സമവർത്തതാഗ്രേ
ഭൂതസ്യജാത: പരിതേക ആസീത്
സദാധാര പൃഥിവീം, ദ്യാമുതേമാം
കസ്മൈ ദാവായ ഹവീഷഅാ വിധേമ"

"ആദിയിൽ ഹിരണ്യ ഗർഭൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അവനാണ് സകല ഭൂവനങ്ങളുടെയും അധീശാധികാരി. അവൻ ഭൂമിയെയും സ്വർഗത്തെയും അതത് സ്ഥാനങ്ങളിൽ സ്ഥാപിച്ചു. അവനിൽനിന്നാണ് സർവചരാചരങ്ങളുമുണ്ടായത്. ലോകം മുഴുവൻ അവൻെറ കൽപനകൾ അനുസരിക്കുന്നു. അതിനാൽ അവനുമാത്രം ഹവിസ്സർപ്പിക്കുക".

സ്വർഗ്ഗ-നരകങ്ങളെക്കുറിച്ചും വ്യക്തമായി നമുക്ക് ഹൈന്ദവ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും.

ഇങ്ങനെ ദൈവികമായതും അല്ലാത്തതുമായ ഒരുപാട് സൂചനകൾ ഈ ഗ്രന്ഥങ്ങളിൽ തന്നെ കാണേണ്ടിവരുമ്പോൾ അന്വേഷണം എവിടെയുമെത്തുന്നില്ല. അമ്പലങ്ങളിൽ "അഹിന്ദുക്കൾക്ക് പ്രവേശനമില്ല" എന്ന ബോർഡ് കാണുമ്പോൾ ഹിന്ദുക്കൾക്ക് മാത്രമായി ദൈവമുണ്ടാകുമോ എന്ന ചോദ്യം സ്വയം ചോദിക്കേണ്ടിവരുന്നു. 'പള്ളികൾ അല്ലാഹുവിൻേറതാണ്' എന്നാണെങ്കിലും അമുസ്‌ലിംകൾക്ക് പള്ളികളിൽ പ്രവേശനമില്ല എന്ന ബോർഡ് വെച്ചിട്ടില്ലെങ്കിലും ചുറ്റുമുള്ള സമൂഹത്തിൻെറ മനസിൽ ആ ബോർഡ് ഇന്നും സ്ഥാപിക്കപ്പെട്ട നിലയിലാണെ

ന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ക്രൈസ്തവൻെറ ആരാധനാലയത്തിൽ പോയി ചെറിയ ഒരു കാലഘട്ടം ക്രൈസ്തവപഠനങ്ങൾക്ക് വേണ്ടിയും എനിക്ക് മാറ്റിവെക്കേണ്ടിവന്നു. ആദ്യമായി മറ്റൊരു മതത്തിൻെറ ആരാധനാലയത്തിൽ കേറുന്നതും ക്രൈസ്തവ പള്ളിയിലായിരുന്നു. പക്ഷെ, ഏകദൈവത്തെ മാത്രം ആരാധിക്കുവാൻ ജനങ്ങളെ ഉത്ബോധിപ്പിക്കുവാൻ വന്ന പ്രവാചകനെ ദൈവമാക്കുകയും ദൈവത്തിന് പുത്രനുണ്ടെന്ന് പറയുകയും ചെയ്യുന്നു. ഇതും ഒരു പ്രതിമാ സംസ്ക്കാരമല്ലേ എന്ന തിരിച്ചറിവ് വന്നതോടുകൂടി അന്വേഷണം വീണ്ടും അത്യാവശ്യഘട്ടമായിവന്നു.

അങ്ങനെയാണ് ദൈവിക ഗ്രന്ഥമെന്ന് സ്വയം അവകാശപ്പെടുന്ന ഖുർആനിനെക്കുറിച്ചുള്ള പഠനം തുടങ്ങുന്നത്. ഒരു ലക്ഷ്യബോധവുമില്ലാതിരുന്ന എൻെറ ജീവിതത്തിൽ സ്ത്രീകൾ, സിനിമ എന്നുവേണ്ട ജീവിതത്തെ ചുറ്റിപ്പറ്റിയുള്ള തെറ്റുകളുടെ ഒരു വലിയ മലതന്നെ സൃഷ്ടിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ ഏകദേശം 28 വർഷത്തോളം ജീവിക്കേണ്ടിവന്നല്ലോ എന്നുള്ളത് മനസിൽ വലിയ ഒരു വ്രണമായി രൂപപ്പെട്ടു. മറ്റൊരർത്ഥത്തിൽ പറയുകയാണെങ്കിൽ ദൈവിക നിയമത്തിൽ എന്താണ് തെറ്റും ശരിയും എന്ന് മനസ്സിലാക്കുവാൻ 28 വർഷക്കാലത്തോളം ജീവിക്കേണ്ടി വന്നു എന്നതാണ്.

ഇസ്‌ലാമിക പ്രഭാഷണം തകൃതിയായി നടന്നിരുന്ന പ്രദേശമായതിനാൽ അത് കേൾക്കുവാൻ പോകുമായിരുന്നു. ഒരിക്കൽ തൊട്ടടുത്തുള്ള വീട്ടിൽനിന്നും ഖുർആൻെറ ചെറിയൊരു പതിപ്പ് എടുത്ത് മറിച്ച് നോക്കിയതിന് കണ്ണ് പൊട്ടുമെന്ന് ഭയന്ന ഒന്നുരണ്ട് ദിവസങ്ങൾ; വിഭാഗീയതയില്ലാതെ പള്ളി നേർച്ചകളിൽ പങ്കെടുത്തിരുന്ന കാലം; മിക്ക പ്രഭാഷണങ്ങളിലും വിഷയം മരണാനന്തര ജീവിതമായിരിക്കും. അങ്ങനെ ദൈവം എന്ന സങ്കൽപം എന്നിൽ വലിയ ഒരു ക്രൂരനായി നിലനിന്നു. ഉറക്കങ്ങളിൽ ദൈവം ഒരു പേടിസ്വപ്നമായി മാറി. അങ്ങനെ ഒരുകാലത്ത് പ്രഭാഷണങ്ങൾക്ക് പോകാതെയായി. വലിയ ഒരു ഇടവേളക്കുശേഷം വീണ്ടും ഇസ്‌ലാമിക പഠനങ്ങൾ ആരംഭിച്ചു. ഇക്കാലത്ത് ഒരുപാട് ചിന്തിപ്പിക്കുന്ന കുറെ നല്ല ലേഖനങ്ങളും നല്ല കുറെ പ്രഭാഷണങ്ങളും കേൾക്കുവാനിടയായി. ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ തുടങ്ങിയ ഇക്കാലത്ത് ആദ്യമായി ബോധ്യപ്പെട്ടത് ഖുർആനും ജനങ്ങളും രണ്ട് ധ്രുവങ്ങളിലാണ് എന്നതായിരുന്നു. മുസ്‌ലിംകൾ എന്ന് വിളിക്കപ്പെടുന്നവരുടെ വിവാഹങ്ങളിൽ, വിവാഹത്തെക്കുറിച്ച് ഘോരഘോരം സംസാരിക്കുകയും സ്ത്രീധന വിവാഹത്തിൻെറ പങ്ക് ഖത്തീബും പള്ളികളിലേക്കും കൊ

ണ്ടുപോകുന്നതും വല്ലാതെ ചിന്തിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഖുർആനെക്കുറിച്ചുള്ള പഠനം എനിക്കനിവാര്യമായിവന്നു. അങ്ങനെയാണ് ഞാൻ ഖുർആൻ ലേണിംഗ് ക്ലാസ് നടത്തുന്ന അധ്യാപകനെ കണ്ട് എൻെറ ആവശ്യം ഉന്നയിക്കുന്നതും ക്ലാസിൽ പോകാൻ തുടങ്ങുന്നതും. പിന്നീടങ്ങോട്ട് യഥാർത്ഥ ദൈവത്തെക്കുറിച്ച് അറിയുകയായിരുന്നു. അനന്തമായ ദൈവത്തിൻെറ കാരുണ്യത്തെക്കുറിച്ചും അവൻെറ രക്ഷാ-ശിക്ഷാ നിയമങ്ങളെക്കുറിച്ചും എന്നെകുറിച്ചുതന്നെയും പ്രപഞ്ചത്തെക്കുറിച്ചും എല്ലാം...... എല്ലാം...... ദൈവം എത്ര മഹാൻ.

പിന്നീട് രണ്ടാമതൊരു ലേണിംഗ് ക്ലാസ് എൻെറ വീടിനടുത്ത് തുടങ്ങുകയും അവിടത്തെ പഠനത്തിലാണ് എഴുത്തും വായനയും പഠിക്കുന്നതും. ലേണിംഗ് പഠനത്തിൻെറ ഒന്നൊന്നരവർഷക്കാലത്തിനുശേഷം ഒരിക്കൽ ക്ലാസ് അടുത്തുള്ള സലഫി പള്ളിയിലായിരുന്നു. അന്ന് പള്ളിയിൽ കേറിയതിനും മറ്റൊരിക്കൽ ഐ.എസ്.എം. പരിപാടിയുടെ പ്രഭാഷണം കേൾക്കുന്നതിനുവേണ്ടി പള്ളിയിൽ കേറിയതിനും ഞാൻ പള്ളിയിൽ കയറാൻ പാടില്ലെന്ന രീതിയിൽ പ്രശ്നങ്ങളുണ്ടായതും 'അമുസ്‌ലിംകൾക്ക് പള്ളിയിൽ പ്രവേശനമില്ല' എന്ന ബോർഡ് മനസിൽനിന്ന് മാറ്റാൻ കഴിയാത്ത കുറെ ജനങ്ങൾ ജീവിക്കുന്നു എന്നതിൻെറ തെളിവായിരുന്നു. (അന്ന് ഞാൻ നമസ്‌ക്കാരംതുടങ്ങിയില്ലായിരുന്നു). "യാ അയ്യുഹല്ലദീന ആമനൂ", "യാ അയ്യുഹൽ ഇൻസാൻ" എന്നൊക്കെയാണ് ഖുർആൻ അഭിസംബോധന ചെയ്യുന്നതെങ്കിലും മുഹമ്മദ് നബി ﷺ എല്ലാ ജനങ്ങളിലേക്കും വേണ്ടി ഇറക്കപ്പെട്ട പ്രവാചകനാണെന്നും ഖുർആൻ ഉദ്ബോധിപ്പിക്കുമ്പോൾ എന്തേ ജനങ്ങളിങ്ങനെ? ഇതെല്ലാം കാണുമ്പോൾ മനസ് വല്ലാതെ പ്രക്ഷുബ്ധമായിരുന്നു. ഖുർആനിലെ 103-ാം അധ്യായം പഠിക്കുന്നതുവരെ.

"കാലം തന്നെയാണ് സത്യം, നിശ്ചയമായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും സത്യത്തെക്കൊണ്ട് പരസ്പരം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ".

പഠനകാലത്ത് മനസ്സിനെ ഞാൻ ഫ്രീയായിവിട്ടിരുന്നു. ആരുടെയും നിർബന്ധത്തിന് വഴങ്ങിയിട്ടില്ലായിരുന്നു. എന്നെ പഠിപ്പിച്ചുകൊണ്ടിരുന്ന അധ്യാപകരും മറ്റ് സുഹൃത്തുക്കളും നമസ്‌ക്കാരം തുടങ്ങുന്നതിനെക്കുറിച്ച് ഓർമ്മപ്പെടുത്തുമായിരുന്നു. പക്ഷെ, അന്നൊന്നും മനസ് അതിന് പാകപ്പെട്ടിട്ടില്ലായിരുന്നു. പിന്നീടൊരിക്കൽ കൃത്യമായി പറഞ്ഞാൽ 96-ാം അധ്യായം പഠിച്ച അന്ന് രാത്രി ശഹാദത്ത് കലിമ ചൊല്ലാൻ

ഞാൻ എന്റെ കൂട്ടുകാരനെ തേടിപ്പോവുകയും അവനെ കാണാൻ കഴിയാതെ നമസ്ക്കാരം തുടങ്ങാത്തതിന് സ്വയം പഴിച്ചുകൊണ്ട് വേദനസഹിച്ച് കുറച്ച് ദിവസങ്ങൾ തള്ളിനീക്കിയത് മനസിൽ വിശ്വാസം ദൃഢപ്പെട്ട് തുടങ്ങി എന്നതിന് തെളിവായിരുന്നു. പിന്നീട് കൂട്ടുകാരന്റെ അടുത്തുള്ള പള്ളിയിൽവെച്ച് ശഹാദത്ത് കലിമ ചൊല്ലുകയും നമസ്ക്കാരം തുടങ്ങുകയും ചെയ്തു. ഈയൊരു അവസ്ഥയിൽ എത്തിയാൽ മാത്രമെ മറ്റ് തിന്മകളിൽനിന്നും സ്വയം വേറിട്ടുനിൽക്കുവാൻ കഴിയൂ. കാരണം പിന്നീടങ്ങോട്ട് ദൈവത്തിന്റെ കടിഞ്ഞാണിലാണ് ജീവിതം. ദൈവം എങ്ങോട്ട് കടിഞ്ഞാൺ പിടിക്കുന്നുവോ അങ്ങോട്ടേ യാത്രയുണ്ടാവൂ. ഈ അവസ്ഥക്ക് മുമ്പ് എങ്ങോട്ടുംപോകും, എന്തും ചെയ്യും. കാരണം കടിഞ്ഞാൺ പിശാചിന്റെ കയ്യിലാണ്. ഇപ്പോൾ ജീവിതം മുൻകാലത്തെക്കാളുപരി വളരെ സംശുദ്ധമാണ്. എല്ലാ തിന്മകളിൽനിന്നും സ്വയം വിട്ടുനിൽക്കാൻ കഴിയുന്നു. ക്ഷമ കൈക്കൊള്ളാൻ പരമാവധി കഴിയുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സത്യം കൈക്കൊള്ളാൻ സ്വയം സന്നദ്ധമാവുന്നു.

പൊന്നാനിയിൽ പോയാലേ ഇസ്‌ലാമാകൂ എന്ന് വിശ്വസിക്കുന്ന സമൂഹത്തിനിടയിൽ ജീവിക്കുന്നതുകൊണ്ട് പള്ളിയിൽ പോകാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് പെരിന്തൽമണ്ണ സലഫി മസ്ജിദിലെ ഖത്തീബ് അങ്ങോട്ട് ക്ഷണിക്കുകയും അവിടെ പോകാൻ തുടങ്ങിയതോടുകൂടി നിച്ച് ഓഫ് ട്രൂത്തുമായി കൂടുതൽ ബന്ധം സ്ഥാപിക്കുവാൻ കഴിയുകയും ചെയ്തു. പെരിന്തൽമണ്ണയുമായി ബന്ധപ്പെടാൻ തുടങ്ങിയതോടെ ഇസ്‌ലാമിനോട് കൂടുതൽ അടുക്കുവാൻ വളരെ എളുപ്പമായി.

മാതാപിതാക്കളെ സംരണക്ഷിക്കേണ്ടുന്നതിനെക്കുറിച്ച് വ്യക്തമായി ഖുർആൻ ഒരുപാട് സ്ഥലങ്ങളിൽ പറയുന്നു. സൂറ. ഇസ്‌റാഅ് 23-ാം വചനം നോക്കുക- "നിന്റെ റബ്ബ് തീരുമാനിച്ച് കൽപിച്ചിരിക്കുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്, മാതാപിതാക്കളിൽ നന്മ ചെയ്യണമെന്നും അവർ രണ്ടിലൊരാൾ അല്ലെങ്കിൽ അവർ രണ്ടാളും തന്നെ നിന്റെ അടുക്കൽവെച്ച് വാർദ്ധക്യം പ്രാപിച്ചേക്കുന്നപക്ഷം അവരോട് 'ഛെ' എന്ന് നീ പറയരുത്. അവരോട് കയർക്കുകയും ചെയ്യരുത്. അവരോട് മാന്യമായ വാക്ക് പറയുകയുംചെയ്യുക. "സൂറ. അങ്കബൂത്തിൽ എട്ടാമത്തെ വചനം നോക്കുക: "മനുഷ്യനോട് അവന്റെ മാതാപിതാക്കളെ സംബന്ധിച്ച് (അവരിൽ) നന്മ ചെയ്‌വാൻ-നാം ആജ്ഞ നൽകിയിരിക്കുന്നു-(ഹേ മനുഷ്യാ) നിനക്ക് (യഥാർത്ഥത്തിൽ) യാതൊരറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുന്നതിന് അവർ

നിന്നോട് നിർബന്ധം പുലർത്തുന്നപക്ഷം നീ അവരെ രണ്ടാളെയും അനുസരിച്ച് പോകരുത്. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ (എല്ലാവരുടെയും) മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെ പറ്റി ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിച്ച് തരുന്നതാണ്". സൂ.ലുഖ്മാൻ 15-ാമത്തെ വചനവും ഇവയൊക്കെതന്നെ പറയുന്നു. അങ്ങനെ എത്ര വചനങ്ങൾ. ഇതുപോലുള്ള ഒരുപാട് വചനങ്ങൾ തുടങ്ങുന്നതൊക്കെ "ഹേ വിശ്വാസികളെ, ഹേ മനുഷ്യാ" തുടങ്ങിയ വാക്കുകളാണ് എന്നും ഖുർആനിൽ മാതാപിതാക്കളെ സംബന്ധിച്ച് ഇങ്ങനെയയൊക്കെയാണ് പറയുന്നതെന്നും, യഥാർത്ഥ ഇസ്‌ലാം എന്താണെന്ന് ഞാൻ പറഞ്ഞുകൊടുക്കുമ്പോഴും "കുമാരൻ നിങ്ങളുടെ വീട്ടിലാണോ ഉറങ്ങാറ്, നിങ്ങളുടെവീട്ടിൽനിന്ന് തന്നെയാണോ ഇപ്പോഴും ഭക്ഷണം കഴിക്കാറ്" തുടങ്ങിയ ചോദ്യങ്ങൾ ഇസ്‌ലാമെന്ന് വിളിക്കപ്പെടുന്ന ഈ സമൂഹം വീട്ടുകാരോട് നിരന്തരം ചോദിക്കുമ്പോൾ യഥാർത്ഥ ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ വാക്കുകൾ വൃഥാവിലാകുന്നു. പള്ളികളോടും മറ്റും ബന്ധമുള്ള അവർ ഇത് പറയുമ്പോൾ ഇസ്‌ലാം സ്വീകരിക്കുകയെന്നാൽ സ്വന്തം കുടുംബത്തെ ഒഴിവാക്കണമെന്നും അവിടെനിന്നും ഭക്ഷണംപോലും കഴിക്കുവാൻ പാടില്ലെന്നും കൂടി അവർ മനസ്സിലാക്കേണ്ടി വരുന്നു. അതുകൊണ്ടുതന്നെ യഥാർത്ഥമായി ഇതൊന്നുപറഞ്ഞ് മനസിലാക്കുവാൻ കഴിയുന്നിലല്ലോ എന്ന വേദന വല്ലാതെ അനുഭവിക്കുന്നു ഇപ്പോഴും. സൂ. നഹൽ 115-ാം വചനം നോക്കുക "ശവവും രക്തവും പന്നി മാംസവും അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ട (അറുക്കപ്പെട്ട)തും മാത്രമെ അവൻ നിങ്ങളുടെമേൽ നിഷിദ്ധമാക്കിയിട്ടുള്ളൂ".

വായനക്കാരോട്: മാനസിക-സമൂഹിക സംസ്ക്കരണത്തിന് ഉതകുന്ന, കൈകടത്തലുകളില്ലാത്ത ദൈവികമായ മറ്റൊരു ഗ്രന്ഥവും നിങ്ങൾക്ക് കാണാൻ കഴിയുകയില്ല; ഖുർആനല്ലാതെ. അതുകൊണ്ടുതന്നെ ഖുർആൻ പഠിക്കുക, ജീവിതം സംസ്ക്കരിക്കുക, ദൈവത്തിന്റെ ഉന്നതമായ സ്വർഗം കരസ്ഥമാക്കുവാൻ യത്നിക്കുക. നമ്മെയെല്ലാം ദൈവം അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

# 20

## ഇസ്‌ലാം ദൈവത്തിൻെറ മതം

മുഹമ്മദ് ഹുസൈൻ, ചാവറ

ഞാൻ റോമൻ കത്തോലിക്ക  വിഭാഗത്തിൽ ജനിച്ചുവളർന്ന ആളാണ്. ഇടയാഴം സെൻറ് ജോസഫ് പള്ളി എൻെറ ഇടവക പള്ളിയായിരുന്നു. ചെറിയ പ്രായം മുതൽതന്നെ ഞാൻ ഒരു നല്ല ക്രിസ്തു വിശ്വാസിയായിരുന്നു. പരമാവധി എന്നിലെ കലാപരമായ അഭിരുചികൾ ഞാൻ പ്രയോജനപ്പെടുത്തിയിരുന്നു എന്നതുകൊണ്ട് ഞാൻ എന്റെ ഇടവകപ്പള്ളിയിലും സമൂഹത്തിലും പരിചിതനായ ഒരു ആളായിത്തീർന്നു. എനിക്ക് അടിക്കടിയായി നേരിടേണ്ടിവന്ന പല തിക്താനുഭവങ്ങൾ മൂലം ഞാൻ കാലക്രമേണ ബാലിശമായ ചിന്താഗതിയിലൂടെ എൻെറ വിശ്വാസം നഷ്ടപ്പെടുത്തിയെങ്കിലും മനസ്സിന്റെ അടിത്തട്ടിൽ പ്രാർത്ഥനയുടെ ഒരു കണിക ഞാനെന്നും സൂക്ഷിച്ചിരുന്നു. തുടർന്ന് ഞാൻ ഒരു പ്രത്യേക സാഹചര്യത്തിൽ തിരുവല്ലയിൽ ജോലിനോക്കുന്ന അവസരത്തിൽ പ്രസ്തുത സ്ഥലത്തെ ഒരു ക്ഷേത്രത്തിൻെറ ശാന്തമായ അന്തരീക്ഷവും പ്രഭാതത്തിൽ അവിടുന്ന് ഉയരുന്ന സംഗീതവും എന്നെ വളരെയധികം ആകർഷിക്കുകയും എൻെറ സുഹൃത്തായ ഒരു ഹൈന്ദവ സഹോദരൻെറ കൂടെ ഞാൻ അമ്പലത്തിൽ പോയിത്തുടങ്ങുകയും ചെയ്തു. തുടർന്ന് പ്രസ്തുത ആചാരങ്ങളുടെ അടിത്തറയായ വേദങ്ങളെപ്പറ്റി ഞങ്ങൾ സംസാരിക്കുമായിരുന്നു. ഇതിൽനിന്നും ഞാൻ കാണുന്നത്, പ്രഥമദൃഷ്ട്യാ കെട്ടുകഥകളാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്ന പുരാണങ്ങളാണ് ഹൈന്ദവതക്ക് ആധാരമെന്നാണ്. കൂടാതെ മനുഷ്യനെ വിഷ്ണുവിൻെറ വിവിധ ശരീരഭാഗങ്ങളിൽനിന്നും ഉദ്ധരിച്ചു എന്ന പേരിൽ വർ

ണഭേദമനുസരിച്ച് കീഴ്ജാതി മേൽജാതി എന്ന് തരംതിരിക്കുവാനാണ് ഹൈന്ദവത പഠിപ്പിക്കുന്നതെന്ന് മനസ്സിലായി. മേൽപറഞ്ഞ കീഴ്ജാതിക്കാരന് ക്ഷേത്രപ്രവേശനം നിഷിദ്ധമാക്കിയിരുന്നല്ലോ. ദൈവസൃഷ്ടിയായ മനുഷ്യന് ദൈവത്തെക്കാണുവാൻ, ദൈവത്തോട് പ്രാർത്ഥിക്കുവാൻ അവസരം നിഷേധിക്കുന്ന കാടത്തംനിറഞ്ഞ പുരാണങ്ങളുടെ ചുവടുപിടിക്കുന്ന ഈ മതം ഒരിക്കലും ശരിയല്ല, ശരിയാവില്ല എന്നെനിക്കുതോന്നി. പിന്നെ ദൈവികമല്ലാത്ത ഒരു ഗ്രന്ഥസംഹിതയാണ് ഹൈന്ദവതക്കുള്ളത് എന്ന് ഞാൻ വളരെ പെട്ടെന്ന് മനസ്സിലാക്കി. കാരണം ഹൈന്ദവ വിശ്വാസപ്രകാരം സൂര്യൻ ദൈവമാണ്. ഈ പറയുന്ന സൂര്യഭഗവാൻ രാവിലെ കുതിരകളാൽ വലിക്കപ്പെടുന്ന ഒരു രഥത്തിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ട് സഞ്ചരിക്കുന്നതുകൊണ്ടാണ് ദിനരാത്രങ്ങളുണ്ടാകുന്നത് എന്നാണ് ഹൈന്ദവതയുടെ സൂര്യനെ പറ്റിയുള്ള സമീപനം. ഹൈന്ദവമതം അവകാശപ്പെടുന്ന ത്രിയേകത്വത്തെ സംബന്ധിച്ചുനോക്കിയപ്പോൾ പരസ്പരപൂരകങ്ങളായ മൂന്നും ഒന്നായ ബ്രഹ്മാവ്, വിഷ്ണു, പരമശിവൻ എന്നിവർ തമ്മിൽ ഒരു തർക്കത്തെച്ചൊല്ലി മത്സരിക്കുന്നതായും തുടർന്ന് കൈതപ്പൂവിനോട് കൂറുചേർന്ന് ഒരു ദൈവം നുണപറയുന്നതായും എനിക്ക് കാണുവാൻ കഴിഞ്ഞു. സ്വന്തം കഴിവിനേക്കാൾ വലിയ ശക്തിയുള്ള വരംകൊടുക്കുന്ന മണ്ടന്മാരായ ദൈവങ്ങൾ! വരംനേടിയവനിൽനിന്നുതന്നെ രക്ഷപ്പെടാൻ നെട്ടോട്ടമോടുന്ന ദൈവങ്ങൾ! ചില സന്ദർഭങ്ങളിൽ ദൈവങ്ങളേക്കാൾ ശക്തിയുള്ള രാക്ഷസവർഗം ദൈവങ്ങളെ സ്വന്തം ഇരിപ്പിടത്തിൽനിന്നും ഓടിക്കുന്നതായും ഞാൻ ഹൈന്ദവപുരാണങ്ങളിൽ കണ്ടു. ഇങ്ങനെ ജാതിചിന്തയുള്ള, ഇത്ര അശാസ്ത്രീയമായ അറിവുള്ള, ഇത്രക്ക് പരസ്പര ധാരണയില്ലാത്ത, നുണ പറയുന്ന, മണ്ടന്മാരായ, സ്വയരക്ഷക്കുപോലും പരസഹായം തേടേണ്ടി വരുന്ന ദൈവങ്ങൾ എന്റെ രക്ഷകരാണ്, എൻെറ ദൈവങ്ങളാണ് എന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരുപക്ഷെ, എനിക്ക് മാനുഷികമായ ബുദ്ധിപോലും ഇല്ലായിരുന്നെങ്കിൽ ഞാൻ വിശ്വസിച്ചേനെ. നാം കാണുന്ന ഈ ലോകവും പുഴകളും ചെടികളും ജന്തുക്കളും ഈ പ്രപഞ്ചം മുഴുവനും സൃഷ്ടിച്ച ദൈവം മേൽപറഞ്ഞവയല്ല എന്ന് എനിക്ക് ബോധ്യപ്പെട്ടപ്പോൾ വീണ്ടും അന്വേഷണത്വര എൻെറ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു.

അങ്ങനെ ഞാൻ മറ്റൊരു ക്രൈസ്തവ വിശ്വാസി സമൂഹത്തിൽ എത്തി. അവിടെനിന്നും ലഭിച്ച സ്നേഹപൂർവ്വമായ സ്വീകരണം വീണ്ടും വീണ്ടും അങ്ങോട്ട് എത്തിച്ചേരുവാൻ എന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

പക്ഷെ, ഇവരുടെ ആരാധനാരീതികളിലുണ്ടായിരുന്ന പ്രാകൃതത്വം എന്നിൽ മടുപ്പുളവാക്കുകയും ചെയ്തു. പിന്നീട് ഞാൻ തൊഴിൽ സംബന്ധമായി തന്നെ കൊല്ലത്ത് താമസമാക്കി. ഇവിടെ എനിക്ക് കിട്ടിയത് ഒരു മുസ്‌ലിം സുഹൃത്‌വലയമാണ്. പക്ഷെ, എനിക്ക് ആദ്യം ഈ സൗഹൃദം ആത്മാർത്ഥമായി ഉൾക്കൊള്ളാൻ സാധിച്ചില്ല. കാരണം ഞാൻ ജീവിച്ച ചുറ്റുപാടിൽ ആകെ ഒരു മുസ്‌ലിം സുഹൃത്തിനെയാണ് എനിക്ക് പരിചയമുണ്ടായിരുന്നത്. അത് അത്ര അടുത്ത പരിചയമായിരുന്നുമില്ല. എനിക്ക് ആദ്യകാലത്ത് ഇസ്‌ലാമിനെക്കുറിച്ചുള്ള കാഴ്ചപ്പാട് തീവ്രവാദവും ഭീകരതയും നിറഞ്ഞ സാഹോദര്യ രഹിതമായ ഒരു മതമെന്നാണ്. കാരണം അന്നും ഇന്നും വർത്തമാനപത്രങ്ങളും സിനിമയും പോലുള്ള മാധ്യമങ്ങൾ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നത് ഈ വിധമാണ്. മേൽപറഞ്ഞ സ്വഭാവഗുണമുള്ള ഒരാളെ സാമാന്യം വിവേകമുള്ള ഒരാൾക്കും സുഹൃത്തായി അംഗീകരിക്കാൻ സാധിക്കുകയില്ലല്ലോ? പക്ഷെ, കാലക്രമേണ മറ്റൊരിടത്തുനിന്നും എനിക്ക് ലഭിച്ചിട്ടില്ലാത്ത സ്നേഹവും സഹകരണവും എൻെറ മുസ്‌ലിം സുഹൃത്തുക്കൾ എനിക്ക് നൽകി. അങ്ങനെ തികച്ചും യാദൃഛ്ചികമായി ഞാൻ അവരുടെ ആരാധനാകാര്യങ്ങളെപ്പറ്റിയുംമറ്റും അറിയുവാൻ ശ്രമിച്ചു. അഞ്ചുനേരവും പള്ളിയിൽ പോയി നമസ്ക്കരിക്കുന്ന അവരുടെ പതിവ് എന്നെ വല്ലാതെ ആകർഷിച്ചു. ക്രിസ്തീയ വിശ്വാസപ്രകാരം ഞായറാഴ്ച ഒരുദിവസം മാത്രം പള്ളിയിൽ പോയാൽ മതി. അതിനും സാധിച്ചില്ലെങ്കിൽ വർഷത്തിലൊരിക്കലെങ്കിലും മതിയെന്നാണ്. ഇത്ര ഇലാസ്റ്റിക് നിയമങ്ങളായിട്ടു കൂടി അവ പാലിക്കാത്ത ക്രിസ്തീയരാണ് ഞാൻ കണ്ടിട്ടുള്ളതിൽ അധികവും. പ്രത്യുത മുസ്‌ലിംകളിൽ കണ്ട ഈ കൃത്യത, ദിവസം അഞ്ചുനേരമുള്ള നമസ്ക്കാരം എൻെറ മനസ്സിനെ ആകെയൊന്ന് ഉലയ്ക്കുകയാണു ചെയ്തത്. തുടർന്ന് ഇസ്‌ലാം എന്താണ് എന്ന് ഞാൻ അന്വേഷിച്ചുതുടങ്ങി. അപ്പോഴാണ് ഇസ്‌ലാമിൻെറ അടിത്തറ എന്നത് ഏകദൈവ വിശ്വാസമാണ് എന്ന് ഞാൻ മനസ്സുലാക്കി. ഞങ്ങളും ഏകദൈവത്തിൽതന്നെയാണ് വിശ്വസിക്കുന്നത് എന്ന് പറഞ്ഞപ്പോഴാണ് ക്രൈസ്തവതയുടെ അടിത്തറയായ ത്രിയേകത്വത്തെക്കുറിച്ച് എൻെറ ഒരു മാന്യ സുഹൃത്ത് എന്നോട് ചോദിക്കുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തെക്കുറിച്ച് ഞാൻ പറഞ്ഞു. ബൈബിളിലെ ഇതിനുള്ള തെളിവ് ആരാഞ്ഞപ്പോൾ വളരെ തിരഞ്ഞിട്ടും ഈ ത്രിയേകത്വത്തിന് ബൈബിളിൽനിന്നും യാതൊരു തെളിവും എനിക്ക് ലഭിച്ചില്ല.

അതുവരെയുള്ള എൻെറ എല്ലാ സങ്കൽപങ്ങളും തകർന്നുവീണ

സന്ദർഭമായിരുന്നു അത്. പിന്നീടുള്ള ഓരോ നിമിഷവും ഞാൻ സത്യം എന്താണ് എന്ന് തിരിച്ചറിയുകയായിരുന്നു. ബൈബിൾ എന്തെന്ന് പഠിക്കുകയായിരുന്നു. അത്യുന്നതൻെറ പ്രവാചകനായ ഈസാ ﷺ അഥവാ യേശുക്രിസ്തു യഥാർത്ഥത്തിൽ ആരാണ് എന്ന് അറിയുകയായിരുന്നു. നിരക്ഷരനായ, വിജ്ഞാനപരമായി പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ലോകത്തുതന്നെ പിന്നോക്കമായിരുന്ന സമൂഹത്തിൽ ജനിച്ച സത്യസന്ധൻ എന്ന് സമൂഹം വിളിച്ചിരുന്ന മുഹമ്മദ് നബി എന്ന സാധാരണക്കാരനിലൂടെ, സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവം മനുഷ്യന് നൽകിയ നേർമാർഗത്തെ മനുഷ്യൻെറ ജീവിതക്രമത്തെയും വസ്ത്രധാരണത്തെയും സംസ്ക്കാരത്തെയും ഇന്ന് ഇത്രയേറെ വികാസം പ്രാപിച്ച ശാസ്ത്രശാഖകളുടെ കണ്ടുപിടുത്തങ്ങളെയും വിവരിക്കുന്ന പരിശുദ്ധ ഖുർആനെ ഞാൻ കണ്ടെത്തുകയായിരുന്നു. സമാധാനത്തിൻെറയും സാഹോദര്യത്തിൻെറയും ഇസ്‌ലാമിനെ കണ്ടെത്തുകയായിരുന്നു. ദൈവത്തിൻെറ മതം അറിയുകയായിരുന്നു.

യഥാർത്ഥത്തിൽ ബൈബിൾ പരിശോധിച്ച ഞാൻ അതിൽ ആദ്യം കാണുന്ന വാക്യം പോലും വൈരുദ്ധ്യം നിറഞ്ഞതാണെന്ന് മനസ്സിലാക്കി. ഉൽപത്തി പുസ്തകത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങളിലായി വിവരിക്കുന്ന സൃഷ്ടിപ്പ് പരിശോധിച്ചു നോക്കുക. ഒന്നാംദിവസം ദൈവം വെളിച്ചം സൃഷ്ടിക്കുന്നതായും ഇരുളും വെളിച്ചവും വേർപിരിക്കുന്നതായും അതിൽ നാം വായിക്കുന്നു. എന്നാൽ നാലാം ദിവസം ദൈവം ഒന്നാം ദിവസം സൃഷ്ടിച്ച വെളിച്ചം നിലനിൽക്കെതന്നെ വീണ്ടും വെളിച്ചം സൃഷ്ടിക്കുന്നതായി കാണാം. അങ്ങനെയെങ്കിൽ (ആദ്യം സൃഷ്ടിച്ച വെളിച്ചം ഭൂമിയെ പ്രകാശിപ്പിക്കുവാനാണ്) ആദ്യം സൃഷ്ടിച്ച വെളിച്ചം എവിടെ? നാലാം ദിവസമാണ് ദൈവം സൂര്യനെയും ചന്ദ്രനെയും സൃഷ്ടിക്കുന്നത്. ഇതിനിടയിൽ മൂന്നാം ദിവസമാണ് ദൈവം സസ്യലതാദികൾ സൃഷ്ടിക്കുന്നത് (ഉൽപത്തി 1:11,12). ശാസ്ത്രീയമായി ചിന്തിച്ചാൽ പ്രകൃതി വ്യവസ്ഥക്ക് വിരുദ്ധമാണ് ഈ സൃഷ്ടികർമ്മം. സൂര്യൻെറ അസാന്നിദ്ധ്യത്തിൽ സസ്യങ്ങൾക്ക് സ്വാഭാവികമായും നിലനിൽപ്പില്ല. ഈ വിധം നോക്കിയപ്പോൾ ബൈബിൾ പലയിടത്തും അശാസ്ത്രീയത നിറഞ്ഞതാണ് എന്ന സത്യം ഞാൻ മനസ്സിലാക്കി. സ്രഷ്ടാവായ ദൈവത്തിന് ശാസ്ത്ര സത്യങ്ങൾ അറിയാൻ കഴിയാതെ പോകുമോ എന്ന ചോദ്യത്തിന് എനിക്ക് ഉത്തരം കിട്ടിയില്ല. ഇവിടെ നിന്നും ബൈബിളിലെ ഒന്നാം പുസ്തകത്തിലെ ഒന്നാം അധ്യായം മുതൽ ശുദ്ധ അബദ്ധങ്ങളാണ് എന്ന് ഞാൻ മനസ്സിലാക്കി. ഇതുപോലെയുള്ള അബദ്ധങ്ങൾ

സ്രഷ്ടാവിന് സംഭവിക്കുക അസാധ്യം.

വിഗ്രഹാരാധനയോട് മുമ്പേ എനിക്ക് താൽപര്യമുണ്ടായിരുന്നില്ല. കാരണം പ്രപഞ്ചാതീതനെന്ന് വിശ്വസിക്കുന്ന ദൈവത്തെ, കേവലം കളിമണ്ണോ കല്ലോ കൊണ്ടുനിർമ്മിച്ച ഒരു മനുഷ്യസദൃശ്യരൂപമുള്ള പ്രതിമയിൽ ഒതുക്കിനിർത്തി ദർശിക്കുക എന്ന ആശയം എനിക്കുൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ക്രിസ്തീയ മതപഠനം നേടിക്കൊണ്ടിരുന്ന കാലത്ത് എൻെറ ഒരു അദ്ധ്യാപകൻ വിഗ്രഹാരാധനയെ എതിർത്ത് സംസാരിച്ചപ്പോൾ ഞാൻ ചോദിച്ചു, നമ്മുടെ പള്ളിയിലെ ക്രിസ്തുവിൻെറയും മാതാവിൻെറയും മറ്റ് പുണ്യവാളന്മാരുടെയുമൊക്കെ രൂപം നാം ആരാധിക്കുന്നില്ലേ എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞത് നാം അവർക്കു കൊടുക്കുന്നത് വണക്കമാണ് എന്നാണ്. എന്താണ് ഈ വണക്കം എന്ന ചോദ്യത്തിന് വണക്കം എന്നുപറഞ്ഞാൽ ഇങ്ങനെ വണങ്ങുന്നതിനെയാണ് വണക്കം എന്ന് പറയുന്നത്. ഭാരിച്ച കാര്യമൊന്നുമന്വേഷിക്കണ്ട എന്ന മറുപടിയാണ് ലഭിച്ചത്. വ്യക്തമായ ഒരു മറുപടി അദ്ദേഹത്തിന് തരുവാൻ സാധിച്ചില്ല. പിന്നീടൊരിക്കലാണ് 'ആകാശത്തിനുകീഴിൽ ഭൂമിക്കുള്ളിൽ ഒന്നിൻെറയും പ്രതിബിംബം നിങ്ങളുണ്ടാക്കരുത്' എന്ന വചനം ഞാൻ ശ്രദ്ധിക്കുന്നത്. സത്യത്തിൽ ഇന്ന് ക്രൈസ്തവ സഭയുടെ ഇതരവിഭാഗങ്ങൾ പലരും ചെയ്യുന്നത് വിഗ്രഹാരാധനയല്ലാതെ മറ്റൊന്നുമല്ല എന്ന് ഞാൻ മനസ്സിലാക്കി.

മനുഷ്യന് സന്മാർഗം പറഞ്ഞുകൊടുക്കേണ്ട ദൈവഗ്രന്ഥം (ബൈബിൾ) വീണ്ടും പരിശോധിക്കുമ്പോൾ കാണുന്നത് ലോകത്തിന് ദൃഷ്ടാന്തവുമായി ആദ്യം വന്ന പ്രവാചകൻ നോഹ വീഞ്ഞുണ്ടാക്കിയിട്ട് അത് കുടിച്ച് ഉന്മത്തനായി അഴിഞ്ഞുപോയ വസ്ത്രം സ്വന്തം മക്കൾ ഉടുപ്പിച്ചുകൊടുക്കേണ്ടിവരുന്ന ഗതികേടാണ്. തുടർന്ന് നോക്കിയപ്പോൾ നോഹയിൽ തുടങ്ങി യേശുക്രിസ്തുവരെയുള്ള പ്രവാചകന്മാർ മദ്യപാനികളോ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നവരോ ആണ് എന്ന് മനസ്സിലായി. കാരണം യോഹന്നാൻെറ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കി വിളമ്പുവാൻ കൊടുക്കുന്ന യേശുക്രിസ്തുവിനെയാണ് ചിത്രീകരിക്കുന്നത്. ഇത് സത്യത്തിൽ എൻെറ മനഃസാക്ഷിക്ക് നിരക്കാത്ത ഒരു കാര്യമായിരുന്നു. എന്നാൽ പരിശുദ്ധ ഖുർആൻ എനിക്ക് കാണിച്ചുതന്ന യേശുക്രിസ്തുവിൻെറ ആദ്യത്തെ അത്ഭുതം സ്വന്തം മാതാവിൻെറ നിഷ്കളങ്കത തെളിയിക്കാൻ തൊട്ടിലിൽ കിടന്ന് സംസാരിക്കുന്നതാണ്. മദ്യപാനിയായ ഒരുവൻ മദ്യം വിഷമാണ്, ദോഷവശമുള്ളതാണ് എന്നൊക്കെ പറഞ്ഞാൽ ആരെങ്കിലും വിലകൊടുക്കുമോ. പക്ഷെ, യേശു മദ്യപിച്ചിട്ടില്ല, മദ്യം ഉണ്ടാ

ക്കിയിട്ടുമില്ല. പ്രത്യുത ഈ കെട്ടുകഥ പുരോഹിത വർഗത്തിന്റെ സ്വാർത്ഥതയുടെ ഫലമായിട്ട് ഉത്ഭവിച്ചതാണ് എന്നുവേണം കരുതാൻ. അതുപോലെതന്നെ ഖുർആൻ മദ്യം നിരോധിക്കുന്നുണ്ട് (വി.ഖു. 2:219, 5:91). സത്യസന്ധനായ, മദ്യപാനിയല്ലാത്ത സന്മാർഗിയായ പ്രവാചകന്റെയടുത്തുനിന്നും വന്ന ദൈവത്തിന്റെ വചനത്തിലൂടെ ഖുർആൻ മദ്യത്തെ പടിപടിയായി നിരോധിച്ചു. നോഹ മുതൽ യേശുവരെ എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കാത്തവൻ ഇസ്‌ലാമിന് പുറത്താണ് എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. കാരണം അവർ സന്മാർഗികളാണ്. മദ്യപാനികളോ പാപികളോ അല്ല എന്ന സത്യം പരിശുദ്ധ ഖുർആൻ എനിക്ക് മനസ്സിലാക്കിത്തന്നു. പ്രവാചകനായ ഈസാനബിയെ ദൈവമായി ചിത്രീകരിച്ച് ദുർനടപ്പിന്റെ കഥകൾ വിവരിച്ച് മനുഷ്യനെ ദുർനടപടിക്കാരനാക്കുന്ന ഈ ഗ്രന്ഥം ദൈവികമല്ല എന്ന് എനിക്ക് മനസ്സിലായി. യേശുക്രിസ്തു പ്രവാചകനായിരുന്നു എന്നതിന് ബൈബിളിൽനിന്നും ധാരാളം തെളിവുകൾ ഞാൻ കണ്ടെത്തി. യേശു പ്രസംഗിച്ച ദൈവത്തിന്റെ സുവിശേഷത്തെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ടെങ്കിൽതന്നെ ആ ദൈവത്തിന്റെ സുവിശേഷം ഇന്നത്തെ ബൈബിളിൽനിന്നും അപ്രത്യക്ഷമായിരിക്കുന്നു. അത് എന്തുകൊണ്ട് അപ്രത്യക്ഷമായി? അല്ലെങ്കിൽ ഇന്നത്തെ ഏതെങ്കിലും ക്രൈസ്തവന് ആ ദൈവത്തിന്റെ സുവിശേഷം എന്താണെന്നറിയാമോ? ആർക്കും അറിയില്ല എന്നാണ് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്. യോഹന്നാന്റെ സുവിശേഷം പരിശോധിച്ച ഞാൻ കണ്ടത് ബൈബിൾ പൂർണ ഗ്രന്ഥമല്ല എന്നാണ് (യോഹ: 21:25). അപൂർണമായ ഒരു ഗ്രന്ഥം ദൈവികമല്ല എന്നതിന് എനിക്കൊരു സംശയവുമുണ്ടായിരുന്നില്ല. അതോടൊപ്പം അദ്ദേഹം അദ്ദേഹത്തിന്റെ പരിധിയിൽനിന്നാണ് പ്രസ്തുത പ്രസ്താവന നടത്തിയത് എന്ന് കൂടുതൽ ഈ വാക്യം വെളിവാക്കിത്തന്നു. ബൈബിൾ മാനുഷിക സൃഷ്ടിയാണ് എന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഈ പ്രസ്താവന എനിക്ക് കാട്ടിത്തന്നത്. ഇന്നത്തെ ക്രൈസ്തവസഭ നിലകൊള്ളുന്നത് പൗലോസിന്റെ ലേഖനങ്ങളുടെ വെളിച്ചത്തിലാണല്ലോ? മേൽ പറഞ്ഞ പൗലോസ് തനിക്കുണ്ടായി എന്ന് പറഞ്ഞ വെളിപാടിനെപ്പറ്റി പരസ്പരവിരുദ്ധമായി പ്രതിപാദിക്കുന്നതും അദ്ദേഹത്തിന്റെ മുൻകാല ചരിത്രപഠനവും പ്രസ്തുത ലേഖനങ്ങളിലെ അദ്ദേഹത്തിന്റെ സ്വാർത്ഥ താൽപര്യങ്ങളുടെ സ്വാധീനം എനിക്ക് എളുപ്പം മനസ്സിലാക്കിത്തന്നു.

ത്രിയേകത്വം എന്ന വിശ്വാസം തീർത്തും തെറ്റാണ് എന്നും ഞാൻ മനസ്സിലാക്കുന്നു. ഒരു പ്രവാചകനും ദൈവം ത്രിയേകമാണ് എന്ന് പറഞ്ഞിട്ടില്ല, കാരണം ബൈബിളിൽ ഈ ത്രിയേകത്വത്തിന് എനിക്ക് തെളി

വൊന്നും കിട്ടിയില്ല. ഖുർആൻ പറയുന്നു 'അവർ അദ്ദേഹത്തെ ക്രൂശിച്ചിട്ടില്ല' എന്ന്. ക്രൂശുമരണം സത്യമാണെങ്കിൽ യേശു ഒരിക്കലും ദൈവപുത്രനല്ല, കാരണം ദൈവത്തിന് മരിക്കാനാകുമോ. യേശു ദൈവമാണെങ്കിൽ യേശുവിൻെറ ഉപവാസത്തിനെന്ത് അർത്ഥമാണുള്ളത്. യേശു ദൈവപുത്രനാണ് എന്ന് വിശ്വസിക്കുന്നതിൽ ദൈവത്തിൻെറ സ്ഥാനം മോശമാക്കുകയാണ് ചെയ്യുന്നത്. സ്വന്തം പുത്രനെ ക്രൂശിൽ തറച്ച് കൊന്നുകൊണ്ട് ലോകത്തിൻെറ പാപം പൊറുക്കുന്ന ദൈവത്തെ ക്രൂരതയുടെ ഏറ്റവും വലിയ പര്യായമായാണ് എനിക്ക് കാണുവാൻ കഴിഞ്ഞത്. ഒരർത്ഥത്തിൽ ബൈബിൾ വരച്ച് കാട്ടുന്നത് തികച്ചും അപൂർണതയുള്ള ഒരു ദൈവത്തെയാണ്. തുടർന്ന് യോഹന്നാന്റെ സുവിശേഷം 16:7-15 വചനങ്ങളിൽ നിന്ന് വരുവാനിരിക്കുന്ന കാര്യസ്ഥൻ പരിശുദ്ധാത്മാവല്ല മറിച്ച്, ദൈവത്തിൽനിന്നും കേട്ടതുമാത്രം സംസാരിച്ച ഒരു മനുഷ്യൻെറ ജനനംമുതൽ മരണംവരെ അനുസരിക്കേണ്ട എല്ലാം പഠിപ്പിച്ചുതന്ന മുഹമ്മദ് നബിയാണ് എന്ന് ഞാൻ മനസ്സിലാക്കി. അതുകൊണ്ടു തന്നെ മുഹമ്മദ് നബി അന്ത്യപ്രവാചകനാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. മാനുഷിക സൃഷ്ടികളായ നാല് വൈരുദ്ധ്യ സുവിശേഷങ്ങളല്ലാതെ ദൈവത്തിന്റെ സുവിശേഷം ഒന്നും ബൈബിളിലില്ല എന്ന സത്യവും.

യഥാർത്ഥ ഏകദൈവാരാധന പഠിപ്പിക്കുന്ന ഇസ്‌ലാം അനുശാസിക്കുന്നതാണ് എല്ലാ പ്രവാചകന്മാരും പറഞ്ഞ സ്രഷ്ടാവും രക്ഷകനുമായ ദൈവമെന്നുമുള്ള അറിവും, ഇസ്‌ലാം ദൈവത്തിൻെറ മതമാണ് എന്ന തിരിച്ചറിവും ഉൾക്കൊണ്ടതുകൊണ്ട് ഞാൻ ഇന്ന് ഒരു മുസ്‌ലിമായി. തീർച്ചയായും ഞാൻ വിശ്വസിക്കുകയാണ് യഥാർത്ഥത്തിൽ ബൈബിൾ പഠിച്ച ഒരു വ്യക്തിക്കുപോലും ക്രിസ്ത്യാനിയായി തുടരാൻ സാധിക്കില്ലായെന്ന്. ക്രിസ്തു സ്ഥാപിച്ച മതമല്ല, ക്രിസ്തുമതം. കാരണം ക്രിസ്തു ആരെയും ക്രിസ്ത്യാനി എന്ന് വിളിച്ചിട്ടില്ല. സത്യാന്വേഷിയായ ഒരാൾക്കും പരിശുദ്ധ ഖുർആനിലൂടെ ദൈവം അവതരിപ്പിച്ചുതന്ന ദൈവത്തിൻെറ മതത്തെ, സത്യമതമായ ഇസ്‌ലാമിനെ അംഗീകരിക്കാതിരിക്കുവാനാകില്ല. എൻെറ സ്നേഹിതരേ ഞാൻ നിങ്ങളോട് അറിയിക്കുകയണ്; ഈ കുറിപ്പ് പൂർണമായും സത്യംതന്നെയാണ്. ഞാൻ മനസ്സിലാക്കിയ ഇസ്‌ലാമിനെ നിങ്ങളും സത്യാന്വേഷികളായിക്കൊണ്ട് പഠിച്ചുനോക്കൂ. നിത്യനരകാഗ്നിയിൽനിന്നും രക്ഷനേടാനും രക്ഷകൻെറ വാഗ്ദാനമായ സ്വർഗത്തിൽ ദൈവം നമ്മെ ഒരുമിച്ച് കൂട്ടുവാനും വേണ്ടി ഈ നശ്വര ജീവിതത്തിൻെറ നൈമിഷികതയെ തിരിച്ചറിഞ്ഞ് വിവേകമുള്ളവരായി മുഴുവൻ ജനങ്ങളും മാറുവാൻ പ്രാർത്ഥിക്കുന്നു.

# 21

# പീഡനത്തിന്റെ ലോകത്തു നിന്നും സമാധാനത്തിന്റെ വിഹായസ്സിലേക്ക്

താജുദ്ദീൻ, ഏപ്പിക്കാട്

മലപ്പുറം ജില്ലയിലെ മേലാറ്റൂരിനടുത്തുള്ള ഏപ്പിക്കാട് എന്ന സ്ഥലത്തെ ഒരു ക്രിസ്ത്യൻ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. കൊച്ചു നാൾ മുതൽക്കെ ദുരിതം നിറഞ്ഞതായിരുന്നു എൻെറ ജീവിതം. ഇന്നെനിക്ക് വയസ്സ് പതിനെട്ട്. എൻെറ അമ്മയുടെ മുഖം എനിക്ക് ശരിക്ക് ഓർമയില്ല. ഇഷ്ടമില്ലാത്ത പെണ്ണിനെ കല്യാണം കഴിക്കേണ്ടി വന്ന എൻെറ അപ്പൻ അവരെ നിർദയം മർദ്ദിച്ചു. അതിനാൽ എൻെറ അമ്മ മാനസിക രോഗിയായി മാറുകയും താമസിയാതെ മരണപ്പെടുകയും ചെയ്തു. സ്വന്തം പിതാവിനെ കാണുമ്പോൾ മക്കൾ അടുത്തേക്ക് ഓടിച്ചെല്ലുകയാണ് ചെയ്യുക. എന്നാൽ ഞാൻ ഓടിയൊളിക്കുകയായിരുന്നു.

അപ്പൻെറ ക്രൂരകൃത്യങ്ങൾ സഹിച്ച് ഒരിറ്റ് സ്നേഹത്തിനുവേണ്ടി ദാഹിച്ചിരിക്കുമ്പോഴാണ് രണ്ടാനമ്മ കടന്നുവന്നത്. അവരുടെ സ്നേഹം എൻെറ ബാലമനസ്സിന് ആശ്വാസം നൽകി. നഷ്ടപ്പെട്ട മാതൃസ്നേഹം അവർ എനിക്ക് പകർന്ന് തന്നു. പക്ഷെ, അത് അധിക കാലം നീണ്ടു നിന്നില്ല. മദ്യപനായ അപ്പൻ ആന്റിയെയും എന്നെയും കാരണമില്ലാതെ മർദ്ദിക്കാൻ തുടങ്ങി. മന്ത്രവാദത്തിലും കൂടോത്രത്തിലും കൈനോട്ടത്തിലും വിശ്വസിച്ചിരുന്ന അപ്പൻ എന്നെയും ആൻറിയെയും അത്തരം നീചവൃത്തികൾക്ക് പ്രേരിപ്പിക്കും. എതിർത്താൽ കടുത്ത പീഡനങ്ങൾ സഹിക്കേണ്ടിവരും. ‘നിങ്ങൾ ഇരിക്കുന്നിടം മുടിയും. ദൈവത്തിൻെറ

ഐശ്വര്യം ഈ വീട്ടിൽ ഉണ്ടാകില്ല' എന്നിങ്ങനെ ഞങ്ങളെ ശപിക്കുകയും ആക്ഷേപിക്കുകയും ചെയ്യും. പ്രയാസങ്ങൾ സഹിച്ച് വർഷങ്ങൾ തള്ളിനീക്കി. കൗമാരത്തിലേക്ക് പ്രവേശിച്ചപ്പോൾ എനിക്കൊരൽപം ധൈര്യം കൈവന്നു. ഈ പീഡനങ്ങൾ സഹിച്ച് എന്തിന് വീട്ടിൽതന്നെ കഴിയണം? അങ്ങനെ ഞാൻ വീടു വീട്ടിറങ്ങി.

നാടുവിട്ട ഞാൻ ഒരു മുസ്‌ലിം സഹോദരൻെറ കടയിൽ ജോലി ചെയ്യാൻ തുടങ്ങി. അദ്ദേഹത്തിൻെറ സ്നേഹസമ്പൂർണമായ പെരുമാറ്റത്തിൽ ഞാൻ ആശ്വാസം കണ്ടെത്തി. കൂട്ടുകാരുമായി വഴക്കിടുമ്പോൾ, കുസൃതികൾ കാട്ടുമ്പോൾ, ദേഷ്യപ്പെട്ട് കടയിൽനിന്നിറങ്ങിപ്പോകുമ്പോൾ അദ്ദേഹമെന്നെ സ്നേഹത്തോടെ ഉപദേശിക്കും. ജീവിതത്തിൽ സുഖം മാത്രമല്ല, കഷ്ടപ്പാടുകളും ദുരിതങ്ങളുമുണ്ടാകും. ഇവിടെ ദൈവത്തെയോർത്ത് എല്ലാം സഹിച്ച് ഏകദൈവത്തിലും അവൻെറ ദൂതനിനിലുമെല്ലാം വിശ്വസിച്ച് സൽകർമങ്ങൾ ചെയ്ത് ജീവിച്ചാൽ പരലോകത്ത് നിനക്ക് പ്രയാസരഹിതമായ, ആനന്ദത്തിൻെറ സ്വർഗീയാരാമങ്ങളിൽ ജീവിക്കാമെന്ന് അദ്ദേഹം ഇടക്കിടെ എന്നെ ഓർമപ്പെടുത്തും. മുസ്‌ലിംകളുടെ നമസ്കാരം പോലുള്ള ആരാധനകളിലും മറ്റു വിശ്വാസകാര്യങ്ങളിലുമെല്ലാം ഒരു പുതുമ ദർശിക്കാൻ എനിക്ക് കഴിഞ്ഞിരുന്നുവെങ്കിലും ഇസ്‌ലാംമതം സ്വീകരിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം പുലർച്ചെ ഞാനൊരു സ്വപ്നം കണ്ടു. ഞാൻ ഇസ്‌ലാം മതം സ്വീകരിച്ചതായും പരലോകത്ത് എന്നെ ഹാജരാക്കുന്നതായും ദൈവത്തിൻെറ അടുത്ത് ഞാൻ ഇരിക്കുന്നതായുമായിരുന്നു ആ സ്വപ്നം. ദൈവത്തോട് സംസാരിക്കാൻ ഞാനൊരുങ്ങവെ ഞെട്ടിയുണർന്നു. ഈ സ്വപ്നം എൻെറ മനസ്സിനെ വല്ലാതെയുലച്ചുകളഞ്ഞു.

ഒരു ക്രിസ്ത്യാനിയായി മരിച്ചാൽ എനിക്ക് സ്വർഗം ലഭിക്കില്ല; മുസ്‌ലിമായി മരിക്കാത്തപക്ഷം നരകത്തിൽ പ്രവേശിക്കേണ്ടിവരും എന്ന ചിന്ത എൻെറയുള്ളിൽ വളർന്നു. അമ്മയില്ല. എങ്കിലും അപ്പനുണ്ട്. എന്നിട്ടും ഞാൻ അനാഥനായി ജീവിക്കുന്നു. സമുദായത്തിലെ ഒരാളും എന്നെ രക്ഷിക്കാനെത്തിയില്ല. അപ്പൻെറ പീഡനത്തിനെതിരു നിന്നില്ല. അഭയം നൽകിയതും സാന്ത്വനം നൽകിയതും ഒരു മുസ്‌ലിം സഹോദരൻ. അദ്ദേഹത്തെ അതിന് പ്രേരിപ്പിച്ചതാവട്ടെ അദ്ദേഹത്തിൻെറ വിശ്വാസവും. എങ്കിൽ എന്തുകൊണ്ടും ആ വിശ്വാസം സ്വീകരിക്കൽ എൻെറ കടമയമാണ്. ഒടുവിൽ ഞാൻ ശാശ്വതരക്ഷയും നിത്യജീവനും

ലഭിക്കാൻവേണ്ടി ഇസ്‌ലാം സ്വീകരിച്ചു.

ശേഷം ഖുർആൻ പഠിക്കാൻ തുടങ്ങിയതോടെ ഇന്ന് കാണുന്ന ബൈബിൾ യഥാർത്ഥ ദൈവിക ഗ്രന്ഥമല്ലെന്നും ക്രിസ്തുമതത്തിന് അടിസ്ഥാനമില്ലെന്നും എനിക്ക് പരിപൂർണമായും ബോധ്യമായി. ക്രിസ്തുമതത്തിൻെറ അടിസ്ഥാനമായ ത്രിയേകത്വ സിദ്ധാന്തം വിശദീകരിക്കാൻ സാധിക്കാത്ത, മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കാത്ത ഒന്നായി സുവിശേഷകർ തന്നെ സമ്മതിക്കുന്നു. എന്നാൽ ഇസ്‌ലാമിൽ അത്തരം സങ്കീർണമായ ദൈവസങ്കൽപമില്ല. പെറ്റുവീഴുന്ന പിഞ്ചുകുഞ്ഞു പോലും പാപിയാണെന്ന വാദമില്ല. പൗരോഹിത്യമില്ല. പുരോഹിതനോട് തെറ്റുകൾ ഏറ്റുപറഞ്ഞാൽ പൊറുക്കപ്പെടുമെന്ന വിശ്വാസമില്ല. അത് പ്രകൃതിമതമാണ്. സാക്ഷാൽ ദൈവത്തിൻെറ മതമാണ്. ആ മതത്തിൻെറ അനുയായിയാകുവാൻ ചെറുപ്പത്തിൽതന്നെ എന്നെ അനുഗ്രഹിച്ച അല്ലാഹുവിന് സർവ്വസ്തുതിയും.

# 22

## ഇസ്ലാമിൻെറ സവിശേഷത

മുഹമ്മദ് സമാൻ, മുപ്പത്തടം,

ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ചുവളർന്ന യുവാവാണ് ഞാൻ. ഇസ്ലാംമതം സ്വീകരിക്കുവാൻ എന്നെ പ്രേരിപ്പിച്ച ഘടകങ്ങൾ പലതാണ്. അഥവാ അതിൻെറ ലളിതമായ വിശ്വാസാചാരങ്ങളും അയത്ന ലളിതമായ കർമാനുഷ്ഠാനങ്ങളും സർവ്വവിധ ഉത്തമഗുണങ്ങളും ഉൾക്കൊള്ളുവാനുള്ള ആഹ്വാനവുമാണ്. കൂട്ടുകാർവഴിയും വല്ലപ്പോഴും വായിക്കാൻകിട്ടുന്ന ഇസ്ലാമിക പ്രസിദ്ധീകരണങ്ങൾവഴിയുമാണ് ഞാനിക്കാര്യങ്ങൾ മനസ്സിലാക്കിയത്. യുക്തിക്കും ബുദ്ധിക്കും ചരിത്രസത്യങ്ങൾക്കും നിരക്കാത്ത വിശ്വാസാചാരങ്ങൾ വെച്ചുപുലർത്തുന്ന ഹിന്ദുമതത്തെക്കാൾ എന്തുകൊണ്ടും ഇസ്ലാമാണ് ഉത്തമമായ മതം എന്ന് മനസ്സിലാക്കിയാണ് ഞാൻ ഇസ്ലാം ആശ്ലേഷിച്ചത്.

പുരാണങ്ങളിലെ ദേവലോകകഥകൾ ചെറുപ്പംമുതലെ എന്നെ അലോസരപ്പെടുത്തിയിരുന്നു. ഒരുപാട് ചോദ്യങ്ങൾ എൻെറ മനസ്സിൽ അങ്കുരിപ്പിച്ചിരുന്നു. അസൂയയും കുശുമ്പും ശത്രുതയും വെച്ചുപുലർത്തുന്ന, വിഷയലമ്പടന്മാരായ ദേവന്മാരുടെയും മുനിമാരുടെയും ലോകമാണ് പുരാണങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. മേനക നഗ്നനൃത്തം നടത്തി വിശ്വാമിത്രൻെറ തപസ്സിളക്കിയ കഥ വായനക്കാരിൽ കേൾക്കാത്തവരുണ്ടാകില്ല. ദൈവങ്ങൾ തമ്മിലുള്ള കുശുമ്പും വഴക്കുമായിരുന്നു അതിൻെറ കാരണം. ദേവേന്ദ്രനും വിശ്വാമിത്ര ഭഗവാനും തമ്മിലുള്ള മാനസികവൈരാഗ്യമാണ് മേനകയുടെ നഗ്നനൃത്തത്തിന് നിദാനം. ഹൈന്ദവക്ഷേത്രങ്ങളിലെ ഏറ്റവും മുഖ്യമായ പ്രതിഷ്ഠ ശ്രീകൃഷ്ണൻേ

റതാണെന്ന് പറയാം. മനുഷ്യരൂപത്തിൽ അവതരിച്ച ദൈവമായാണ് ഹിന്ദുക്കൾ ശ്രീകൃഷ്ണനെ മനസ്സിലാക്കുന്നത്. പൂർണ നഗ്നരായി യമുനയിൽ നീരാടുന്ന ഗോപസ്ത്രീകളുടെ വസ്ത്രങ്ങൾ അപഹരിച്ച് അരയാൽകൊമ്പത്ത് കയറിയിരുന്ന്, ഓരോരുത്തരായി കരയിൽകയറി വസ്ത്രം ചോദിച്ചാൽ തരാമെന്ന് പറയുകയും അവരെക്കൊണ്ട് അങ്ങനെ ചെയ്യിപ്പിക്കുകയും ചെയ്ത ശ്രീകൃഷ്ണനെ ദൈവമെന്നല്ല ഒരു മഹാനായെങ്കിലും ഉൾക്കൊള്ളുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ഇങ്ങനെ അവതാരങ്ങളും ദേവന്മാരും മുനിമാരുമെല്ലാം ഒരു ശരാശരി മനുഷ്യൻ പോലും ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ ചെയ്തതായി പുരാണങ്ങൾ പറയുമ്പോൾ എങ്ങനെയാണ് അവരെ ആദരിക്കാനും ആരാധിക്കാനും കഴിയുക?

മനുഷ്യജീവിതത്തിന് ഒരു ലക്ഷ്യമുണ്ടെന്നും ആ ലക്ഷ്യമെന്താണെന്നും ഇസ്‌ലാം വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഹൈന്ദവ വേദോപനിഷത്തുകൾ ഈ വിഷയത്തിൽ വിരുദ്ധാശയങ്ങൾ പ്രകടമാക്കുന്നു. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും ഐഹിക ജീവിതത്തിൽ സൽകർമങ്ങൾ ചെയ്തവർ മരണാനന്തര ജീവിതത്തിൽ സ്വർഗീയ ജീവിതത്തിൽ സ്വർഗീയ സുഖമാസ്വദിക്കുമെന്നും ദുഷ്കർമികൾ അന്ധകാരമയമായ നരകയാതനകൾ അനുഭവിക്കുമെന്നും വേദങ്ങൾ പഠിപ്പിക്കുമ്പോൾ, പുണ്യകർമികൾ സ്വകർമഫലമായി ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആയി ജനിക്കുമെന്നും ദുഷ്കർമികൾ പന്നിയും പട്ടിയും ചണ്ഡാളനുമൊക്കെയായി ജനിക്കുമെന്നുമുള്ള പുനർജന്മസിദ്ധാന്തം ഉപനിഷത്ത് പഠിപ്പിക്കുന്നു.

എന്നാൽ ഈ വിഷയത്തിൽ ഇസ്‌ലാം ഖണ്ഡിതമായ വിധി പറയുന്നു. ഈ ലോകത്തിനും മനുഷ്യനടക്കമുള്ള സകല ജീവജാലങ്ങൾക്കും ഒരന്ത്യമുണ്ട്. അതിനുശേഷം മനുഷ്യരുടെ ജീവിതകാല പ്രവർത്തനങ്ങളെ വിലയിരുത്തി ന്യായാന്യായങ്ങൾ ബോധ്യപ്പെടുത്തി യഥാവിധി പ്രതിഫലം നൽകപ്പെടേണ്ടതിന് മനുഷ്യരെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടപ്പെടും. ന്യായാന്യായ വിചാരണയെയും അനന്തര നടപടികളെയും കുറിച്ച് ഖുർആൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവർ യഥാക്രമം സൃഷ്ടി, സ്ഥിതി, സംഹാരം നടത്തുന്നുവെന്ന് ഹിന്ദുമതം പഠിപ്പിക്കുന്നു. എന്നാൽ ഒരു രാജ്യത്തെയോ, ജനതയെയോ ഈ ഭൂമിയെയോ മാത്രമല്ല, ഈ പ്രപഞ്ചത്തിലെ ഓരോ ഘടകത്തെയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും നിയന്ത്രിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നവൻ അതു

ല്യപ്രഭാവനായ അല്ലാഹുമാത്രമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അവൻ അനാദിയും അനന്തനും സർവജ്ഞനുമാണ്. യാതൊരു പങ്കു കാരുമില്ലാത്തവനാണ്.

ഇസ്‌ലാമിക ദൈവവിശ്വാസത്തിൻെറ കേന്ദ്രബിന്ദുവാണ് തൗഹീദ് അഥവാ ഏകദൈവ വിശ്വാസം. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംവിധാ നിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പരാശക്തിയാണ് ദൈവം എന്ന് വിശ്വസിച്ചതുകൊണ്ട് മാത്രം തൗഹീദ് പൂർത്തിയാകുന്നില്ല. ദൈ വത്തിൻെറ എല്ലാ സവിശേഷതകളും അവകാശാധികാരങ്ങളും അവനു മാത്രം അവകാശപ്പെട്ടതാണെന്നും മറ്റാർക്കും അവയിൽ യാതൊരു പങ്കുമില്ലെന്നും വിശ്വസിക്കേണ്ടതുണ്ട്.

ദൈവത്തിൻെറ ഏകത്വത്തിലുള്ള ഈ ഊന്നലാണ് ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനുള്ള പ്രത്യേകതകളിൽ രപധാനപ്പെട്ടത്. അനേ കമനേകം ദേവീദേവന്മാരെ ആരാധിക്കുന്ന ഹിന്ദുമതത്തിൽനിന്നും ഭിന്ന മായ ഈ ഏകദൈവാരാധന ഇന്നെൻെറ മനസ്സിന് നൽകുന്ന ആശ്വാസം അനിർവചനീയമാണ്.

എനിക്ക് എല്ലാ സഹോദരങ്ങളോടും പറയാനുള്ള കാര്യം ഇതാണ്: അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും രക്ഷകർത്താവും പ്രപഞ്ചനി യന്താവുമായി അംഗീകരിക്കരുത്. നമ്മുടെ ആവശ്യനിർവഹണത്തിനും വിഷമങ്ങൾ പരിഹരിക്കുന്നതിനും കഴിവുള്ളവനായി അവനെ മാത്രമെ അംഗീകരിക്കാവൂ. ആപത്തുകളിൽ സഹായിക്കുന്നതിനും അദൃശ്യകാ ര്യങ്ങൾ അറിയുന്നതിനും അവന് മാത്രമെ കഴിയൂ. ആരാധനയുടെ ഇനത്തിൽപെട്ട സകല കർമങ്ങളും അല്ലാഹുവിന് മാത്രം അവകാ ശപ്പെട്ടതാണ്. അവനെയല്ലാതെ മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കാൻ പാ ടില്ല. അവൻെറ വിധിയിലോ പ്രവർത്തനങ്ങളിലോ പങ്കാളികളായും സ്വാധീനം ചെലുത്താൻ കഴിവുള്ളവരായും മറ്റാരെയും സങ്കൽപിക്കാൻ പാടില്ല. അല്ലാഹുവിങ്കലേക്ക് മധ്യസ്ഥന്മാരെ സ്വീകരിക്കാൻ പാടില്ല.

# 23

## ജാതീയതയിൽനിന്ന് മാനവികതയിലേക്ക്

**ശഫീഖ്, ഇടുക്കി**

ഇടുക്കി ജില്ലയിൽ ഒരു ഈഴവ കുടുംബത്തിൽ ഗോപിയുടെയും രാജമ്മയുടെയും മകനായി ജനിച്ച ഞാൻ എന്തുകൊണ്ട് ഒരു ഈഴവനായി ജീവിക്കാൻ താൽപര്യപ്പെടുന്നില്ല എന്നത്, ഞാൻ എന്തുകൊണ്ട് ഒരു മുസ്‌ലിമായി ജീവിക്കാൻ ഇഷ്ടപ്പെടുന്നു എന്ന് പറയുമ്പോൾ വിവരിക്കേണ്ടതുണ്ട്. ഹൈന്ദവ സമുദായം, പല തട്ടുകളായി തിരിക്കപ്പെട്ട, ജാതീയതയിൽ ഊട്ടിയുറപ്പിക്കപ്പെട്ട ഒരു നിയമവ്യവസ്ഥയുടെ സന്തതിയാണ് എന്നു തന്നെ പറയാം. ചാതുർവർണ്യ വ്യവസ്ഥ മനുഷ്യരെ പല തട്ടിൽ നിർത്തി ആവശ്യ സന്ദർഭത്തിൽ മുതലെടുക്കാനുള്ള ഒരു ശാപഗ്രസ്ഥ വ്യവസ്ഥിതിയായാണ് എൻെറ കഴിഞ്ഞുപോയ ജീവിതത്തിൽ എനിക്ക് അനുഭവപ്പെട്ടത്. ഞാൻ ഈഴവനായാണ് വളർന്നതെങ്കിലും ക്ഷേത്രങ്ങളിലും മറ്റും ഭജന നടത്തുവാനായി പോയിരുന്നു. ഹൈന്ദവ ആചാരങ്ങളിൽ ഭജന എന്നത് ദേവാരാധനയുടെ അഥവാ പൂജയുടെ ഭാഗമാണ്. ഈ ഭജന നടത്തുന്നവൻ ഏത് കറുത്തവനായാലും വെളുത്തവനായാലും ദൈവപൂജ നടത്തുന്ന വിശിഷ്ട വ്യക്തിയാകണം. പക്ഷേ, ക്ഷേത്രത്തിൻെറ മുറ്റത്ത് ഭജന നടത്തുമ്പോൾ പോലും ജാതീയതയുടെ പേരിൽ ഞാൻ അനുഭവിച്ച അവഗണനകൾക്ക് ഇന്നത്തെ ഹൈന്ദവതാവാദികളുടെ തൊപ്പും തൊങ്ങലും വെച്ച പ്രസംഗങ്ങൾ ഒരണുവോളം പരിഹാരമാകുന്നില്ല. ഇഷ്ടദേവതാപൂജ ഹൈന്ദവ സംസ്കാരത്തിൻെറ പ്രത്യേകതയാണെന്ന് പറയുന്നവർ, ആ ഇഷ്ടദേവനെ പൂജിക്കാനെത്തുന്ന ജനത്തെ തൊലിവെളുപ്പിൻെറയും കുലമഹിമയു

ടെയും അടിസ്ഥാനത്തിൽ പല തട്ടിൽ നിർത്തുന്നു എന്നത് എന്ത് ന്യായവാദം നടത്തിയാലും അംഗീകരിക്കാനാവുന്നില്ല. ഇങ്ങനെയുള്ള വ്യത്യസ്തമായ അനുഭവങ്ങൾ എന്തുകൊണ്ടും എന്നെ ചിന്തിപ്പിക്കുന്ന വയായിരുന്നു. സത്യത്തിൽ ഈ വിഗ്രഹങ്ങൾ ദൈവങ്ങളാണെങ്കിൽ അവ നൽകിയ കൽപനകളുടെ അടിസ്ഥാനത്തിലാണ് ഈ അസമത്വം നടക്കുന്നതെങ്കിൽ, ദൈവം എന്ത്? എങ്ങനെ? എന്നിത്യാദി ചോദ്യ ങ്ങളാൽ എൻെറ ഹൃദയം കലുഷിതമായിരുന്നു. ഒരുവേള ഞാനൊരു നിരീശ്വരവാദിയാകുമോ എന്നുവരെ ഭയപ്പെട്ടു. ഇങ്ങനെയുണ്ടായ ചിന്ത കൾ എന്നെ അന്ധവിശ്വാസത്തിൻെറയും അന്ധമായ അനുകരണത്തി ൻെറയും കുടുക്കിൽനിന്ന് മാറി, സ്വതന്ത്രമായി ചിന്തിക്കാൻ പ്രേരിപ്പി ച്ചിരുന്നു. മനുഷ്യരെ തുല്യ വീക്ഷണത്തിൽ കാണുന്ന, പരസ്പരം സാ ഹോദര്യവും സമത്വവും തുളുമ്പുന്ന ഒരു സമൂഹത്തെ വാർത്തെടു ക്കാനാവശ്യമായ സങ്കീർണ രഹിതമായ നിയമവ്യവസ്ഥിതിക്കായി ഞാൻ കൊതിച്ചിരുന്നു.

അങ്ങനെയുള്ള അവസരത്തിലാണ് ഒരു മുസ്‌ലിം സഹോദരൻ മുഖാ ന്തരം ഇസ്‌ലാമിനെ മനസ്സിലാക്കാൻ സാധിക്കുന്നത്. അദ്ദേഹം ഇസ്‌ലാ മിക വേദഗ്രന്ഥമായ ഖുർആൻ വചങ്ങളുദ്ധരിച്ച് ദൈവത്തിൻെറ ഗുണ വിശേഷങ്ങൾ കേൾപ്പിച്ചപ്പോൾ സത്യത്തിൽ എൻെറ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുകയായിരുന്നു. ഞാൻ എന്ത്? എന്തിന് പിറന്നു? എങ്ങോട്ട് ജീവിതം നയിക്കുന്നു? എന്നിത്യാദി ചോദ്യങ്ങൾക്ക് ആ ഗ്രന്ഥത്തിന് നൽകാനുണ്ടായിരുന്ന മറുപടി, എന്നെ അതിശയിപ്പിക്കുന്നവയായിരുന്നു. കാരണം ജീവിതത്തിൻെറ പച്ചയായ യാഥാർത്ഥ്യങ്ങളെ അതിന്റെ രൂപ ത്തിൽ തന്നെ കാണുകയും അതിന് തക്ക നിർദേശങ്ങളും അത്പാലി ക്കേണ്ട ആവശ്യകതയും പാലിച്ചാൽ ലഭിക്കുന്ന മോക്ഷവും ചർച്ച ചെയ്യു കയും ചെയ്യുന്ന ഒരു ഗ്രന്ഥം ഒരു ഹൈന്ദവ സംസ്കാരത്തിൻെറ വക്താ വിനെ സംബന്ധിച്ചിടത്തോളം 'കിട്ടാക്കനി'യാണ്. കാരണം ഒരിക്കലും ഒന്നുംതന്നെ മിണ്ടാത്ത കുറെ കൊത്തു വിഗ്രഹങ്ങളുടെ മുമ്പിൽ മനസ്സി ൻെറ വേവലാതികൾ തുറന്ന്, സമൂഹത്തിൻെറ ഒഴുക്കിനൊത്ത് ഒഴുകു ന്ന വെറുമൊരു പൊങ്ങുതടിയായി തീരുന്ന അവസ്ഥക്ക് പകരം ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനെങ്ങനെ ഉന്നത സൃഷ്ടിയാ കാം എന്ന് ഖുർആൻ പഠിപ്പിക്കുന്നു. അത് പ്രവാചകനിലൂടെ നടപ്പിൽ വരുത്തുകയും ചെയ്തു.

അതുകൊണ്ടുതന്നെ ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന് അവനെ മനസ്സിലാക്കാനും വേണ്ടത് ഒഴിവാക്കാനും വേണ്ടത് നടപ്പിൽ

വരുത്താനും ആവശ്യമായ ഉപദേശ നിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം ദൈവികമല്ലെന്ന് പറയാൻ ഒരു വിവേകിക്ക് സാധ്യമല്ല; അതുപോലെ അത്തരം ഉപദേശനിർദേശങ്ങളില്ലാത്ത, മനുഷ്യനെ അധമരിൽ അധമനാക്കാൻമാത്രം സഹായിക്കുന്നവയെ ദൈവികമെന്ന് അംഗീകരിക്കാനും കഴിയില്ല. മനുഷ്യൻ കണ്ടുപിടിച്ച ആദ്യ സാങ്കേതിക മികവ് എന്ന് ശാസ്ത്രലോകം അംഗീകരിക്കുന്ന തീ, അഥവാ അഗ്നി ഒരു ഹൈന്ദവന് ദേവനാണ്. അതിനെ പൂജിക്കാം, സഹായം തേടാം, വിളിച്ചപേക്ഷിക്കാം. എന്താണിതിനർത്ഥം. ആ ദേവനെ മനുഷ്യൻ കണ്ടുപിടിച്ചെന്നാണോ? എങ്കിൽ പിന്നെ എന്തിനതിനോട് പ്രാർത്ഥിക്കുന്നു?.

രാത്രേ സ്വതേജസാ മിശ്രയിതാരം ചന്ദ്രമ സംസ്തുമഃ
(ഋഗ്വേദം: മണ്ഡലം 10: സൂക്തം 92).

“അഥവാ രാത്രിക്ക് സ്വപ്രകാശം നൽകുന്ന ചന്ദ്രനെ സ്തുതിക്കുന്നു”.

ഇത്തരം അബദ്ധങ്ങൾ ദൈവപ്രോക്തങ്ങളെന്ന് എങ്ങനെ ചിന്തിക്കും? പക്ഷേ, ഞാൻ മനസ്സിലാക്കുന്ന ഇസ്ലാം എന്തുകൊണ്ടും അത്യുന്നതമാണ്. കാരണം ഇതേ പ്രതിഭാസത്തെതന്നെ വളരെ അന്യൂനമായി ഖുർആൻ പ്രതിപാദിക്കുന്നു. ശാസ്ത്രം അതിൻെറ തൊട്ടിലിൽപോലും ആയിട്ടില്ലാത്ത സമയത്ത്, ചന്ദ്രൻ പ്രകാശം പ്രതിഫലിപ്പിക്കുന്ന ഒരു ഗോളം മാത്രമാണെന്നും ഇങ്ങനെയുള്ള പ്രാപഞ്ചിക രഹസ്യങ്ങൾ മനുഷ്യർക്കുള്ള ദൃഷ്ടാന്തങ്ങളാണെന്നും യഥാർത്ഥത്തിൽ ഇവയുടെ സ്രഷ്ടാവായ നാഥനെയാണ് ആരാധിക്കേണ്ടതെന്നും പ്രതിപാദിക്കുന്ന ഗ്രന്ഥം ദൈവ ദൈവപ്രോക്തമല്ലെന്ന് എങ്ങനെ വാദിക്കും? വസ്തുതകളുടെ നിജസ്ഥിതി മനസ്സിലാക്കാൻ ഖുർആനിലെ 14-ാം അധ്യായം 24-ാം വാക്യം ധാരാളമായിരുന്നു. അതിപ്രകാരമാണ്.

“അല്ലാഹു എങ്ങനെ ഒരു ഉപമ പ്രയോഗിക്കുന്നുവെന്ന് നീ കണ്ടില്ലേ? പരിശുദ്ധ വചനം നല്ല ഒരു വൃക്ഷത്തെപോലെയാണ്. അതിൻെറ വേര് ഉറച്ചതാണ്. അതിൻെറ ശാഖകൾ ആകാശത്തിൽ ഉയർന്ന് നിൽക്കുന്നുമുണ്ട്. അതിൻെറ രക്ഷിതാവിൻെറ അനുമതിയാൽ എക്കാലത്തും അതിൻെറ ഫലം അത് നൽകുകയായി. മനുഷ്യർക്കായി അല്ലാഹു ഉപമകൾ പ്രയോഗിക്കുകയാണ്. അവർ ഓർമിക്കുന്നതിനുവേണ്ടി. ഒരു ചീത്ത വചനത്തിൻെറ ഉപമ ചീത്തവൃക്ഷത്തെപ്പോലെയാണ്. ഭൂമിയുടെ ഉപരിതലത്തിലായി അത് പിഴുതിടപ്പെട്ടിരിക്കുന്നു. അതിന് ഒരടിയുറപ്പുമില്ല. വിശ്വാസികളെ ഉറപ്പുള്ള വചനത്താൽ ഇഹലോകത്തും പരലോകത്തും അല്ലാഹു ഉറപ്പിക്കും. അക്രമികളെ അല്ലാഹു വഴിപിഴവിൽ വിടുകയും ചെയ്യും” (14:24-27).

ഇന്ന് ഇസ്‌ലാമിക വിശ്വാസ പ്രമാണങ്ങൾ അംഗീകരിക്കുമ്പോൾ, (ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവിനെമാത്രം ആരാധിക്കുകയും പ്രാപഞ്ചിക മതത്തെ ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ) സാഹോദാര്യത്തിൻെറയും സമത്വത്തിൻെറയും നീതിയുടെയും പൂർണമായ നിയമനിർദേശങ്ങൾ സ്വമനസ്സാലെ ഉൾക്കൊള്ളാനും അതനുസരിച്ച് ജീവിക്കാനും സാധിക്കുന്നു. കാരണം സ്രഷ്ടാവിന് മാത്രമെ സൃഷ്ടികൾക്ക് ജീവിതനിർദേശങ്ങൾ നൽകാനാവൂ. യഥാർത്ഥ മതമായി ഞാൻ ഇസ്‌ലാമിനെ അംഗീകരിക്കുന്നതും അതുകൊണ്ടുതന്നെ.

# 24

## പുതിയ മനുഷ്യനിലേക്ക്

കാസിം പാടത്തിക്കര

കുലമഹിമയുടെ പശ്ചാത്തലമുള്ള ഒരു നായർ കുടുംബത്തിലായിരുന്നു എൻെറ ജനനം. പക്ഷേ, അതിൻെറ ഒരു അംശംപോലും എൻെറ അസ്തിത്വത്തിൽ നിഴലിച്ചിരുന്നില്ല. എൻെറ കുടുംബാംഗങ്ങളെല്ലാവരും തന്നെ തങ്ങളിൽ താഴ്ന്നവരെ വളരെ മോശമായേ കണ്ടിരുന്നുള്ളൂ. മനുഷ്യനെ മനുഷ്യനായി കാണുവാനുള്ള ഒരു മനസ്സ് അവരിലുണ്ടായിട്ടില്ല. പക്ഷേ, നന്നേ ചെറുപ്പത്തിൽ തന്നെ സമത്വത്തിന് ഞാൻ വലിയ വില കൽപിച്ചിരുന്നു. മനുഷ്യൻ തീർക്കുന്ന അതിർവരമ്പുകളെ ഭേദിച്ചുകൊണ്ട് ഞാൻ എല്ലാവരിലും ഇടപഴകിയിരുന്നു.

മനുഷ്യൻ തന്നെ സൃഷ്ടിക്കുന്ന പ്രതിമയുടെ മുമ്പിൽ തലകുനിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. ഹൈന്ദവത എന്നത് 'ഒരുതരം' ആരാധനയുടെ മതമാണല്ലോ! കല്ലു മുതൽ കാഞ്ഞിരക്കുറ്റി വരെ അവർക്ക് ആരാധനാമൂർത്തികളാണ്. യഥാർഥ ദൈവങ്ങളാണെന്ന് അവകാശപ്പെടുന്ന ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നിവരെയും അതോടൊപ്പം ആൻറിദൈവങ്ങളായ കംസനെയും രാവണനെയും (യഥാക്രമം മഹാഭാരതം, രാമായണം) ആരാധിക്കുന്ന, അനേകം ദേവന്മാരുടെയും ദേവികളുടെയും മനുഷ്യദൈവങ്ങളുടെയും ഭക്തരാണ് ഹിന്ദുക്കൾ.

ദൈവവുമായി അടുത്ത ബന്ധമുണ്ടെന്ന് അവകാശപ്പെടുന്നവരും വേദങ്ങൾ കൈകാര്യം ചെയ്യൽ ഒരു വിഭാഗത്തിൻെറ കുത്തകയെന്ന് അവകാശപ്പെടുന്നവരുമായ ബ്രാഹ്മണരാണ് യഥാർഥത്തിൽ ഹിന്ദുമതത്തിൽ ദൈവത്തിൻെറയും മനുഷ്യരുടെയും ഇടയിലെ മധ്യവർത്തി

കൾ. ഈ ബ്രാഹ്മണരാണ് ആരാധനാ കർമങ്ങൾ അധികവും നടത്തുന്നത്. ആരാധനക്കായി ബ്രാഹ്മണൻ ശ്രീകോവിലനകത്ത് കയറി ദൈവവുമായി രഹസ്യ സംഭാഷണങ്ങൾ നടത്തുകയും കുറച്ചുകഴിഞ്ഞ് നടതുറക്കുകയും അങ്ങനെ ദൈവം തരുന്ന പൂജാദ്രവ്യങ്ങൾ ഭക്തർക്ക് കൊടുക്കുകയും ചെയുന്നു. കൂടാതെ, അദ്ദേഹത്തിൻെറ വക ഒരു ആശീർവാദവും. എത്ര അരോചകമായതാണിത്.

ഞാൻ കോളേജ് വിദ്യാഭ്യാസ കാലത്താണ് കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി അടുക്കുന്നത്. കമ്യൂണിസം പൊക്കിപ്പിടിക്കുന്ന സമത്വാദർശത്തിൽ ഞാൻ ആവേശഭരിതനായി. അത് മനുഷ്യനെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്ന ഒരു ദർശനമെന്ന് അവകാശപ്പെട്ടു. പക്ഷേ, കമ്യൂണിസം പരാജയപ്പെടുവാനുള്ള കാരണങ്ങളെ കുറിച്ചുള്ള പഠനത്തിൽ നിന്നും അത് ഭൗതിക ജീവിതത്തിൽ മാത്രം ഊന്നിക്കൊണ്ട് മാനുഷികമൂല്യങ്ങൾക്ക് യാതൊരു പ്രാധാന്യവും കൽപിക്കാത്തതാണെന്ന് എനിക്ക് വ്യക്തമായി. അതിൻെറ സമത്വാദർശം വെറും പ്രഹസനമാണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഈ അവസരത്തിലാണ് യാദൃച്ഛികമായി ഒരു പ്രവാചകവചനം എൻെറ മുസ്‌ലിം സഹോദരൻെറ വീട്ടിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അത് ഇപ്രകാരമാണ്: "ഒരാൾ ഇസ്‌ലാം ആശ്ലേഷിക്കുന്നതോടുകൂടി ഇന്ന് ജനിച്ച കുട്ടിയെപോലെയാണ്. അതോടുകൂടി അയാളുടെ എല്ലാ പാപങ്ങളും പൊറുക്കപ്പെടും". ഇത് എൻെറ മനസ്സിനെ വല്ലാതെ ആകർഷിച്ചു. അതോടുകൂടി ഞാൻ ദൈവത്തെ കണ്ടെത്തിയേ തീരൂ എന്ന് ഉറച്ച് തീരുമാനിക്കുകയും മനുഷ്യൻെറ ആത്മീയ വശത്തെ അവഗണിക്കുന്ന കമ്യൂണിസത്തോട് വിടപറയുകയും ചെയ്തു.

പിന്നീടാണ് ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്നതും ഇസ്‌ലാം ആശ്ലേഷിക്കുന്നതും. ഇസ്‌ലാമിൽ നിന്ന് വളരെ നല്ല അനുഭവമാണ് എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. കേവലം ആരാധനയിൽ മാത്രം ഒതുങ്ങുന്ന മതമല്ല അത്. മനുഷജീവിതത്തിൻെറ എല്ലാ വശങ്ങളെയും അത് സ്പർശിക്കുന്നു. ജീവിതത്തിൻെറ പച്ചയായ യാഥാർഥ്യങ്ങളെ അതിൻെറ രൂപത്തിൽതന്നെ കാണുകയും അതിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയും അത് പാലിക്കേണ്ട ആവശ്യകതയും പാലിച്ചാൽ ലഭിക്കുന്ന നേട്ടവും എന്തെന്ന് പറഞ്ഞു തരികയും ചെയ്യുന്നു.. ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാം എന്നാൽ സമ്പൂർണമായ സമർപ്പണം അഥവാ ജീവിതത്തെ അല്ലാഹുവിന് മാത്രം അർപ്പിക്കുക എന്നർഥം. അഥവാ ഇസ്‌ലാം മനുഷ്യനെ സൃഷ്ടിപൂജയിൽ നിന്ന് മോചിപ്പിച്ച് അല്ലാഹു

വിനുള്ള സമ്പൂർണ സമർപ്പണത്തിലേക്ക് നയിക്കുന്ന ആദർശമാണ്.

പ്രവാചകൻ ﷺ ഒരിക്കൽ പറഞ്ഞു. "ഒരാൾ സദസ്സിലേക്ക് കടന്നു വരുമ്പോൾ അവിടെ ഉപവിഷ്ടരായവർ എഴുന്നേൽക്കാൻ ആഗ്രഹിക്കുന്നവർ നരകത്തിൽ പ്രവേശിച്ചുകൊള്ളട്ടെ". എത്ര മനോഹരമായ വചനമാണിത്. ഇസ്‌ലാം സമത്വത്തിന് കൽപിക്കുന്ന പ്രാധാന്യം ഇതിൽ നിന്നു തന്നെ വ്യക്തമാണ്.

ഇസ്‌ലാമിൻെറ പഞ്ചസ്തംഭങ്ങളിലൊന്നായ സകാത്ത് സമ്പ്രദായം എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. കാരണം ഒരു മുസ്‌ലിം തൻെറ സമ്പാദ്യത്തിൻെറ ഒരു വിഹിതം അതിനർഹരായവർക്ക് കൊടുത്തേ പറ്റൂ. ലോകത്തിൽ ഒരു പ്രത്യയശാസ്ത്രത്തിനും ഇങ്ങനെ ചിന്തിക്കാൻ പോലും സാധ്യമല്ല. ഇതിലൂടെ ഇസ്‌ലാം ലക്ഷ്യമിടുന്നത് സമ്പത്ത് ഒരു വിഭാഗം മുതലാളിമാരിൽ കുന്നുകൂടാതെ എല്ലാവരിലേക്കും എത്തുവാനും ദാരിദ്ര്യനിർമാർജനവുമാണ്.

വിശുദ്ധ ഖുർആനിലൂടെ കടന്നുപോയപ്പോൾ എന്നെ അതിലെ ഒരു സൂക്തം വല്ലാതെ ആകർഷിച്ചു. ഖുർആൻ ലോകമനുഷ്യർക്ക് ഒരു മുന്നറിയിപ്പ് നൽകുകയാണ്.

വിശുദ്ധ ഖുർആൻ പറയുന്നു; "നിൻെറ രക്ഷിതാവ് ആദം സന്തതികളിൽനിന്നും, അവരുടെ മുതുകുകളിൽനിന്ന് അവരുടെ സന്താനങ്ങളെ പുറത്തുകൊണ്ടുവരികയും അവരുടെ കാര്യത്തിൽ അവരെത്തന്നെ അവൻ സാക്ഷിനിർത്തുകയും ചെയ്ത സന്ദർഭവും (ഓർമിക്കുക). അവൻ ചോദിച്ചു. ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ! അവർ പറഞ്ഞു. അതെ, ഞങ്ങൾ സാക്ഷ്യംവഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരിക്കുന്നു എന്ന് ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിലേക്കാണ് (അങ്ങനെ ചെയ്തത്)" (അഅ്റാഫ് 172;).

അതുകൊണ്ട് ഈ പ്രതിജ്ഞ പ്രകാരം ഉത്തരംനൽകിയ ഞാൻ സന്തുഷ്ടനാണ്. ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കുമ്പോൾ, സാഹോദര്യത്തിൻെറയും സഹിഷ്ണുതയുടെയും, സമത്വത്തിൻെറയും, നീതിയുടെയും പൂർണമായ നിർദേശനിയമങ്ങൾ സ്വമനസ്സാലെ ഉൾക്കൊള്ളാനും അതനുസരിച്ച് ജീവിക്കാനും സാധിക്കുന്നു. കാരണം സ്രഷ്ടാവിനു മാത്രമെ സൃഷ്ടികൾക്കാവശ്യമായ ജീവിതനിർദേശങ്ങൾ നൽകാനാവൂ. യഥാർഥ മതമായി ഞാൻ ഇസ്‌ലാമിനെ അംഗീകരിക്കുന്നതും അതുകൊണ്ടുതന്നെ.

# 25

## സ്നേഹത്തിന്റെ മതം

ഷാജഹാൻ എസ്.വി, വട്ടിയൂർകാവ്

ജ്യോതിഷം, മാന്ത്രികം, എന്നിവയിൽ അചഞ്ചലമായ വിശ്വാസമുള്ളവരാണ് എൻെറ കുടുംബക്കാർ. പിതൃക്കൾ മുതൽ നിരവധി പരദേവതകളെയും ഉപദേവതകളെയും കുടിയിരുത്തിയിട്ടുള്ളതായി സങ്കൽപിച്ചുകൊണ്ട് നിർമിച്ചിട്ടുള്ള അമ്പലങ്ങളും ആൽത്തറകളും എൻെറ കുടുംബത്തിലുണ്ട്. കുടുംബാംഗങ്ങൾ അവയെയെല്ലാം ഭക്തിയോടെ ആരാധിച്ചുവരികയും ചെയ്യുന്നു. പൊങ്കാലനിവേദ്യം, പായസനിവേദ്യം എന്നീ വഴിപാടുകൾ ദൈവ പ്രീതിക്കെന്നപേരിൽ നടത്തിവരുന്നു. ആണ്ടുകളിൽ ചിലർ ദൈവാനുഗ്രഹം സിദ്ധിച്ചവർ എന്ന പേരിൽ ഉറഞ്ഞുതുള്ളുകയും ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള ഒരു യാഥാസ്ഥിതിക ഹൈന്ദവ കുടുംബത്തിൽ ജനിച്ചുവളർന്നവനാണ് ഞാൻ. എന്നാൽ മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ ഒന്നിലും തന്നെ എനിക്ക് യോജിപ്പുണ്ടായിരുന്നില്ല. പൂജാകർമങ്ങളിലും ആഘോഷപരിപാടികളിലും ഞാൻ പങ്കെടുക്കാറില്ല. അത്തരം സന്ദർഭങ്ങളിൽ ഞാൻ വീട്ടിൽനിന്നും മാറിനിൽക്കുമായിരുന്നു. മാത്രവുമല്ല, ഹൈന്ദവവേദങ്ങളിൽ പോലും ദൈവം ഏകനാണെന്ന് വ്യക്തമാക്കിയിട്ടുള്ളപ്പോൾ ഇത്തരം ആരാധനാരീതികൾ യഥാർഥ ദൈവത്തോടുള്ള നിന്ദയല്ലേ എന്ന് കുടുംബാംഗങ്ങളോട് ഞാൻ ചോദിക്കാറുമുണ്ട്.

എൻെറ ചോദ്യത്തിന്  ഉത്തരം കിട്ടിയില്ലെന്നു മാത്രമല്ല, ഗുരുത്വം കെട്ടവൻ, കുലദ്രോഹി, തലതിരിഞ്ഞവൻ തുടങ്ങിയ ബഹുമതികൾ എനിക്കുനൽകുകയും പുറമെ 'ഇവൻ ഒരിക്കലും നന്നാവുകയില്ല' എന്ന്

എന്നെ 'ആശീർവദിക്കുകയും' ചെയ്തു. അങ്ങനെ എൻെറ കുടുംബത്തിൽ ഒരു നിഷേധിയായിട്ടാണ് ഞാൻ കഴിഞ്ഞുവന്നിരുന്നത്. എനിക്ക് ഓർമവെച്ച നാൾമുതൽ- സ്വയം ചിന്തിക്കുവാൻ തുടങ്ങിയ നാൾമുതൽ -ഇതായിരുന്നു എൻെറ സ്ഥിതി.

സങ്കൽപ ദൈവങ്ങളെയും മനുഷ്യനിർമിതമായ (വിഗ്രഹ) ദൈവങ്ങളെയും ആരാധിക്കുന്നതും ആ ദൈവങ്ങൾക്ക് ഭക്ഷണം നൽകുന്നതുമെല്ലാം അബദ്ധജഡിലങ്ങളായ പ്രവൃത്തികളാണെന്നുള്ള എൻെറ അഭിപ്രായം ഒറ്റപ്പെട്ട ശബ്ദമായിരുന്നു. ദൈവം ഏകനാണെന്ന പ്രഖ്യാപനവും ബഹുദൈവാരാധനയ്ക്കുള്ള പ്രേരണയും ഹിന്ദുമതത്തിൽ കാണുന്നു! ഇത് വിരോധാഭാസമല്ലേ? 'ഏകം സത്' എന്നാൽ ദൈവം ഏകനാണ്, അവനാണ് സത്യദൈവം എന്നാണർഥം. ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവും പരിപാലകനുമായ അവൻ മാത്രമെ ദൈവമായുള്ളൂ എന്ന് ഇത് വ്യക്തമാക്കുന്നു. ഭഗവത്ഗീത 10-ാം അധ്യായം 20-ാം വാക്യത്തിൽ ഇപ്രകാരം സൂചിപ്പിക്കുന്നു.

അഹമാത്മാ ഗൂഢാകേശ
സർവ്വഭൂതാശയ സ്ഥിതഃ
അഹമാദിശ്ച മധ്യാംച
ഭൂതാനാമന്ത ഏവ ചഃ

"സർവ ചരാചരങ്ങളിലും നിറഞ്ഞുനിൽക്കുന്നവനും ആദി, മധ്യം, അന്ത്യം എന്നീ ത്രികാലങ്ങളും ഞാനാകുന്നു". ഇത് നമുക്ക് മനസ്സിലാക്കിത്തരുന്നത് ദൈവം ഏകനാണെന്നല്ലേ? സർവ ചരാചരങ്ങളെയും സൃഷ്ടിച്ചവൻ .... അവൻ മാത്രമാണ് ആരാധനക്ക് അർഹൻ. അവനെ മാത്രമെ ആരാധിക്കുവാൻ പാടുള്ളൂ.

ബഹുദൈവാരാധകരുടെയിടയിൽ ആചരിക്കപ്പെടുന്ന പല ദൈവങ്ങളും ബാഹ്യമായ അവതാരങ്ങളാണ് എന്നാണ് ഹൈന്ദവപുരാണങ്ങളുടെ വെളിപ്പെടുത്തൽ. ആ പുരാണങ്ങളെ വിശ്വസിക്കുന്നവരോട് ചോദിക്കട്ടെ, ദൈവങ്ങൾ പല രൂപങ്ങളിലും പല പേരുകളിലും അവതരിക്കേണ്ടതിൻെറ ആവശ്യകത എന്താണ്? അതിൻെറ പിന്നിലുള്ള ഉദ്ദേശ്യമെന്ത്? മനുഷ്യൻെറ പ്രച്ഛന്നവേഷത്തേക്കാൾ തരംതാഴ്ന്ന പ്രക്രിയയല്ലേ ഈ ബാഹ്യാവതാരങ്ങൾ എന്ന ചോദ്യത്തിന് അതിൻെറ പ്രചാരകന്മാരോ വിശ്വാസികളോ ഉത്തരം നൽകുമോ? ഓരോ ദൈവത്തിന്റെയും അവതാരങ്ങളെപ്പറ്റി വർണിക്കുന്ന ഹൈന്ദവപുരാണങ്ങളിൽ തന്നെ ചില അവതാരങ്ങൾ അധാർമിക പ്രവൃത്തികൾ നടത്തിയതായ സംഭവ

ങ്ങൾ കാണാൻ കഴിയും. ശത്രുസംഹാരം- ശത്രുനിഗ്രഹം എന്നീ പേരുകളിൽ അവതാരങ്ങൾ മനുഷ്യനോട് യുദ്ധം ചെയ്യുകയും മനുഷ്യരെ കൊല്ലുകയും ചെയ്തിട്ടുള്ളതായി ഹിന്ദു പുരാണങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനോട് ദൈവം യുദ്ധം ചെയ്യുകയോ? എങ്കിൽ ആ ദൈവം മനുഷ്യനെക്കാൾ ദുർബലനല്ലേ?

പരമശിവൻ- എല്ലാറ്റിൻെറയും അധിപൻ- എത്ര ഭാര്യമാരുടെ ഭർത്താവാണ്? സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചതിന് പുറമെ വിഷ്ണുവിൻെറ മോഹിനി വേഷത്തിൽ മയങ്ങി സ്വവർഗരതി നടത്തിയ ശിവൻ... ഈ സ്വഭാവക്കാരോ ദൈവങ്ങൾ? ഈ ആശയം ഉൾക്കൊണ്ട് മനുഷ്യൻ പ്രവർത്തിച്ചാൽ മാനവരാശിയുടെ നില എന്താകും? വിഷ്ണുവിൻെറ കാര്യം അതിലും പരിതാപകരമാണ്. പത്ത് അവതാരങ്ങൾ. എണ്ണിയാലൊടുങ്ങാത്ത വിക്രിയകൾ. അവിശ്വസനീയമായ സംഭവപരമ്പരകൾ. അതിൽ ഒരു അവതാരമായ രാമൻ ഇപ്പോൾ സജീവമാണല്ലോ. പുത്രകാമേഷ്ടിയാഗത്താൽ ദശരഥന് ലഭിച്ച നാലുമക്കളിൽ ഒന്ന് മാത്രം എങ്ങനെ ദൈവമായി? മറ്റു മൂന്ന് പുത്രന്മാർക്കും ദൈവികതയില്ലാത്തതിന് കാരണമെന്ത്? ദശരഥൻ യാഗം നടത്താൻ കാരണംതന്നെ തൻെറ വന്ധ്യതയെ മറക്കാനായിരുന്നില്ലേ? ഹൈന്ദവ വേദങ്ങളെപ്പറ്റിയും അവരുടെ ദൈവങ്ങളെപ്പറ്റിയും വിമർശിക്കുകയല്ല ഞാൻ ചെയ്യുന്നത്. എൻെറ സാമാന്യ ബുദ്ധിയിൽ ഉദിച്ച ചില കാര്യങ്ങൾമാത്രം ഇവിടെ സൂചിപ്പിച്ചുവെന്നേയുള്ളൂ. മനുഷ്യൻെറ ചിന്താശക്തിയെ വെല്ലുവിളിച്ചുകൊണ്ട് അവൻെറ മനസ്സിൻെറ ഉള്ളറകളിൽ അന്ധവിശ്വാസത്തിൻെറയും അനാചാരങ്ങളുടെയും വിഷവിത്തുകൾ ശേഖരിച്ചുവെച്ച് അവനെ അറിവിൻെറ പ്രകാശം ലഭിക്കാത്ത അവസ്ഥയിൽ ചൂഷണം ചെയ്യുവാനുള്ള ആര്യസന്ദേശങ്ങളും ആര്യന്മാരുടെ സ്വാർഥതായജ്ഞവുമാണിതിന് പിന്നിൽ എന്നുള്ള സത്യം തിരിച്ചറിഞ്ഞതിനാലാണ് ഞാൻ ഹിന്ദുത്വം കയ്യൊഴിഞ്ഞത്.

1400 വർഷങ്ങൾക്കുമുമ്പ് പ്രവാചകൻ ﷺ മുഖേന നൽകപ്പെട്ട വിശുദ്ധ ഖുർആൻ വഴി മാർഗദർശനം അവതരിപ്പിച്ച അല്ലാഹു അവൻെറ സൃഷ്ടികളോട് കാരുണ്യവും ദയയുമുള്ളവനാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരി പദാർഥങ്ങളും മനുഷ്യനെ നശിപ്പിക്കുമെന്നതിനാൽ അവയെ ഇസ്‌ലാം ഹറാമായി പ്രഖ്യാപിച്ചു; വ്യഭിചാരം നിഷിദ്ധമാണെന്നറിയിച്ചു; എല്ലാം മനുഷ്യസമൂഹത്തിൻെറ നന്മക്കുവേണ്ടി.

മദ്യവും കഞ്ചാവും ശിവൻെറ ഇഷ്ട വസ്തുക്കളായിരുന്നു. അതു

കൊണ്ടല്ലേ കഞ്ചാവിന് ശിവമൂലി എന്ന ഓമനപ്പേര് ലഭിച്ചത്. മദ്യ-മദിരാക്ഷി-മാദക കഥകൾ ഹൈന്ദവ പുരാണങ്ങളിൽ കാണാൻ കഴിയും. ദൈവങ്ങളുടെ വകയായ ഇത്തരം വിക്രിയകളെ വിശ്വസിക്കുവാനും അംഗീകരിക്കാനും എനിക്ക് സാധ്യമല്ല. ആയതിനാലാണ് ഏകദൈവമായ അല്ലാഹുവാണ് സർവ ചരാചരങ്ങളുടെയും സ്രഷ്ടാവും പരിപാലകനും എന്ന സത്യം കണ്ടെത്താൻ ഞാൻ പരിശ്രമിച്ചത്. ആ പരിശ്രമത്തിൽ ഞാൻ വിജയിച്ചിരിക്കുകയാണ്. ഇസ്‌ലാം സത്യമാണ്. ഇസ്‌ലാം സ്‌നേഹമാണ്. സ്രഷ്ടാവും രക്ഷിതാവും നാഥനുമായ അല്ലാഹുവിനെ എപ്രകാരം ആരാധിക്കണമെന്നും അവന്റെ കൽപനകൾ എന്തെല്ലാമാണെന്നും നമ്മെ പഠിപ്പിക്കുവാൻ അവന്റെ ശ്രേഷ്ഠദാസനായ മുഹമ്മദ് നബി ﷺയെ നമ്മിൽനിന്നുതന്നെ തെരഞ്ഞെടുത്ത അല്ലാഹുവിന്റെ നീതിബോധം അതുല്യമാണ്. അവന്റെ റസൂൽ പഠിപ്പിച്ചുതന്ന മാർഗത്തിലൂടെ അവനെ ആരാധിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യാം. ഇതുവരെയും അല്ലാഹുവിനെ അറിയാത്തവർ അറിയാൻ ശ്രമിക്കട്ടെ! ശ്രമിക്കുന്നവർക്ക് അവൻ നല്ലത് വരുത്തട്ടെ! ആമീൻ.

# 26

## ത്രിത്വത്തിൽനിന്ന് ഏകത്വത്തിലേക്ക്

**ജിജി ജോർജ്, ഹാഇൽ**

എന്നെ സത്യവിശ്വാസത്തിലേക്ക്– ഇസ്‌ലാമിലേക്ക് –നയിച്ച കാര്യങ്ങളാണ് ഞാൻ ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുന്നത്. എന്റെ പേര് ജിജി ജോർജ്. ഞാൻ റോമൻ കത്തോലിക്കാ വിശ്വാസം പിന്തുടർന്നുവരുന്ന ക്രൈസ്തവ വിശ്വാസത്തിലെ ഏറ്റവും പ്രധാനമായ ആരാധനക്രമത്തിലെ കുർബാനയിൽ അൾത്താരയിൽ പുരോഹിതന്റെ സഹായിയായി അഥവാ അൾത്താര ബാലനായി സജീവമായി പങ്കെടുത്തിരുന്ന ഒരാളാണ്.

ഞായറാഴ്ചകളിലെ വേദപഠന ക്ലാസ്സിലെ ബൈബിൾ പഠിപ്പിക്കുന്ന അധ്യാപകന് ഞാൻ മിക്കവാറും ഒരു തലവേദനയും ബുദ്ധിമുട്ടുമായിരുന്നു. കാരണം ബൈബിളിലെ ഓരോ അധ്യായങ്ങളും പഠിപ്പിക്കുമ്പോൾ എനിക്ക് ഒത്തിരി സംശയങ്ങൾ തോന്നാറുണ്ട്. ആ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി തരാൻ വേദപാഠം പഠിപ്പിക്കുന്ന അധ്യാപകന് കഴിയാറില്ല. പരസ്പരപൂരകങ്ങളായി നിലനിൽക്കേണ്ടവയാണ് ബൈബിളും, അത് എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തവരുടെ പ്രവർത്തനങ്ങളും. പ്രത്യേകിച്ച് ബൈബിൾ പുതിയ നിയമം എഴുതുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത യേശുവിന്റെ ശിഷ്യന്മാരുടെയും ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നരുടെയും പ്രവർത്തനങ്ങൾ. പക്ഷേ, ബൈബിൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും പറയുന്ന ദൈവകൽപനകളും നിയമങ്ങളും അതിനെപ്പറ്റിയുള്ള യേശുവിന്റെ ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവരുടെ നിലപാടുകളും പരസ്പരം പൊരുത്ത

പ്പെടുന്നവയായിരുന്നില്ല.

ബൈബിൾ പുതിയ നിയമം യേശുവിൻെറ വചനങ്ങളും പ്രവൃത്തികളുമായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത് എന്നാണ് ക്രൈസ്തവസഭ പഠിപ്പിക്കുകയും ഞാനടക്കമുള്ളവർ വിശ്വസിച്ച് പോരുകയും ചെയ്തിരുന്നത്. എന്നാൽ യേശു പറയുകയും പഠിപ്പിക്കുകയും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത പല കാര്യങ്ങളും നിഷേധിക്കുകയും തെറ്റാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു യേശുവിൻെറ ശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവരും ക്രൈസ്തവ സഭയും. ഈ അന്തരം എങ്ങനെയുണ്ടായി? എന്താണ് അതിന് കാരണം? പരസ്പര പൂരകങ്ങളായി വരേണ്ടവയാണ് ഗുരുവിൻെറ അധ്യാപനങ്ങളും അവയെപ്പറ്റി പഠിക്കുകയും പഠിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ശിഷ്യന്മാരുടെയും പിൻഗാമികളുടെയും നിലപാടുകളും ഉദ്ബോധനങ്ങളും അവരുടെ പ്രവർത്തികളും. അതിൽ പരസ്പര വൈരുധ്യങ്ങൾ ഉണ്ടാവുക എന്നത് പാടില്ലാത്തതാണ്. വൈരുധ്യങ്ങൾ ഉണ്ടാവുക എന്നതിനുമപ്പുറം ശിഷ്യന്മാരും പിൻഗാമികളും എന്ന് സ്വയം അവകാശപ്പെടുന്നവരുടെ നിലപാടുകൾ ഗുരുവിൻെറ നിലപാടുകൾക്ക് കടകവിരുദ്ധമായി വരികയാണെങ്കിൽ ആ ഗ്രന്ഥങ്ങൾ എഴുതിയവർക്കോ പ്രചരിപ്പിച്ചവർക്കോ അത് വിശദീകരിച്ചവർക്കോ തീർച്ചയായും തെറ്റുപറ്റി എന്നുതന്നെയാണ്. അങ്ങനെയൊരു ചിന്തയുണ്ടായപ്പോൾ ബൈബിൾ പഴയനിയമവും പുതിയനിയമവും ഏറ്റവും ശ്രദ്ധയോടെ വായിച്ചുപഠിക്കാൻ ഞാൻ തീരുമാനിച്ചു.

അങ്ങനെ ശ്രദ്ധയോടെ വായിച്ചപ്പോൾ പഴയ നിയമത്തിൻെറ തുടർച്ചയും പൂർത്തീകരണവുമാണ് എന്ന് ക്രൈസ്തവസഭ പഠിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ഞാനടക്കമുള്ള ഓരോ ക്രൈസ്തവനും പഠിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന പഴയനിയമവും പുതിയനിയമവും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്നും പഴയ നിയമത്തിലെ ചില പ്രവചനങ്ങൾ പുതിയ നിയമത്തിൽ, അതായത് യേശുവിൽ നിറവേറിയെന്നുള്ള ക്രൈസ്തവ സഭയുടെ അവകാശവാദം തെറ്റാണെന്നും എനിക്ക് തോന്നി. കൂടുതൽ വിശദമായി പഠിച്ചപ്പോൾ കഴിഞ്ഞ 30 വർഷത്തോളം ശരിയെന്ന് ഞാൻ ധരിച്ചുവച്ചിരുന്നതൊക്കെയും ഞാനടക്കം ഓരോ ക്രൈസ്തവനെയും വിശ്വസിപ്പിച്ചിരുന്നതും വിശ്വസിച്ചിരുന്നതുമൊക്കെയും ശരിയായിരുന്നില്ലായെന്നും പുതിയനിയമത്തിൽ അധികവും ആരുടെയൊക്കെയോ താൽപര്യങ്ങൾക്കനുസൃതമായി വളച്ചൊടിക്കപ്പെട്ട അർധസത്യങ്ങളും ഭാവനകളും മാത്രമാണ് എന്നുമാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

ഉദാഹരണത്തിന് ദൈവസങ്കൽപത്തിന്റെ കാര്യം എടുക്കുക. വിഗ്രഹാരാധനയും പ്രതിമയോ സ്വരൂപങ്ങളോ ഉണ്ടാക്കുന്നതും അവയെ വണങ്ങുന്നതും ദൈവം കർശനമായി വിലക്കിയ സംഗതിയാണ്. പിന്നെ എങ്ങനെ ക്രൈസ്തവ ദേവാലയങ്ങളിൽ ഇത്രയധികം വിഗ്രഹങ്ങൾ അല്ലെങ്കിൽ പ്രതിമകൾ അഥവാ സ്വരൂപങ്ങൾ വന്നുചേർന്നു? ആരുടെ അനുവാദത്താൽ? ഏത് നിയമത്തിൻെറ പിൻബലമാണതിനുള്ളത്? ഞാൻ ഏകദൈവമാണ് എന്നും ഞാനല്ലാതെ മറ്റൊരു ദേവനുണ്ടാകരുതെന്നും മറ്റൊന്നിനെയും പ്രണമിക്കുകയോ വണങ്ങുകയോ ചെയ്യരുത് എന്നും ആവർത്തിച്ച് മുന്നറിയിപ്പുകൾ തന്ന ദൈവത്തിൻെറ അസ്തിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വസങ്കൽപം എങ്ങനെ വന്നുചേർന്നു? ത്രിയേകത്വം എന്നത് എങ്ങനെ വിശദീകരിച്ചാലും സാമാന്യബുദ്ധിക്ക് അംഗീകരിക്കൻ കഴിയാത്ത ഒരു സംഗതിയാണ്. രൂപത്തിൽ മൂന്നായിരിക്കുകയും ഗുണത്തിൽ അഥവാ സത്തയിൽ ഒന്നായിരിക്കുകയും ചെയ്യുന്ന ദൈവമെന്ന ത്രിയേകത്വം! ഞാൻ ഞങ്ങളുടെ ഇടവക വികാരിയായിരുന്ന വൈദികനോട് മുതൽ പ്രശസ്തരായ ധ്യാനഗുരുക്കന്മാരോടുവരെ സംശയം ചോദിച്ചിട്ടുണ്ട്: ബൈബിൾ പറയുന്ന ദൈവം ഏകനാണ്. പങ്കുകാരെ ചേർക്കുന്നതിൽ അസഹിഷ്ണുവായ ദൈവമാണ്. ബൈബിൾ നിയമസംഹിതയായി സ്വീകരിച്ചിരിക്കുന്നുവെന്ന് അവകാശപ്പെടുന്ന ക്രൈസ്തസഭ പഠിപ്പിക്കുന്നു ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമാണ് എന്ന്. ഇതെങ്ങനെ ചേർന്നുപോകും? ഒരേസമയം മൂന്ന് ആളുകൾ അഥവാ അസ്തിത്വങ്ങൾ ഉണ്ടായിരിക്കുകയും അതേസമയം ഒന്നായിരിക്കുകയും ചെയ്യുന്ന ഈ ദൈവസങ്കൽപം ബൈബിളിൽ എവിടെയും പരാമർശിക്കപ്പെട്ടതല്ലല്ലോ. തൃപ്തികരമായ ഒരു വിശദീകരണവും ഇത്തരം ചോദ്യങ്ങൾക്ക് എനിക്ക് ഒരിടത്തുനിന്നും ലഭിച്ചില്ല.

ക്രൈസ്തവസഭ പഠിപ്പിക്കുന്ന ദൈവസങ്കൽപത്തിന് ബൈബിൾ പരാമർശിക്കുന്ന ദൈവത്തിൻെറ അസ്തിത്വത്തേക്കാൾ അധികം സാദൃശ്യം ഹൈന്ദവ ദൈവസങ്കൽപത്തോടാണ്. ക്രൈസ്തവസഭയുടെ ദൈവസങ്കൽപം ഏകമായ ത്രിത്വമാണ്. അതായത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. ഹൈന്ദവ ദൈവസങ്കൽപത്തിലും ദൈവത്തിൻെറ അസ്തിത്വം ത്രിത്വം അല്ലെങ്കിൽ ത്രിമൂർത്തികളാണ്. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ. രണ്ട് വിശ്വാസങ്ങളും വിവരിക്കുന്ന ദൈവധർമങ്ങളും ഏകദേശം പൊരുത്തപ്പെടുന്നു. ത്രിമൂർത്തികളിലെ പ്രധാനി- ബ്രഹ്മാവ് സൃഷ്ടിക്കുന്നു. രണ്ടാമത്തെ മൂർത്തി- വിഷ്ണു പരിപാലിക്കുന്നു. മൂന്നാമത്തെ

മൂർത്തിയായ മഹേശ്വരൻ സംഹരിക്കുന്നു. ഈ ത്രിമൂർത്തി ധർമങ്ങൾ ക്രൈസ്തവ സഭയുടെ ത്രിയേകത്വത്തിലെ ആളത്വങ്ങളുടെ ധർമങ്ങളുമായി ഏറെക്കുറെ യോജിക്കുന്നവയണ്. പിതാവ് സൃഷ്ടിക്കുന്നു, പുത്രൻ രക്ഷിക്കുന്നു, പരിശുദ്ധാത്മാവ് നയിക്കുന്നു.

ബൈബിൾ പുതിയനിയമത്തിൽ രേഖപെടുത്തപെട്ടിട്ടുള്ള സുപ്രധാനമായ ഒരു വചനമുണ്ട്. യോഹന്നാൻെറ സുവിശേഷം 14-ാം അധ്യായം 26-ാം വാക്യം ഇങ്ങനെ പറയുന്നു: 'എന്നാൽ എൻെറ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും'. യോഹന്നാൻെറ സുവിശേഷം 15-ാം അധ്യായം 26-ാം വാക്യം: 'ഞാൻ പിതാവിൻെറ അടുത്തുനിന്ന് അയക്കുന്ന സഹായകൻ, പിതാവിൽ നിന്ന് പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും'. വീണ്ടും യോഹന്നാൻെറ തന്നെ സുവിശേഷം 16-ാം അധ്യായം ഏഴു മുതലുള്ള വാക്യങ്ങൾ പറയുന്നു: 'എങ്കിലും സത്യം ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങളുടെ നന്മക്ക് വേണ്ടിയാണ് ഞാൻ പോകുന്നത്, ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിൻെറ അടുക്കലേക്ക് പോകുന്നതുകൊണ്ടും നിങ്ങൾ ഇനി മേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും. ഇനിയും വളരെകാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല. സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്ക് നയിക്കും. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നത് മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് നിങ്ങളോട് പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്ത്വപ്പെടുത്തും'. യോഹന്നാൻെറ സുവിശേഷം വഴി ബൈബിൾ പുതിയനിയമം പരാമർശിക്കുന്ന ഈ സത്യാത്മാവ് വന്നുവോ? യേശുവിൻെറ സഹായകനായ സത്യാത്മാവിനെപ്പറ്റിയുള്ള പ്രവചനം നിറവേറിയോ? ആ സത്യാത്മാവ് വന്നു

വെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ലോകത്തെ പഠിപ്പിച്ചത്?. പാപ ത്തെകുറിച്ചും ന്യായവിധിയെകുറിച്ചും എന്തൊക്കെയാണ് ലോകത്തെ ബോധ്യപ്പെടുത്തിയത്?

യേശു, ദൈവത്തിൻെറ അഭിഷിക്തനായിരുന്നതിനാൽ - പ്രവാചക നായിരുന്നതിനാൽ ആ പ്രവചനം കളവായിരിക്കുവാൻ യാതൊരു സാ ധ്യതയുമില്ല. ആ പ്രവചനം സത്യമായി പുലർന്നേ മതിയാവൂ. ആ പ്ര വചനം പൂർത്തിയാവുകയും യേശു പ്രവചിച്ച ആ സത്യാത്മാവ്- സഹാ യകൻ വന്നുവെങ്കിൽ അത് ക്രൈസ്തവസഭ പഠിപ്പിക്കുന്ന, അഗ്നി ജ്വാലകളുടെ രൂപത്തിൽ ശിഷ്യന്മാരുടെ മേൽ വരികയും അവർക്ക് ഭാ ഷണവരം നൽകുകയും ചെയ്ത പരിശുദ്ധാത്മാവ് അല്ലായെങ്കിൽ പിന്നെ യേശു പ്രവചിച്ച ആ സത്യാത്മാവ്- സഹായകൻ എവിടെയെന്ന് അ ന്വേഷിക്കുന്ന ഒരാൾ ചെന്നെത്തുക യേശുവിന് ശേഷം ആറ് നൂറ്റാണ്ടു കൾക്കിപ്പുറം മക്കയിൽ ജനിച്ച, ദൈവമാർഗത്തെക്കുറിച്ചും പാപത്തെകു റിച്ചും ന്യായവിധിയെക്കുറിച്ചും പ്രബോധനം നടത്തിയ മുഹമ്മദ് നബി ﷺയിലാണ്. യേശു പ്രവചിച്ചതുപോലെ മുഹമ്മദ് നബി ﷺ സത്യത്തി ൻെറ പൂർണതയിലേക്ക് ലോകത്തെ നയിച്ചു. യേശു പ്രവചിച്ചതുപോ ലെ മുഹമ്മദ് നബിﷺ സ്വന്തമായല്ല സംസാരിച്ചത്. അവിടുന്ന് കേട്ടത് മാത്രം സംസാരിച്ചു. മനുഷ്യജീവിതത്തിൻെറ സകല മേഖലകളിലു മുള്ള പാപത്തെക്കുറിച്ച്, നീതിയെക്കുറിച്ച്, ഇഹലോക ജീവിതത്തി ലെ വിധിവിലക്കുകളെക്കുറിച്ച്, മരണാനന്തര ജീവിതത്തിലെ ന്യായവി ധിയെക്കുറിച്ച് ഒക്കെയും അന്ത്യ പ്രവാചകനായ, സഹായകനായ, സ ത്യാത്മാവ് മുഹമ്മദ് നബി ﷺ ലോകത്തെ പഠിപ്പിച്ചു. യേശുവിൻെറ പ്രവചനങ്ങൾ മുഹമ്മദ് നബി ﷺയിൽ പൂർത്തിയാക്കപ്പെടുകവഴി യേശു വിനെ -ഈസാ നബി عليه السلامയെ -ദൈവം മഹത്ത്വപ്പെടുത്തി. യേശു പ്രവ ചിച്ചതുപോലെ, അവിടുത്തെ രണ്ടാമത്തെ ആഗമനത്തെപ്പറ്റി അല്ലാഹു വിൽ നിന്നുള്ള സന്ദേശത്താൽ മുഹമ്മദ് നബി ﷺ സാക്ഷ്യം നൽകി. യോഹന്നാൻെറ സുവിശേഷം 14-ാം അധ്യായം 25 മുതലുള്ള വാക്യ ങ്ങൾ ഒരിക്കൽകൂടി നോക്കാം: ‘എന്നാൽ എൻെറ നാമത്തിൽ പിതാ വ് അയക്കും. സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളതൊക്കെയും നിങ്ങളെ അ നുസ്മരിപ്പിക്കുകയും ചെയ്യും’. അതേ അധ്യായം 28-ാം വാക്യം: ‘ഞാൻ പോകുന്നുവെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്ക് വരുമെന്നും ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നു വെങ്കിൽ പിതാവിങ്കലേക്ക് ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷി

ക്കുമായിരുന്നു’.

യേശുവെന്ന് ക്രൈസ്തവരും ഇസാ നബി ﷺ എന്ന് മുസ്‌ലിംകളും സംബോധന ചെയ്യുന്ന പ്രവാചകനെ, അദ്ദേഹം വഴി ദൈവം പഠിപ്പിച്ച ദൈവിക സന്ദേശങ്ങളെ മുഹമ്മദ് നബി ﷺ വഴി ദൈവം ലോകത്തെ വീണ്ടും അനുസ്മരിപ്പിച്ചു, അംഗീകരിച്ചു. യേശുവിൻെറ ശിഷ്യന്മാർ അഥവാ പിന്തുടർച്ചക്കാർ എന്ന് അവകാശപ്പെടുന്നവർ യേശു തെളിച്ച, പഠിപ്പിച്ച യഥാർത്ഥ മാർഗത്തിൽ നിന്ന് വ്യതിചലിച്ചുപോയി. ഇക്കാര്യവും യേശു കണ്ടിരുന്നുവെന്ന് കാണാം. യോഹന്നാൻെറ സുവിശേഷം 15-ാം അധ്യായത്തിൻെറ അവസാനത്തെ രണ്ട് വാക്യങ്ങളായ 26ഉം 27ഉം 16-ാം അധ്യായത്തിൻെറ ഒന്നാം വാക്യവും വായിച്ചാൽ അത് മനസ്സിലാകും.: ‘പിതാവിൻെറ അടുത്തുനിന്ന് അയക്കുന്ന സഹായകൻ പിതാവിൽനിന്നും പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും. ആരംഭം മുതൽ എന്നോട് കൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും. നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ ഇതെല്ലാം നിങ്ങളോട് പറഞ്ഞത്’. തൻെറ പിൻഗാമികൾ അല്ലെങ്കിൽ യേശുവിൻെറ ദൗത്യം നിർവഹിക്കപ്പെട്ട ഇസ്രായേൽ ജനത തന്നിൽ ഇടറും അല്ലെങ്കിൽ വഴി പിഴക്കും എന്ന് ഈസാ നബി ﷺ മുൻകൂട്ടി കണ്ടിരുന്നു.

യേശുവടക്കമുള്ള പ്രവാചകന്മാരെല്ലാവരുംതന്നെ പരിഛേദനം ചെയ്യപ്പെട്ടവരായിരുന്നുവെന്ന് ഉൽപത്തി പുസ്തകം 17-ാം അധ്യായം 9 മുതലുള്ള വാക്യങ്ങൾ വായിക്കുന്ന ആർക്കും മനസ്സിലാകും. പരിഛേദന നിയമം ദൈവം മനുഷ്യന് നൽകിയത് എന്നെന്നേക്കുമുള്ള നിയമമായാണെന്ന് പ്രസ്തുത വാക്യങ്ങൾ വ്യക്തമാക്കുന്നു: ‘ദൈവം അബ്രാഹത്തോട് കൽപിച്ചു. നീയും നിൻെറ സന്താനങ്ങളും തലമുറ തോറും എൻെറ ഉടമ്പടി പാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്. നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിഛേദനം ചെയ്യപ്പെടണം. നിങ്ങൾ അഗ്രചർമം ഛേദിക്കണം. ഞാനും നിങ്ങളുമായുള്ള ഉടമ്പടിയുടെ അടയാളമായിരിക്കും അത്. നിങ്ങളിൽ എട്ടുദിവസം പ്രായമായ ആൺകുട്ടിക്ക് പരിഛേദനം ചെയ്യണം. നിൻെറ വീട്ടിൽ പിറന്നവനോ നിൻെറ സന്താനങ്ങളിൽപെടാത്ത വിലയ്ക്കുവാങ്ങിയ പരദേശിയോ ആകട്ടെ തലമുറതോറും എല്ലാ പുരുഷന്മാരും പരിഛേദനം ചെയ്യണം. നിൻെറ വീട്ടിൽ പിറന്നവനും നീ വിലക്ക് വാങ്ങിയവനും പരിഛേദനം ചെയ്യപ്പെടണം. അങ്ങനെ എൻെറ ഉടമ്പടി നിൻെറ മാംസത്തിൽ ശാശ്വതമായ ഉടമ്പടിയായി നിലനിൽക്കും. പരിഛേദനം ചെയ്യപ്പെടാത്ത പുരുഷനെ

സമൂഹത്തിൽനിന്ന് പുറന്തള്ളണം. കാരണം അവൻ എന്റെ ഉടമ്പടി ലംഘിച്ചിരിക്കുന്നു'.

ലേവ്യർ, അധ്യായം 12-ൽ മൂന്നാംവാക്യത്തിൽ കർത്താവ് മോശയ്ക്ക്- മൂസാ നബി ﵇ക്ക്- കൊടുത്ത കൽപന കാണുക: '8-ാം ദിവസം കുട്ടിയെ പരിച്ഛേദനം ചെയ്യണം'. ലൂക്കോയുടെ സുവിശേഷം 1-ാം അധ്യായം 59-ാം വാക്യം സ്നാപക യോഹന്നാൻ 8-ാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കോയുടെ സുവിശേഷം 2-ാം അധ്യായം 21-ാം വാക്യം യേശുവും 8-ാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടതായി പറയുന്നു. ഇനി പരിച്ഛേദനകർമത്തെപറ്റി യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്ന ക്രൈസ്തവ സഭയുടെ ആചാര്യന്മാരിൽ പ്രമുഖനായിരുന്ന, പൗലോസ് എന്ന് പുനർനാമരണം ചെയ്യപ്പെട്ട സാവൂൾ എന്ത് പറയുന്നുവെന്ന് നോക്കാം. പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം 5-ാം അധ്യായം 2-ാം വാക്യം ഇങ്ങനെ പറയുന്നു: 'പൗലോസായ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ പരിച്ഛേദനം സ്വീകരിക്കുന്നുവെങ്കിൽ ക്രിസ്തു നിങ്ങൾക്ക് ഒന്നിനും പ്രയോജനപ്പെടുകയില്ല. പരിച്ഛേദനം സ്വീകരിക്കുന്ന ഓരോ മനുഷ്യനോടും ഞാൻ വീണ്ടും ഉറപ്പിച്ച് പറയുന്നു. അവൻ നിയമം മുഴുവനും പാലിക്കാൻ ബാധ്യസ്ഥനാണ്. നിയമത്തിലാണ് നിങ്ങൾ നീതീകരിക്കപ്പെടുന്നത് എന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ ക്രിസ്തുവിനോടുള്ള നിങ്ങളുടെ ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു'.

അബ്രഹാം മുതൽ യേശുവടക്കം സകല പ്രവാചകന്മാരും സ്വന്തം ജീവിതത്തിൽ അനുഷ്ഠിക്കുകയും അനുഷ്ഠിക്കാൻ സ്വന്തം ജനതകൾക്ക് നിർദേശം നൽകുകയും ചെയ്ത നിയമം, തലമുറതോറും എല്ലാ പുരുഷന്മാരും- ഉടമയും അടിമയും സ്വദേശിയും പരദേശിയും അനുഷ്ഠിക്കണമെന്നും അനുഷ്ഠിക്കാത്തവനെ സമൂഹത്തിൽനിന്നും പുറന്തള്ളണമെന്നും ദൈവം നൽകിയ നിയമം അനുസരിച്ചാൽ അവൻ ക്രിസ്തുവിൽനിന്ന് വിച്ഛേദിതനാകും! ഇവിടെ ക്രിസ്തുവെന്ന് സംബോധന ചെയ്യപ്പെട്ടിരിക്കുന്നത് യേശുവാണ്. എത്ര ബാലിശമായ ഒരു വാദമാണ് ഇവിടെ പൗലോസായ സാവൂൾ നടത്തുന്നത്. യേശു സ്വന്തം ജീവിതത്തിൽ അല്ലെങ്കിൽ യേശുവിന്റെ മാതാപിതാക്കൾ ശിശുവായിരുന്ന യേശുവിന് പരിച്ഛേദന കർമം ചെയ്തു. യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ ആ നിയമം പിന്തുടരാൻ പാടില്ല. അത് പറയുന്നതോ യേശുവിനെ നേരിൽ കാണുകയോ കേൾക്കുകയോ ചെയ്യാത്ത, യേശുവിന്റെ ശിഷ്യന്മാരെയും അനുയായികളെയും

പീഡിപ്പിക്കുവാനും നശിപ്പിക്കുവാനുമായി പ്രതിജ്ഞാബദ്ധനായി നടന്നിരുന്ന ഒരാൾ; അയാൾ യേശുവിൻെറ അനുയായികളുടെ നേതൃത്വം ഏറ്റെടുക്കുന്നതോ ഒരു നിലയ്ക്കും വിശ്വസനീയമല്ലാത്ത ഒരു മാനസാന്തരത്തിൻെറ കഥയുടെ പിൻബലത്തിലും!

ക്രൈസ്തവസഭ യേശുവിൻെറ അനുയായികൾ എന്ന് അവകാശപ്പെടുമ്പോൾ തന്നെ യേശുവിനെ നേരിൽ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത സാവൂളിൻെറ വാക്കുകൾ ന്യായപ്രമാണങ്ങളാക്കുന്നു. എന്നേക്കും പാലിക്കാനായി ഏകദൈവമായ കർത്താവ് നൽകിയ നിയമങ്ങൾ, പ്രവാചകന്മരായിരുന്ന അബ്രഹാമും മോശയും യേശുവും അവരുടെ ജനതകളും സ്വന്തം ജീവിതത്തിൽ അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്ത നിയമങ്ങൾ സ്വർഗരാജ്യത്തിൽ ഏറ്റവും നിസ്സാരനെന്ന് കരുതപ്പെടുമെന്ന് യേശു തന്നെ ഉദ്ബോധിപ്പിച്ചവരിൽ ഉൾപ്പെടുന്നവനായ സാവൂളിൻെറ ജൽപനങ്ങളെപ്രതി തള്ളിപ്പറയുന്നു. യേശു തന്നെ പഠിപ്പിച്ചിരിക്കുന്നു ഗുരുവിനെക്കാൾ വലിയവനല്ല ശിഷ്യനെന്ന്. ഇവിടെ ശിഷ്യനാവുക പോയിട്ട് നേരിൽ യേശുവിനെ അറിയുകപോലും ഇല്ലാത്ത സാവൂൾ ക്രൈസ്തവസഭയുടെ പരമാചാര്യനായി. അപ്പോൾ യേശുവിൻെറ ശിഷ്യർ -ക്രൈസ്തവർ (ക്രിസ്തുവിൻെറ അനുയായി- ക്രിസ്ത്യാനി) എന്ന് അവകാശപ്പെടുന്നർ യഥാർഥത്തിൽ യേശുവിൻെറ ശിഷ്യരോ അനുയായികളോ അല്ല. സാവൂളിൻെറ അല്ലെങ്കിൽ പുനർനാമകരണം ചെയ്യപ്പെട്ട പൗലോസിൻെറ അനുയായികളാണ്.

മുഹമ്മദ് നബിﷺ മുഖാന്തരം പരമകാരുണികനും അനന്തദയാലുവുമായ ദൈവം- അല്ലാഹു- ഭൂമിയിലെ സകല ജനതകൾക്കുമായി തന്ന അവസാനത്തെ ദൈവികഗ്രന്ഥമാണ് പരിശുദ്ധ ഖുർആൻ. മോശയും യേശുവും മറ്റു പ്രവാചകന്മാരും വഴി ദൈവം മനുഷ്യന് നൽകിയ നിയമങ്ങളുടെ പൂർത്തീകരണവും സ്ഥിരീകരണവുമാണ് പരിശുദ്ധ ഖുർആൻ. യഹൂദർ മോശ വരെയുള്ള പ്രവാചകന്മാരിൽ വിശ്വസിച്ചു. ക്രൈസ്തവർ സ്നാപക യോഹന്നാനെ വരെ പ്രവാചകനായി അംഗീകരിച്ചു. അതിനുശേഷമുള്ള പ്രവാചകനായ യേശുവിനെ ദൈവത്തിൻെറ പുത്രൻ എന്ന വ്യാജസ്ഥാനം നൽകുകയും അദ്ദേഹത്തിൻെറ പ്രബോധനങ്ങളെയും പ്രവചനങ്ങളെയും തമസ്കരിക്കുകയും ചെയ്യുകവഴി അപമാനിക്കുകയും ചെയ്തു. എല്ലാ നിയമവും പാലിക്കാൻ കഴിയാത്തവൻ ഒരു നിയമവും പാലിക്കേണ്ടായെന്ന് പഠിപ്പിച്ച സാവൂൾ എന്ന പൗലോസിൻെറ വഴി പിന്തുടരുന്നവരായി. ലോകത്തൊരാൾക്കും തൃപ്

തികരമായി വിശദീകരിക്കുവാനോ മനസ്സിലാക്കുവാനോ കഴിയാത്ത പരിശുദ്ധ ത്രിത്വം എന്ന വിചിത്രമായ ദൈവസങ്കൽപം കൊണ്ടുവന്നു. ഏകദൈവത്തെ മാത്രം ആരാധിക്കുകയും അവൻെറ പ്രീതിക്കായി മാത്രം ജീവിക്കുവാൻ പഠിപ്പിക്കുകയും ചെയ്ത യേശുവിനെ തള്ളിപ്പറഞ്ഞു. സകല പ്രവാചകരെയും നിയമങ്ങളെയും സാധൂകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവനായി ദൈവം -അല്ലാഹു- നിയോഗിച്ച അന്ത്യപ്രവാചകനായ മുഹമ്മദ് നബി ﷺയെ തള്ളിപ്പറഞ്ഞു. അത് അവർക്ക് അറിയാത്തതിനാലായിരുന്നില്ല. പിന്നെയോ അവരുടെ ഹൃദയ കാഠിന്യം നിമിത്തമായിരുന്നു. യേശു പ്രവചിച്ച സഹായകനായ സത്യാത്മാവ്, തീനാവുകളായും പ്രാവിൻെറ രൂപത്തിലും വന്നുവെന്ന് ക്രൈസ്തവസഭ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവല്ല; യേശു പ്രവചിച്ചതുപോലെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചുമുള്ള സകല സത്യത്തിലേക്കും ലോകത്തെ നയിച്ച അന്ത്യപ്രവാചകനായ മുഹമ്മദ് നബി ﷺയാണ്. സ്വമേധയാ സംസാരിക്കാതെ കേട്ടതുമാത്രം സംസാരിക്കുകയും സ്വന്തം ജീവിതത്തിലൂടെ പരിശുദ്ധ ഖുർആനിൻെറ പ്രായോഗികത ലോകത്തെ ബോധ്യപ്പെടുത്തുകയും ചെയ്ത അന്ത്യ പ്രവാചകൻ, വരാനിരിക്കുന്ന ചില കാര്യങ്ങൾ ലോകത്തെ അറിയിച്ചവനായ ആ സത്യാത്മാവ്, യേശുവിൻെറ പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. പരമകാരുണികനും അനന്ത ദയാലുവുമായ ദൈവം അന്ത്യ പ്രവാചകൻ വഴി ലോകത്തിന് മുഴുവൻ മാർഗദർശനമായി തന്ന പരിശുദ്ധ ഖുർആൻ ഏറ്റവും മികച്ചതും പരസ്പര വൈരുധ്യങ്ങളില്ലാത്തതും ഇന്നോളവും ഇനിയും ആർക്കും പകരം മറ്റൊന്ന് കൊണ്ടുവരാൻ കഴിയാത്തതുമായി നമ്മുടെ കൺമുമ്പിലുണ്ട്.

സകല പ്രവാചകരിലും അവർ വഴി ലോകത്തിനു കിട്ടിയ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്ന, ഏകദൈവത്തിന് മാത്രം ആരാധനയർപ്പിക്കുന്ന, ഏകദൈവത്തെ ജനിപ്പിക്കുന്നവനോ ജനിച്ചവനോ മരിച്ചവനോ രൂപംധരിച്ചവനോ ആദിയും അന്ത്യവുമുള്ളവനോ ആക്കാൻ ശ്രമിക്കാത്ത, പ്രതിരൂപങ്ങളിൽ കണ്ടെത്താൻ ശ്രമിക്കാത്ത സത്യവിശ്വാസിയാവുക, ഏകദൈവ വിശ്വാസിയാവുക. അവനോട് മാത്രം പ്രാർഥിക്കുക; മധ്യസ്ഥരോ ഇടനിലക്കാരോ ഇല്ലാതെ. അതുവഴി യേശുവിൻെറ യഥാർഥ അനുയായികളാവുക.

# 27

## ഒളിച്ചോടിയത് രക്ഷാസരണിയിലേക്ക്

നിസാർ ഉദയംപേരൂർ

എന്റെ അച്ഛൻ രണ്ടാം വിവാഹിതനായിരുന്നു. ചിറ്റമ്മയാണ് എന്നെ വളർത്തിയത്. ആ സ്ത്രീയുടെ പീഡനങ്ങൾ കാരണം ഞാൻ എന്റെ 10-ാം വയസ്സിൽ നാടുവിട്ടു. നാടുവിട്ടത് കണ്ണൂരിലേക്കായിരുന്നു. ഒരു ഹിന്ദുവീട്ടിലാണ് ഞാൻ എത്തിപ്പെട്ടത്. പാൽ കടകളിൽ കൊണ്ടുപോയിക്കൊടുക്കുകയും മറ്റുമായിരുന്നു പണി. അവിടുത്തെ ഒരു അയൽപക്ക വീടുമായി ഞാൻ സൗഹൃദത്തിലായി. ഒഴിവു സമയങ്ങളിൽ ആ വീട്ടിലുള്ള കുട്ടികളോടൊപ്പം ഞാൻ കളിക്കുമായിരുന്നു. ആ വീട്ടിൽ ഒമ്പത് കുട്ടികളുണ്ടായിരുന്നു. നീ പണിയെടുക്കേണ്ടെന്നും ഇവിടുത്തെ കുട്ടികളുടെകൂടെ ഞങ്ങളുടെ മക്കളെപ്പോലെ നിനക്ക് കഴിയാമെന്നും ആ വീട്ടുകാർ എന്നോട് പറഞ്ഞു. അതെന്നെ അങ്ങേയറ്റം സന്തോഷിപ്പിച്ചു. അങ്ങനെ ഞാൻ ആ വീട്ടിൽ താമസിക്കുവാൻ തുടങ്ങി.

അത് ഒരു മുസ്‌ലിം വീടായിരുന്നു. ആ വീട്ടിലെ കുട്ടികളും വലിയവരുമെല്ലാം നമസ്കരിക്കുന്നതും പ്രാർഥിക്കുന്നതും കൗതുകത്തോടെ ഞാൻ നോക്കിക്കണ്ടു. എങ്കിലും എൻെറ കുഞ്ഞു മനസ്സിൽ ഒരു ചോദ്യമുയർന്നു; ഇവർ ആരോടാണ് പ്രാർഥിക്കുന്നത്? മുമ്പിൽ ദൈവത്തിൻെറ ചിത്രം പോലുമില്ല. ഈ സംശയം ഞാൻ മറച്ചുവെച്ചില്ല; വീട്ടുകാരോട് ചോദിച്ചു. "നിങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നു. അവയിൽ മാല ചാർത്തുന്നു. അവയിൽ ഭസ്മം പൂശുന്നു. ഇതെല്ലാം ചെയ്യുമ്പോൾ വിഗ്രഹങ്ങൾ അത് അറിയുന്നുണ്ടോ? അവയ്ക്ക് എന്തെങ്കിലും ഉപകാരം ചെയ്യാൻ കഴിയുന്നുണ്ടോ?" എന്ന് അവർ എന്നോട് തിരിച്ചു ചോദിച്ചു.

അത് തികച്ചും ഉത്തരം മുട്ടിക്കുന്ന ചോദ്യമായിരുന്നു. അവിടുന്നങ്ങോട്ടുള്ള നാളുകളിൽ സൃഷ്ടി പൂജയിലെ പൊള്ളത്തരങ്ങളും അർഥശൂന്യതയും ഞാൻ മനസ്സിലാക്കിക്കൊണ്ടിരുന്നു.

അങ്ങനെ ഹിന്ദുവായിത്തന്നെ ഞാൻ വ്രതമനുഷ്ഠിച്ചു തുടങ്ങി. അതുപോലെ അവരുടെ നമസ്‌കാരത്തിലും എനിക്ക് അതീവ താൽപര്യം തോന്നി. എന്റെ മനസ്സ് എന്നോട് പറയാൻ തുടങ്ങി- ഇസ്‌ലാം മതമാണ് ശരിയായ മതം എന്നും, മുസ്‌ലിമായി ജീവിക്കണമെന്നും. താമസിയാതെ ഞാൻ സാക്ഷ്യവാക്യങ്ങൾ ചൊല്ലി മുസ്‌ലിമായി. അങ്ങനെ 22 വർഷം അവിടെ കഴിച്ചുകൂട്ടി. അവരുടെ ഉടമസ്ഥതയിലുള്ള കടയിൽ ജോലി നോക്കുകയും ചെയ്തു.

അതിനിടയ്ക്ക് വല്ലപ്പോഴുമൊക്കെ വീട്ടിൽ പോകുമായിരുന്നു. ഞാൻ താമസിച്ചിരുന്ന മുസ്‌ലിം വീട്ടിലെ കൂട്ടുകാരെല്ലാം വലുതായി, പലരും പല സ്ഥലങ്ങളിലേക്ക് താമസം മാറി. അങ്ങനെ ഞാൻ തിരിച്ച് വീട്ടിലേക്ക് മടങ്ങി. വീട്ടിലെത്തിയ ശേഷം ജോലിയില്ലാത്ത അവസ്ഥയുണ്ടായി. മാത്രമല്ല ഞാൻ പഠിച്ച പ്രകാരത്തിലുള്ള ഇസ്‌ലാമിക കർമങ്ങൾ ഒന്നുംതന്നെ കൃത്യമായി ചെയ്യാൻ പറ്റാത്ത അവസ്ഥയും സംജാതമായി. അതിനാൽ ഞാൻ ആദ്യം താമസിച്ച സ്ഥലത്തേക്ക് തന്നെ വീണ്ടും തിരിച്ചുപോയി.

നമസ്‌കാരം, നോമ്പ് തുടങ്ങിയ കർമാനുഷ്ഠാനങ്ങൾ എന്നെ വളരെയധികം ആകർഷിച്ചു. മറ്റ് മതങ്ങളിലൊന്നുമില്ലാത്ത രീതിയിലുള്ള സമയബന്ധിതമായ നിർബന്ധ കർമമാണ് നമസ്‌കാരം. നോമ്പാകട്ടെ വല്ലാത്തൊരു അനുഭൂതിദായകമാണ്. ഈ കർമങ്ങളിലെ കർക്കശനിയമങ്ങൾ എന്നെ ആകർഷിച്ച ഘടകമാണ്.

ഇസ്‌ലാമിലേക്ക് വന്നതിന് ശേഷം മനസ്സിന് പരിപൂർണ സംതൃപ്തിയാണുള്ളത്. ഇസ്‌ലാമിൽ ജാതിചിന്തയും തൊട്ടുകൂടായ്മയും ഇല്ല എന്നതു തന്നെ വലിയൊരളവോളം സംതൃപ്തി നൽകുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാനും വിഷമഘട്ടങ്ങളിൽ സർവശക്തനായ ദൈവം കൂടെയുണ്ടല്ലോ എന്ന് ചിന്തിക്കുവാനും കഴിയുന്നു. ഇപ്പോൾ അല്ലാഹുവിനോട് നന്ദി ചെയ്ത് ജീവിക്കാൻ പരമാവധി ഞാൻ ശ്രമിക്കുന്നു. ഇസ്‌ലാം പഠിപ്പിക്കുന്നത് പ്രകാരം മുസ്‌ലിംകളല്ലാത്ത മാതാപിതാക്കളെ ഞാൻ സന്ദർശിക്കാറുണ്ട്. അവർക്ക് വേണ്ടതായ സഹായങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിലേക്ക് വന്നതോടു കൂടിയാണ് ഇസ്‌ലാം വർഗീയത

ഉണർത്തുന്ന മതമല്ല എന്ന് എനിക്ക് മനസ്സിലാകുന്നത്. മുസ്‌ലിംകളോട് പ്രത്യേകമായി പറയാനുള്ളത് സൃഷ്ടിപൂജ വെടിയണം എന്നാണ്. അത് ഒഴിവാക്കി വന്ന എനിക്ക്, അത്തരം വിവരമില്ലായ്മ കാണിക്കുന്നവർ മുസ്‌ലിം സമുദായത്തിലുമുണ്ട് എന്നത് കാണുവാൻ സാധിച്ചു എന്നത് ഖേദകരമാണ്.

# 28

## അന്വേഷണങ്ങൾക്കൊടുവിൽ...

ജോബ് കുരിശുങ്കൽ

ആലപ്പുഴ ടൗണിനടുത്ത് ഒരു പൗരാണിക ക്രിസ്ത്യൻ കുടുംബത്തിലെ ഏക പുത്രനായാണ് 1936ൽ ഞാൻ ജനിക്കുന്നത്. ടൗണിൽ തന്നെയുള്ള ഈശോസഭക്കു കീഴിൽ നടത്തപ്പെടുന്ന ഒരു മിഷൻ സ്കൂളിലായിരുന്നു എന്റെ പ്രാഥമിക വിദ്യാഭ്യാസം. ഒരു വ്യാപാരിയായിരുന്ന അപ്പൻ എനിക്ക് ധാരാളം സ്വാതന്ത്ര്യം അനുവദിച്ചു തന്നിരുന്നു. അതിനാൽതന്നെ ചെറുപ്പത്തിലേ ആലപ്പുഴ പട്ടണത്തിന്റെ രക്തത്തിലലിഞ്ഞു ചേർന്ന വിപ്ലവ പ്രസ്ഥാനങ്ങളോടുള്ള അഭിനിവേശം എന്നിലും സ്വാധീനം ചെലുത്താതിരുന്നില്ല. ഇടതുപക്ഷ വിപ്ലവ പാർട്ടികളുടെയും ട്രേഡ് യൂണിയന്റെയും മറ്റും മണ്ഡലം-ജില്ലാ നേതൃരംഗത്തെല്ലാം പ്രവർത്തിക്കാൻ യൗവനകാലത്തു തന്നെ അവസരം ലഭിച്ചിട്ടുണ്ട്. ഇന്നത്തെ കേരള രാഷ്ട്രീയത്തിൽ തലയുയർത്തി നിൽക്കുന്ന സീനിയർ നേതാക്കന്മാരിൽ പലരുടേയും സഹപ്രവർത്തകനാവാനും ചിലരുടെയെല്ലാം നേതാവാകാനും അവസരം ലഭിച്ചിട്ടുണ്ട്. വിപ്ലവങ്ങളുടെയും പോരാട്ടങ്ങളുടെയും സമരങ്ങളുടെയും മണ്ണായ ആലപ്പുഴയിലായതുകൊണ്ട് തന്നെ പല സമരങ്ങൾക്കും മുന്നണി പോരാളിയാകുവാനും പലതിനെയും പൊളിക്കുവാനും നേതൃത്വം കൊടുക്കേണ്ടി വന്നിട്ടുണ്ട്. രാഷ്ട്രീയത്തിൽ തിളങ്ങി നിൽക്കുന്ന സമയത്താണ് ആലപ്പുഴ പട്ടണത്തിലെ ആദ്യത്തെ സായാഹ്ന പത്രമായ 'റോക്കറ്റ്' നു മേൽനോട്ടം നൽകി പുറത്തിറക്കുന്നത്.  അൽപ കാലമേ പത്രത്തിന് ആയുസ്സുണ്ടായുള്ളൂവെങ്കിലും ജീവിച്ച മുന്നു വർഷത്തിലധികകാലം നരിയെ പോലെയായിരുന്നു റോ

ക്കറ്റ്. അന്നത്തെ കേരള രാഷ്ട്രീയരംഗം കൃത്യമായി അവലോകനം ചെയ്തിരുന്ന ഒരു പത്രമായിരുന്നു അത്. റോക്കറ്റ് പ്രസിദ്ധീകരണം ആരംഭിക്കുന്നതിനു മുമ്പ് 'ഉദയ ധ്വനി' എന്ന ഒരു മാസികയും ഞാൻ നടത്തിയിരുന്നു. പത്ത് വർഷത്തിലധികകാലം 'ഉദയ ധ്വനി' പ്രസിദ്ധീക രിക്കുകയുണ്ടായി. ഇടക്കാലത്ത് രാഷ്ട്രീയം മടുത്തു പൊതുരംഗത്തു നിന്നെല്ലാം വിട്ടുനിന്നു.

ചെറുപ്പത്തിലേ ഞാനൊരു തികഞ്ഞ മതവിശ്വാസിയായിരുന്നില്ല. എന്നാൽ ചർച്ചിലെ വൈദികനുമായി നല്ല ബന്ധം നില നിർത്തിയിരുന്ന തുകൊണ്ട് ചർച്ചുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. സ്കൂളിൽ പഠിക്കുന്ന സമയത്ത് തന്നെ അത്യാവശ്യം കലാപ്രകടനങ്ങൾ വശമു ള്ളതു കൊണ്ട് ചർച്ചിലെയും സ്കൂളിലെയും കൊയർ ഗ്രൂപ്പിൽ അംഗമാ യിരുന്നു. അമ്മച്ചി ഒരു പൂർണവിശ്വാസിനിയായതിനാൽതന്നെ കൊച്ചു കൊച്ചു കാര്യങ്ങൾക്കുപോലും പല പുണ്യസ്ഥലങ്ങളിലേക്കും നേർച്ച നേരുമായിരുന്നു. എന്നെ ഉരുട്ടാനും മറ്റുമായിരുന്നു മിക്കപ്പോഴുമുള്ള നേർച്ച. അങ്ങനെ മിക്കവാറും ക്രിസ്ത്യൻ തീർഥാടന സ്ഥലങ്ങളിലെ ല്ലാം പോയിട്ടുണ്ട്. കത്തോലിക്ക യുവജന പ്രസ്ഥാനമായിരുന്ന ലിറ്റിൽ ഫ്ളവറിന്റെ സജീവ പ്രവർത്തകനാവുകയും അതിന്റെ ക്യാമ്പുകൾക്ക് നേതൃത്വം നൽകാനായി പല ഇടവകകളും സന്ദർശിക്കുകയും ചെയ്തി ട്ടുണ്ട്. അതോടൊപ്പംതന്നെ ഇടവകയുമായി ബന്ധപ്പെട്ടു നടക്കുന്ന അഴി മതികൾക്കും സ്വജന പക്ഷപാതങ്ങൾക്കും സാമൂഹ്യ തിന്മകൾക്കുമെ തിരെ യുവജന കരിസ്മാറ്റിക്ക് ടീമിനു രൂപം നൽകുകയും അതുവഴി ഇടവകയുടെ ബഹിഷ്കരണത്തിനു ഇരയാവുകയും ചെയ്തിട്ടുണ്ട്.

വളരെ ചെറുപ്പത്തിൽ എന്റെ മുത്തശ്ശി എന്റെ മനസ്സിൽ ഭീതിതമായ ഒരു കഥയുടെ ചിത്രം വരച്ചു തന്നിരുന്നു. മരണത്തിനു ശേഷമുള്ള ജീവി തത്തിലെ ദുരിതങ്ങൾ അനാവരണം ചെയ്യുന്ന ആ കഥ എന്റെ മനസ്സിൽ വല്ലാതെ സ്വാധീനം ചെലുത്തിയിരുന്നു. ഇത്തരമൊരു മരണാനന്തര ജീവിതമുണ്ടെങ്കിൽ പിന്നെ ദൈവമെവിടെയായിരിക്കും എന്ന അന്വേഷ ണമാണ് എന്നെ സത്യമതത്തിലേക്ക് എത്തിച്ച പല കാരണങ്ങളിലൊന്ന്. അത്യാവശ്യം വായനാശീലം ഉണ്ടായിരുന്നതുകൊണ്ട് എന്തു കിട്ടിയാ ലും വായിക്കുമായിരുന്നു. അക്കൂട്ടത്തിൽ ഇസ്‌ലാമിനെക്കുറിച്ച് ധാരാളം അറിവു നൽകുന്ന മതഗ്രന്ഥങ്ങളുമുണ്ടായിരുന്നു. ചിലതെല്ലാം തെറ്റുധാ രണകൾ സൃഷ്ടിക്കുന്നവയുമായിരുന്നു. അങ്ങനെ ഒരു ഏകദേശ ധാരണ എനിക്ക് ഇസ്‌ലാമിനെക്കുറിച്ചുണ്ടായിരുന്നു. മാത്രമല്ല എന്റെ യുവത്വ കാലഘട്ടത്തിൽ അൽപ സ്വൽപമെല്ലാം കലാരംഗത്തു പ്രവർ

ത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ ഏതാനും കലാകാരന്മാരുടെ കൂട്ടായ്മക്കു ഞാൻ നേതൃത്വം നൽകി. അങ്ങനെ ഞാനുണ്ടാക്കിയ കലാട്രൂപ്പുമായി കേരളത്തിലങ്ങോളമിങ്ങോളം ഊരു ചുറ്റിയിട്ടുണ്ട്. പ്രത്യേകിച്ചും മലബാർ പ്രദേശത്ത്. മുസ്‌ലിം ഭക്തി ഗാനങ്ങളും മാപ്പിളപ്പാട്ടുകളും ഇസ്‌ലാമിക കഥാപ്രസംഗങ്ങളുമായിരുന്നു ഞങ്ങളുടെ മുഖ്യ ഇനം. അതിനു വേണ്ടിയുള്ള കഥാരചന, ഗാനരചന എന്നിവയ്ക്കായി ധാരാളം ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. നബി ചരിത്രവും അല്ലാഹുവിന്റെ അനുഗ്രഹവും ഖുർആനിന്റെ മഹത്ത്വവുമൊക്കെയായിരുന്നു എന്റെ മുഖ്യ വിഷയം. അന്നു മുതലേ ഇസ്‌ലാമിന് എന്റെ മനസ്സിൽ നല്ലൊരു സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്.

അതോടൊപ്പം വൈദികരും പള്ളി ആചാരങ്ങളുമായി അടുത്ത ബന്ധമുണ്ടായിരുന്നതുകൊണ്ട് അതിലെ വിഡ്ഢിത്തവും നിരർഥകതയും എന്നെ എന്നും ചിന്തിപ്പിച്ചിട്ടുണ്ട്. കുമ്പസാരം പോലുള്ള ആചാരങ്ങളും ത്രിത്വം പോലുള്ള വിശ്വാസങ്ങളും ഒരിക്കലും എനിക്കു ഉൾക്കൊള്ളാനാവുമായിരുന്നില്ല. അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത് ഞാൻ ഒരിക്കലും ഒരു പൂർണ വിശ്വാസിയായിരുന്നില്ലെന്ന്. നിലവിലുള്ള എന്റെ ധാരണകളും അതോടൊപ്പം കൂടുതലായുള്ള പഠനങ്ങളും എന്റെ മനസ്സിൽ അസ്വസ്ഥത സൃഷ്ടിച്ചു. അതിനു പരിഹാരമായി ഈ സത്യമതത്തെ പുൽകുക എന്നതു മാത്രമാണ് പരിഹാരം എന്നെനിക്കു ബോധ്യമായി. ഞാൻ ഇക്കാര്യം നിരന്തരമായി ഭാര്യയുമായി സംസാരിക്കുമായിരുന്നു. അങ്ങനെ പത്തു വർഷങ്ങൾക്കു മുമ്പ് ഞാനും ഭാര്യയും ദൈവിക മതത്തിലേക്ക് കടന്നു വന്നു.

മുസ്‌ലിം സമൂഹത്തെക്കുറിച്ച് വളരെ മോശമായ ചിത്രമായിരുന്നു എന്റെ മനസ്സിലുണ്ടായിരുന്നത്. അതിനു കാരണം ഒരളവോളം തെറ്റുധാരണയും ബാക്കി യാഥാർഥ്യവുമായിരുന്നു. എന്റെ അടുത്ത സുഹൃത്തുക്കളായ മുസ്‌ലിംകൾ പലരും ധാർമികമായി വളരെ മോശമായ ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ ഞാൻ നേരത്തേ പറഞ്ഞപോലെ ഇസ്‌ലാമിനെക്കുറിച്ച് മുമ്പേ ഞാൻ അൽപ്പമെല്ലാം വായിച്ചു പഠിച്ചതുകൊണ്ട് ഇസ്‌ലാമിനെ പൂർണമായി ഉൾക്കൊള്ളാത്തവരാണ് ബഹുഭൂരിപക്ഷം മുസ്‌ലിംകളും എന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. ക്രിസ്ത്യാനികൾ വേദപുസ്തകം പിൻപറ്റാത്തതുപോലെ തന്നെ മുസ്‌ലിംകളും വിശുദ്ധ ഖുർആൻ പിൻതുടരുന്നില്ല എന്നേ ഞാൻ മനസ്സിലാക്കിയുള്ളൂ. അതുകൊണ്ട് എന്റെ തെറ്റിധാരണകൾ ഇസ്‌ലാമാശ്ലേഷത്തെ ബാധിച്ചില്ല.

ഇസ്‌ലാം മതം സ്വീകരിച്ച ശേഷം ഞാൻ പ്രതീക്ഷിച്ചപോലെ തന്നെ ക്രിസ്ത്യൻ സമൂഹത്തിൻ നിന്നും സഭയിൽ നിന്നും അസഹിഷ്ണുതാ പരമായ പല അനുഭവങ്ങളും എനിക്കുണ്ടായി. സഭയിൽ നിന്ന് എന്നെ മഹറോൻ (പുറത്താക്കൽ) ചൊല്ലുമെന്ന് മുൻക്കൂട്ടി അറിയാവുന്നതു കൊണ്ട് തിരിച്ചു ഞാൻ എന്റെ സ്വദേശത്തേക്ക് പോയില്ല. ആദ്യഘട്ടത്തിലെല്ലാം ബന്ധുക്കൾക്കിടയിൽ ശക്തമായ മുറുമുറുപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും പിന്നീടത് ക്ഷയിച്ചുപോവുകയാണുണ്ടായത്. ആദ്യ കാലത്ത് മക്കളൊന്നും ഈ വസ്തുത അംഗീകരിച്ചില്ലെങ്കിലും എന്റെ ഭാര്യ കൂടെയുള്ളതുകൊണ്ട് അതൊരു പ്രതിസന്ധിയായി തോന്നിയില്ല.

ഞാൻ ഇസ്‌ലാം സ്വീകരിച്ച ശേഷം സ്വദേശത്തേക്കു തിരിച്ചു പോയില്ല എന്നു പറഞ്ഞുവല്ലോ. എന്നാൽ അൽപകാലം എല്ലാ ദിവസവും രാവിലെ കൊല്ലത്തു നിന്നും ആലപ്പുഴ വരെ ബോട്ടിൽ യാത്രചെയ്യുകയും തിരിച്ച് വൈകിട്ടു മടങ്ങുകയും ചെയ്യുമായിരുന്നു അന്ന്. ഞാനെഴുതിയ കുറേ ലഘുലേഖകളുമായാണ് ആ യാത്ര. യാത്രക്കിടയിലും ആലപ്പുഴയിലും അവ വിതരണം ചെയ്യുകയും സാധിക്കുന്നവരുമായുമെല്ലാം ഞാൻ മനസ്സിലാക്കിയ ആദർശം പങ്കുവെക്കുകയും ചെയ്യുമായിരുന്നു. പ്രത്യേകിച്ചും ക്രൈസ്തവ സഭയുടെ ദുഷിച്ച ആചാരങ്ങളും ആദർശപാപ്പരത്തവുമായിരുന്നു ലഘു ലേഖയിലെ ഉള്ളടക്കം. പ്രസിദ്ധീകരണ രംഗം പണ്ടേ വശമായതുകൊണ്ട് ഇക്കാലഘട്ടത്തിൽ ഞാൻ പ്രസിദ്ധീകരിച്ച ഒരു ആനുകാലികമായിരുന്നു ‘മാത്രം’. തികച്ചും സൗജന്യമായാണ് അത് വിതരണം ചെയ്തിരുന്നത് എന്നതിനാൽ തന്നെ സാമ്പത്തിക പ്രയാസം കാരണം അത് മുന്നോട്ടുക്കൊണ്ടുപോവാൻ സാധിച്ചില്ല. ഏഴോ എട്ടോ ലക്കങ്ങൾ മാത്രമെ പ്രസിദ്ധീകരിച്ചുള്ളൂ. മതപരമായി വിവരം കുറഞ്ഞ എനിക്ക് അന്ന് പ്രസിദ്ധീകരണ രംഗത്ത് സഹായിച്ച മുസ്‌ലിം പണ്ഡതരിൽ പലരും അവിചാരിതമായി കണ്ടുമുട്ടുമ്പോൾ അത് പുനഃപ്രസിദ്ധീകരിക്കുന്നതിന് നിർബന്ധിക്കാറുണ്ട്. ഇപ്പോൾ കൊല്ലം ജില്ലയിൽ നിച്ച് ഓഫ് ട്രൂത്തുമായി ബന്ധപ്പെട്ട് പ്രബോധന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

# 29

## ചിന്തയുടെ അനന്തരഫലം

യഹ്‌യ അരീക്കോട്

ഞാൻ ഒരു സാധാരണ ഹിന്ദുകുടുംബത്തിലാണ് ജനിച്ചത്. അച്ഛനും അമ്മയും രണ്ടു അനുജത്തിമാരും അടങ്ങുന്നതാണ് എന്റെ കുടുംബം. ചെറുപ്പത്തിൽ ബാംഗ്ലൂരിലായിരുന്നു താമസം. ഒന്നാം ക്ലാസ്സിൽ ചേരുന്ന തിനായി നാട്ടിൽവന്നു. ഒരുപാടു ബന്ധുക്കൾ ഉള്ള ഫാമിലിയാണ്.ഒരു കുടംബക്ഷേത്രമുണ്ട്. അമ്മയുടെ വീട്ടിലും കുടുംബക്ഷേത്രമുണ്ട്. അത് ഒരു ക്ഷേത്രമല്ല; ഒരുപാട് പൂജകളും നാഗത്താൻപാട്ടുകളും നടക്കുന്ന ഒരു കാവ്.

ഒരുപാടൊരുപാട് അന്ധവിശ്വാസങ്ങളുടെ ഇടയിലാണ് വളർന്നത്. ഞാൻ നന്നായി പഠിച്ചിരുന്നു. 10-ാം ക്ലാസ്സിലായപ്പോഴേക്കും സിനിമ യുടെയും മ്യൂസിക്കിന്റെയും ഒരു ഉപാസകനായി മാറി. ചെറുപ്പത്തിലേ സിനിമയിലൊക്കെ ഭയങ്കര അഭിനിവേശമായിരുന്നു. ഒരു ഫിലിം സ്റ്റാർ ആകാനായിരുന്നു ആഗ്രഹം. അതിനാൽ നാടകത്തിലും മറ്റുമൊക്കെ അഭിനയിച്ചിരുന്നു. ഹിന്ദി ഫിലിംസിനോടായിരുന്നു പ്രിയം. അതിനാൽ അധിക സമയത്തും ഡാൻസും മ്യൂസിക്കും ആയിരുന്നു. കുടുംബക്കാ രൊക്കെ എനിക്ക് സപ്പോർട്ട് ആയിരുന്നു. എപ്പോഴും തമാശയും ഹീറോ ആകാനുള്ള ശ്രമവും ആയിരുന്നു. സിനിമയുടെയും മ്യൂസിക്കിന്റെയും ദൂഷ്യഫലങ്ങൾ എന്നിൽ പ്രകടമായിരുന്നു. അയൽവാസികളൊക്കെ എന്റെ മ്യൂസിക് സിസ്റ്റത്തിന്റെ ശബ്ദം കൊണ്ട് പൊറുതിമുട്ടിയിരുന്നു.

പത്താംക്ലാസ് പരീക്ഷ കഴിഞ്ഞതിനുശേഷം ജിമ്മിൽ പോകാൻ തുട ങ്ങി. ഹിന്ദി ഫിലിംസ്റ്റാർ സൽമാൻഖാനോടുള്ള കടുത്ത ആകർഷണ

മാണ് കാരണം. പ്ലസ്ടു കോളേജിൽ വെൽകം പാർട്ടികളിലും സ്റ്റേജിലും ഞാൻ ഡാൻസ് ചെയ്യുമായിരുന്നു.

ഇടയ്ക്ക് അമ്പലത്തിലുമൊക്കെ പോകാറുണ്ടായിരുന്നു. ആദ്യത്തെ എന്റെ വിശ്വാസവും എന്റെ ചുറ്റുപാടും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. പ്ലസ്ടുവിന് എന്റെ വിഷയം സയൻസ് ആയിരുന്നു. മനുഷ്യ ശരീരത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുമുള്ള പഠനം. ഇതും എന്റെ വിശ്വാസവും തമ്മിൽ യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല.

ജിമ്മിലെ ഇടവേളകളിൽ എന്റെ മാഷ് നുഅ്മാൻ ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞുതരുമായിരുന്നു. ഞങ്ങൾ സംവദിക്കുമ്പോൾ മറ്റു ആളുകൾ ഞങ്ങൾക്ക് ചുറ്റും കൂടുമായിരുന്നു. ആദ്യമൊക്കെ ഞാൻ എതിർത്തിരുന്നു; എന്റെ വിശ്വാസമാണ് ശരി എന്ന് പറഞ്ഞ്. എന്നാൽ എവിടെയൊക്കെയോ ഉള്ള എന്റെ വിശ്വാസത്തിലെ പാളിച്ചകൾ ഞാൻ മനസ്സിലാക്കിയിരുന്നു. പക്ഷേ, പുറത്ത് പറഞ്ഞില്ല. എന്റെ മറ്റൊരു സുഹൃത്ത് അബ്ദുസ്സമദ് സായാഹ്നങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകൻമാരെക്കുറിച്ചും ഏകനായ ഒരു മഹാസ്രഷ്ടാവിനെക്കുറിച്ചും പറയുമായിരുന്നു.

ചെറുപ്പത്തിൽ എന്റെ ഒരു പേടിസ്വപ്നമായിരുന്നു ‘മരണം’. വയസ്സായ ആളുകളെല്ലാം മരിക്കുന്നു! ഇതുപോലെ ഞാനും ഒരുനാൾ മരിക്കുമെന്ന പരമസത്യം ഓർമവരുമ്പോൾ ഞാൻ ഞെട്ടിത്തരിച്ചിരുക്കുമായിരുന്നു. ഇത് ഇടക്കിടയ്ക്ക് ഉണ്ടാകുമായിരുന്നു. ഇതുണ്ടാകുമ്പോൾ ഞാൻ വല്ലാതൊരു ശബ്ദത്തോടെ എഴുന്നേൽക്കുമായിരുന്നു. അച്ഛനും അമ്മയും ചോദിക്കും എന്തുപറ്റിയെന്ന്. ഒന്നുമില്ലെന്ന് പറഞ്ഞ് ഞാൻ കിടക്കും. എന്റെ ജീവനാകുന്ന ഈ ആത്മാവ് ഈ വിശാല പ്രപഞ്ചത്തിൽ ലയിച്ചുപോകുമെന്നായിരുന്നു എന്റെ ധാരണ.

പ്ലസ്ടുവിന് പഠിക്കുന്ന കാലത്ത് ഞാൻ കണ്ണിനെക്കുറിച്ചും അതിൻെറ അത്ഭുതകരമായ സംവിധാനത്തെക്കുറിച്ചും ചിന്തിക്കുമായിരുന്നു. ചെറിയ കണ്ണുകളിലൂടെയാണ് നാം ഈ വലിയ പ്രപഞ്ചത്തെ കാണുന്നത്! ഇത് എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. ഇത് എന്തുകൊണ്ട് സാധിക്കുന്നു എന്ന ഒരു ഉത്തരം കിട്ടാത്ത ചോദ്യവും ഉണ്ടായിരുന്നു.

ഒരു ദിവസം ജിമ്മിലിരുന്ന് ഞാനും മാഷും സംവദിക്കുകയായിരുന്നു. ആളുകൾ ഞങ്ങൾക്ക് ചുറ്റും കൂടിയിരുന്നു. അതിലൊരാൾ പറഞ്ഞു: “ശരിക്ക് ഈ ലോകം ഒരു പരീക്ഷണം മാത്രമാണ്, പരലോകം ആണ് യഥാർഥം”. ഇത് എന്റെ ഹൃദയത്തിൽ കൊണ്ടു.

പിന്നീട് ഞാൻ ചിന്തിച്ചു; പരലോകം ഉണ്ടെങ്കിൽ അത് എങ്ങനെ യായിരിക്കും? വിചാരണ ഉണ്ടെങ്കിൽ എന്റെ അവസ്ഥ എന്തായിരിക്കും. എൻെറ സ്ഥാനം എവിടെയായിരിക്കും? അതിനുശേഷം ഒരുപാട് ഇസ് ലാമിക പുസ്തകങ്ങൾ എനിക്ക് വായിക്കുവാൻ കഴിഞ്ഞു. അതിലെ ഒരു പുസ്തകത്തിൻെറ പേര് "ഖുർആനും ആധുനിക ശാസ്ത്രവും" എന്നായിരുന്നു. ഞാൻ പഠിച്ച ബിഗ്ബാങ്ങ് തിയറി, ഹബ്ൾസ് തിയറി എന്നിവയെക്കുറിച്ചുള്ള സൂചന 'ഖുർആനിൽ' ഉണ്ട് എന്ന് ഞാൻ അത്ഭു തത്തോടെ തിരിച്ചറിഞ്ഞു. കൂടാതെ വേറെ ഒരുപാട് ശാസ്ത്രീയ സത്യ ങ്ങളും ഉണ്ടെന്നറിഞ്ഞു. ('ഖുർആൻ' എന്നാൽ ഒരുപാട് അശാസ്ത്രീയ പരാമർശങ്ങളുള്ള ഗ്രന്ഥം എന്നായിരുന്നു എന്റെ കാഴ്ചപ്പാട്). ഇത് അവതരിച്ചതോ 1400 വർഷങ്ങൾക്ക് മുമ്പ്; നിരക്ഷരനായ മുഹമ്മദ് നബി ﷺക്ക്! 'അല്ലാഹു' എന്ന മഹാനായ സ്രഷ്ടാവിനെ, എന്റെ സ്രഷ്ടാ വിനെ ഞാൻ തിരിച്ചറിയുകയായിരുന്നു, അടുക്കുകയായിരുന്നു.

ഹിന്ദി സിനിമകളും റസ്‌ലിങ്ങുകളും ധാരാളമായി കാണാറുള്ള ഞാൻ പിന്നെ അത് നിറുത്തി National Geographic Channel, Discovery Channel എന്നിവ സ്ഥിരമായി കാണാൻ തുടങ്ങി. ഈ ഭൂമിയെ ക്കുറിച്ചും അതിലെ ജീവജാലങ്ങളെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ഭൂമിയിലെ വിവിധ സ്ഥലങ്ങളെക്കുറിച്ചും 'സമുദ്ര'ത്തെക്കുറിച്ചും അതിലെ അത്ഭുതകരങ്ങളായ ജീവികളെക്കുറിച്ചുമെല്ലാം അത്യത്ഭുതക രങ്ങളായ അറിവുകളാണ് എനിക്ക് ഈ രണ്ട് ചാനലുകളിലൂടെ കിട്ടിയി രുന്നത്. ഒരു ദിവസം ഒരു വലിയകാര്യത്തെക്കുറിച്ച് കണ്ടറിഞ്ഞാൽ അടുത്ത ദിവസം അതിനെക്കാൾ വലിയ ഒരു കാര്യം! ഈ കാഴ്ചകളും ഖുർആനിലെ വചനങ്ങളും എന്നെ 'അല്ലാഹു'വിലേയ്ക്ക് വേഗത്തിൽ അടുപ്പിക്കുകയായിരുന്നു.

സ്വർഗം, നരകം എന്നിവയെക്കുറിച്ചുള്ള ഒരു ചിന്ത എന്നിലുണ്ടായി. എന്നിലുള്ള ഇസ്‌ലാമിനെതിരായുള്ള ചിന്തകൾ ഓരോന്നായി ഇല്ലാതാ വുകയായിരുന്നു. അതിനിടയ്ക്ക് ഡിഗ്രിക്ക് എം.ഇ.എ.എസ്.എസ്. കോളേജിൽ ചേർന്നു. ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ പറ്റിയ സാഹച ര്യമായിരുന്നു കോളേജിൽ. കാമ്പസിൽ തന്നെ പള്ളിയുമുണ്ടായിരുന്നു.

ഞാൻ എന്നെയും സത്യവിശ്വാസിയുടെ ഗുണങ്ങളെയും താരതമ്യം ചെയ്തു. അവർ വിശ്വസിക്കുന്നതിൽ ഒന്നാമത്തെ കാര്യം അല്ലാഹു വിലുള്ള വിശ്വാസം. അത് എനിക്കും സമ്മതം. പ്രവാചകനിലുള്ള വിശ്വാ സത്തിലും എനിക്കെതിർപ്പില്ല. പരലോകത്തിലും അന്ത്യനാളിലുമുള്ള വിശ്വാസവും എന്നിൽ ഉടലെടുത്തിട്ടുണ്ട്. പിന്നെ മുസ്‌ലിംകൾ കൃത്യ

മായി ചെയ്യുന്ന നമസ്കാരം. അതാണ് എനിക്കില്ലാത്തത്. അപ്പോൾ, എങ്ങനെയെങ്കിലും നമസ്കരിക്കണം. വീട്ടിലറിഞ്ഞാൽ ഭയങ്കര പ്രശ്ന മാകും. അങ്ങനെ ഞാൻ ആരുമറിയാതെ എന്റെതായ ഒരു രീതിയിൽ നമസ്കരിച്ചു അഥവാ പ്രാർഥിച്ചു. പലപ്പോഴും പലരും നമസ്കരിക്കുന്ന ത് കണ്ടിട്ടുള്ളതിൻെറ അടിസ്ഥാനത്തിലായിരുന്നു ചലനങ്ങൾ.

അല്ലാഹുവിനെക്കുറിച്ച് അറിഞ്ഞതിൽ പിന്നെ വല്ലാത്തൊരു ധൈ ര്യം. ലോകങ്ങളുടെ രക്ഷിതാവാണവൻ. ഗോളങ്ങളുടെ രക്ഷിതാവാ ണവൻ. ആറ്റത്തിന്റെയും നീലത്തിമിംഗലത്തിൻെറയും രക്ഷിതാവാണ വൻ. എല്ലാം അവൻെറ സൃഷ്ടികൾ മാത്രം. അവൻ എന്തിനും കഴിവു ള്ളവൻ. അതുകൊണ്ടുതന്നെ ആരാധനക്കർഹൻ അവൻ മാത്രമാണ്.

ഞാൻ ആറാംക്ലാസിൽ പഠിക്കുമ്പോൾ ഒരു സ്വപ്നം കണ്ടിരുന്നു. എനിക്ക് വിലമതിക്കാനാവാത്ത വലിയ എന്തോ ഒന്ന് കിട്ടിയതു പോലെ, ഭയങ്കര സന്തോഷവും മനസ്സമാധാനവും കുളിർമയും അനുഭൂതിയും ഇതായിരുന്നു സ്വപ്നം. ആ അവസ്ഥ മുഴുവൻ എനിക്ക് വീണ്ടും അനുഭ വപ്പെട്ടത് ഞാൻ അല്ലാഹുവെക്കുറിച്ചും അവന്റെ സ്വർഗത്തെകുറിച്ചും അറിഞ്ഞതിന് ശേഷമാണ്. വിവരിക്കാൻ പറ്റാത്ത ഒരു സന്തോഷവും കുളിർമയും. ഓരോ സെക്കന്റും ഞാൻ ആസ്വദിക്കുകയായിരുന്നു. അല്ലാ ഹു ആണ് എന്നെ സൃഷ്ടിച്ചവൻ. എന്നെ ഏറ്റവും കൂടുതൽ സ്നേഹി ക്കുന്നവൻ. എന്റെ മാതാപിതാക്കളെക്കാളും എന്നോടടുത്തവൻ. എന്റെ കണ്ഠനാഡിയെക്കാൾ അടുത്തവൻ. അവൻ എന്തിനും കഴിവുള്ളവൻ.

വിശ്വാസിയാകുന്നതിനു മുമ്പുള്ള എൻെറ ജീവിതയാത്ര വളരെ വിര സത നിറഞ്ഞതായിരുന്നു. എന്നാൽ അതിനുശേഷം ജീവിതം ആഹ്ലാ ദകരവും കർമനിരതവുമായി.

ജിമ്മിൻെറ കെട്ടിടത്തിൻെറ മുകളിലിരുന്ന് രാത്രികാലങ്ങളിൽ നക്ഷ ത്രാലംകൃതമായ നീലാകാശവും നോക്കി ചിന്തയിൽ മുങ്ങി സമയം പോക്കുന്നത് എനിക്ക് ഹരമായി മാറി. അത് വെറുമൊരു സമയം കൊല്ല ലായിരുന്നില്ല. നിശ്ശബ്ദമായ പ്രാർഥന അതിലുണ്ടായിരുന്നു.

ഡിഗ്രിക്കു ചേർന്നശേഷം എനിക്ക് പുതിയ ഒരു കൂട്ടുകാരനെ കിട്ടി. അമുസ്‌ലിമായിരുന്നു. അവൻ തത്ത്വചിന്താപരമായി കാര്യങ്ങളെ വിശ കലനം ചെയ്യുന്നവനായിരുന്നു. ചെറുപ്പത്തിലേ ബഹുദൈവാരാധനയെ എതിർക്കുമായിരുന്നുവത്രെ. ഞാൻ അല്ലാഹുവിനെക്കുറിച്ചും പ്രവാചക നെക്കുറിച്ചും വിചാരണയെക്കുറിച്ചും സ്വർഗത്തെക്കുറിച്ചും നരകത്തെ ക്കുറിച്ചുമെല്ലാം ഖുർആനിൻെറ അടിസ്ഥാനത്തിൽ പറഞ്ഞപ്പോൾ

അവൻ പെട്ടെന്ന് വിശ്വസിച്ചു. ഖുർആനിന്റെ മാസ്മരികത അപാരം തന്നെ! അങ്ങനെ ഞങ്ങൾ പലപ്പോഴും ഒന്നിച്ചിരുന്ന് അല്ലാഹുവിനെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ചർച്ച ചെയ്യുമായിരുന്നു.

ഈ പ്രപഞ്ചത്തിലുള്ളതെല്ലാം അല്ലാഹുവിന് കീഴ്പെട്ടിരിക്കുന്നു അഥവാ അവയെല്ലാം മുസ്‌ലിംകളാണ്! കുറെ മനുഷ്യർ ഒഴികെ. സൂര്യ-ചന്ദ്രാതികളുടെ മതമാണ് ഇസ്‌ലാം.

കഴിഞ്ഞുപോയ ധിക്കാരികളായ പല ജനവിഭാഗങ്ങളെയും അല്ലാഹു ശിക്ഷിച്ചതായുള്ള ഖുർആനിക സൂക്തങ്ങൾ എന്നിൽ അല്ലാഹുവെക്കുറിച്ചുള്ള ഭയവും ഒപ്പം ഞാനൊരു മുസ്‌ലിം ആണല്ലോ എന്ന ആശ്വാസവും ഉണ്ടാക്കി. ആയിടക്കാണ് സുനാമി ഉണ്ടാകുന്നത്. ടി.വിയിലൂടെ അതിൻെറ ഭീതിതമായ ദൃശ്യങ്ങൾ കണ്ടു ഞെട്ടിത്തരിച്ചു. മനുഷ്യൻ എന്ന ദുർബലജീവിയുടെ സകല അഹങ്കാരങ്ങളും തകർന്നടിയാൻ പാകത്തിലുള്ള ദൃഷ്ടാന്തം!

എന്റെ നാട്ടിലെ മുസ്‌ലിം കൂട്ടുകാരോട് ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾ ചർച്ചചെയ്യുമായിരുന്നു. ഒരിക്കൽ അവരോട് ഞാൻ ഒരു ഉദാഹരണം പറഞ്ഞു: ഒരു മുസ്‌ലിം രാത്രി വീട്ടിലേക്ക് പോവുകയാണ്. വഴിയിൽ പല ഇഴജന്തുക്കളും ഉണ്ടായേക്കാം. അവൻ അല്ലാഹുവോട് കാവൽ ചോദിച്ചു വീട്ടിലേക്ക് നടന്നു. വീടെത്താറായി. ഇനി കുറച്ചുദൂരം കൂടിയേയുള്ളൂ. ഇതുവരെ ഒന്നിനെയും കണ്ടില്ല. ഇനി അല്ലാഹു കാത്തിട്ടില്ലയെങ്കിലും പ്രശ്നമില്ല എന്നവൻ അപ്പോൾ വിചാരിക്കുന്നുവെങ്കിൽ അവൻ മനസ്സിലാക്കേണ്ടത് അവൻ നടന്നു പോന്ന വഴിയിൽ നിന്ന് ഉപദ്രവങ്ങൾ അകറ്റിയ അല്ലാഹുവിന്റെ കാരുണ്യത്തെയാണ്. വീടിൻെറ മുറ്റത്തെത്തിയാലും അല്ലാഹുവിൻെറ കാവലിനെ അവൻ നിഷേധിക്കുവാൻ പാടില്ല. ഈ സംസാരം കഴിഞ്ഞ് ഞങ്ങൾ പിരിഞ്ഞത് രാത്രിയിലാണ്. അങ്ങാടിയിൽ നിന്ന് വീട്ടിലേയ്ക്ക് ഒരു കിലോമീറ്റർ ദൂരമുണ്ട്. നടക്കാറാണ് പതിവ്; ഒരു വെളിച്ചവും എടുക്കാറില്ല. ചില സമയത്ത് റോഡുപോലും കാണുകയില്ല. ഇടയ്ക്ക് കടന്നുപോകുന്ന വാഹനങ്ങളുടെ വെളിച്ചംമാത്രമുണ്ട് വഴികാട്ടുവാൻ. പെട്ടെന്ന് തൊട്ടുമുന്നിൽ എന്തോ തിളിങ്ങുന്നതായി തോന്നി. നോക്കിയപ്പോൾ അതൊരു പാമ്പാണ്. കുറച്ചകലെയുള്ള ഒരു വീട്ടിൽ നിന്നുള്ള അരണ്ട വെളിച്ചത്തിലാണ് അത് തിളങ്ങിയത്. അത് റോഡ് മുറിച്ചുകടക്കുന്നതുവരെ ഞാൻ അനങ്ങാതെ നിന്നു. അല്ലാഹുവിന് സ്തുതി. തികച്ചും യാദൃച്ഛികമായ സംഭവം. ഒരു വിശ്വാസി ആപത്തുകളിൽ അകപ്പെടാതിരിക്കുവാൻ മുൻകരുതലെടുക്കണമെന്ന മുന്നറിയിപ്പ് അതെനിക്കു തന്നു.

ഡിഗ്രി സെക്കന്റ് ഇയർ ആയിരിക്കുമ്പോഴാണ് ഞാനും നേരത്തെ സൂചിപ്പിച്ച കൂട്ടുകാരനും ഒന്നിച്ച് സാക്ഷ്യവാക്യം ചൊല്ലി ഔദ്യോഗികമായി ഇസ്‌ലാം സ്വീകരിച്ചത്. അന്നേരം എന്റെ ദേഹമാസകലം പടർന്നു കയറിയ കുളിർമ ഇന്നും അതോർക്കുമ്പോൾ അനുഭവപ്പെടുന്നതായി തോന്നുകയാണ്.

ആദ്യമൊക്കെ ഇസ്‌ലാമിക പുസ്തകങ്ങൾ വീട്ടിൽകൊണ്ടുവരുവാനും വായിക്കുവാനും അനുവദിച്ചിരുന്നു. പിന്നീട് കാര്യമായപ്പോൾ അമ്മ അത് കത്തിച്ചുകളയുവാനും ഒളിപ്പിക്കുവാനും തുടങ്ങി. എന്റെ സ്വഭാവത്തിൽ കണ്ട പെട്ടെന്നുള്ള മാറ്റം അമ്മ ശ്രദ്ധിച്ചു. ഫോട്ടായുടെ മുന്നിൽ പോയി മിനിറ്റുകളോളം പ്രാർഥിച്ചിരുന്ന ഞാൻ പെട്ടെന്നതു നിറുത്തി. സിനിമകൾ ധാരാളമായി കണ്ടിരുന്ന ഞാൻ അതും നിറുത്തി. ഏതുസമയത്തുമുള്ള സംഗീതാസ്വാദനവും അവസാനിപ്പിച്ചു. എപ്പോഴുമുള്ള തമാശപറച്ചിൽ ചിന്തയിലേക്കു വഴിമാറി. പരലോകത്തെക്കുറിച്ചും വിചാരണയെക്കുറിച്ചും സംസാരിച്ചു തുടങ്ങി. ഇതൊക്കെ കണ്ടപ്പോൾ അമ്മ പറഞ്ഞു എനിക്ക് ഭ്രാന്താണെന്ന്. കുടുംബക്കാരൊക്കെ അറിഞ്ഞു. അച്ഛനും അമ്മയും ഡോക്ടറെ കാണിക്കാൻ എന്നെ നിർബന്ധിച്ചു. അങ്ങനെ ഞാൻ ഡോക്ടറെ കാണാൻ നിർബന്ധിതനായി.

അമ്മാവൻ എന്റെ ഇസ്‌ലാം പഠനത്തെക്കുറിച്ച് അറിഞ്ഞപ്പോൾ എന്നെ താക്കീത് ചെയ്തു. പിന്നീടൊരിക്കൽ അമ്മാവന്റെ ഒരു മുസ്‌ലിം സുഹൃത്തിനെ വീട്ടിൽകൊണ്ട്വന്ന് എന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പിന്നീടൊരിക്കൽ ഇതേ സുഹൃത്തിനെയും കൂട്ടിവന്ന് എന്നെവിളിച്ചു കൊണ്ടുപോയി ഭീഷണിപ്പെടുത്തി; ഇനിയും ഇതു തുടർന്നാൽ കയ്യും കാലുംഒടിച്ചിടുമെന്നു പറഞ്ഞ്. ഞാൻ നിരുപാധികം ഇസ്‌ലാം പഠനം തുടർന്നു.

വീട്ടിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള ഒന്നും കാണാൻ പാടില്ല എന്നായി. എന്റെ വിശ്വാസം മാറാൻ വേണ്ടി എന്നെ പല അമ്പലങ്ങളിലും കൊണ്ടുപോയി. ഞാനതൊരു ടൂർ പോലെ കണക്കാക്കി.

കലിമ ചൊല്ലിയതിനുശേഷം നമസ്കാരം നിർബന്ധമായി. പകലിലുള്ള നമസ്കാരം കോളേജിലും രാത്രിയിലുള്ളതും സുബ്ഹിയും ജിമ്മിലും നിർവഹിച്ചു പോന്നു. കോളേജു കഴിഞ്ഞു വീട്ടിലെത്താൻ എന്നും രാത്രി 9 മണിയാകും. ഒരു ദിവസം വീട്ടിൽ വന്നപ്പോൾ 9 മണി കഴിഞ്ഞിരുന്നു. വീട്ടുമുറ്റത്ത് കുറെ വാഹനങ്ങൾ നിറുത്തിയിട്ടിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ തന്നെ മനസ്സിലായി എന്തോ പന്തികേടുണ്ടെന്ന്. അമ്മാവനും ചെറിയമ്മയുടെ ഭർത്താവും മറ്റും വന്നിരുന്നു. ഞാൻ

വീട്ടിൽ കയറിതോടെ എന്റെ ചെറിയച്ചൻമാരും വലിയച്ചൻമാരും വന്നു. എന്നെ ചോദ്യംചെയ്യാൻ തുടങ്ങി. അമ്മാവൻ ക്ഷോഭിച്ച് പലതും പറഞ്ഞു. എന്നോട് ഇറങ്ങിപ്പോകാൻ പറഞ്ഞു. ഞാനപ്പഴേ ഇറങ്ങിപ്പോകാൻ തയാറായി നിൽക്കുകയായിരുന്നു. അച്ഛൻ ദേഷ്യപ്പെട്ട് എന്നെ വന്നു തല്ലി. ഞാൻ ചിരിച്ചു. സത്യമതം സ്വീകരിച്ചതിൻെറ പേരിൽ കഠിനമായ പീഡനമേറ്റുവാങ്ങിയ ബിലാലിനെ ഓർത്തു. അമ്മാവനും തല്ലി. ഇതുവരെ വന്നിട്ട് ഒന്നും തരാതെ പോകുന്നത് ശരിയല്ല എന്നു പറഞ്ഞായിരുന്നു അടി. ആ രാത്രി തന്നെ ഞാൻ ഇറങ്ങിപ്പോകാൻ ഒരുങ്ങി. പക്ഷേ, അമ്മ തടഞ്ഞു. പിറ്റേന്നു രാവിലെ ഞാൻ ഇറങ്ങി. എന്റെ അത്യാവശ്യ ഡ്രസ്സുകളും ബുക്സും എടുത്തു. എങ്ങോട്ടാണ് പോകേണ്ടതെന്ന് നിശ്ചയമില്ലായിരുന്നു. എന്നാൽ ഇത് അല്ലാഹുവിലേക്കുള്ള മഹത്തായ പാതയാണെന്നും അല്ലാഹു എന്നെ വഴികാണിക്കുമെന്നുമുള്ള ചിന്ത എനിക്ക് പ്രചോദനവും ധൈര്യവും നൽകി.

ഇപ്പോൾ ഞാൻ ഇടയ്ക്ക് വീട്ടിൽ പോകാറുണ്ട്. ഒരു മുസ്‌ലിമായിക്കൊണ്ടുതന്നെ അമുസ്‌ലിംകളായ സ്വന്തക്കാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

# 30

## സത്യത്തിന്റെ വഴിയിൽ

അസ്ന അസ്‌ലം

മേഘ എന്നായിരുന്നു എൻെറ പേര്. തികഞ്ഞൊരു ബഹുദൈവ വിശ്വാസിനിയായിരുന്ന ഞാൻ ആത്മീയാന്വേഷണങ്ങൾക്കൊടുവിൽ, ലോകത്ത് നിലനിൽക്കുന്ന മതങ്ങളിൽ കറകളഞ്ഞ ഏകദൈവ സിദ്ധാന്തം വെച്ചുപുലർത്തുന്ന ഇസ്‌ലാമിൽ എത്തിച്ചേരുകയാണുണ്ടായത്. ഞാൻ മനസ്സിലാക്കിയ ചില കാര്യങ്ങൾ വായനക്കാരുമായി പങ്കുവെക്കുകയാണ്.

ഐഹിക ലോകത്ത് മനുഷ്യൻ ശാശ്വതനല്ല. പരലോകത്ത് അവൻ ശാശ്വതനാണ്താനും. അതുകൊണ്ടുതന്നെ പരലോകത്ത് ശാശ്വതമായ രക്ഷ ലഭിക്കുക എന്നതായിരിക്കണം ഒരു മുസ്‌ലിമിന്റെ ജീവിതലക്ഷ്യം. അത് നേടണമെങ്കിൽ ഏകദൈവ വിശ്വാസിയും ഏകദൈവാരാധകനുമായിരിക്കൽ നിർബന്ധമാണ്. പ്രപഞ്ച സ്രഷ്ടാവിൻെറ പേരാണ് 'അല്ലാഹു' എന്നത്.

അല്ലാഹു പരമകാരുണികനും കരുണാനിധിയും ഏറെ ക്ഷമിക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനുമാണ്. എന്നാൽ അറിഞ്ഞുകൊണ്ട് 'ശിർക്ക്' (അല്ലാഹുവിൽ പങ്കുചേർക്കൽ) ചെയ്യൽ അല്ലാഹു പൊറുക്കില്ല. ഈ ലോകത്ത് ഒന്നും തന്നെ സൃഷ്ടിക്കാത്ത, ആരുടെയും പ്രാർഥന കേൾക്കാത്ത പരേതന്മാരാണ് പലരുടെയും ആരാധ്യന്മാർ! അവരൊക്കെയും അല്ലാഹുവിന്റെ സൃഷ്ടികളായിരുന്നു. അചേതനവസ്തുക്കളെ ആരാധിക്കുന്നവരുമുണ്ട്! എന്തു തെളിവിന്റെ അടിസ്ഥാനത്തിലാണ് ഈ ആരാധനകൾ നടത്തുന്നത്? ഋഗ്വേദത്തിൽ പറയുന്നു:

"ഏകം സദ്വിപ്രാ ബഹുധാ വദന്തി"

(സത്തയായ ഒന്നിനെ പലവാക്കിൽ പറയുന്നു).

"നഃ ജായതേ മ്രിയതേ വാ വിപശ്ചിന്നായം
കൂതശ്ചിന്ന ബഭുവ കശ്ചിത"

(ബ്രഹ്മം ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. ഇത് മറ്റൊന്നിനാൽ ഉണ്ടായതല്ല. ഇതിൽ നിന്ന് യാതൊന്നും ജനിക്കുന്നില്ല).

"അദൃഷ്ടമ വ്യവഹാരമ ഗ്രാഹ്യമ ലക്ഷണമ
ചിന്ത്യമ വ്യപദേശ്യമേകാത്മ"

(ദൈവത്തെ യാതൊരു ദൃഷ്ടികൊണ്ടും കാണാൻ സാധ്യമല്ല. അദൃഷ്ടമവും അവ്യവഹാരവുമാണത്. അത് ഏകനും അദ്വിതീയനുമാകുന്നു).

ഏകദൈവത്തിൻെറ ഗുണവിശേഷങ്ങൾ ഹൈന്ദവ ഗ്രന്ഥങ്ങളിലും ഭംഗിയായി വിവരിക്കുന്നുണ്ടെന്ന് വ്യക്തം! ഇനി വിശുദ്ധ ഖുർആനിലെ 112-ാം അധ്യായം കാണുക:

"(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും".

ഇതാണ് പ്രപഞ്ച സ്രഷ്ടാവിൻെറ ഏറ്റവും വലിയ സവിശേഷത. എന്നിട്ടും ബുദ്ധിമാനും സൃഷ്ടികളിൽ ഉത്തമനുമായ മനഷ്യൻ പ്രകൃതി പ്രതിഭാസങ്ങളെയും നിർജീവ വസ്തുക്കളെയും മരിച്ചുപോയവരെയും ആരാധിക്കുന്നു! മനുഷ്യ ദൈവങ്ങളും സിദ്ധന്മാരും ആധുനിക സമൂഹത്തിൽ പെരുകിക്കൊണ്ടിരിക്കുന്നു. അടുത്ത സെക്കന്റിൽ എന്തു സംഭവിക്കുമെന്നുപോലുമറിയാത്തവർ എങ്ങനെ ദൈവങ്ങളാകും? തന്നെ സ്നേഹിക്കുന്ന, തന്നെ ആരാധിക്കുന്ന ഭക്തരോട് സുനാമിയെപ്പറ്റി മുന്നറിയിപ്പു നൽകാൻ 'അമ്മ'യ്ക്കു കഴിഞ്ഞില്ല. ആയുധവുമായി അക്രമിക്കുവാൻ വരുന്നവരെക്കണ്ട് ഓടിരക്ഷപ്പെടേണ്ടി വന്നു 'ബാബ'യ്ക്ക്! തന്റെ പേഴ്സണൽ സ്റ്റാഫ് വിമാനം തകർന്ന് മരിക്കും എന്ന് മുൻകൂട്ടിയറിയാത്ത ശ്രീ ശ്രീ! ആരാധിക്കപ്പെടുന്നവർ ഇങ്ങനെയുള്ള പരിമിതികളുള്ളവരായിരിക്കാമോ?

വിശുദ്ധ ഖുർആൻ പറയുന്നു:"തീർച്ചയായും അല്ലാഹു ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ അറിയുന്നവനാകുന്നു. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു" (35:38).

മനുഷ്യൻെറ മനസ്സിലെ ചിന്തകളും ആകാശഭൂമികളിലെ സകല

കാര്യങ്ങളും അറിയുന്നവൻ. അവനാണ് സാക്ഷാൽ ദൈവം. ശ്രീരാമന്റെ പേരിൽ ഇന്ത്യയിൽ രക്തച്ചൊരിച്ചിൽ നടന്നതായി നമുക്കറിയാം. ഇന്നും അദ്ദേഹത്തിന്റെ പേരിൽ പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ശ്രീരാമനും ശ്രീകൃഷ്ണനും മുഹമ്മദ് നബി ﷺയുമെല്ലാം ജനിക്കുന്നതിനു മുമ്പും ഈ ലോകവും അതിൽ ജീവജാലങ്ങളുമുണ്ടായിരുന്നു. അന്നുള്ളവർ ആരോടാണ് പ്രാർഥിച്ചിരുന്നത്? ആരെയാണ് ദൈവമായി കണ്ടിരുന്നത്? ശ്രീരാമന്റെ കഥയെടുക്കാം.

മാരീചൻ എന്ന രാക്ഷസൻ മാനിന്റെ വേഷത്തിൽ വന്നു. ആ മാനിനെ കണ്ട സീത അതിനെ വേണമെന്ന് പറഞ്ഞു. ഭാര്യയുടെ അഭിലാഷം പൂർത്തീകരിക്കാൻ വേണ്ടി ശ്രീരാമൻ അതിനെ പിടിക്കുവാൻ പോയി. ഈ സമയം രാവണൻ സന്യാസിയുടെ വേഷത്തിൽ വന്ന് സീതയെ തട്ടിക്കൊണ്ടു പോയി. ഇതൊന്നുമറിയാതെ തിരികെ വന്ന ശ്രീരാമൻ സീതയെ കാണാതെ വിഷമിച്ചു. കാട്ടിലെല്ലാം സീതയെ അന്വേഷിച്ച് വിലപിച്ചു നടന്നു. രാമായണത്തിൽ ഇതെല്ലാം കാണാം.

ആ മാൻ ഒരു രാക്ഷസനാണെന്ന് ശ്രീരാമനു മനസ്സിലായില്ല. രാവണൻ സീതയെ തട്ടിക്കൊണ്ടുപോകും എന്ന് ശ്രീരാമൻ മുൻകൂട്ടിയറിഞ്ഞില്ല. സീത എവിടെയാണുള്ളതെന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. സീത രാവണന്റെ ലങ്കയിലുണ്ടെന്ന് വാനരന്മാർ പറഞ്ഞപ്പോഴാണ് ശ്രീരാമനറിയുന്നത്. ഉടനെ അവിടെ പോകാൻ പാലം നിർമിക്കുന്നു. ദൈവമാണെങ്കിൽ 'സീത എന്റെയടുക്കലെത്തട്ടെ' എന്നങ്ങ് വിചാരിച്ചാൽ തന്നെ എത്തുമായിരുന്നില്ലേ? നേരിട്ടൊരു യുദ്ധം നടത്തേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ?

ദൈവദൂതന്മാരെ ധിക്കരിച്ച്, ദൈവകൽപനകൾക്കെതിരായി, അധർമകാരികളായി ജീവിച്ച ഒരുപാടു സമൂഹങ്ങളെ അല്ലാഹു നാമാവശേഷമാക്കിയതായി ഖുർആൻ പറയുന്നുണ്ട്. അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ല അതൊന്നും. "നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവ് ഞാനാണ്" എന്ന് പറഞ്ഞ ക്രൂരനായ ഭരണാധികാരിയായിരുന്നു ഫിർഔൻ (ഫറോവ). അധികാരവും ആൾബലവുമുള്ളവൻ. ഇസ്‌റാഈൽ ഗോത്രത്തെ ഉന്മൂലനാശം വരുത്താൻ വേണ്ടി ശ്രമിച്ചവൻ. അവരെ ചെങ്കടലിൽ മുക്കിക്കൊല്ലുവാൻ അല്ലാഹുവിന് ആരുടെയും സഹായം വേണ്ടി വന്നില്ല. സർവശക്തൻ ഉദ്ദേശിക്കുന്നതെന്തോ അത് നടപ്പിലാകും.

"ഇസ്‌റാഈൽ സന്തതികളെ നാം കടൽ കടത്തി കൊണ്ടുപോയി. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും ധിക്കാരവും അതിക്രമവുമായി അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങിമരിക്കാറായപ്പോൾ

അവൻ പറഞ്ഞു: ഇസ്‌റാഈൽ സന്തതികൾ ഏതൊരു ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ യാതൊരു ദൈവവുമില്ല എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു. ഞാൻ (അവന്ന്) കീഴ്‌പെട്ടവരുടെ കൂട്ടത്തിലാകുന്നു. (അല്ലാഹു അവനോട് പറഞ്ഞു:) മുമ്പൊക്കെ ധിക്കരിക്കുകയും കുഴപ്പക്കാരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്തിട്ട് ഇപ്പോഴാണോ (നീ വിശ്വസിക്കുന്നത്?)" (10:90,91).

ഇനി പരമശിവൻെറ കഥ കാണുക:

പരമശിവൻെറ ഭാര്യയായ സതി തന്റെ പിതാവായ ദക്ഷൻ നടത്തുന്ന യാഗത്തിൽ പങ്കെടുക്കുവാൻ ഭർത്താവിനോട് അനുമതി ചോദിച്ചു. സ്വന്തം ജാമാതാവായ തന്നെ ക്ഷണിക്കാതിരിക്കുകയും മറ്റുള്ളവരെ ക്ഷണിക്കുകയും ചെയ്ത ആ യാഗത്തിലേക്ക് പോകുവാൻ ശിവൻ വിസമ്മതിച്ചു. എന്നാൽ ഭാര്യയുടെ വിഷമം കണ്ട ശിവൻ ഒടുവിൽ അനുമതി നൽകി. പിതാവിന്റെ ഗൃഹത്തിലെത്തിയ സതിയെ ദക്ഷൻ അപമാനിച്ചു. അപമാനിതയായ സതി തന്റെ ഭർത്താവിൻെറ വാക്കു കേൾക്കാത്തതിൽ പശ്ചാത്തപിച്ച് സ്വയം അഗ്നിയിൽ വെന്തുമരിച്ചു. ഇതറിഞ്ഞ ശിവൻ ദക്ഷനെ വധിച്ചു.

പരമശിവൻ ദൈവമായിരുന്നുവെങ്കിൽ ഭാര്യ ആത്മാഹുതി നടത്തുമെന്ന വിവരം മുൻകൂട്ടിയറിയേണ്ടതായിരുന്നു. അറിഞ്ഞാൽ യാഗത്തിന് പോകുന്നത് തടയുമായിരുന്നു. അദൃശ്യജ്ഞാനം കൊണ്ട് തന്റെ ഭാര്യ തീയിൽ ചാടി മരിക്കാനൊരുങ്ങുന്നത് അദ്ദേഹത്തിന് കാണുവാനോ തീയിനോട് തന്റെ ഭാര്യക്ക് ആപത്തുണ്ടാക്കരുതെന്ന് കൽപിക്കുവാനോ കഴിഞ്ഞില്ല.

നമ്മൾ ആരാധിക്കുന്ന ദൈവത്തിന് ഇങ്ങനെയുള്ള പരിമിതകൾ ഉണ്ടാകാമോ? ഇങ്ങനെയുള്ള പരിമിതകൾ ഉള്ളവർ ദൈവമായിരിക്കുമോ?

പ്രപഞ്ച സ്രഷ്ടാവിന് ഇങ്ങനെയുള്ള പരിമിതികളൊന്നുമില്ല. വിഗ്രഹാരാധനയെ യുക്തിപൂർവം എതിർത്ത ഇബ്‌റാഹീം നബിﷺയെ തീയിലേക്കെറിഞ്ഞ സംഭവം വിശുദ്ധ ഖുർആൻ വിവരിക്കുന്നത് കാണുക:

"നിങ്ങൾ അവനെ കൊന്നുകളയുകയോ ചുട്ടെരിക്കുകയോ ചെയ്യൂ എന്ന് പറഞ്ഞതല്ലാതെ. അപ്പോൾ അദ്ദേഹത്തിന്റെ (ഇബ്‌റാഹീമിന്റെ) ജനത മറുപടിയൊന്നും നൽകിയില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽ നിന്ന് രക്ഷിച്ചു. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (29:24).

“അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്” (21: 68-70).

അതെ, അല്ലാഹു മാത്രമാണ് ആരാധനയ്ക്കും വഴിപാടുകൾക്കുമർഹൻ.ഒരു സൃഷ്ടിക്കും നമ്മുടെ പ്രാർഥനകൾക്കുത്തരം നൽകുവാൻ കഴിയില്ല. വിശുദ്ധ ഖുർആൻ പറയുന്നു:

“തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്. എന്നാൽ അവരെ നിങ്ങൾ വിളിച്ച് പ്രാർഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ” (2:194).

“അവന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്ക് തന്നെയും അവർ സഹായം ചെയ്യുകയില്ല. നിങ്ങൾ അവരെ നേർവഴിയിലേക്ക് ക്ഷണിക്കുന്ന പക്ഷം അവർ കേൾക്കുകയില്ല. അവർ നിന്റെ നേരെ നോക്കുന്നതായി നിനക്ക് കാണാം. എന്നാൽ അവർ കാണുന്നില്ലതാനും” (2:197,198).

എന്നെ ഏറ്റവും ആകർഷിച്ച, വിശുദ്ധ ഖുർആനിലെ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ഒരു സൂക്തം കാണുക:

“അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ” (2:255).

ഇങ്ങനെയുള്ള കഴിവും ഗുണങ്ങളുമില്ലാത്ത വ്യക്തികളെയും വസ്തുക്കളെയും പ്രതിഭാസങ്ങളെയും ദൈവമെന്നു വിളിക്കുന്നതിലും അ

വയെ പൂജിക്കുന്നതിലും എന്ത് യുക്തിയാണുള്ളത്?

അടുത്ത ജന്മത്തിൽ നാം വേറെ മനുഷ്യരായോ മൃഗങ്ങളായോ 'പുനർജനിക്കും' എന്നാണ് എന്റെ മാതാപിതാക്കൾ എന്നെ പഠിപ്പിച്ചിരുന്നത്. പട്ടിയും പൂച്ചയുമൊക്കെയായി പുനർജനിക്കുന്നത് ശിക്ഷയായിട്ടാണെങ്കിൽ തനിക്കുള്ള ശിക്ഷയാണ് പട്ടിയായുള്ള ജനനം എന്ന അറിവ് പട്ടിക്കുണ്ടാകണം. അതിൽ ഖേദിക്കുന്ന ഒരു മനസ്സും വേണം. അങ്ങനെയില്ല എന്നത് വസ്തുതയാണ്. യുക്തിഹീനമായ ഈ വിശ്വാസമല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്. നമ്മൾ നമ്മളായിക്കൊണ്ടു തന്നെ വീണ്ടും ഉയിർത്തെഴുന്നേൽക്കും. അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും കൽപനാനിർദേശങ്ങൾക്ക് അനുസരിച്ച് ഐഹിജീവിതം നയിച്ചവർക്ക് ശാശ്വതമായ സ്വർഗവും ധിക്കരിച്ചവർക്ക് ശാശ്വതമായ നരകവും നൽകപ്പെടും. അവിടെ വെച്ച് ആർക്കും ആരെയും സഹായിക്കാൻ കഴിയില്ല.

"ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടി ഒരു ഉപകാരവും ചെയ്യാൻ പറ്റാത്ത ഒരു ദിവസത്തെ നിങ്ങൾ സൂക്ഷിക്കുക. (അന്ന്) ഒരാളിൽ നിന്നും ഒരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല. ഒരാളിൽനിന്നും ഒരു പ്രായശ്ചിത്തവും മേടിക്കപ്പെടുകയുമില്ല. അവർക്ക് ഒരു സഹായവും ലഭിക്കുകയുമില്ല" (2:48).

"വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തതാരോ അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും"(2:82).

ഇസ്‌ലാമിൽ ജാതീയമായ വേർതിരിവില്ല എന്നതും ഒരു ഹിന്ദുവായി ജനിച്ച എന്നെ ഇസ്‌ലാമിലേക്ക് അടുപ്പിച്ച കാര്യമാണ്. ഒരു പുലയനോ ചെറുമനോ പറയനോ പൂജാരിയാകുവാൻ ബുദ്ധിമുട്ടാണ്. ഒരു ശൂദ്രൻ തപസ്സു ചെയ്തതുകൊണ്ട് ബ്രാഹ്മണ ബാലൻ മരിച്ചു പോലും. സാക്ഷാൽ ശ്രീരാമൻ ആ ശൂദ്രന്റ തലവെട്ടി എന്ന് പുരാണം. ഇസ്‌ലാമിൽ ഇങ്ങനെയൊരു വിവേചനമില്ല. ആർക്കും ആരാധനകൾ ചെയ്ത് ദൈവത്തിൻെറ ഇഷ്ടദാസനായി മാറാം. വേദം പഠിക്കുന്നതിൽ ആർക്കും വിലക്കില്ല. പള്ളിയിൽ ഏതൊരു മുസ്‌ലിമിനും പ്രവേശിക്കാം. തൊലിയുടെ നിറത്തിൻെറയൊ തറവാടിൻെറയൊ പദവിയുടെയൊ പേരിൽ ഇരിപ്പിടങ്ങളിൽ വ്യത്യാസമില്ല. മനുഷ്യസഹജമായ ലൈംഗിക വികാരങ്ങളെ അടിച്ചമർത്തിക്കൊണ്ട് സന്യാസിയാവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അത് മഹത്ത്വത്തിന്റെ അടയാളവുമല്ല.

# 31

## അനുഭവങ്ങൾ വഴികാട്ടിയപ്പോൾ...!

മുഹമ്മദ് ജമാൽ

പാലക്കാട് ജില്ലയിലെ ഒരു ഗ്രാമത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. ഒരു താഴ്ന്ന ജാതിക്കാരനും തൊലികറുത്തവനുമായി ജനിച്ച ഞാൻ അതിന്റേതായ ഒരുപാട് അവഗണനകൾ സഹിച്ചാണ് വളർന്നത്. സ്കൂളിൽ അഞ്ചാം ക്ലാസ്സുവരെ പഠിച്ചു. അച്ഛൻെറ മരണത്തോടെ പഠനം അവസാനിപ്പിക്കാൻ നിർബന്ധിതനാവുകയായിരുന്നു. പന്ത്രണ്ട് വയസ്സായപ്പോഴേക്കും അമ്മയുടെ കൂടെ പാടത്ത് പണിയെടുത്തു തുടങ്ങി.

നാട്ടുകാരനായ ഒരു നമ്പൂതിരിയുടെ പാടത്തായിരുന്നു പണി. അദ്ദേഹവുമായും അദ്ദേഹത്തിന്റെ വീട്ടുകാരുമായും ഇടപഴകേണ്ടിവന്നപ്പോഴാണ് താഴ്ന്ന ജാതിക്കാരനായി പിറന്നതിന്റെ അപമാനവും വേദനയും ഞാൻ മനസ്സിലാക്കിയത്. ഇതിൻെറ വിഷമം അമ്മയോടു പറയുമ്പോൾ, തമ്പ്രാൻെറ മുമ്പിൽ അടിമയെപ്പോലെ നിന്നിരുന്ന അമ്മ എന്നെ ഉപദേശിക്കും; അവരൊക്കെ ദൈവതുല്യരാണെന്നും അവരോട് വെറുപ്പു കാണിക്കരുതെന്നും മറ്റും.

മലപ്പുറം ജില്ലയിലെ തിരൂരിൽ ഹോട്ടൽ പണിയെടുക്കുന്ന കുറെ പേർ എന്റെ നാട്ടിലുണ്ടായിരുന്നു. സാധുകുടുംബങ്ങളിൽ പെട്ട മുസ്‌ലിംകളായ കൗമാരക്കാരും യുവാക്കളും. അവർ മാസങ്ങൾ കൂടുമ്പോഴാണ് നാട്ടിൽ വന്നിരുന്നത്. മെലിഞ്ഞുണങ്ങിയ പലരും മാസങ്ങൾക്കകം തടിച്ചുകൊഴുത്ത് കുട്ടപ്പന്മാരായി ഗൾഫിൽനിന്നെന്നപോലെ ലീവിൽ വരുമ്പോൾ ഞാൻ അതിശയത്തോടെ അവരെ നോക്കും. ഇഷ്ടംപോലെ തിന്നാൻ കിട്ടിയിട്ടാണല്ലോ അവർ തടിച്ചുകൊഴുക്കുന്നത്. അമ്മയും

ഞാനും എൻെറ രണ്ട് അനുജന്മാരും ഒരു അനുജത്തിയും ഉള്ള കുടുംബത്തിൽ അച്ഛൻെറ മരണത്തോടെ വിശപ്പു മാറ്റാൻ കഴിയാത്ത നാളുകളുടെ എണ്ണം കൂടുതലായ ഘട്ടം. താഴ്ന്ന ജാതിക്കാരനെന്ന പേരിൽ അപമാനിതനാകുന്നതിലുള്ള പ്രതിഷേധം മനസ്സിൽ ശക്തിയാർജിച്ച പതിനാറാം വയസ്സിൽ ഒരു മുസ്‌ലിം സുഹൃത്തിൻെറ കൂടെ ഞാനും തിരൂരിലേക്ക് നാടുവിട്ടു.

ആ യാത്ര എൻെറ ജീവിതത്തെയും വിശ്വാസത്തെയുമെല്ലാം മാറ്റിമറിക്കുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല.

മധ്യവയസ്കനായ ഒരു ഹാജിയാരുടെ ഹോട്ടലിലാണ് എനിക്ക് ജോലി കിട്ടിയത്. എന്നെ കൂടാതെ ആറു പേർ കൂടി ആ ഹോട്ടലിൽ ജോലിക്കാരായി ഉണ്ടായിരുന്നു. എല്ലാവരും മുസ്‌ലിംകൾ. വളരെയധികം മതനിഷ്ഠയുള്ള ആളാണ് ഹാജിയാർ. നമസ്കാരസമയമായാൽ ഉടൻ പള്ളിയിൽ പോകും. തിരിച്ചുവന്നയുടൻ പണിക്കാരിൽ ഓരോരുത്തരെ പള്ളിയിലേക്ക് പറഞ്ഞയക്കും. കൂട്ടത്തിൽ പ്രായം കുറഞ്ഞ പണിക്കാരൻ ഞാനായിരുന്നു.

ഞാൻ അവിടെ ചെന്ന് രണ്ടാഴ്ച ആയപ്പോഴേക്കും ബലിപെരുന്നാൾ വന്നു. പെരുന്നാൾ പ്രമാണിച്ച് രണ്ടുദിവസം ഹോട്ടലിന് അവധിയായിരുന്നു. പണിക്കാരെല്ലാം അവരവരുടെ വീടുകളിലേക്ക് മടങ്ങി. നല്ലവണ്ണം തടിയൊക്കെ വെച്ച് കയ്യിൽ കുറെ കാശുമായിട്ടായിരിക്കണം വീട്ടിലേക്കുള്ള ആദ്യത്തെ മടക്കം എന്നതായിരുന്നു എന്റെ സ്വപ്നം. അതുകൊണ്ടുതന്നെ ഞാൻ നാട്ടിലേക്ക് പോകുന്നില്ലെന്ന് മുതലാളിയോട് പറഞ്ഞു. അതിനെന്താ, രണ്ടുദിവസം എന്റെ വീട്ടിൽ നിൽക്കാം എന്നു പറഞ്ഞ് എന്നെ അദ്ദേഹം സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഹോട്ടലിൽ നിന്നും രണ്ടുകിലോമീറ്റർ ദൂരെയായിരുന്നു അദ്ദേഹത്തിൻെറ വീട്. ഈ കറുമ്പനായ താഴ്ന്ന ജാതിക്കാരനെ എങ്ങനെ മുതലാളി വീട്ടിൽ താമസിപ്പിക്കും എന്ന ചിന്തയായിരുന്നു അങ്ങോട്ടു പോകുമ്പോൾ എന്റെ മനസ്സു നിറയെ. ദുരനുഭവങ്ങൾ ഏറെയുണ്ടായിരുന്നതിനാൽ മനസ്സിൽ ഭീതിയുണ്ടായിരുന്നു. എന്നാൽ എനിക്ക് വിശ്വസിക്കാൻ കഴിയാത്തതായിരുന്നു പിന്നീട് നടന്നത്.

അദ്ദേഹത്തിൻെറ മക്കളുടെ കൂട്ടത്തിൽ ഒരു മകനായി അദ്ദേഹം എന്നെ കണ്ടു. മനോഹരമായ വീട്ടിൽ എല്ലാവരുടെയും കൂടെയിരുന്ന് ഞാനും ഭക്ഷണം കഴിച്ചു. എൻെറ ഓലമേഞ്ഞ വീടും ചാണകം മെഴുകിയ നിലവും വക്കുപൊട്ടിയ മൺപാത്രവും ഞാൻ ഓർത്തു. അദ്ദേഹത്തിൻെറ ഭാര്യയാകട്ടെ ഒരു അമ്മയുടെ വാത്സല്യത്തോടെ പെരുമാറി. അയി

ത്തമില്ല. ജാതിയുടെയും മതത്തിൻെറയും വേർതിരിവില്ല. ഞാൻ എന്നെ ത്തന്നെ മറന്ന നിമിഷങ്ങൾ.

അവരുടെ നമസ്കാരവും പ്രാർഥനയും ഞാൻ അത്ഭുതത്തോടെ നോക്കിക്കണ്ടു. വല്ലാത്തൊരു അനുഭൂതി അതെന്നിലുണർത്തി. ഒരു കൗതുകത്തിന് ഞാൻ എല്ലാം പഠിക്കാൻ ശ്രമിച്ചു. വായിച്ചും കേട്ടും അനുഭവിച്ചും ഒരുപാട് മനസ്സിലാക്കി. എന്റെ വഴി ഇതാണെന്നും ഇഹ ത്തിലും പരത്തിലും അഭിമാനവും രക്ഷയും ലഭിക്കാൻ ഇതിനെക്കാൾ നല്ലൊരു വഴിയില്ലെന്നും ഞാൻ മനസ്സിലാക്കി. ശഹാദത്ത് ചൊല്ലിയ തോടെ ഞാൻ പുതിയൊരു മനുഷ്യനായി മാറി; സ്രഷ്ടാവിന്റെ മുമ്പിൽ മാത്രം തലകുനിക്കാൻ ആവശ്യപ്പെടുന്ന ഒരു ദർശനത്തിന്റെ, വിവേച നമില്ലാത്ത മതത്തിന്റെ അനുയായിയാകുവാൻ കഴിഞ്ഞതിൽ അഭിമാ നിക്കുന്ന ഒരു മനുഷ്യൻ. കുടുംബത്തിലെ മറ്റാരും എന്നെ പിൻപറ്റിയി ല്ലെങ്കിലും ആരും ഇന്നേവരെ എന്നെ എതിർത്തില്ല എന്നത് ആശ്വാസക രമാണ്.

# 32

# സൃഷ്ടിപൂജയിൽ നിന്ന് സ്രഷ്ടാവിന്റെ മതത്തിലേക്ക്

നാദിയ ഖാലിദ്, അങ്ങാടിപ്പുറം

ചിരപുരാതനമായ നായർ തറവാട്ടിലാണ് എന്റെ ജനനം. പിതാവും സഹോദരിയും അടങ്ങുന്നതാണ് കുടുംബം. മാതാവ് നേരത്തെത്തന്നെ മരണമടഞ്ഞിരുന്നു. തികഞ്ഞ ഒരു ശ്രീകൃഷ്ണഭക്തയായിരുന്നു ഞാൻ.

മാസത്തിൽ പലതവണ ഗുരുവായൂർ സന്ദർശിച്ച് നേർച്ചകളും വഴി പാടുകളും നേരാറുള്ള ഞാൻ എല്ലാറ്റിനും ആശ്രയിച്ചിരുന്നത് ശ്രീകൃ ഷ്ണനെയായിരുന്നു. ശ്രീകൃഷ്ണഭക്തയായ എന്റെ കയ്യിൽ, ഞാൻ തന്നെ ശേഖരിച്ചതും സുഹൃത്തുക്കൾ സമ്മാനിച്ചതുമായ കൃഷ്ണന്റെ ഫോട്ടോകളുടെ വലിയൊരു ശേഖരം തന്നെയുണ്ടായിരുന്നു. എന്റെ ആവലാതിയും വേവലാതിയുമെല്ലാം മനമുരുകി ഞാൻ പറഞ്ഞിരുന്നത് കൃഷ്ണനോടായിരുന്നു.

പിജിക്ക് പഠിക്കുന്ന കാലത്ത്, എനിക്ക് ഒരു മുസ്‌ലിം കൂട്ടുകാരിയെ കിട്ടി. ലോകത്തുള്ള സകല വിഷയങ്ങളും ഞങ്ങൾ ചർച്ചചെയ്യുമായി രുന്നു. മുസ്‌ലിം സമൂഹത്തിലെ സ്ത്രീകളുടെ വേഷവിധാനം, അവരുടെ അടിമത്തം തുടങ്ങി എല്ലാറ്റിനെയും ഞാൻ വിമർശിക്കുമായിരുന്നു. ഇസ്‌ലാമിലെ ഒട്ടുമിക്ക കാര്യങ്ങളും ഞങ്ങളുടെ ചർച്ചയിലൂടെ കടന്നു പോയി. പല തർക്കവിഷയങ്ങളിലും എന്റെ അറിവില്ലായ്മയും തെറ്റിദ്ധാ രണകളും എന്റെ സുഹൃത്ത് തെളിവുകളുടെ പിൻബലത്തോടെ തിരു ത്തിക്കുറിച്ചു. ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാം സ്ത്രീക്ക് കല്പിച്ച ഉന്നതസ്ഥാനങ്ങളെക്കുറിച്ചുമെല്ലാം ഖുർആനിലൂടെയും പ്രവാചകാധ്യാ

പനങ്ങളിലൂടെയും ചരിത്രത്തിലൂടെയുമെല്ലാം സുഹൃത്ത് വാചാലമായി പറഞ്ഞ് കേട്ടപ്പോൾ ഇസ്‌ലാമിനെക്കുറിച്ച് അറിയണമെന്നും കൂടുതൽ പഠിക്കണമെന്നുമുള്ള അത്യുൽക്കടമായ ആഗ്രഹം നാമ്പെടുത്തു തുട ങ്ങി.

ഇസ്‌ലാം മതത്തെക്കുറിച്ച് കൂടുതൽ അറിയുകയും ആ വിജ്ഞാനസ മുദ്രത്തിലേക്ക് ഊളിയിട്ടിറങ്ങുകയും ചെയ്യാൻ തുടങ്ങിയതോടെ തെറ്റി ദ്ധാരണകളോരോന്നും തേഞ്ഞുമാഞ്ഞ് ഇല്ലാതാവുകയും കൂടുതൽ കൂടു തൽ അറിയാനുള്ള ത്വര എന്നിൽ ഞാനറിയാതെ തന്നെ വളർന്നു വരിക യും ചെയ്തു. അതുവരെ ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധാരണകൾ പല തുമുണ്ടായിരുന്ന എന്നിൽ ഇസ്‌ലാമിനെക്കുറിച്ച മതിപ്പ് കൂടിക്കൂടി വരി കയും ചെയ്തു. ഇസ്‌ലാം ഭീകരമതമാണെന്നായിരുന്നു ഞാൻ വിശ്വസി ച്ചിരുന്നത്. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ തെറ്റിദ്ധാ രണകളെല്ലാം നീങ്ങി. ഇന്ന് ഞാൻ സൃഷ്ടിപൂജയിൽ നിന്നും പൂർണമു ക്തയായി സ്രഷ്ടാവിന്റെ ഉത്തമദാസിയായി മാറി. രണ്ട് വർഷം കൊണ്ട് അടിമുടി മാറ്റം സംഭവിച്ചു. വിശ്വാസത്തിൽ, വേഷത്തിൽ, മനഃശാന്തി യുടെ കാര്യത്തിൽ... എല്ലാറ്റിലും ഇന്ന് ഞാൻ പൂർണതൃപ്തയാണ്. എത്ര വലിയ പ്രശ്നമുണ്ടായാലും വുദു ചെയ്ത് രണ്ട് റക്അത്ത് നമസ് കരിച്ച് എല്ലാം അറിയുന്ന, കേൾക്കുന്ന പരിഹരിക്കാൻ കഴിവുള്ള കരു ണാമയനായ സ്രഷ്ടാവിൽ ഭരമേൽപിച്ചു മനഃശാന്തിയടയാൻ കഴിയുന്ന; തികഞ്ഞ ഒരു മുസ്‌ലിം ഭക്ത. കൃഷ്ണഭക്തിയിൽ നിന്നു ദൈവഭക്തിയി ലേക്കുള്ള ഈ മാറ്റം വല്ലാത്തൊരു അനുഭൂതിയായി എനിക്ക് അനുഭ വപ്പെടുന്നു. എത്ര സ്വസ്ഥമാണ് ഇന്നെന്റെ മനസ്സ് എന്ന് വാക്കുകൾ കൊണ്ട് എഴുതി പ്രതിഫലിപ്പിക്കാനാവില്ല. വളരെ സെൻസിറ്റീവ് പ്രകൃ തിക്കാരിയായ എനിക്ക്, എല്ലാം കാണുന്ന, അറിയുന്ന, കേൾക്കുന്ന, തന്റെ അടിമയോട് കരുണയുള്ള യജമാനനായ എന്റെ രക്ഷിതാവിലുള്ള ഉറച്ച വിശ്വാസം നൽകുന്ന ആശ്വാസം വർണനാതീതമാണ്.

കുറെ പുസ്തകങ്ങളിലൂടെയും സിഡികളിലൂടെയുമാണ് ഞാൻ ഇസ് ലാമിനെ കൂടുതലായി മനസ്സിലാക്കിയത്. നിച്ച് ഓഫ് ട്രൂത്ത് നടത്തുന്ന ഇസ്‌ലാം കറസ്പോണ്ടൻസ് കോഴ്സ് അതിന് ഏറെ സഹായിച്ചു. പി ന്നീട് ഖുർആൻ പരിഭാഷ വായന പതിവാക്കി. അതിലെ വചനങ്ങളോ രോന്നും എന്നെ അതിശയിപ്പിക്കുന്നതായിരുന്നു. എന്റെ കഴിഞ്ഞകാല വിശ്വാസങ്ങളിലെ വിഢ്ഢിത്തങ്ങളും പൊള്ളത്തരങ്ങളും ഓരോന്നും ഖുർആൻ എനിക്ക് വ്യക്തമാക്കിത്തന്നു. അവയൊക്കെ ഓർക്കുന്നതിൽ പോലും എനിക്കിപ്പോൾ ലജ്ജ തോന്നുന്നു. കൃഷ്ണനെന്ന, നമ്മെ

പ്പോലെ ഒരു സ്ത്രീയുടെ ഉദരത്തിൽ ജനിച്ച്, ശേഷം മണ്ണടിഞ്ഞ സൃഷ്ടിയെ പൂജിക്കുക! എന്തുമാത്രം അർഥശൂന്യമാണത്!

ഖുർആൻ വായിച്ചപ്പോൾ ഒരു വലിയ സത്യം ഞാൻ മനസ്സിലാക്കി. സൃഷ്ടിപൂജയാണ് ഖുർആനിൽ അല്ലാഹു മനുഷ്യരിൽ നിന്നു സംഭവിക്കുന്ന ഏറ്റവും വലിയ പാപമായി എടുത്തുപറഞ്ഞിട്ടുള്ളത്. ആ പാപമാണ് ഇത്രയും നാൾ ഞാൻ ചെയ്തിരുന്നതും. സത്യമാർഗം സ്വീകരിക്കുന്നതിന് മുമ്പ് ഞാനും ഇത്തരം കൊടിയ പാപിയായിരുന്നല്ലോ എന്നോർക്കുമ്പോൾ മനസ്സ് വിറച്ച് പോവുന്നു. അറിവില്ലാത്തപ്പോൾ പറ്റിപ്പോയ ആ വീഴ്ചകളെല്ലാം അല്ലാഹു പൊറുത്തുതരുമെന്ന് ഞാൻ ആശ്വസിക്കുന്നു.

എന്റെ വിശ്വാസങ്ങളെക്കുറിച്ച് ആലോചിച്ചപ്പോൾ, എന്നെയും നിങ്ങളെയും പോലെയുള്ള ഒരു മനുഷ്യനെയാണല്ലോ ഞാൻ ആരാധിക്കുന്നതും പൂജിക്കുന്നതുമെന്നുള്ള ചിന്ത എന്റെ മനസ്സിലൂടെ കടന്നുപോയി. സൃഷ്ടികളെ എന്തിന് നാം പൂജിക്കണം? മനുഷ്യന്റെ രൂപവും ഭാവവുമുള്ള, മാതാപിതാക്കളുള്ള, സാധാരണ സൃഷ്ടിയെ ആരാധിക്കുന്നത് ശരിയല്ലെന്ന് എനിക്ക് ബോധ്യമായി. മാത്രമല്ല; കൃഷ്ണന്റെ പ്രതിമകൾ തന്നെ വിവിധ ദേവാലയങ്ങളിൽ വ്യത്യസ്ത രൂപത്തിലുള്ളതാണെന്നതും എന്നെ ചിന്തിപ്പിച്ചു. യഥാർഥ ദൈവം ഇങ്ങനെയൊന്നുമായിക്കൂടാ എന്ന് എന്റെ മനസ്സ് മന്ത്രിച്ചു. എന്റെ മനസ്സിൽ വേറെയും ചിന്തകൾ കടന്നുവന്നു. അത് ശ്രീരാമനെ സംബന്ധിച്ചാണ്. അദ്ദേഹത്തെയും ജനം ആരാധിക്കുന്നു. അദ്ദേഹം ദൈവമായിരുന്നെങ്കിൽ തന്റെ പതിവ്രതയായ ഭാര്യയെ അദ്ദേഹം സംശയിച്ചതന്തിന്?.

ഇത്തരത്തിലുള്ള ഓരോരോ കാര്യങ്ങളെ സംബന്ധിച്ചുള്ള എന്റെ ചിന്ത എന്നെ ശുദ്ധ ഏകദൈവവിശ്വാസത്തിന്റെ ഈറ്റില്ലമായ 'ഇസ്ലാ' മിൽ കൊണ്ടെത്തിച്ചു. ഇസ്ലാം മാത്രമാണ് സത്യമതമെന്ന് മനസ്സിലാക്കി. ഏല്ലാവരേയും സൃഷ്ടിച്ച കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിനെയാണ് ആരാധിക്കേണ്ടതെന്ന കാര്യം എനിക്ക് സംശയലേശമന്യെ വ്യക്തമായി.

ശേഷം, ഞാൻ വീട് വിട്ടിറങ്ങി. ഒരു മതപഠനസ്ഥാപനത്തിൽ നിന്നും കലിമ ചൊല്ലി മുസ്ലിമായി. ജീവിതത്തിൽ ഓരോ പരീക്ഷണങ്ങൾ നേരിടാൻ തുടങ്ങി. അപ്പോഴും എന്റെ മനസ്സിൽ ഒരു സന്തോഷമുണ്ട്. സത്യദീനിലെത്തിയല്ലോ, യഥാർഥ സത്യം കണ്ടെത്തിയല്ലോ, സ്വർഗത്തിലേക്കുള്ള പാതയിലെത്തിയല്ലോ, എന്നുള്ള സന്തോഷം. കുടുംബത്തിൽ ഇപ്പോഴും പ്രശ്നങ്ങളുണ്ട്. അവർക്കും സൻമാർഗം ലഭിക്കുവാൻ

വേണ്ടി സർവശക്തനോട് പ്രാർഥിക്കുന്നുണ്ട്.

എന്നെപ്പോലെത്തന്നെ ഇസ്‌ലാം സ്വീകരിച്ച മതബോധമുള്ള ഒരു വ്യക്തി, ഈയിടെ എന്നെ വിവാഹം കഴിച്ചു അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ സന്തോഷത്തോടെ ജീവിക്കുകയും ചെയ്യുന്നു. അൽഹംദുലില്ലാഹ്... എന്നെ സത്യദീനിലെത്തിച്ച അല്ലാഹുവിനെ സ്തുതിക്കുന്നു. എന്നെ സഹായിച്ച സകലർക്കും സ്വർഗം ലഭിക്കാൻ സർവശക്തനോട് ഞാൻ പ്രാർഥിക്കുന്നു. സർവശക്തൻ അനുഗ്രഹിക്കട്ടെ,

# 33

## സ്രഷ്ടാവിനെ അന്വേഷിച്ചപ്പോൾ...

ഡി. റാഷിദ്, മലപ്പുറം

ചുമരിൽ തൂങ്ങിയുറങ്ങുന്ന മാർക്സിന്റെയും ഏംഗൽസിന്റെയും ലെനിന്റെയുമൊക്കെ ചിത്രങ്ങൾ കണി കണ്ടുണരുന്ന; 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന' ആദർശം കേട്ട് വളർന്ന് വന്ന ബാല്യകാലം. കൗമാരം പിന്നിട്ടതും കമ്മ്യൂണിസത്തിലും നിരീശ്വരത്വത്തിലും നീന്തിത്തുടിച്ചു കൊണ്ടു തന്നെ. കമ്യൂണിസ്റ്റ് ചിന്ത ഊട്ടിയുറപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു രക്ഷിതാക്കൾ. ആത്മീയത എന്തെന്ന് ശരിക്കുമറിയാത്തതിനാൽ ചെറുപ്പം മുതലേ കേട്ട വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെയൊപ്പമായിരുന്നു ചിന്തകൾ. നിലനിൽക്കുന്ന ഭൗതികവസ്തു സ്വയം പരിണാമത്തിനു വിധേയമായിട്ടാണ് പ്രപഞ്ചമുണ്ടായതെന്ന ഭൗതികവാദവും പദാർഥത്തിന്റെ വിരുദ്ധഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന്റെ ഫലമായാണ് പുതിയ വസ്തുക്കളും വർഗങ്ങളും രൂപം കൊള്ളുന്നതെന്ന വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദവും കേട്ടുവളർന്ന എനിക്ക് ജനങ്ങളെ മതാടിസ്ഥാനത്തിൽ കാണുന്നത് ഇഷ്ടമല്ലായിരുന്നു. താഴ്ജാതി മേൽജാതി എന്ന വ്യത്യാസമില്ലാതെ മനുഷ്യനെ മനുഷ്യനായി കാണാനാണ് ഞാൻ ശ്രമിച്ചിരുന്നത്.

ഇടതുപക്ഷ ബാലസംഘത്തിൽ പ്രവർത്തിച്ച് വിദ്യാർഥി രാഷ്ട്രീയത്തിന്റെ ഏരിയാതലത്തിൽ സജീവ പ്രവർത്തകനായി മാറിയ എനിക്ക്, കേമ്പിൽ കേൾക്കാറുള്ള ആദർശക്ലാസിൽ പഠിപ്പിക്കാറുള്ള 'മാറ്റമില്ലാത്തത് മാറ്റം എന്ന വാക്കിന് മാത്രമാണ്' എന്ന വാചകം സദാ സംഘർഷം സൃഷ്ടിക്കാറുണ്ടായിരുന്നു. ഒരു മനുഷ്യൻ ഭൂമുഖത്ത് ജനിച്ചാൽ

അവന് മരണം സംഭവിക്കുന്നുവെന്ന പ്രക്രിയക്ക് മാറ്റം സംഭവിക്കുന്നില്ല. മനുഷ്യന്റെ ജീവിതത്തെയും മരണത്തെയും കുറിച്ചുള്ള ഈ അനുഭവം എന്റെ മനസ്സിൽ വല്ലാത്തൊരു ഉൽകണ്ഠ ഉണ്ടാക്കിയിരുന്നു.

മനുഷ്യന്റെ ജനനവും പ്രതീക്ഷിക്കാത്ത സമയത്തുണ്ടാകുന്ന മരണവും, കടൽ ജലവും കിണർജലവും വ്യത്യാസപ്പെട്ട് കിടക്കുന്നതും, വേനൽക്കാലത്ത് കരിഞ്ഞുപോയ ചെടികൾ മഴക്കാലത്ത് കിളിർത്ത് വരുന്നതും തുടങ്ങി പ്രപഞ്ചത്തിലെ സകലവിധ സംഭവവികാസങ്ങളെയും കുറിച്ച് ചിന്തിച്ച ഞാൻ ഇതെല്ലാം നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ടെന്നുറപ്പിച്ചു. ഈ സമയത്ത് തന്നെയാണ് എനിക്ക് പരീക്ഷവരുന്നതും, ചേച്ചി പരീക്ഷക്ക് ജയിച്ചത് ശിവന്റെ ഫോട്ടോ മുമ്പിൽ വെച്ച് പഠിച്ചതുകൊണ്ടാണല്ലോ എന്നൊരു ഉൾവിളി തോന്നിയതും. അതിനാൽ ഞാനും ശിവന്റെയും അയ്യപ്പന്റെയും മുത്തപ്പന്റെയും ഫോട്ടോ സംഘടിപ്പിച്ച് പഠനമുറിയിൽ തൂക്കിയിട്ട് രാവിലെയും വൈകുന്നേരവും കുളിച്ച് ഭസ്മം തൊട്ട് പ്രാർഥന തുടങ്ങി. സംഗതി പുറത്തറിയാതിരിക്കാൻ ഞാൻ പരമാവധി ശ്രമിക്കുകയും ചെയ്തിരുന്നു. കാരണം ദൈവമില്ലെന്ന് പറഞ്ഞു നടന്ന ഞാൻ പൂജയും പ്രാർഥനയുമൊക്കെ തുടങ്ങിയെന്നറിഞ്ഞാൽ രാഷ്ട്രീയമായ എന്റെ ഭാവിക്ക് കോട്ടം സംഭവിക്കുമോ എന്നു ഞാൻ ഭയപ്പെട്ടു. ഏത് ഇടതുപക്ഷപ്രവർത്തകരുടെയും യുക്തിവാദികളുടെയും മനസ്സിന്റെയുള്ളിന്റെയുള്ളിൽ 'ദൈവം ഉണ്ടെന്ന ബോധം' കുടിയിരിക്കുന്നുവെന്നത് ഉറപ്പാണ്. ഞാൻ പല യുക്തിവാദികളെയും കണ്ടിട്ടുണ്ട്. അവർ തങ്ങളുടെ വാദം ജയിക്കാൻ വേണ്ടി പലതും പറയുമെങ്കിലും ഓർക്കാപ്പുറത്ത് വല്ല ആപത്തും സംഭവിച്ചാൽ അറിയാതെ 'എന്റെ ദൈവമേ' എന്ന് വിളിക്കുന്നത് ഞാൻ ഒരുപാട് കേട്ടിട്ടുണ്ട്.

ദിവസവും ഫോട്ടോയുടെ മുമ്പിൽ നിന്ന് കൊണ്ട് മുപ്പത്തിമൂന്ന് പ്രാവശ്യം 'ഓം നമഃശിവായ' എന്നും 'അയ്യപ്പാ' എന്നും 'മുത്തപ്പാ' എന്നും പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് സ്വാഭാവികമായ ഒരു സംശയം ഉടലെടുക്കാറുണ്ടായിരുന്നു. 33 പ്രാവശ്യം അയ്യപ്പന്റെയടുക്കലിരുന്ന് പ്രാർഥിച്ച് എണ്ണം കൂടിപ്പോയോ ശിവന്റെ അടുത്ത് എണ്ണം കുറഞ്ഞുപോയോ എന്നൊക്കെ. ഇത് എന്നിൽ പലപ്പോഴും ആശയക്കുഴപ്പം സൃഷ്ടിച്ചു. പ്രാർഥനയുടെ എണ്ണം കുറഞ്ഞാൽ ശിവൻ എന്നെ ശിക്ഷിക്കുമോ? അയ്യപ്പനും മുത്തപ്പനും എന്നെ കൈവിട്ടാലെന്താകും? എന്നൊക്കെ സംശയമായി. അങ്ങനെയിരിക്കെ എന്റെ മനസ്സിൽ മറ്റൊരു ചിന്ത ഉടലെടുത്തു തുടങ്ങി. പല ദൈവങ്ങളുണ്ടാകാനിടയില്ല, ദൈവ

മെന്ന ഒരൊറ്റ ശക്തി മാത്രമേ ഉണ്ടാകുകയുള്ളു. അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ പ്രവർത്തനം തന്നെ ആകെ താറുമാറാകുമല്ലോ. ഈ സമയത്തെല്ലാം 'ജയ് ഹനുമാൻ' 'ഓം നമഃശിവായ' തുടങ്ങിയ സീരിയലുകൾ മുടങ്ങാതെ കണ്ടിരുന്നു. അതിലെ ശിവനായാലും ശ്രീരാമനായാലും വേറൊരു ശക്തിയെ വിളിച്ചു പ്രാർഥിക്കുന്നു. അപ്പോൾ അവർക്കു മുകളിലും ഒരു ദൈവമുണ്ടെന്ന ചിന്തയായി. അങ്ങനെ ആ ദൈവത്തെക്കുറിച്ചു ചിന്തിക്കുമ്പോഴാണ് യേശുവിനെക്കുറിച്ച് ഓർമ വരുന്നത്. ക്രിസ്ത്യാനികൾ യേശുവെന്ന ഒരു ദൈവത്തെ മാത്രമാണല്ലോ ആരാധിക്കുന്നത്. പക്ഷേ ഈ ചിന്തക്ക് അധികം ആയുസ്സുണ്ടായില്ല. യേശുവിനെക്കുറിച്ചുള്ള ഒരു ഫിലിം കാണാനിടയായി. അതിൽ യേശു സഹായത്തിനായി മുകളിലേക്ക് കയ്യുയർത്തി വേറൊരു ശക്തിയോട് തേടുന്നു. അപ്പോൾ യേശുവിന് മുകളിലും ഒരു ശക്തിയുണ്ടെന്ന് എനിക്ക് ബോധ്യമായി. എന്റെ സുഹൃത്തുക്കളിൽ ഭൂരിഭാഗവും മുസ്‌ലിംകളായിരുന്നു. അവർ ഏത് കളിക്കിടയിലും ബാങ്കുകേട്ടു കഴിഞ്ഞാൽ നമസ്കരിക്കാൻ പോകുന്നത് പതിവ് കാഴ്ചയാണ്. അതിനാൽ മുസ്‌ലിംകളുടെ ദൈവത്തെക്കുറിച്ച് അന്വേഷിക്കാം എന്നു തോന്നിത്തുടങ്ങി.

ഈ സമയത്താണ് ഒരു ഹിന്ദുസഹോദരൻ നാട്ടിലെ ഹിന്ദുക്കളോടും ക്രിസ്ത്യാനികളോടും മുസ്‌ലിം നാമധാരികളോടുമൊക്കെ ഇസ്‌ലാമിന്റെ മഹത്വത്തെക്കുറിച്ച് പറഞ്ഞു വാദപ്രതിവാദം നടത്തുന്നത് ശ്രദ്ധയിൽ പെടുന്നത്. സ്വാഭാവികമായും ദൈവത്തെ അന്വേഷിക്കുന്ന എനിക്ക് ആ സഹോദരനോട് സംസാരിക്കുന്നതിൽ ഏറെ ഇഷ്ടം തോന്നി. എങ്കിലും ഞാൻ അയാളുമായി വാഗ്വാദം നടത്തിയിരുന്നത് ഒരു ദൈവനിഷേധിയാണെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ടായിരുന്നു. ഇസ്‌ലാമിൽ ഏക ദൈവത്തെ മാത്രമാണ് ആരാധിക്കുന്നതെന്ന് പറയുമ്പോൾ അവർ ഖബറിനെ ആരാധിക്കുകയും മക്കയിൽ കല്ലുവെച്ച് പ്രാർഥിക്കുകയും ചെയ്യുന്നില്ലേ എന്ന് ഞാൻ തർക്കിക്കും. പിന്നെ മുസ്‌ലിംകളുടെ സ്വഭാവം, സ്ത്രീസ്വാതന്ത്ര്യം, ഇതര ജനങ്ങളോടുള്ള ഇടപഴകൽ, തുടങ്ങി മൃഗങ്ങളോടുള്ള കാരുണ്യമില്ലായ്മ, ചേലാകർമ്മം വരെ ഞാൻ വിമർശന വിധേയമാക്കി. സ്വർഗത്തെയും നരകത്തെയും കുറിച്ച് പറയുമ്പോൾ മരിച്ചു പോയവരാരെങ്കിലും തിരികെ വന്നിട്ടുണ്ടോ എന്നൊക്കെ തുടങ്ങി കമ്മ്യൂണിസ്റ്റ് ക്ലാസുകളിൽ നിന്നും ഞാൻ പഠിച്ചു വെച്ച ഒരുപാട് കുതർക്കങ്ങൾ എടുത്തിടുമായിരുന്നു. അതിനെല്ലാം സൗമ്യമായും യുക്തിഭദ്രമായും അദ്ദേഹം മറുപടി നൽകുമായിരുന്നു. ഇതിൽ നിന്നും ഇസ്‌ലാമാണ് സത്യമതമെന്ന ബോധ്യം എന്റെ മനസ്സിൽ വേരുപിടിക്കാൻ തുടങ്ങി.

എങ്കിലും കൂടുതൽ പഠനത്തിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല.

ആയിടെയാണ് നാട്ടിലെ ഒരു സഹോദരിയെ കാണാനില്ല എന്ന വാർത്ത പരന്നത്. ഇതു കേട്ടപ്പോൾ എന്റെ ആദ്യപ്രതികരണം 'മിണ്ടാപ്പൂച്ച കലമുടച്ചു' എന്നായിരുന്നു. അവൾ ആരോടൊപ്പമോ ഒളിച്ചോടിപ്പോയെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷെ, രാത്രി അച്ഛൻ വന്നപ്പോഴാണറിഞ്ഞത് അവൾ ഇസ്‌ലാം സ്വീകരിക്കാനാണ് വീട് വിട്ടതെന്ന്. ഇതു കേട്ടപ്പോൾ ഞാനാകെ തരിച്ചുപോയി. അവളുടെ ഇസ്‌ലാം ആശ്ലേഷണം എന്നെ വീണ്ടും ഇസ്‌ലാമിനെക്കുറിച്ച് അന്വേഷിക്കാൻ പ്രേരിപ്പിച്ചു. ക്ലാസിൽ എന്റെ സുഹൃത്തായിരുന്ന ക്രിസ്ത്യാനിയോട് ഞാൻ ഇസ്‌ലാമിന്റെ ഭാഗത്ത് നിന്ന് കൊണ്ട് തർക്കിക്കുമായിരുന്നു. അവനോട് വാദിച്ച് ജയിക്കാനായി ഞാൻ എന്റെ മുസ്‌ലിം സുഹൃത്തുക്കളോട് ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ ചോദിച്ച് പഠിക്കാനും ആരംഭിച്ചു.

ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ, 2004ലെ റമളാൻ മാസം. ക്ലാസിൽ 'അലംബായി' നടന്നിരുന്ന ഒരു കൂട്ടുകാരൻ പാന്റ്സ് നെരിയാണിക്ക് മുകളിലേക്ക് മടക്കിവെച്ച് ഒരു തൊപ്പിയും ധരിച്ച് ക്ലാസിലെ പെൺകുട്ടികളോട് "റമളാൻ മാസമല്ലെ അതു കൊണ്ടാണ് ഇങ്ങനെ" എന്നു പരിഹസിക്കുന്നത് കേട്ട് ഞാൻ പൊട്ടിത്തെറിച്ചു. "ഇതാണോ തന്നെ ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാമിന്റെ മഹത്വത്തെക്കുറിച്ച് നിനക്കൊന്നും ഒരു ചുക്കുമറിയില്ല", ഇത് കേട്ട അവൻ "നീ ആരാണ് അതൊക്കെ ചോദിക്കാൻ" എന്ന് എന്നെ ആക്ഷേപിച്ചു. അതോടെ എനിക്ക് വാശിയായി. ഖുർആൻ പരിഭാഷ സംഘടിപ്പിക്കണം, ഇസ്‌ലാമിനെകുറിച്ച് കൂടുതൽ പഠിക്കണം എന്ന് ഞാൻ ഉറച്ചു. ഇതിന് വേണ്ടി മുമ്പ് ഇസ്‌ലാമിനെക്കുറിച്ച് നാട്ടിൽ വെച്ച് ഞാനുമായി തർക്കം നടത്തിയിരുന്ന ആ ഹിന്ദു സഹോദരനെ തന്നെ സമീപിക്കാൻ തീരുമാനിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു പരിഭാഷ നാട്ടിൽ കൊണ്ടുവരാൻ എനിക്ക് പ്രയാസമാണ്. അതുകൊണ്ട് നീ ഒരുദിവസം എന്റെ സുഹൃത്തിന്റെ വീട്ടിലേക്ക് എന്റെ കൂടെ വാ. അവൻ നിന്റെ സംശയങ്ങൾ തീർക്കുകയും പരിഭാഷ നൽകുകയും ചെയ്യും. അങ്ങനെ നിച്ച് ഓഫ് ട്രൂത്തിന്റെ പ്രവർത്തകനായ ആ സുഹൃത്തിന്റെ വീട്ടിലേക്ക് ചെല്ലുകയും എന്റെ ചോദ്യങ്ങൾക്ക് ഖുർആൻ വെച്ച് തൃപ്തികരമായ മറുപടി നൽകുകയും ചെയ്തു. ഖുർആനിലെ ഏക ദൈവവിശ്വാസവും, ശാസ്ത്രീയ സത്യങ്ങളും, നമ്മോടുള്ള അല്ലാഹുവിന്റെ ചോദ്യങ്ങളു മൊക്കെ മനസിലാക്കുകയും കൂടെ പോന്നിരുന്ന സഹോദരന്റെ ഉപദേശവും: "ഇനിയൊരിക്കലും ദൈവത്തിൽ പങ്കാളിയെ ഉണ്ടാക്കരുത് (ശിർക്ക് വെക്കരുത്). നിന്റെ

സംശയങ്ങൾക്കെല്ലാം ഖുർആൻ മറുപടി പറഞ്ഞു ഇനി, നീ നിഷേധിക്കുന്നപക്ഷം മറ്റുള്ളവരുടെ പോലെയല്ല, നരകത്തിന്റെ അടിത്തട്ടിലായിരിക്കും നിന്റെ സ്ഥാനം. നീ എന്തെങ്കിലും ഒന്ന് തീരുമാനിക്കണം."

ഈ വാക്കുകൾ എന്റെ മനസ്സിനെ വേട്ടയാടി തുടങ്ങി. പക്ഷെ, എനിക്കപ്പോൾ തീരുമാനമെടുക്കാൻ കഴിഞ്ഞിരുന്നില്ല. വീട്ടിലേക്ക് മടങ്ങുമ്പോൾ എന്റെ മനസ്സിൽ ഖുർആനിന്റെ സത്യവും അത് നിഷേധിക്കുകയാണെങ്കിൽ നരകത്തിന്റെ അടിത്തട്ടിലുള്ള ശിക്ഷയും മറുവശത്ത് സ്നേഹനിധികളായ എന്റെ മാതാപിതാക്കളെക്കുറിച്ചുള്ള ചിന്തയും മാത്രമായിരുന്നു.

നാട്ടിൽ ബസ്സിറങ്ങുമ്പോൾ എന്റെ സുഹൃത്തുക്കളെ നോക്കി ഞാൻ വിചാരിച്ചു. അവരൊന്നും ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കിയിട്ടില്ലല്ലോ. അതുകൊണ്ട് അവരാരും നരകത്തിന്റെ അടിത്തട്ടിലായിരിക്കുകയുമില്ലല്ലോ. എല്ലാം അറിഞ്ഞ ഞാനാണെങ്കിൽ നരകത്തിന്റെ അടിത്തട്ടിലുമാണല്ലോ. അന്ന് രാത്രി ഉറങ്ങാൻ മുറിയിൽ കയറി വാതിലടിച്ച ഞാൻ ഈ വിഷയത്തെക്കുറിച്ച് ചിന്തിച്ച് കരച്ചിലോട്കരച്ചിലായിരുന്നു. എന്തുചെയ്യണം എന്തു തീരുമാനമെടുക്കണമെന്ന് ഉറപ്പിക്കാനാവാതെ എപ്പോഴോ ഞാൻ ഉറങ്ങിപ്പോയി. പുലർച്ചക്ക് കാലിനടിയിൽനിന്ന് തുടങ്ങി ശിരസിന്റെ അറ്റം വരെ ഒരു വലിവ് അനുഭവപ്പെട്ടു. ഞെട്ടിയുണർന്ന ഞാൻ ആ സമയത്ത് കലിമ ചൊല്ലാൻ തീരുമാനിച്ചുറച്ചു. എനിക്കുണ്ടായ ഈ അനുഭവത്തിൽ നിന്ന് മനസ്സിലാകുന്നത് ഹിദായത്ത് അല്ലാഹു കനിഞ്ഞ് തരുന്ന ഒരനുഗ്രഹമാണെന്നാണ്.

പിറ്റേന്ന് തന്നെ ഞാൻ സുഹൃത്തിനെയും കൂട്ടി സംശയങ്ങൾക്ക് ഖുർആൻ വെച്ച് മറുപടി പറഞ്ഞ സുഹൃത്തിന്റെ അടുത്തേക്ക് യാത്രയായി. അവിടെ വെച്ച് സത്യസാക്ഷ്യം ഏറ്റു ചൊല്ലി "അശ്ഹദു അൻലാ ഇലാഹ.....'. ഇന്ന് ഞാൻ ഇസ്‌ലാം സ്വീകരിച്ചിട്ട് നാല് വർഷം കഴിഞ്ഞു. പരീക്ഷണങ്ങൾ ഏറെ ഉണ്ട്. ഈമാനിന്റെ ഏറ്റക്കുറിച്ചിലുകളുമുണ്ട്. ഇത് വായിക്കുന്ന സഹോദരങ്ങളോടും സഹോദരികളോടും അപേക്ഷിക്കുകയാണ് ശഹാദത്ത് കലിമ ചൊല്ലി പൂർണ ഈമാനോടുകൂടി എന്നെയും എന്റെ സഹോദരങ്ങളെയും മരിപ്പിക്കാനും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുവാനും നിങ്ങളുടെ മനസ്സു തട്ടിയ പ്രാർഥന ഉണ്ടാവണേ.....